


# നെല്ലായ

## ഗ്രാമ പഞ്ചായത്ത്

## വികസന റിപ്പോർട്ട് 1996



ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# രാജ് ഏജൻസീസ്

ശങ്കർ ഹോസ്പിറ്റൽ കോംപ്ലക്സ്, ചെർപ്പുളശ്ശേരി. ഫോൺ : 682421

ONIDA

SHARP

Godrej
REFRIGERATORS
*THE PROMISE OF GOOD LIVING*

PHILIPS

Crompton Greaves Limited
HOME APPLIANCES

VIDEON
CEILING FAN

VIDEOCON
REFRIGERATORS
*Washing Machines*

DISH ANTENNA

V-GUARD

- T.V. സെറ്റുകൾ വാങ്ങുന്നതിന് മുമ്പ് ഡീലറുടെ വിശ്വസ്തതയും നിലനിൽപും പരിശോധിക്കുക
- ഗുണ നിലവാരം പരിശോധിക്കുക
- വില്പനാനന്തര സേവന വ്യവസ്ഥ പരിശോധിക്കുക
- ഗ്യാരണ്ടി അവസാനിച്ച ശേഷം അംഗീകൃത ടെക്നീഷ്യനെക്കൊണ്ടുമാത്രം റിപ്പയർ ചെയ്യിക്കുക.

## *രാജ് ഏജൻസീസ്*

97-4

# PALAKKAD - NELLAYA





എന്റെ സ്വപ്നത്തിലുള്ള സ്വരാജ് ദരിദ്രന്റെ സ്വരാജ് ആണ്. ഒരു ധനവാന് ലഭിക്കുന്ന എല്ലാ ജീവിത സൗകര്യങ്ങളും ദരിദ്രർക്കും ലഭിക്കണം. ആ സൗകര്യങ്ങൾ ദരിദ്രർക്ക് ലഭിക്കാത്തിടത്തോളം കാലം സ്വരാജ് പൂർണ്ണ സ്വരാജ് ആവുകയില്ല.

**ഗാന്ധിജി**

# NELLAYA PANCHAYAT

Ward Division



# മുൻ പ്രസിഡൻറുമാർ



ജനാർദ്ദനൻ മാസ്റ്റർ

ശങ്കരനാരായണ വാരിയർ



ഒ. പി. അയ്യപ്പനെഴുത്തച്ഛൻ



എ. ബാലകൃഷ്ണൻ നായർ



എം. മൊയ്തുട്ടി മാസ്റ്റർ



എം. വിലാസിനി കോവിലമ്മ



പി. എ. മുംതാസ്

# ഭരണസമിതി



മരക്കാർ മാരായമംഗലം
വൈസ് പ്രസിഡൻറ്
(പ്രസിഡൻറിൻെറ ചുമതല)



എം. മൊയ്തുട്ടി മാസ്റ്റർ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ



നിലവിലുള്ള പഞ്ചായത്ത് മെമ്പർമാരും ജീവനക്കാരും

## പത്രാധിപ സമിതി


ചീഫ് എഡിറ്റർ

മരക്കാർ മാരായമംഗലം

എഡിറ്റർ

ശ്രീ. മൊയ്തുട്ടി മാസ്റ്റർ

പത്രാധിപ സമിതി

1. ശ്രീമതി. കെ.പി. വസന്ത
2. ശ്രീമതി. പി.എ. മുംതാസ്
3. ശ്രീ. കെ. മുഹമ്മദ്കുട്ടി
4. ശ്രീ. പി.ടി. സന്തോഷ്
5. ശ്രീമതി. ടി. സുധ

ഡിസൈൻ & ലേ ഔട്ട്
കെ.പി. വസന്ത

കവർ ഡിസൈൻ
വിനു, പട്ടിശ്ശീരി.



ഡി.റ്റി.പി. & പ്രിൻറിങ്ങ്
ഇൻറിമേറ്റ് ഗ്രാഫിക്സ്, ചെർപ്പുളശ്ശേരി.



നെല്ലായ ഗ്രാമപഞ്ചായത്തിനെ വിവിധ കേന്ദ്രങ്ങളിൽ
പ്രതിനിധീകരിക്കുന്ന ജനപ്രതിനിധികൾ.

| | | | |
|---|---|---|---|
| ലോകസഭ | : ഒറ്റപ്പാലം | : | S.അജയകുമാർ M.P |
| നിയമസഭ | : പട്ടാമ്പി | : | ബഹു.: റവന്യൂ വകുപ്പുമന്ത്രി K.E. ഇസ്മയിൽ |
| ജില്ലാപഞ്ചായത്ത് | : പാലക്കാട് | : | 1. അഡ്വ: K.V. മരക്കാർ<br>2. E.P ശങ്കരൻ |
| ബ്ലോക്ക്പഞ്ചായത്ത് | : പട്ടാമ്പി | : | 1. K. അസ്സൻകുട്ടി ഹാജി<br>2. M. ശങ്കരൻകുട്ടി നായർ |



ദേശീയ പോളിയോ നിർമ്മാർജ്ജന യജ്ഞം രണ്ടാം ഘട്ടം മാരായമംഗലം ഹെൽത്ത് സെൻററിൽ
ആക്ടിങ്ങ് പ്രസിഡൻറ് മരക്കാർ മാരായ മംഗലം ഉദ്ഘാടനം ചെയ്യുന്നു.
തൊട്ടടുത്ത് മെഡിക്കൽ ഓഫീസർ പി. കെ. ഹമീദ്



പഞ്ചായത്തിൻെറ ഉപാധി രഹിത ഫണ്ട് ഉപയോഗിച്ച്
മാരായ മംഗലത്ത് നിർമ്മിച്ച ഗവ. ആശുപത്രി കെട്ടിടം



അന്നത്തെ പഞ്ചായത്തു വകുപ്പുമന്ത്രി സി. ടി. അഹമ്മദലി
ഉദ്ഘാടനം ചെയ്യുന്നു. കെ. ഇ. ഇസ്മയിൽ, എസ്. ശിവരാമൻ, എ. കെ. ബാലൻ
കല്ലടി മുഹമ്മദ് എന്നിവർ സമീപം.



പുനരർപ്പണദിനത്തിൻെറ ഭാഗമായി
5-ാം വാർഡിൽ നാട്ടുകാർ നടത്തിയ ശ്രമദാനം
എം. മൊയ്തുട്ടി മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു.

# ഉള്ളടക്കം

ആമുഖം
പൊതു വിവരങ്ങൾ
ചരിത്ര പശ്ചാത്തലം
ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ സംഗ്രഹം.
സാമൂഹ്യ സാമ്പത്തിക മേഖലകൾ
1. കൃഷിയും ജലസേചനവും
2. മൃഗ സംരക്ഷണവും മത്സ്യബന്ധനവും
3. വ്യവസായം, മാർക്കറ്റ്
4. ഗതാഗതം ഊർജ്ജം
5. വിദ്യാഭ്യാസം
6. കുടിവെള്ളവും, പൊതു ജനാരോഗ്യവും
7. പാർപ്പിടവും, സാമൂഹ്യക്ഷേമവും
8. സംസ്ക്കാരം
9. വനിത
10. സഹകരണ മേഖല
11. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
12. വിഭവ സമാഹരണം.
സമഗ്ര വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്
പ്രവർത്തന റിപ്പോർട്ട്. (95-96)

സിംഹത്തിന്റെ കുതിപ്പു പോലെ പിന്നിലേക്ക് ഒന്നൊതുങ്ങി നോക്കി കൊണ്ട് സകലശക്തിയും സ്വരൂപിച്ച് മുന്നോട്ടു കുതിക്കുക.

വിവേകാനന്ദൻ

ഒരു വേള പഴക്കമേറിയാൽ

ഇരുളും മെല്ലെ വെളിച്ചമായ് വരാം,

ശരിയായി മധുരിച്ചിടാം സ്വയം

പരിശീലിച്ചൊരു കയ്പു താനുമേ..

ആശാൻ

# ആമുഖം

സാമൂഹ്യ വികസന പാതയിൽ ജനകീയാസൂത്രണ പദ്ധതി, ദേശീയ അന്തർദേശീയ ശ്രദ്ധ ഇതിനകം തന്നെ ആകർഷിച്ചു കഴിഞ്ഞിരിക്കുന്നു. ജനങ്ങളാൽ, ജനങ്ങൾക്കു വേണ്ടി ജനങ്ങൾ നടത്തുന്ന ആസൂത്രണ പ്രക്രിയിൽ, കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങൾ ഒന്നിക്കുന്നു. ഇതുവരെയുള്ള ആസൂത്രണ സങ്കല്പത്തെ മാറ്റിമറിക്കും വിധത്തിലുള്ള പ്രവർത്തനങ്ങൾക്കാണ് രൂപം കൊടുത്തിട്ടുള്ളത്. പഞ്ചായത്തീ രാജ് യാഥാർത്ഥ്യമായതോടെ ജനങ്ങൾക്ക് വികസന കാര്യത്തിൽ മുമ്പെന്നത്തെക്കാളുപരി താൽപര്യം വർദ്ധിച്ചിരിക്കുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ സാധ്യത ജനങ്ങൾ പരമാവധി ഉപയോഗപെടുത്തുന്നു.

അധികാരം ജനങ്ങളിലേക്ക് എത്തിക്കുന്ന ഈ മഹത്തായ പ്രക്രിയയ്ക്ക് ഇന്ത്യയിൽ ബീജ വാപം നൽകിയ മഹാനായ രാഷ്ട്രപിതാവ് മഹാത്മജിയുടെ സ്വപ്നവും ഇതു നിയമമാക്കിയെടുക്കുന്നതിൽ ഭഗീരഥയത്നം നടത്തിയ ദിവംഗതനായ ശ്രീ. രാജീവ് ഗാന്ധിയുടെ ഭാവനയും ഘട്ടം ഘട്ടമായി ഇതു ജനങ്ങിലേക്ക് എത്തിക്കാൻ പാടുപെട്ട കേന്ദ്ര–കേരള സർക്കാരുകളുടെ സങ്കല്പങ്ങളും ഇതോടെ പൂവണിയുകയാണ്.

നെല്ലായ ഗ്രാമപഞ്ചായത്തിൽ നാളിതുവരെ നടന്ന എല്ലാ വികസന പ്രവർത്തനങ്ങളേയും, രൂപത്തിലും, നടത്തിപ്പിലും മെച്ചപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്നു. പരിമിതമായ വിഭവ സാധ്യത പരമാവധി ഉപയോഗപ്പെടുത്താനുള്ള തീരുമാനം ഉണ്ടാക്കാൻ ആസൂത്രണ സമിതിക്ക് കഴിഞ്ഞിട്ടുണ്ട്.

വളരെ അവധാനതയോടെ ചെയ്യേണ്ടുന്ന കാര്യങ്ങൾ, പരിമിതികൾക്കകത്തുനിന്നു കൊണ്ടു ചെയ്തു തീർക്കാൻ ഞങ്ങൾ പരമാവധി ശ്രമിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സമസ്ത മേഖലയിലുള്ളവരുടെയും സഹകരണം ഒരു പരിധിവരെ ലഭിച്ചിട്ടുണ്ട്.

---

സഹകരിച്ച എല്ലാവർക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി...



മരയ്ക്കാർ മാരായ മംഗലം
വൈസ് പ്രസിഡൻറ്

# The Cherpalcheri Coop. Urban Bank Ltd. No. 1696

**CHERPALCHERI, PALAKKAD DIST.**

(A Licensed Bank By Reserve Bank)



- √ Included Under the Deposit Guarantee Scheme of Deposit Insurance & Credit Guarantee Corporation, Bombay.
- √ Premier Lending Agency for Trade, Industry, Self Employment, Transport, Housing Purposes etc.
- √ Drafts issued to all places in the state.
- √ Provides safe locker facility
- √ All Types of Banking & Business Undertaken

***A BANK WHERE SERVICE IS A TRADITION !***

Please Contact

P. RAMAKRISHNAN NAIR
*President*

T. MOHAMMED KUTTY
*Secretary*

# നെല്ലായ ഗ്രാമ പഞ്ചായത്ത് പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | നെല്ലായഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | നെല്ലായ |
| ബ്ലോക്ക് പഞ്ചായത്ത് | : | പട്ടാമ്പി |
| ജില്ലാ പഞ്ചായത്ത് | : | പാലക്കാട് |
| ജില്ലാ ഡിവിഷൻ | : | പട്ടാമ്പി, തിരുവേഗപ്പുറം |
| ബ്ലോക്ക് ഡിവിഷൻ | : | നെല്ലായ കുലുക്കല്ലൂർ |
| അസംബ്ലി മണ്ഡലം | : | പട്ടാമ്പി |
| പാർലമെൻെറ മണ്ഡലം | : | ഒറ്റപ്പാലം |
| വിസ്തീർണ്ണം | : | 27.41 ച.കി.മീ |

**<u>അതിരുകൾ</u>**

| | | |
|---|---|---|
| വടക്ക് | : | ചെർപ്പുളശ്ശേരി പഞ്ചായത്ത് |
| തെക്ക് | : | ചളവറ പഞ്ചായത്ത് |
| കിഴക്ക് | : | ചെർപ്പുളശ്ശേരി പഞ്ചായത്ത് |
| പടിഞ്ഞാറ് | : | തൂതപ്പൂഴ, ഏലംകുളം, കുല്ക്കല്ലൂർ, വാഴപ്പുഴ പഞ്ചായത്തുകൾ |
| ജനസംഖ്യ | : | 27714 |
| ജനസാന്ദ്രത | : | 1011 |
| വാർഡുകൾ | : | പതിനൊന്ന് |
| പ്രസിഡണ്ട് | : | |
| വൈസ് പ്രസിഡണ്ട് | : | മരക്കാർ മരായമംഗലം |
| സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ | : | മൊയ്തുട്ടി മാസ്റ്റർ |

# ചരിത്രം

വള്ളുവൻ നാടൻ ഗ്രാമ ഭംഗി നിറഞ്ഞു നില്ക്കുന്ന ധീഷണശാലികളായ ചരിത്ര പുരുഷന്മാരുടെ സമ്പന്നമായ ഒരു ചരിത്ര പാരമ്പര്യം നമുക്ക് അവകാശപ്പെടാവുന്നതാണ്. മലയാള ഭാഷയെ സുമംഗലിയാക്കിയ ലക്ഷണമൊത്ത ആദ്യ നോവലായ കുന്ദലതയുടെ കർത്താവായ അപ്പു നെടുങ്ങാടി, പ്രശസ്ത കവി പുലക്കാട്ടു രവീന്ദ്രൻ, പ്രശസ്തനോവലിസ്റ്റ് എഴുവന്തല ഉണ്ണികൃഷ്ണൻ, പ്രശസ്ത കെസ്സു പാട്ടു കവി മമുണ്ണിമൊല്ല എന്നിവർ ഈ ഗ്രാമത്തിൻെറ സന്താനങ്ങളാണ്. ജന്മിത്തത്തിൻെറ കരാള ദംഷ്ട്രകളിൽ പെട്ടുഴലുമ്പോഴും ഉത്സവങ്ങളും ലളിത കലകളും ജീവിതത്തിൽ അതുല്യമായ സ്ഥാനം നേടിപ്പോന്ന വള്ളുവനാടൻ സംസ്ക്കാരത്തിൻെറ ഉദാഹരണങ്ങളിലൊന്നാണ് ഈ ഗ്രാമം. സമീപസ്ഥങ്ങളായ ഗ്രാമങ്ങളിൽ ഭൂമിയുടെ ഉടമസ്ഥത ഒന്നോ രണ്ടോ ജന്മി കുടുംബങ്ങളിൽ നിക്ഷിപ്തമായിരുന്നെങ്കിൽ ഭൂ ഉടമസ്ഥത ചെറുവശ്ശേരി ദേവസ്വം, മാവുണ്ടിരി ദേവസ്വം, നെല്ലായ വാരിയം, പൊരുത മന, അരുണ്ടിക്കളം, പുറോമന, കാഞ്ഞിരാങ്ങാട്ടു വാരിയം, സാമൂതിരി കോവിലകം, കീഴേപ്പാട്ട് മേനവന്മാർ തുടങ്ങിയ നിരവധി ജന്മിമാരുടേതായിരുന്നു. ഈ ജന്മിമാരിൽ നിന്ന് കാണകുടിയന്മാരിലേക്ക് കൈമാറി വന്നതാണ് പഞ്ചായത്തിലെ ഭൂരിഭാഗം ഭൂമിയും.

രാജ്യത്തെമ്പാടും അലയടിച്ചുയർന്ന സ്വാതന്ത്ര്യ സമര പോരാട്ടങ്ങൾ ഈ ഗ്രാമത്തിലും അലകളുയർത്തി. 1930-ലെ ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്ത് ജയിൽ വാസം അനുഭവിക്കുകയും പിൽക്കാലത്ത് മദ്യവിരുദ്ധ സമരത്തിലും ഖാദി പ്രചാരത്തിലും സജീവമായി പങ്കുകൊള്ളുകയും ചെയ്ത എ.ആർ. തിരുമൽപ്പാട്ട് ക്ഷേത്ര പ്രവേശന സമരത്തിലും ഖാദി പ്രചരണത്തിലും ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്ന കുണ്ടിൽ കൃഷ്ണൻ വൈദ്യർ, നെല്ലായ വാരിയത്ത് കൃഷ്ണൻ കുട്ടി വാരിയർ, ഖിലാഫത്ത് സമരത്തിൽ പങ്കെടുത്ത കിഴക്കം പറമ്പിൽ കുഞ്ഞാലിമൊല്ല, അവുഞ്ഞിക്കാട്ടിൽ മൊല്ലാൻമാരു വീട്ടിൽ അലവി മുസ്ല്യാർ, കുന്നം പാറ കുഞ്ഞിമൊയ്തീൻ ഹാജി, നാലകത്ത് മൊയ്തീൻ, ഇളവൻ പറമ്പിൽ ദ്രാവുകുട്ടി, വാഗൺ ട്രാജഡിയിൽ മരണപ്പെട്ട മുതുകുറുശ്ശി അയമു തുടങ്ങിയവർ ദേശീയ സ്വാതന്ത്ര്യ പോരാട്ടത്തിൻെറ ചരിത്രത്തിൽ നെല്ലായയ്ക്കും സ്ഥാനം നേടികൊടുത്തു. പിൽക്കാലത്ത് ജന്മിത്തം അവസാനിപ്പിക്കുന്നതിനും അയിത്തം പോലുള്ള അനാചാരങ്ങൾക്കും എതിരായി കർഷകരും, കർഷക തൊഴിലാളികളും നടത്തിയ ധീരോദാത്തമായ പോരാട്ടങ്ങളുടെ നടുവിൽ മറ്റെല്ലാ വള്ളുവനാടൻ ഗ്രാമങ്ങളേയുംപ്പോലെ നെല്ലായയും ഉറച്ചു നിന്നു. കർഷക സമരങ്ങളുടെ വേലിയേറ്റ നാളുകളിൽ ശ്രീ. ഇ. പി. ഗോപാലൻ, പി.വി. കുഞ്ഞുണ്ണിനായർ പിൽക്കാലത്ത് നെല്ലായ ഉൾപ്പെടെയുള്ള ശ്രീ കൃഷ്ണ പുരം മണ്ഡലത്തിലെ എം.എൽ.എ ആയ സി.ജി. പണിക്കർ, വടക്കേതിലെ അപ്പു നെടുങ്ങാടി തുടങ്ങിയ നേതാക്കന്മാരുടെ പ്രവർത്തന മണ്ഡലങ്ങളിൽ ഒന്നായിരുന്നു ഈ ഗ്രാമവും. ആദ്യ കാലത്ത് മാരായ മംഗലം, നെല്ലായ, എഴുവന്തല അംശങ്ങളിൽ നാട്ടു കോടതികൾ നിലവിലുണ്ടായിരുന്നു. അംശം അധികാരിയുടെ 'യാഥാസ്ത' ഇല്ലാതെ പോലീസ് കേസ് പോലും ഉണ്ടാകില്ലായിരുന്നു. കണ്ണൻ നായർ, മുഹമ്മദ് അമ്പ്യാപ്പു, ശങ്കരവാരിയർ, ചന്ത്രത്തിൽ കേശവൻ നായർ, കരുണാകരൻ നായർ, കോപ്പുണ്ണി എന്നിവർ അംശം അധികാരികളായിരുന്നു.

ഹിന്ദുക്കളും, മുസ്ലീംങ്ങളും ജനസംഖ്യയിൽ ഒപ്പത്തിനൊപ്പം നില്ക്കുന്ന ഈ പഞ്ചായത്തിൽ അമ്പലങ്ങളും പള്ളികളും സുലഭമാണ്. ക്രിസ്ത്യാനികൾ ഈ പഞ്ചായത്തിൽ താരതമ്യേന ഇല്ലെന്നു തന്നെ പറയാം. ഇരുമ്പാലശ്ശേരി ശിവക്ഷേത്രം, മാരായ മംഗലം ശിവക്ഷേത്രം, മാവുണ്ടിരി ഭഗവതി ക്ഷേത്രം, എഴുവന്തല ക്ഷേത്രം, പൊന്മുഖം ക്ഷേത്രം, കുളപ്പട ക്ഷേത്രം തുടങ്ങി നിരവധി ക്ഷേത്രങ്ങളുണ്ടെങ്കിലും സമീപ പഞ്ചായത്തായ കുലുക്കല്ലൂരിലെ മുളയം കാവു ക്ഷേത്രത്തിലേയും ചെർപ്പുളശ്ശേരി, തൂത ക്ഷേത്രങ്ങളിലേയും കാർഷിക ഉത്സവങ്ങളായ കാള വേലകൾ ഈ പഞ്ചായത്തിലേയും ഉത്സവങ്ങളാണ്. ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള മുസ്ലീം ദേവാലയമാണ് മോളൂർ പള്ളി. മത പണ്ഡിതന്മാരെ വാർത്തെടുക്കുന്നതിൽ ഗണ്യമായ പങ്കു വഹിച്ച കേരളത്തിലെ ചുരുക്കം ചില പള്ളികളിലൊന്നായ മാരായ മംഗലം പള്ളി പറപ്പൂർ കുഞ്ഞി മുസ്ല്യാരുടെയും നന്തിയിൽ മുഹമ്മദ് മുസ്ല്യാരുടെയും സാന്നിദ്ധ്യം കൊണ്ട് ശ്രദ്ധേയമായ ഇരുമ്പാലശ്ശേരി പള്ളി ബീരാൻ ഔലിയയുടെ സാന്നിദ്ധ്യം

ആശംസകളോടെ...

ഫോൺ- 682 377

# ഹോട്ടൽ സിറ്റി കിംഗ്

ഒറ്റപ്പാലം റോഡ്, ചെർപ്പുളശ്ശേരി.



വൈവിധ്യമാർന്ന രുചിയാർന്ന ഭക്ഷണത്തിന്

ആകർഷകമായ പരിചരണത്തിന്

സംതൃപ്തിയുടെ സമന്വയമായി

ഹോട്ടൽ സിറ്റി കിംഗ്

ഏവരുടെയും നിസ്സീമമായ

സഹകരണം പ്രതീക്ഷിച്ചു കൊണ്ട്.

**ഓർഡർ പ്രകാരമുള്ള പാർട്ടികൾ സ്വീകരിക്കുന്നതാണ്.**

---

ആശംസകളോടെ....

# സിറ്റി ഫാൻസി

പട്ടാമ്പി റോഡ്, ചെർപ്പുളശ്ശേരി.

സ്വപ്നവർണങ്ങളുടെ സമാനമായി - മുക്തസങ്കൽപ്പങ്ങളുടെ സാക്ഷാത്ക്കാരമായി - വൈവിധ്യങ്ങളുടെ മായാപ്രപഞ്ചമായി.

**ഫാൻസി സാധനങ്ങൾ, ഫൂട്ട് വെയർ, ബട്ടൺ ഹൗസ്, വാച്ച് ഹൗസ്, ബുക്ക് സ്റ്റാൾ.**

സന്ദർശിക്കുക....

**സിറ്റി ഫാൻസി**

കൊണ്ട് ധന്യമായ പൊട്ടച്ചിറ പള്ളി, ചെമ്മം കുഴി പള്ളി, നെല്ലായ പള്ളി എന്നിവയടക്കം പതിനാറു പള്ളികളും ഈ പഞ്ചായത്തിലുണ്ട്. അനാഥ സംരക്ഷണത്തിനുള്ള രണ്ട് അഗതി മന്ദിരങ്ങളുള്ളത് എടുത്തു പറയേണ്ടതാണ്. പഞ്ചായത്തിലെ ജനങ്ങൾ ജാതി മത ഭേദ മെന്യേ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്തിരുന്ന വിവിധ തുറകളിൽ പ്രശസ്തരായ നിരവധി പേരുണ്ട്. ഇവരിൽ വീരാൻ ഔലിയ പറപ്പൂർ കുഞ്ഞീൻ മുസ്ല്യാർ, പൊട്ടച്ചിറ ഫാത്തിമ ബീയി, മോളൂർ അബ്ദു റഹിമാൻ മുസ്ല്യാർ, മാരായമംഗലം എം.പി. മുഹമ്മദ് മുസ്ല്യാർ, കാവുങ്ങൽ കുട്ടൻ മാസ്റ്റർ, കാഞ്ഞിരങ്ങാട്ട് വാരിയത്ത് ശേഖരനുണ്ണി വാരിയർ, പുലക്കാട്ടു കുഞ്ഞികുട്ടനെഴുത്തശ്ശൻ, മേലേതിൽ ആച്യാരത്ത് എം.പി. രാമൻ നായർ, ഇരുമ്പാലശ്ശേരി മേലേതിൽ മൊയ്തീൻ കുട്ടി വൈദ്യർ, എടമനതൊടി ഗോപാലൻ നായർ എന്നിവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണ്.

രാജ്യമാകെ കത്തിക്കരിഞ്ഞ വർഗ്ഗീയ കലാപങ്ങൾക്കിടയിലും ഇതര കേരളീയ ഗ്രാമങ്ങളെപോലെ മത സൗഹാർദ്ദത്തിൻെറ പതാക ഉയർത്തിപിടിക്കാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട് എന്നത് അഭിമാനകരമാണ്.

എന്നാൽ ഈ ഗ്രാമം ഇന്നും നടുക്കത്തോടെ ഓർമ്മിക്കുന്ന ഒറ്റപ്പെട്ട ഒരു വർഗ്ഗീയാസ്വാസ്ഥ്യം 1958 ൽ മാരായ മംഗലത്തും പരിസര പ്രദേശങ്ങളിലും ചില പുറം നാട്ടുകാരുടെ കുത്സിത ശ്രമത്തിൻെറ ഫലമായി തലപൊക്കി. എന്നാൽ പഞ്ചായത്തിലെ ജനങ്ങൾ ഒറ്റകെട്ടായി അതിനെ ചെറുത്തുതോൽപിച്ചു. ഈ അനുഭവം പിൽക്കാലത്ത് മത സൗഹാർദ്ദത്തിനു വേണ്ടി സശ്രദ്ധം പോരാടാൻ നമുക്ക് കരുത്തു നൽകിയിട്ടുണ്ട്.

10-1-1962 സ്പെഷൽ ഓഫീസറുടെ ചുമതലയിൽ പേങ്ങാട്ടിരി സി.പി. മരക്കാരുടെ വാടകക്കെട്ടിടത്തിൽ നെല്ലായ പഞ്ചായത്ത് ഓഫീസ് പ്രവർത്തനം തുടങ്ങി.

തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ ഭരണ സമിതി 1963-ൽ നിലവിൽ വന്നു.

1. എ.പി. ജനാർദ്ദനൻ നെടുങ്ങാടി (പ്രസിഡണ്ട്)
2. ഒ.പി. അയ്യപ്പൻ എഴുത്തച്ഛൻ (വൈസ് പ്രസിഡണ്ട്)
3. പി.കെ. സെയ്തലവി.
4. സി.പി. അബൂബക്കർ
5. കെ. കുട്ടനെഴുത്തച്ഛൻ
6. പി.സി. കോരൻ
7. എ. ദേവകി അമ്മ
8. കെ. ഗംഗാധരൻ നായർ

27-9-65 ൽ ജനാർദ്ദനൻ നെടുങ്ങാടി രാജി വെയ്ക്കുകയും ശങ്കരനാരായണ വാരിയർ പ്രസിഡണ്ടാവുകയും ചെയ്തു.

23-4-1970 ൽ ഒ.പി. അയ്യപ്പനെഴുത്തച്ഛൻ പഞ്ചായത്ത് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.

1973ൽ അന്നത്തെ പഞ്ചായത്തു വകുപ്പു മന്ത്രി ബഹു; അവുക്കാദർ കുട്ടിനഹ പുതിയ പഞ്ചായത്ത് കെട്ടിടം ഉദ്ഘാടനം ചെയ്തു.

1977 ജൂലായ് 7 ന് താഴെ പറയുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ വന്നു.

1. ഒ.പി. അയ്യപ്പനെഴുത്തച്ഛൻ (പ്രസിഡണ്ട്)
2. കെ. അസ്സൻ കുട്ടി ഹാജി
3. എം. കേശവൻ കുട്ടി നായർ
4. പി.കെ. സെയ്തലവി.
5. പി.എം. ഗോദൻ ഭട്ടതിരിപ്പാട്
6. എം. രാമൻ കുട്ടി നായർ
7. കെ. കൃഷ്ണൻ കുട്ടി പണിക്കർ
8. പി.സി. കേശവൻ.
9. മാലതി.സി

29-9-1979 ന് പുതിയ തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി നിലവിൽ വന്നു.

1. എ. ബാലകൃഷ്ണൻ നായർ (പ്രസിഡണ്ട്)
2. കെ. ഹസ്സൻ കുട്ടി ഹാജി (വൈസ് പ്രസിഡണ്ട്)
3. ഒ.പി. അയ്യപ്പനെഴുത്തച്ഛൻ
4. എം. കേശവൻ കുട്ടി നായർ
5. ഒ.പി. അച്ചുതൻ
6. പി.കെ. കുഞ്ഞയമ്മു.
7. വി. രാധാകൃഷ്ണൻ
8. അയ്യപ്പൻ
9. കെ. വത്സലാ ദേവി.

ഈ ഭരണ സമിതിയിൽ ഒ.പി. അച്ചുതൻ 1981 ൽ വൈസ് പ്രസിഡണ്ടായിരുന്നു.

1984 മുതൽ അടുത്ത ഭരണ സമിതി നിലവിൽ വന്നു.

1. എം. മൊയ്തൂട്ടി മാസ്റ്റർ (പ്രസിഡണ്ട്)
2. എം. വിലാസിനി കോവിലമ്മ (വൈസ് പ്രസി ഡണ്ട്)
3. മുഹമ്മദ് എന്ന മാനു.
4. എം. കേശവൻ കുട്ടി നായർ
5. കെ. മൂസ്സ
6. എ. ബാലകൃഷ്ണൻ നായർ
7. സി.പി. കുഞ്ഞു മുഹമ്മദ്
8. എ. നാരായണൻ
9. എം. കാർത്ത്യായിനി.
10. സൈനുദ്ദീൻ

രണ്ടര വർഷം കഴിഞ്ഞപ്പോൾ ഈ ഭരണ സമിതിയിൽ എം. വിലാസിനി കോവിലമ്മ പ്രസി ഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. 1988 ഒക്ടോബർ 2 ന് പുതിയ ഭരണ സമിതി നിലവിൽ വന്നു.

1. മുംതാസ് (പ്രസിഡണ്ട്)
2. മരക്കാർ മാരായമംഗലം (വൈസ് പ്രസിഡണ്ട്)
3. മാനു എന്ന മുഹമ്മദ്
4. മൊയ്തീൻ കുട്ടി . എ
5. ഗോപിനാഥൻ
6. മൊയ്തൂട്ടി എം.
7. ശാരദ
8. കെ.പി. വസന്ത
9. പി.ടി. സന്തോഷ്
10. കെ. മുഹമ്മദ് കുട്ടി
11. സുധ.

28-11-1996 ന് പി.എ. മുംതാസ് ഒരു പ്രത്യേക സാഹചര്യത്തിൽ രാജി വെച്ചതിനെ തുടർന്ന് വൈസ് പ്രസിഡണ്ട് ശ്രീ. മരക്കാർ മാരായ മംഗലം പ്രസി ഡണ്ടിൻെറ ചുമതല ഏറ്റെടുത്തു.



# ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ സംഗ്രഹം

അധികാരം ജനങ്ങൾക്ക് കൈമാറുകയെന്ന യഥാർത്ഥ ജനാധിപത്യ വത്ക്കരണത്തിന്റെ ഭാഗമായി കേരള സംസ്ഥാനത്ത് നടപ്പാക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ തുടക്കം ഈ പഞ്ചായത്തിലും ആരംഭിച്ചത് സെപ്തംബർ മാസത്തിലാണ്. പട്ടാമ്പിയിൽ സെപ്ത. 12, 13, 14 തീയ്യതികളിലായി നടന്ന ജില്ലതല പരിശീലന ക്യാമ്പിൽ പഞ്ചായത്തിൽ നിന്ന് 10 പേർ പങ്കെടുത്തു. തുടർന്ന് നടന്ന പഞ്ചായത്ത് തല പരിശീലനത്തിന് ഓരോ വാർഡിൽ നിന്ന് 5 പേർ വെച്ച് 55 LRPമാരും, 19 DRPമാരും 2 ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരും 2 ജില്ലാ പഞ്ചായത്ത് മെമ്പർമാരും ഉൾപ്പെടെ 85 പേരാണ് പങ്കെടുത്തത്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സന്ദേശം ആദ്യഘട്ടത്തിൽ വേണ്ട വിധത്തിൽ നടന്നിട്ടില്ല. എങ്കിലും പുതിയ ആസൂത്രണ പ്രക്രിയകൾക്ക് എന്തോ പ്രതീക്ഷയുണ്ടെന്നാണ് പല വാർഡുകളിലേയും ഗ്രാമ സഭകളുടെ പങ്കാളിത്തവും ചർച്ചകളും സൂചിപ്പിക്കുന്നത്.

വിശേഷാൽ ഗ്രാമ സഭകളിലെ പങ്കാളിത്തം

| വാർഡ് | തിയ്യതി | പങ്കാളിത്തം | | ആകെ. |
|---|---|---|---|---|
| | | സ്ത്രീ | പുരുഷൻ | |
| 1 | 1.10.96 | 8 | 54 | 62 |
| 2 | 2.10.96 | 8 | 53 | 61 |
| 3 | 2.10.96 | 6 | 50 | 56 |
| 4 | 4.10.96 | 45 | 163 | 208 |
| 5 | 3.10.96 | 30 | 55 | 85 |
| 6 | 3.10.96 | 17 | 65 | 82 |
| 7 | 30.9.96 | 34 | 68 | 102 |
| 8 | 29.9.96 | - | 55 | 55 |
| 9 | 29.9.96 | 29 | 111 | 140 |
| 10 | 2.10.96 | 63 | 114 | 117 |
| 11 | 2.10.96 | 72 | 150 | 222 |
| ആകെ | | 312 | 938 | 1250 |

ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണം ഒാക്ടോബർ 15-ാം തിയ്യതിക്കകം പൂർത്തിയാക്കി. ദ്വിതീയ സ്ഥിതി വിവരണ കണക്കുകളുടെ ശേഖരണത്തിനായി 6 ഗ്രൂപ്പുകൾ രൂപീകരിച്ചു. ദ്വിതീയ വിവര കണക്കുകളുടെ ശേഖരണം യഥാസമയത്ത് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. കേരള പിറവി ദിനമായ നവം. 1 പുനരർപ്പണ ദിനമായി നമ്മുടെ പഞ്ചായത്തിലും ആചരിച്ചു. പഞ്ചായത്തു തലത്തിലെ പുനരർപ്പണത്തിന്റെ ഔപചാരികമായ ഉൽഘാടനം 5-ാം വാർഡിൽ വെച്ചു നടത്തി.

പുനർപ്പണ ദിനത്തിൽ പഞ്ചായത്തിന് അൺടൈഡ് ഫണ്ടായി ലഭിച്ച 2 ലക്ഷം രൂപ ഓരോ വാർഡിലും ജനപങ്കാളിത്തത്തോടെ ചുരുങ്ങിയത് 4 ലക്ഷം രൂപയുടെ പ്രവർത്തിയാക്കി നടത്തുന്നതിന് രൂപം നൽകി.

ജില്ലാതലം രണ്ടാംഘട്ട പരിശീലനം- ഓക്ടോ. 23, 24, 25 തീയ്യതികളിൽ പട്ടാമ്പി വെച്ചു നടന്നു. പഞ്ചായത്തിൽ നിന്ന് 10 DRP മാരും പങ്കെടുത്തു. രണ്ടാം ഘട്ട പഞ്ചായത്ത് തല പരിശീലനം ഇരുമ്പാലശ്ശേരി യു.പി. സ്ക്കൂളിൽ നവംബർ 9-ാം ന് നടന്നു. 46 പേരാണ് ക്യാമ്പിൽ പങ്കെടുത്തത്. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് വിവിധ ഗ്രൂപ്പുകൾക്ക് ഈ പരിശീലന ക്ലാസ്സിൽ വെച്ച് രൂപം നൽകി. ഇതിന്റെ ഭാഗമായി 2-11-96 ന് നെല്ലായ പഞ്ചായത്തിലെ ഉദ്യോഗസ്ഥൻമാരുടെ യോഗം ചേർന്നു.

ചരിത്ര വസ്തുതകൾ ശേഖരിക്കുന്നതിന് പഞ്ചായത്തിലെ പഴയ തലമുറയിലെ പ്രമുഖന്മാരുടെ ഒരു യോഗം 7-11-96 ന് വല്ലപ്പുഴ ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്നു. ഈ യോഗം ഉദ്ദേശിച്ച പോലെ ഫലപ്രദമായില്ല. ഏതാണ്ട് 40 ഓളം ആളുകൾ പങ്കെടുത്തു.

വികസന രംഗത്ത് ഒരു പുതിയ കാഴ്ചപ്പാട് സൃഷ്ടിച്ചുകൊണ്ട് ഇന്ത്യക്കെന്നല്ല ലോകത്താനാകെ മാതൃകയായ ജനകീയാസൂത്രണ പ്രസ്ഥാനം ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ രാഷ്ട്രീയ-മത ചിന്തകൾക്കതീതമായി ഒരു പുതിയ വികസന സംസ്ക്കാരം കെട്ടിപ്പടുക്കാൻ നമ്മുക്കോരോരുത്തർക്കും കഴിയണം. എങ്കിൽ മാത്രമേ നാം ലക്ഷ്യമിടുന്ന വികസനം യാഥാർത്ഥമാക്കാൻ കഴിയൂ.

ജനകീയാസൂത്രണ പ്രക്രിയയിൽ പഞ്ചായത്തിൽ ആദ്യ ഘട്ടത്തിലുണ്ടായ മാന്ദ്യവും സംശയങ്ങളും [illegible] തിട്ടുണ്ട് എന്നത് [illegible]

# കൃഷിയും ജലസേചനവും

നെല്ലായ തികച്ചും കാർഷിക മേഖലയിലുള്ള ഒരു ഗ്രാമപഞ്ചായത്താണ്. 1995 ലെ സെറ്റിൽമെൻറ് രേഖയനുസരിച്ച് 1988 ഹെക്ടർ ആണ് ഇവിടെ കൃഷി ഭൂമിയുടെ വിസ്തീർണ്ണം. കാർഷിക രംഗത്ത് കൃഷി ഭൂമിയുടെ വിസ്തൃതി അനുദിനം കുറഞ്ഞുകൊണ്ടിരിക്കുന്നു. വിളക്രമത്തിലും പ്രകടമായ വ്യതിയാനം സംഭവിച്ചു കൊണ്ടിരിക്കുന്നു.

ഈ ഗ്രാമത്തിലെ ഭൂരിഭാഗം കൃഷിക്കാരും ഒരു ഹെക്ടറിൽ താഴെമാത്രം ഭൂമി കൈവശമുള്ളവരാണ്. ആളോഹരി കൃഷി ഭൂമി സംസ്ഥാനത്തിൻേറത് 0.07 ഹെക്ടറാണ്. പഞ്ചായത്തിലെ ഇനം തിരിച്ച കണക്കുകൾ താഴെ കൊടുത്തിരിക്കുന്നു.

## അനുബന്ധം 3

3.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ
(അടിസ്ഥാന വിവര റജിസ്റ്റർ)

| ക്രമ നമ്പർ | ഇനം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | നിലം | 1988.20 |
| 2 | പുരയിടം | 2838.45 |
| 3 | പുറം പോക്ക് | 162.18 |
| 4 | കൃഷിയോഗ്യ തരിശ് | - |
| 5 | കൃഷിയോഗ്യമല്ലാത്ത തരിശ് | - |
| 6 | ആകെ | 4988.83 |

ആദ്യകാലത്ത് കൃഷിഭൂമിയുടെ ഉടമാവകാശം ജന്മിമാർക്കും ദേവസ്വങ്ങൾക്കുമായിരുന്നു. ഇവരുടെ കീഴിൽ പാട്ടകുടിയാൻമാരും, കാണക്കുടിയാൻമാരും കൃഷിഭൂമി കൈവശം വെച്ച് അനുഭവിക്കുകയും കൃഷിഭൂമിയിൽ ജന്മിമാർക്ക് പാട്ടം കൊടുക്കുന്നതിനു വേണ്ടി അദ്ധ്വാനിച്ച് നെല്ല് ഉൽപ്പാദിപ്പിക്കുകയും ചെയ്തിരുന്നു. കൃഷിഭൂമിയുടെ ഭൂരിഭാഗവും നെൽകൃഷിക്കു വേണ്ടിയാണ് ഉപയോഗിച്ചത്. മഴയെ മാത്രം ആശ്രയിച്ചു കൊണ്ടുള്ള പരമ്പരാഗത കൃഷിരീതിയായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. മുൻകാലങ്ങളിൽ വെട്ടേരി, ജീരകചെമ്പാൻ, തവളക്കണ്ണൻ, കറുത്തവട്ടൻ, മോടൻ, നവര, ആര്യൻ, ചെന്നല്ല്, കഴമ, ചെങ്കഴമ എന്നിവ ഒന്നാം വിളയായും (വിരിപ്പ്) പൊടി വിതയായും ഞാറു പറിച്ചുനട്ടും കൃഷി ചെയ്തു വന്നിരുന്നു. ഇതിൽ മോടൻ, പറമ്പുവട്ടൻ, നവര എന്നിവ പറമ്പുകളിലും കൃഷി ചെയ്തു വന്നിരുന്നു. ചിറ്റേനി, വൃശ്ചിക പാണ്ടി, ബിവി, വെള്ളരിയൻ തുടങ്ങിയവ രണ്ടാം വിളയായും (മുണ്ടകൻ)ആയി കൃഷി ചെയ്തിരുന്നു. മൂന്നാം വിള പുഞ്ചകൃഷിക്ക് തെക്കൻ ചീരയും നവരയും കൃഷി ചെയ്യാറുണ്ട്. ഒന്നും, രണ്ടും വിളകൾ ഒന്നിച്ചിറക്കി കൂട്ടുമുണ്ടകൻ കൃഷിയും ഇവിടെ വ്യാപകമായി കൃഷിചെയ്യുന്നു. ഇതിനുപയോഗിക്കുന്ന വിത്ത് മൂപ്പു് കൂടിയ ചേറ്റാടിയാണ്. കൂലിയിനത്തിൽ ചിലവു കുറവുണ്ടെങ്കിലും ഉത്പാദനത്തിൽ കുറവാണനുഭവപ്പെടുന്നത്. നെൽപാടങ്ങളിൽ മീനമാസത്തിലെ മഴയ്ക്ക് ചാമ വിതയ്ക്കുന്ന പതിവുണ്ടായിരുന്നു. മീനമാസത്തിൽ വിഷുവിന് മുമ്പ് രേവതി ഞാറ്റുവേലയിൽ മൂപ്പു കൂടിയ ആര്യൻ പൊടി വിതയായി വിത്തിറക്കാറാണ്ടായിരുന്നു. അശ്വതിയിൽ ഇട്ട വിത്തും ഭരണിയിൽ ഇട്ട മാങ്ങയും പിഴക്കില്ല എന്ന പഴഞ്ചൊല്ല് അക്കാലത്ത് കർഷകർ അന്വർത്ഥമാക്കിയിരുന്നു. രണ്ടാം വിള ഞാറു പാകി പറിച്ചു നട്ട് വലിയ തോതിൽ നെല്ല് ഉല്പാദിപ്പിച്ചിരുന്നു. പള്ള്യാൽ, പറമ്പ് തുടങ്ങിയ നീർവാർച്ച കൂടിയ പ്രദേശത്ത് ചേന, ഇഞ്ചി, മരച്ചീനി, ചേമ്പ്, കാവത്ത്, കൂർക്ക, ചക്കര കിഴങ്ങ് എന്നിവയും വ്യാപകമായ തോതിൽ കൃഷി ചെയ്തിരുന്നു. വാഴ, മത്തൻ, കുമ്പളൻ, വെള്ളരി, കയപ്പ, പടവലൻ, വെണ്ട, മുളക്, വഴുതന തുടങ്ങിയ പച്ചക്കറികളും, ഇലക്കറി ഇനങ്ങളായ വിവിധ ഇനം ചീരകളും വീട്ടുവളപ്പുകളിലും മുണ്ടകൻ കൊയ്ത പാടങ്ങളിലും കൃഷി ചെയ്തിരുന്നു.

ചാണകം, ചാരം, ആട്, കോഴി എന്നിവയുടെ വിസർജ്ജ്യങ്ങളും, പച്ചില വളങ്ങളും പണ്ടു കാലത്ത് ധാരാളമായി ഉപയോഗിച്ചിരുന്നു. വയലുകളോട് ചേർന്ന കുളങ്ങളും കിണറുകളും ധാരാളമായി നിർമ്മിച്ചിരുന്നു. ഇവയിൽ നിന്ന് കയറ്റുകൊട്ട, കാളത്തേക്ക് എന്നീ മാർഗ്ഗങ്ങളിൽ ജലസേചനം നടത്തിയിരുന്നു. തോടുകളിൽ മുള പട്ട, വാഴതട എന്നിവ ഉപയോഗിച്ച് ചിറകളും തടയണകളും നിർമ്മിച്ച് ജലസേചനം നടത്തിയിരുന്നു. പണ്ടുകാലത്ത് കീടങ്ങളേയും രോഗങ്ങളേയും ചെറുക്കുന്നതിനുവേണ്ടി പരമ്പരാഗതമായ രീതികൾ നില നിന്നിരുന്നു. ഒടുക്ക് മരത്തിൻെറ ഇല വയലുകളിൽ

ഉഴുതു ചേർക്കുന്നത് ഫലപ്രദമായിരുന്നു. കീടങ്ങളെ നിയന്ത്രിക്കുന്നതിന് ചാഴി വല, പുകയില ചേർത്ത വെള്ളം, വേപ്പിൻ കുരു കഷായം, വെളുത്തുള്ളി, മുള്ളിലം കുരു ചേർത്ത കഷായം, മുറം കൊണ്ട് വീശൽ, ചാരം വിതറൽ, മണ്ണെണ്ണയിൽ ചൂടി മുക്കി നെൽചെടിയുടെ മുകളിൽ കൂടി കയറുകെട്ടി വലിച്ചിരുന്ന സംസ്ക്കാരവും കർഷകർ ചെയ്തു പോന്നിരുന്നു. തെങ്ങ്, കവുങ്ങ് തുടങ്ങിയ ദീർഘകാല വിളകൾ വിപുലമായ തോതിൽ കൃഷി ചെയ്യുന്നതിന് പാട്ട കൃഷിക്കാർ തയ്യാറായിരുന്നില്ല.

അന്നത്തെ പ്രധാന വില്പന കേന്ദ്രങ്ങളായ ആഴ്ച ചന്തകൾ പേങ്ങാട്ടിരിയിലും, എറക്കിങ്ങൽ, വാണിയംകുളം, കാള പറമ്പ്, ചെർപ്പുളശ്ശേരി എന്നീ സ്ഥലങ്ങളിൽ മാത്രമായിരുന്നു. ആഴ്ചയിൽ ചില പ്രത്യേക ദിവസങ്ങളിൽ ഈ ചന്ത പ്രവർത്തിക്കുമായിരുന്നു. തലചുമടു വഴിയും, കാള, പോത്ത് എന്നിവ ഉപയോഗിച്ച് വലിക്കുന്ന വണ്ടികൾ വഴിയും സാധനങ്ങൾ കൊണ്ടുപോകുമായിരുന്നു.

1970 കളിൽ പട്ടാമ്പി നെല്ലു ഗവേഷണ കേന്ദ്രം നവീന വിത്തിനങ്ങൾ കണ്ടുപിടിച്ചതോടെ ഹരിത വിപ്ലവത്തിൻെറ മാറ്റങ്ങൾ കർഷകരിൽ എത്താൻ തുടങ്ങി. രാസവളങ്ങളും, ശാസ്ത്രീയ കൃഷി രീതികളുടെ പ്രചരണവും ഗ്രാമ സേവകരുടെ ഉപദേശങ്ങളും കർഷകർക്ക് കൃഷിയിൽ പുത്തനുണർവ് സൃഷ്ടിച്ചു. ശീമകൊന്നയുടെ കമ്പുകൾ നാടെങ്ങും വിതരണം ചെയ്തതോടെ പച്ചില വളങ്ങൾ കർഷകർ ഈ ഗ്രാമത്തിലും വമ്പിച്ച തോതിൽ സ്വീകരിച്ചു തുടങ്ങി. നാടെങ്ങും കമ്പോസ്റ്റ് നിർമ്മാണത്തിൻെറ പ്രാധാന്യം മനസ്സിലാക്കിയതും ഇക്കാലത്തായിരുന്നു. ഈ പഞ്ചായത്തിൽ തൈനാൻ 3 എന്ന അത്യുല്പാദനശേഷിയുള്ള നെല്ല് കർഷകർ പരീക്ഷിച്ചത് ഈ കാലഘട്ടത്തിലായിരുന്നു.

അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ, നവീന രാസവള പ്രയോഗ രീതികൾ, കീടനാശിനികൾ, പുതിയ കാർഷിക ഉപകരണങ്ങൾ എന്നിവയും സാങ്കേതിക പരിശീലനം ലഭിച്ച ഗ്രാമ വികസന ഏജൻസികളും ഉല്പാദന രംഗത്ത് ഒരു കുതിച്ചു ചാട്ടത്തിന് കളമൊരുക്കി. കാർഷിക സഹകരണ സംഘങ്ങൾ രൂപപ്പെട്ടതും ഈ രംഗത്തെ കർഷകരുടെ ചില നല്ല മുന്നേറ്റത്തിന് തുടക്കം കുറിച്ചു. പഞ്ചവത്സര പദ്ധതികളിൽ കൃഷിക്കും, ജലസേചനത്തിനും മുന്തിയ പരിഗണന കൊടുത്തിരുന്നതും ഈ കുതിച്ചു ചാട്ടത്തിനു ഗതിവേഗം കുറിച്ചു.

കാർഷിക രംഗത്ത് ഈ ഘട്ടത്തിൽ ലഭിച്ച പുത്തനുണർവ് 1980 ആയപ്പോഴേക്കും മന്ദഗതി പ്രാപിക്കുകയും സ്ഥായിയായി ഉല്പാദന രംഗത്തുള്ള പുരോഗതി നിലനിർത്താൻ കഴിയാതാവുകയും ചെയ്തു. ഇതിൻെറ ഫലമായി ഈ ഗ്രാമത്തിൽ കാർഷികവൃത്തി മുഖ്യ തൊഴിലായി സ്വീകരിച്ചവർ മറ്റു തൊഴിൽ രംഗത്തേക്ക് ചേക്കേറുവാൻ തുടങ്ങി. ഗൾഫ് പണത്തിൻെറ കടന്നു കയറ്റവും, കൃഷി ആദായകരമല്ലാതാവുകയും, കാർഷിക ജോലിയിൽനിന്നും തൊഴിലാളികൾ നിർമ്മാണ രംഗത്തേക്ക് വൻ തോതിൽ മാറിയതും ഈ രംഗത്ത് പ്രശ്നങ്ങൾ സങ്കീർണ്ണമാക്കി. കൂലി വർദ്ധനവ്, ഉല്പാദന കുറവ്, കീടനാശിനികൾ, രാസവളങ്ങൾ എന്നിവയുടെ വില വർദ്ധനവ് ക്രമം തെറ്റിയുള്ള കാലവർഷം, അനിയന്ത്രിത മായ കീടബാധ, വരൾച്ചയും അതിവർഷവും, പ്രകൃതിക്ഷോഭങ്ങളും തുടങ്ങി നിരവധി പ്രശ്നങ്ങൾ കൃഷിയെ ശോചനീയമാം വിതം തളർത്തുകയും ചെയ്തു. കൃഷിഭവനുകൾ സ്ഥാപിച്ചതും പാടശേഖര സമിതിയിൽ പ്രവർത്തിച്ചു തുടങ്ങുകയും കാർഷിക രംഗത്ത് നേരിയ ശുഭപ്രതീക്ഷ വളർത്തുകയും ചെയ്തു. പമ്പു സെറ്റുകൾ ജലസേചന രംഗത്ത് വ്യാപകമായതോടെ വരൾച്ച നേരിടാൻ സഹായകമായി. കൃഷിക്കിടയിലൂടെ റോഡുകൾ നിർമ്മിക്കുവാൻ തുടങ്ങിയതോടെ നെൽപാടങ്ങളുടെ ശനിദശ ആരംഭിച്ചു. വയലുകൾ നികത്തി ഉയർന്ന വിലക്ക് വില്ക്കുവാനും വീടുവെയ്ക്കാനും തുടങ്ങിയത് കാർഷിക മേഖലയിലെ പ്രശ്നങ്ങൾ വീണ്ടും സങ്കീർണ്ണമാക്കി. കൃഷിഭൂമിയുടെ തുണ്ടവത്ക്കരണവും ജനസംഖ്യാ വർദ്ധനവും ഈ ഗ്രാമത്തിൽ വൻ ഭീഷിണി ഉയർത്തി. ഭക്ഷ്യോല്പാദന രംഗത്ത് കുറവനുഭവപ്പെടാൻ മറ്റൊരു കാരണം കൃഷിഭൂമിയുടെ വിസ്തൃതി അനുദിനം കുറഞ്ഞു വന്നതായിരുന്നു. വയലുകളിൽ തെങ്ങും, വാഴയും കൃഷി ചെയ്തു വന്നതും നെൽ കൃഷിയുടെ ഉല്പാദനരംഗത്ത് ബാധിച്ചു. കുളങ്ങളും, തോടുകളും നശിച്ചു തുടങ്ങിയതും ജലസേചന സൗകര്യം ഇല്ലാതാക്കാൻ കാരണമായി

## ഭൂപ്രകൃതിയും വിളവുകളും

നെല്ലായ ഗ്രാമ പഞ്ചായത്തിൻെറ മൊത്തം വിസ്തൃതി 27.41 ചതുരശ്ര കി.മീറ്ററാണ്. 1522 ഹെക്ടർ സ്ഥലത്ത് കൃഷി നിലവിലുണ്ട്. ഭൂപ്രകൃതിയനുസരിച്ച് ഈ പഞ്ചായത്തിനെ മൂന്നായി തരം തിരിക്കാം. 1. ഉയർന്ന കുന്നുകൾ, 2. താഴ്വരകൾ, 3.

നിരപ്പായ ഭൂപ്രദേശങ്ങൾ. കുന്നിൻ പുറങ്ങളിലും താഴ്വരകളിലും ചരൽചേർന്ന മണ്ണ് കാണപ്പെടുന്നു. താഴ്വരകളിൽ ഭൂമി തട്ടുകളായി കിടക്കുന്നതിനാൽ മണ്ണൊലിപ്പ് ഇല്ല. ഇതിനാൽ മണ്ണിന് നല്ല ഫല പുഷ്ടിയുണ്ട്. തീരപ്രദേശങ്ങളിൽ (പുഴയോരത്ത്) മണൽ കലർന്ന പശിമരാശി മണ്ണും, മറ്റുഭാഗങ്ങളിൽ നല്ല പശിമയുള്ള മേൽമണ്ണും കണ്ടുവരുന്നു. ഈ പ്രദേശങ്ങളിൽ പ്രധാന വിള നെല്ലാണെങ്കിലും ധാരാളം മറ്റു വിളകളും കൃഷി ചെയ്തു വരുന്നു. വിള ക്രമത്തെ കുറിക്കുന്ന ഒരു പട്ടിക (കൃഷിഭവൻ രേഖകളിൽ നിന്നും ലഭിച്ചത്)3 (2)ൽ കൊടുത്തിരിക്കുന്നു.

**വിളക്രമം 3(2)**

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം (ഹെക്ടർ) | ഉല്പാദനക്ഷമത (ഹെക്ടർ) |
|---|---|---|---|
| നെല്ല് 1-ാംവിള | 447 | 17880 ടൺ | 4000 കിലോ |
| നെല്ല് 2-ാംവിള | 400 | 17600ടൺ | 4400 കിലോ |
| നെല്ല് 3-ാംവിള | 10 | 400ടൺ | 3000 കിലോ |
| തെങ്ങ് | 414 | 2438460 | 5890 |
| കശുമാവ് | 39 | 39,000കിലോ | 1000 കിലോ |
| വാഴ | 48 | 384000 കിലോ | 8000 കിലോ |
| മരച്ചീനി | 20 | 50,000 കിലോ | 25,000 കിലോ |
| പയർ | 30 | 1,87,500 കിലോ | 6250 കിലോ |
| എള്ള് | 15 | 4500 കിലോ | 300 കിലോ |
| പച്ചക്കറികൾ | 20 | 500000 | 25000 കിലോ |
| കുരുമുളക് | 16 | 5120 കിലോ | 320 കിലോ |
| റബ്ബർ | 68 | 66640കിലോ | 980 കിലോ |
| കവുങ്ങ് | 2 | - | - |

# നെല്ല്

ക്രമാതീതമായ രാസവളപ്രയോഗം അശാസ്ത്രീയമായ കൃഷിമുറകളും മണ്ണിന്റെ ഘടന നശിപ്പിച്ചിരിക്കുന്നു. ഇത് മണ്ണിന്റെ ജൈവ സമ്പുഷ്ടത നശിപ്പിക്കുകയും ഉൽപാദനശേഷി കുറയുവാനിടയാക്കുകയും ചെയ്തിട്ടുണ്ട് മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കൃഷി രീതികൾ ഇനിയും പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല. നെല്ലായ ഗ്രാമ പഞ്ചായത്തിൽ ഈ പ്രദേശത്തിന്റെ പേരിന് അർത്ഥവത്താക്കുന്ന പ്രധാന കൃഷിയും നെല്ലാണ്. പരമ്പരാഗതമായി ക്ഷി ചെയ്തുവന്നിരുന്ന രീതിയിൽ പഴയ വിത്തുകൾ ഉപയോഗിച്ച് കൃഷി ചെയ്യാൻ കൃഷിക്കാർ ഇന്നും തയ്യാറാണ്. എന്നാൽ ഒട്ടു മിക്ക കർഷകരും അത്യുൽപാദനശേഷിയുള്ള ഐ ആർ എട്ട്, ജയ, ജോതി, അന്നപൂർണ്ണ, ത്രിവേണി, കാർത്തിക നിള, സ്വർണ്ണപ്രഭ, പവിഴം, ആതിര, ഐശ്വര്യ, കാഞ്ചന, കൈരളി, ചുവന്ന മസൂരി, കുഞ്ഞുകുഞ്ഞ്, പൊന്നി, പൊൻമണി, സീഓ തുടങ്ങി ധാരാളം ഇനങ്ങൾ കൃഷി ചെയ്യുന്നു. പക്ഷേ വർദ്ധിച്ചുവരുന്ന കൂലി നിരക്ക്, തൊഴിലാളികളുടെ ദൗർലഭ്യം, രാസവളങ്ങളുടേയും കീടനാശിനികളുടേയും വില വർദ്ധനവ് എന്നിവ മൂലം നെൽകൃഷി ചെയ്യുന്ന കൃഷിക്കാർ കൃഷിയിൽ വലിയ താത്പര്യം കാണിക്കുന്നില്ല. സമീപകാലം വരെ വയലുകൾ ഉഴുതു മറിക്കുവാൻ പൂട്ടുകന്നുകളെ ഉപയോഗിക്കുമായിരുന്നു. ഈ സമ്പ്രദായത്തിൽ ഉഴുന്നതിനാൽ, വയലിൽ മണ്ണ് നല്ലപോലെ ഇളകിയിരുന്നു. എന്നാൽ കാലിത്തീറ്റയുടെ വില വർദ്ധനവും ഉരുക്കളുടെ വിലകൂടുതലും, മേച്ചിൽ സ്ഥലങ്ങൾ കുറഞ്ഞുവന്നതിനാലും കർഷകർ കാലി വളർത്തലിൽ നിന്ന് ഒഴിഞ്ഞുമാറി. കൃഷിയിടങ്ങളിലേക്ക് ട്രാക്ടർ, ട്രില്ലർ എന്നിവ കൊണ്ടുപോകുന്നതിന് യോജിച്ച വീതിയുള്ള വരമ്പുകൾ ഇല്ലാത്തതിനാൽ സുഗമമായി വയൽ ഉഴുത് എടുക്കുവാൻ കർഷകർ ബുദ്ധിമുട്ടുകയാണ്. കീടങ്ങളുടെ ആക്രമണവും പ്രകൃതി ക്ഷോഭങ്ങളുടെ ഫലമായി വിള നാശവും നെല്ലുൽപാദനത്തെ സാരമായി ബാധിക്കാറുണ്ട്. വിള ഇൻഷുറൻസ് തുടങ്ങിയ സഹായ പദ്ധതികളുടെ ഗുണ വശം ഇതുവരെയും ഈ ഗ്രാമത്തിൽ ലഭ്യമല്ല. മേൽത്തരം നെൽ വിത്ത് കൃഷിഭവൻ മുഖേന പാടശേഖര സമിതികളിൽ എത്തുന്നുണ്ട്. നെല്ലായ പഞ്ചായത്തിൽ ഒരുവിധം നല്ല രീതിയിൽ പ്രവർത്തിക്കുന്ന 17 പാടശേഖര സമിതികൾ ഉണ്ട്. കാർഷിക ഉപകരണങ്ങളും കീടനാശിനികളും പാടശേഖര സമിതികളിൽക്കൂടി കർഷകർക്ക് ലഭിക്കുന്നു. കിണറുകൾ കുളങ്ങൾ തോടുകളുടെ അറ്റകുറ്റ പണികൾ എന്നിവയും പാടശേഖര സമിതികളിലൂടെ ചെയ്യാവുന്നതാണ്. വർഷത്തിൽ രണ്ടു പ്രാവശ്യം ഉല്പാദന ബോണസ്സ് വിതരണം, നീറ്റുകക്കയുടെ വിതരണം എന്നിവ പാടശേഖര സമിതികൾ ഏറ്റെടുത്തു നടത്തുന്നു. കൃഷിഭവൻ മുഖേന വിതരണം നടത്തുന്ന നടീൽ വസ്തുക്കൾ കൃഷിക്കാർക്ക് ലഭിക്കുന്നുണ്ട്. അവയുടെ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

നടീൽ വസ്തുക്കളുടെ വിതരണം. 3 (3)

| ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| തെങ്ങ് | 1115 | 457 | 1550 |
| കശുമാവ് | 640 | - | - |
| കുരുമുളക് | - | - | 2228 |
| കവുങ്ങ് | - | - | 75 |
| ഒട്ടുമാവ് | 48 | 15 | 60 |
| പൈനാപ്പിൾ | - | 40 | - |
| പച്ചക്കറി വിത്ത് പാക്കറ്റ് | - | 750 | - |

## മറ്റു വിളകൾ

പയർ, എള്ള്, പച്ചക്കറികൾ, ചേന, ചേമ്പ്, ഇഞ്ചി, മരച്ചീനി, കുരുമുളക്, മഞ്ഞൾ, ഉഴുന്ന്, മുതിര, ചക്കരക്കിഴങ്ങ്, മധുരക്കിഴങ്ങ്, കൂർക്ക, കാവുത്ത്, തൊപ്പക്കിഴങ്ങ്, മാങ്ങിഞ്ചി, കൂവക്കിഴങ്ങ്, പച്ചമുളക് എന്നിവ ഈ പ്രദേശത്തെ ധാരാളമായി കൃഷി ചെയ്തുവരുന്നു. നേന്ത്ര വാഴ ഇവിടെ സുലഭമായി കൃഷിചെയ്യുന്നു. കുളപ്പിട, മാരായമംഗലം, പൊൻപിലായ, ഇരുമ്പാലശ്ശേരി എന്നിവിടങ്ങളിൽ വൻ തോതിൽ വാഴ കൃഷി ചെയ്യുന്നുണ്ട്. ഓണ കമ്പോളത്തിൽ വില്ക്കുവാൻ കുളപ്പിടയിൽ നിന്നുള്ള വാഴ വൻ വില കൊടുത്ത് വാങ്ങി വിദൂര ചന്തകളിലേക്ക് കൊണ്ടുപോകാറുണ്ട്. രണ്ടാം വിള കൊയ്തു കഴിഞ്ഞ ചിലഭാഗത്തും, രണ്ടാം വിളയെടുക്കാത്ത പള്ളിയാൽ നിലങ്ങളിലും മുതിര, ഉഴുന്ന്, എള്ള് എന്നിവ വിപുലമായ തോതിൽ കൃഷി ചെയ്യുമായിരുന്നു.

## തെങ്ങ്

കൃഷി ഭൂമിയിൽ ഉടമസ്ഥാവകാശം ലഭിച്ചതോടെ കൃഷിക്കാർ ദീർഘകാല വിളയായ തെങ്ങു കൃഷിയിൽ താല്പര്യം കാണിച്ചു തുടങ്ങി. ഒരു വീട്ടിൽ കുറഞ്ഞത് നാലു കായ്ക്കുന്ന തെങ്ങെങ്കിലും ഉണ്ടായിരിക്കണം. 414 ഹെക്ടർ സ്ഥലത്ത് ഈ ഗ്രാമത്തിൽ തെങ്ങു കൃഷിചെയ്യുന്നു. പുഴയോരങ്ങളിലും ജലസേചന സൗകര്യമുള്ള പ്രദേശത്തും തെങ്ങ് നല്ല ഉല്പാദനശേഷി കാണിക്കുന്നു. എന്നാൽ മറ്റു പ്രദേശങ്ങളിൽ കടുത്ത വരൾച്ച കാരണം തെങ്ങിന്റെ ഉല്പാദനശേഷി തുലോം കുറവാണ്. കേര വികസന സമിതി മുഖാന്തിരം ജലസേചനത്തിന് കിണർ പമ്പുസെറ്റ് എന്നിവ കഴിഞ്ഞ രണ്ടു വർഷമായി അനുവദിക്കാറുണ്ട്. എന്നിരുന്നാലും കേര കർഷകർക്ക് ആവശ്യാനുസരണം കിണർ, പമ്പുകൾ എന്നിവ കൊടുക്കാൻ സാധിക്കുന്നില്ല. നെല്ലായ ഗ്രാമ പഞ്ചായത്തിൽ തെങ്ങു കൃഷിക്ക് വൻ സാധ്യതകൾ ഉണ്ട്. നല്ല ഇനം തെങ്ങിൻ തൈകളും സർക്കാർ ഭാഗത്തു നിന്നുള്ള സഹായവും കൈകോർത്തു പിടിച്ചാൽ കഴിയുന്നതാണ്.

## റബ്ബർ

നെല്ലായ ഗ്രാമപഞ്ചായത്തിൽ 40 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുന്നുണ്ട്. ഏതാനും കർഷകർകൂടി റബ്ബർ കൃഷിയിൽ താല്പര്യം കാണിക്കുന്നു. 10 വർഷങ്ങൾക്കു ശേഷമാണ് റബ്ബർ കൃഷിയിൽ ഇവിടെ താല്പര്യം കണ്ടുതുടങ്ങിയത്.

മേൽ പറഞ്ഞ കൃഷികൾ കൂടാതെ കൈതച്ചക്ക, കവുങ്ങ്, ഒട്ടുമാവ്, കശുമാവ്, എന്നിവയും ചെറിയ തോതിൽ കൃഷിചെയ്യുന്നുണ്ട്. കശുമാവിന്റെ ഒട്ടുതൈകൾ പരിമിതമായ തോതിൽ കൃഷിഭവന്റെ സാമ്പത്തിക സഹായത്തോടെ കൃഷിചെയ്തുവരുന്നു. പുലാക്കാട് കുളപിട, എഴുവന്തല, ഇരുമ്പാലശ്ശേരി, പൊമ്പിലായ എന്നീ പ്രദേശങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറികൃഷിയിൽ ഏർപ്പെട്ട കർഷകരും ഉണ്ട്. ഗാർഹികാവശ്യത്തിന് മിക്ക വീടുകളിലും പച്ചക്കറി കൃഷി ചെയ്യുന്നു. വീടുകളിൽ പച്ചക്കറി തോട്ടങ്ങളുടെ സാധ്യത വളരെയേറെയുണ്ട്.

## വളങ്ങളും കീടനാശിനികളും

ഈ പഞ്ചായത്തിലെ കൃഷിക്കാർ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം നടത്താറുള്ളത്. പച്ചിലയും ചാണകവും മറ്റു മൃഗങ്ങളുടെ വിസർജ്ജ്യങ്ങളും ചാരം എന്നിവയും കർഷകർ വളമായി ഉപയോഗിച്ചിരുന്നു. കൃഷിക്കാർ അശാസ്ത്രീയമായ രീതിയിൽ മണ്ണിൽ രാസവളങ്ങൾ ഉപയോഗിച്ചതിനാൽ ഉല്പാദന ചിലവ് ക്രമാതീതമായി വർദ്ധിക്കാൻ ഇടയായി. മാത്രമല്ല നെല്ല്, പച്ചക്കറികൾ, വാഴ എന്നിവയക്ക് കീടരോഗങ്ങളുടെ ആക്രമണം വർദ്ധിക്കുകയും ചെയ്തു. വേണ്ടത്ര മുൻകരുതലുകൾ കൂടാതെ, കിട്ടുന്ന കീടനാശിനികൾ വിവേചന രഹിതമായി ഉപയോഗിച്ചതും പരിസ്ഥിതി പ്രശ്നങ്ങൾ വരെ സൃഷ്ടിച്ചു.

## കാർഷിക ഉപകരണങ്ങൾ

ഈ പഞ്ചായത്തിൽ ട്രില്ലറുകൾ, സ്പ്രേയറുകൾ, റോക്കർ സ്പ്രേയർ, മെതി യന്ത്രം, തെങ്ങു കയറ്റ യന്ത്രം പമ്പു സെറ്റുകൾ എന്നിവ പാടശേഖര സമിതികൾ, കേര കർഷക സമിതിയും മുഖേന സബ്സിഡി നിരക്കിൽ കർഷകർക്ക് അനുവദിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ ഉഴവിന് പോത്തുകളേയും കാളകളേയും മാത്രമാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ക്രമേണ ഉഴവുമാടുകളുടെ എണ്ണം കുറഞ്ഞു വരികയും കാർഷിക മേഖല ക്രമേണ യന്ത്രവത്ക്കരണത്തിന് വിധേയമാവുകയും ചെയ്തു. ഈ പ്രദേശങ്ങളിലെ ഒരു സുപ്രധാന വിനോദമായിരുന്നു കന്നു പൂട്ടു മത്സരം. ഈ വിനോദം നാമമാത്രമായി ഇപ്പോഴും നടന്നു വരുന്നു.

## പാടശേഖര സമിതികൾ

കൃഷിഭവൻെറ ആഭിമുഖ്യത്തിൽ കൃഷിക്കാരെ സംയോജിപ്പിച്ചുകൊണ്ട്, സംയോജിത കൃഷി സംമ്പ്രദായം നടപ്പിലാക്കുന്നതിനു വേണ്ടി തുടങ്ങി വെച്ച ഒരു നല്ല ആശയമാണ് ഗ്രൂപ്പ് ഫാമിംഗ്. എന്നാൽ പേരിൽമാത്രം ഒതുങ്ങി നിന്നു ഈ സമിതിയുടെ പ്രവർത്തനം. ഉല്പാദന ബോണസ്സ് വിതരണത്തിനും, നീറ്റുകക്കയുടെ വിതരണവും മാത്രം പ്രവർത്തന മേഖലയാക്കി ചുരുങ്ങുകയാണുണ്ടായത്. ഈ പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിലായി 17 പാടശേഖര സമിതികൾ പ്രവർത്തിച്ചു വരുന്നു. ഈ സമിതികളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് കഴിഞ്ഞ നാലുവർഷക്കാലമായി അംഗീകാരവും പ്രോത്സാഹന സമ്മാനവും കൊടുത്ത് ആദരിച്ചു വരുന്നു.

## കേര കർഷക വികസന സമിതി

നെല്ലായ പഞ്ചായത്തിലെ 11 വാർഡുകളുടേയും അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത ഒരു കേര കർഷക വികസന സമിത കഴിഞ്ഞ രണ്ടുവർഷക്കാലമായി ഇവിടെ പ്രവർത്തിച്ചു വരുന്നു. ഈ പഞ്ചായത്തിലെ മുഴുവൻ കേര കർഷരുടെയും അഭിവൃദ്ധിക്കു വേണ്ടി ഈ സമിതി പ്രവർത്തിച്ചു വരുന്നു. കേന്ദ്ര നാളികേര വികസന ബോർഡിൻെറ തെങ്ങു കൃഷി പുനരുദ്ധാരണപ്രവർത്തനത്തിൻെറ ഭാഗമായി ഈ സമിതി പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തെങ്ങുകൾക്ക് ജലസേചനം ഏർപ്പെടുത്താൻ കിണറുകൾ, പമ്പുസെറ്റ് എന്നിയ്ക്ക് സബ്സിഡി ഈ സമിതി നൽകുന്നുണ്ട്. ഇതിൻെറ പ്രവർത്തനം കുറെകൂടി വിപുലീകരിക്കേണ്ടത് അത്യാവശ്യമാണ്.

## കൂലി നിരക്ക്

കാർഷിക മേഖലയിൽ തൊഴിലാളികളുടെ കാര്യത്തിൽ വലിയ കുറവു സംഭവിച്ചിട്ടുണ്ട്. കൃഷിയിലുള്ള തൊഴിലാളികളുടെ താല്പര്യ കുറവും, വിദ്യാഭ്യാസം ലഭിച്ചതിനാൽ കാർഷിക വൃത്തിയോടുള്ള മടുപ്പും, നിർമ്മാണ തൊഴിൽ രംഗത്തേക്കുള്ള കടന്നു കയറ്റവും മൂലം കാർഷിക രംഗത്ത് തൊഴിലാളികളെ ലഭിക്കാതാവുകയും ചെയ്തു. ഈ പഞ്ചായത്തിൽ സ്ത്രീ പുരുഷന്മാരുടെ കൂലിനിരക്ക് 30% ൻെറ അന്തരം പ്രകടമാണ്. യുവജനങ്ങൾക്ക് കൃഷിയോടും കാർഷികമേഖലയോടും തീരെ താല്പര്യമില്ലാതായത് തികഞ്ഞ ആശങ്കക്ക് ഇടനൽകുന്നു.

## കാർഷിക വായ്പകൾ

ഈ പഞ്ചായത്തിൽ ഒരു സഹകരണബാങ്കും, അതിൻെറ തന്നെ മറ്റൊരു ശാഖയും പ്രവർത്തിച്ചു വരുന്നു. വിജയ ബാങ്കിൻെറ ഒരു ശാഖ അടുത്ത കാലത്തായി ഇവിടെ പ്രവർത്തിച്ചു വരുന്നു. ഈ പ്രദേശങ്ങളിലെ കർഷകരുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ സഹകരണ ബേങ്ക് മുൻപന്തിയിൽ നിൽക്കുന്നു. ഹ്രസ്വകാല വായ്പകൾ, കാർഷിക ഉപകരണങ്ങൾ,പണയകടം, കൃഷി ഭവനുകളുടെ ആവശ്യപ്രകാരം കിണറുകൾ പമ്പുസെറ്റുകൾ എന്നിവയ്ക്ക് ലോണുകളും ഈ ബാങ്കുകൾ വഴി ലഭിക്കുന്നുണ്ട്. ഒറ്റപ്പാലം കാർഷിക ഭൂവികസന ബാങ്ക് ദീർഘകാല വായ്പകൾ കൃഷിക്കാർക്ക് നൽകിവരുന്നു.

## ജലസേചനം

ഈ പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാരും മഴയെ ആശ്രയിച്ചുമാത്രമാണ് കൃഷി ചെയ്തു വരുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ തെക്കു പടിഞ്ഞാറൻ കാലവർഷം ആരംഭിക്കുന്നു 'ഇടവപാതിയിൽ തോടുകളും, കുളങ്ങളും നിറയുന്നു. സപ്തംബർ മുതൽ ഒക്ടോബർ അവസാനം വരെ വടക്കു കിഴക്കൻ കാലവർഷം തുലാവർഷമഴയായി ലഭിക്കുന്നു. ഇവ രണ്ടും ക്രമമായി ലഭിച്ചില്ലെങ്കിൽ കാർഷിക രംഗവും താളം തെറ്റും. പെയ്യുന്ന മഴവെള്ളം മണിക്കൂറുകൾ കഴിയുമ്പോൾ പ്രധാന നീരൊഴുക്കായ നെല്ലായ തോടുവഴി മാവുണ്ടിരി പുഴയിൽ ഒഴുകിയെത്തുന്നു. പഞ്ചായത്തിലെ ജലാശയങ്ങളിൽ ഏറ്റവും പ്രധാനം 1959 ൽ നിർമ്മിച്ച നെല്ലായ ചിറയാണ്. ഇതിനു താഴെയായി നാലുഭാഗത്ത് ചെക്കു ഡാമുകൾ നിർമ്മിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ 300 ൽ പരം കുളങ്ങളും അസംഖ്യം കിണറുകളും ഉണ്ട്. ഇതിനെല്ലാം പുറമെ കടുത്ത വേനലിൽ പോലും വറ്റാത്ത 10 നീറുറുവകളും ഈ ഗ്രാമത്തെ ഐശ്വര്യമാക്കുന്ന പ്രധാന ജല സ്രോതസ്സുകളാണ്. ഈ ജലാശയങ്ങൾ വെള്ളം കെട്ടി നിർത്തത്തക്ക വിധത്തിൽ നല്ല സംഭരണികൾ നിർമ്മിക്കാവുന്നതാണ് ജനകീയ പ്രസ്ഥാനങ്ങളിലൂടെ പണം സമാഹരിച്ച് നിർമ്മിക്കപെട്ട നെല്ലായ ചിറ ഇന്നും തികച്ചും ഉപയോഗ്യശൂന്യമായി കിടക്കുകയാണ്. 6,7,8 വാർഡുകളിലെ പാടശേഖരങ്ങളുടെ ജലക്ഷാമം തീർക്കാൻ

[illegible] ഇപ്പോഴും അധികം ഒഴുകുന്നതും ഈ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ ഒഴുകുന്നു. ശാസ്ത്രീയ ഉത്തരവാദിത്വത്തോടെ സംരക്ഷിക്കപ്പെടുകയാണെങ്കിൽ ഇവിടെ കുളങ്ങളും ജലസേചനത്തിന് ഉപയോഗയോഗ്യമാക്കാവുന്നതാണ്. മാവുണ്ടിരി പുഴയിൽ നിർമ്മിച്ച നെടുങ്കയം ലിഫ്റ്റ് ഇറിഗേഷൻ 6,7,8 വാർഡുകളിലെ ജലസേചനാവശ്യം പൂർണ്ണമായും പരിഹരിക്കുന്നതാണ്. പക്ഷെ ഇനിയും ഒരു [illegible] പ്രവർത്തനം ഒന്നും ഈ പദ്ധതി നടപ്പിലാവാൻ ആവശ്യമായി വരും. ഈ ലിഫ്റ്റ് ഇറിഗേഷനും ഒരു ശാപമോക്ഷത്തിനായി കാത്തിരിക്കുകയാണ്.

## വാട്ടർഷെഡ് (നീർമറി)

1992 ൽ നെല്ലായ പഞ്ചായത്തിന്റെ 6,7,8 വാർഡുകളിൽ ഉൾപ്പെടുന്ന 628 ഹെക്ടർ കിഴക്കൻ പ്രദേശം ഒരു നീർമറി പ്രദേശമായി (N.W.D.P.R.A) അംഗീകരിച്ചു പ്രവർത്തനമാരംഭിച്ചു. ആദ്യത്തെ രണ്ടു വർഷങ്ങൾ പ്രാഥമിക റിപ്പോർട്ടും , പ്രോജക്ട് തയ്യാറാക്കലും മാത്രം നടന്നു. മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും, കാർഷിക രംഗത്തെ സമാഗ പുരോഗതിയും ലക്ഷ്യം വെച്ച് ആരംഭിച്ച ഈ പദ്ധതി 1997 മാർച്ചിൽ അവസാനിക്കേണ്ടതാണ്. ഈ പ്രദേശത്തെ മുഴുവൻ ജലസ്രോതസ്സുകളും സംരക്ഷിക്കപ്പെടേണ്ടതും മണ്ണൊലിപ്പ് പ്രവർത്തനങ്ങൾ ഉയർന്ന പ്രദേശത്തെ പൂർണ്ണമായും ഉൾക്കൊണ്ടു കൊണ്ട് ചെയ്യേണ്ടതുമാണ്. ഈ പ്രവർത്തനങ്ങൾ ഇനിയും പൂർണ്ണമാവാതെ കിടക്കുന്നു. ഇവിടെയുള്ള നീർച്ചാലുകളും, കുളങ്ങളും, ചിറകളും കേടുപാട് തീർക്കുകയും, മണ്ണൊലിപ്പ് പ്രവർത്തങ്ങൾ പൂർത്തിയാക്കുകയും ചെയ്താൽ നീർമറിയുടെ അടിസ്ഥാന പദ്ധതി പൂർത്തിയായി എന്നു പറയാം. സമയബദ്ധിതമായി ലക്ഷ്യബോധത്തോടെ പ്രവർത്തിക്കാത്തതിനാൽ ഈ പദ്ധതി കാലാവധിക്കുള്ളിൽ അവസാനിപ്പിക്കാൻ സാധിക്കുമോ എന്ന് ഈ പ്രദേശത്തെ കർഷകർ സംശയിക്കുന്നു.

## കാർഷിക മേഖലയിലെ പ്രശ്നങ്ങൾ

- കാർഷിക ഉൽപ്പാദനം ഉയർത്തുവാൻ അത്യാവശ്യ ഘടകം ജലസേചനസൗകര്യം വർധിപ്പിക്കുകയാണ്. ഇതിന് നെല്ലായ അണകെട്ട് തീരെ പര്യാപ്തമല്ല. ഇതിൽ ജലം സംഭരിച്ച് നിർത്തുവാനുള്ള സംവിധാനമില്ല. നെടുങ്കയം ലിഫ്റ്റ് ഇറിഗ്രേഷൻ പ്രവർത്തനക്ഷമമല്ല. ഈ ഭാഗ[illegible] ആവശ്യത്തിന് വെള്ളം ലഭിക്കുന്നില്ല. നിലവിലുള്ള ചെക്ക് ഡാമുകൾ പ്രവർത്തനക്ഷമമാക്കി ജലസേചനത്തിന് ഉപകാരപ്രദമാക്കുവാൻ ഇതേവരെ കഴിഞ്ഞിട്ടില്ല. ഇനിയും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ ചെക്ക്ഡാമുകൾ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടില്ല. നിലവിലുള്ള നീറുറവകളിൽ ജലം സംഭരിക്കപ്പെടാതെ വെറുതെ പാഴായി പോവുന്നു. പല കുളങ്ങളും സംരക്ഷിക്കപ്പെടാതെ ഇതുവരെ നശിച്ചു കിടക്കുന്നു. ഈ ഗ്രാമപഞ്ചായത്തിലെ ജലസ്രോതസ്സുകളെല്ലാം സംരക്ഷിക്കപ്പെടാതെ കൃഷിക്കാർക്ക് ജലസേചനത്തിന് യോഗ്യമല്ല. നിർമ്മിക്കപെട്ട ചെക്ക്ഡാമുകളും അണക്കെട്ടുകളും തീരെ അറ്റകുറ്റപണി [illegible] കൾ നടത്താത്തതുമൂലം കർഷകർക്ക ആവശ്യമില്ലാതെ ജലനികുതി അടച്ച് വിഷമിക്കുന്നു. ഇതിന് നാളിതുവരെയും ഒരു പരിഹാരം കണ്ടെത്തിയിട്ടില്ല.
- ഉൽപ്പാദന ചിലവ് വർധിച്ചുവരുന്നതിനാലും ജോലിക്ക് തൊഴിലാളികളെ കിട്ടാനില്ലാത്തതിനാലും കാർഷിക ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിന് സൗകര്യം ഇല്ലാത്തതിനാലും, കൃഷിയെ മാത്രം ആശ്രയിച്ചു കഴിയുന്ന കർഷകരുടെ എണ്ണം കുറഞ്ഞു വരുന്നതു കൊണ്ടും, പ്രകൃതിക്ഷോഭങ്ങളും കാലവർഷക്കെടുതി മൂലവും വർധിച്ച കീടരോഗങ്ങളുടെ ആക്രമണം മൂലവും കാർഷിക രംഗം തകർച്ചയുടെ വക്കിലെത്തി നിൽക്കുകയാണ്.
- അത്യുൽപ്പാദന ശേഷിയുള്ള നല്ല നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്, രാസവളങ്ങൾ, കീടനാശിനികൾ എന്നിവ യഥാസമയം കിട്ടാത്ത അവസ്ഥ, അശാസ്ത്രീയമായ കൃഷിരീതികൾ, സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും യഥാവസരങ്ങളിൽ ധനസഹായം ലഭിക്കുന്നതിനുള്ള പരിമിതികൾ, ഫലപുഷ്ടി കുറഞ്ഞ മണ്ണ് എന്നിവയും ഈ മേഖലയെ മൃതപ്രായമാക്കുന്നു.
- കുറഞ്ഞു വരുന്ന ഉൽപ്പാദനവും വേനൽകാലങ്ങളിൽ വരൾച്ച ബാധിക്കുന്നതും കൂമ്പ് ചീയൽ, വേരഴുക്കൽ, ചെണ്ണീരൊലിപ്പ്, പ്രകൃതിക്ഷോഭങ്ങളിൽ വൻതോതിൽ വിള നശിക്കുന്നത്, സാമ്പത്തിക സബ്സിഡികൾ വേണ്ടത്ര ലഭിക്കാത്തത് എന്നിവ കൊണ്ട് ദീർഘകാലവിളകളെ വിഷമസന്ധിയിൽ അകപ്പെടുത്തി.

☞ കൃഷിഭവൻ സ്ഥിതി ചെയ്യുന്നത് പഞ്ചായത്തിന്റെ ഹൃദയഭാഗത്തല്ലാത്തതു കൊണ്ട് കൃഷിഭവനിൽ എത്തിപ്പെടാൻ കൃഷിക്കാർക്ക് ബുദ്ധിമുട്ടനുഭപ്പെടുന്നു. കാർഷികരംഗത്ത് ആവശ്യമായ യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും കുറവും, ശാസ്ത്രീയ കൃഷിരീതിയുടെയും മറ്റും ബോധവൽക്കരണത്തിന്റെയും കുറവും ഈ പഞ്ചായത്തിൽ അനുഭവപ്പെടുന്നു.

☞ വാഴ, ചേന, ഇഞ്ചി, മരച്ചീനി, പച്ചക്കറികൾ എന്നീ കൃഷികളിൽ ഏർപ്പെട്ടവർക്ക് വാണിജ്യാടിസ്ഥാനത്തിൽ വിൽപ്പനകേന്ദ്രങ്ങളില്ല. നല്ല വിത്തുകൾ, സാങ്കേതിക ഉപദേശം, ധനസഹായപദ്ധതികളുടെ ലഭ്യതകുറവ് എന്നിവയും വലിയ ശാപമായി തോന്നുന്നു. കുരുമുളകിന്റെ ദ്രുതവാട്ടരോഗം മേൽപറഞ്ഞ വിളകളിൽ വരുന്ന കീടരോഗങ്ങൾ കർഷകനെ അലട്ടുന്ന പ്രശ്നമാണ്.

☞ മണ്ണൊലിപ്പ് പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടക്കാത്തതിനാൽ മണ്ണിന്റെ ജൈവസംപുഷ്ടത നശിച്ചു കൊണ്ടിരിക്കുന്നു. മണ്ണ് പരിശോധന നടക്കാത്തതിനാൽ കാലാകാലങ്ങളിൽ ഇവിടെ അനുവർത്തിക്കുന്ന അനാവശ്യ വളം ചേർക്കൽ മൂലം കർഷകന് സാമ്പത്തിക നഷ്ടം നേരിടുന്നു. പരിചയസമ്പരായ കൃഷി ഉദ്യോഗസ്ഥരുടെ അഭാവം, ആവശ്യത്തിനുള്ള ഉദ്യോഗസ്ഥരില്ലായ്മ, നിയമനം നടന്ന ഉദ്യോഗസ്ഥർ സ്ഥലം മാറ്റം മാറി പോവുന്നത് എന്നിവ കൃഷിഭവന്റെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കുന്നു. കാലാകാലങ്ങളിൽ സർക്കാറിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെ പറ്റിയുള്ള അജ്ഞത, ശരിയായ ബോധവൽക്കര കുറവ്, സേവന സന്നദ്ധതയും ശുഷ്കാന്തിയും കുറയുന്ന ഉദ്യോഗസ്ഥർ എന്നിവയും കാർഷിക പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു.

## പരിഹാരവും പുതിയ നിർദ്ദേശങ്ങളും

☞ നെല്ലായ ചിറ, നെടുങ്കയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ പണിപൂർത്തിയാക്കുക. പൊമ്പിലായ-മാവുണ്ടിരി തോടിന്റെ സൈഡ് കെട്ടി മണ്ണൊലിപ്പും വിളനാശവും തടയുക. നിലവിലുള്ള ചെക്ക് ഡാമുകൾ, ചോലകൾ കുളങ്ങൾ എന്നിവയും അറ്റകുറ്റപണികൾ നടത്തി പ്രവർത്തക്ഷമമാക്കുക, ജലസേചന സൗകര്യം ഉറപ്പു വരുത്തുക.

☞ ഉൽപ്പാദന ചിലവ് കുറക്കുന്നതിന് ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം കാര്യക്ഷമമാക്കുകയും, കാർഷിക മേഖല ആകർഷകമാക്കുന്ന രീതിയിൽ നവീനമാക്കുകയും ചെയ്യുക. പരിശോധന നടത്തുകയും ശാസ്ത്രീയ കൃഷിരീതി ബോധവൽക്കരണം നടത്തുകയും യഥാസമയങ്ങളിൽ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുകയും, ട്രാക്ടർ, ട്രില്ലർ, പമ്പ്സെറ്റുകൾ, കീടനാശിനികൾ, രാസവളങ്ങൾ എന്നിവ യഥാവസരം ലഭ്യമാക്കുകയും ചെയ്താൽ ഒരു പരിധി വരെ തൊഴിലിൽ ഉറപ്പിച്ചു നിർത്തുവാനും കൃഷി ആദായകരമാക്കുവാനും കഴിയും.

☞ പാടശേഖര സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കാനുള്ള നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യുക. തോടുകളും നീർച്ചാലുകളും സംരക്ഷിക്കുക, സഹകരണാടിസ്ഥാനത്തിലുള്ള കൃഷിപ്പണികളും നടപ്പിലാക്കുക.

☞ വേനൽകാല പച്ചകറി കൃഷി കൃഷിഭവന്റെ ആഭിമുഖ്യത്തിൽ വിത്തും വളവും സാങ്കേതിക നിർദ്ദേശത്തോടുകൂടി നടപ്പിൽ വരുത്തുക, സഹകരണ-വിപണന കേന്ദ്രം സ്ഥാപിക്കുക. അടുക്കള തോട്ടങ്ങൾ, മാതൃകാ കൃഷിതോട്ടങ്ങൾക്കുള്ള പ്രോൽസാഹനം, വിദ്യാലയ പച്ചക്കറി എന്നിവ മാതൃകാപരമായി നടപ്പിലാക്കുകയും പ്രോൽസാഹന സമ്മാനങ്ങൾ നൽകി മൽസരബുദ്ധിയോടെ കൃഷി ചെയ്യുവാൻ സൗകര്യം ഉണ്ടാക്കുകയും ചെയ്യുക.

☞ കീടനാശിനികൾ, രാസവളങ്ങൾ എന്നിവ യഥാവസരങ്ങളിൽ ലഭിക്കുന്നു എന്നുറപ്പു വരുത്തുക. ശാസ്ത്രീയ കൃഷി, വളം ചേർക്കൽ, സസ്യപരിപാലനം പുതിയ സാങ്കേതിക വിദ്യ എന്നിവയിൽ ബോധവൽക്കരണ ക്ലാസ്സുകൾ വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും നടത്തുക, ജൈവവളപ്രയോഗംന പച്ചിലവളത്തിന്റെ കുറവ് നികത്തുന്നതിനുള്ള ശീമകൊന്ന, ഡൈഞ്ച, കൊഴിഞ്ഞിൽ, ഗ്ലൈറീസീഡിയ, സസ്പാനിയ എന്നിവ വളർത്താൻ സഹായങ്ങൾ നൽകുക. മണ്ണിര കമ്പോസ്റ്റ് പരിചയപ്പെടുത്തുക.

☞ തെങ്ങു കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് നല്ലയിനം തൈകൾ ലഭ്യമാക്കുക, കേരവികസന സമിതിയുടെ പ്രവർത്തനം ഊർജ്ജിതമാക്കുക,

വിത്തും വളവും സൗജന്യമായി നൽകുക, ജലസേചന സൗകര്യം വിപുലീകരിക്കാൻ കിണർ, മോട്ടോർ ഡ്രിപ്പ് ഇറിഗേഷൻ പരിപാടി എന്നിവ നടപ്പിലാക്കുക, രോഗം വന്ന തെങ്ങുകൾ വെട്ടി മാറ്റി പുതിയ തൈകൾ നടുവാൻ സഹായം ഏർപ്പെടുത്തുക. ഇൻഷൂറൻസ് പദ്ധതി ഉദാരമാക്കുക, തട്ടുതിരിക്കൽ, കുഴിയെടുക്കൽ, തൈ വാങ്ങൽ, ജലസേചനം, വളം ചേർക്കൽ, പരിപാലനം എന്നിവക്ക് കേരസമിതി മുഖേന സഹായധന പദ്ധതികൾ ഏർപ്പെടുത്തി കേരകർഷകരെ സഹായിക്കുക, നാളികേര സംസ്ക്കരയൂണിറ്റ്, കൊപ്ര ഉണക്കുന്ന യന്ത്രം, കൊപ്ര സഹകരണസംഘം എന്നിവ സ്ഥാപിച്ച് നാളികേര കർഷകരെ പ്രോൽസാഹിപ്പിക്കുക. പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ഒരു സ്ഥലത്ത് എല്ലാവിധത്തിലുള്ള തൈകളും ലഭ്യമാക്കാനുള്ള നഴ്സറി സ്ഥാപിക്കുക.

- എല്ലാ കൃഷികാർക്കും കൃഷി ആവശ്യത്തിനുള്ള വൈദ്യുതി സൗജന്യമാക്കുക, ധനസഹായത്തിനുള്ള വരുമാനപരിധി കുറക്കുക, ജലസേചനത്തിനുള്ള പെർമിറ്റ്, മണ്ണെണ്ണയുടെ അളവ് വർധിപ്പിക്കുക, വിള ഇൻഷൂറൻസ് പരിപാടി എന്നീ പരിപാടികളിലൂടെ കർഷകരെ സഹായിക്കാവുന്നതാണ്.

- പഞ്ചായത്തിലെ പ്രധാന ഉൽപ്പനങ്ങളായ നെല്ല്, തേങ്ങ, പച്ചക്കറികൾ, ഇഞ്ചി, ചേന, മഞ്ഞൾ, മരച്ചീനി എന്നിവ വിറ്റഴിക്കാൻ പൊതു വിപണി ഏർപ്പെടുത്തുക, സഹകരണ യൂണിറ്റുകൾ ഉൽപ്പന്നങ്ങൾ സംഭരിക്കുകയും, ഇടത്തട്ടുകാരെ ഒഴിവാക്കി യഥാർത്ഥ വിലകൾ കർഷകന് ഉറപ്പു വരുത്താൻ സംഭരണ കേന്ദ്രങ്ങൾ ഉറപ്പു വരുത്തുകയും ചെയ്യുക.

- പൂ കൃഷിക്ക് സാധ്യതയുള്ള ഈ ഭാഗത്ത് കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം, ഫ്ലോറിക്ക് കൾച്ചർ എന്നിവയുടെ കൃഷിക്കും കൂൺ കൃഷിക്കും സൗകര്യം ഉണ്ടാക്കി കൊടുക്കുക, തരിശുഭൂമിയിൽ കശുമാവ്, ഒട്ടുമാവ്, തേക്ക് എന്നിവയുടെ കൃഷിക്കും സൗകര്യം ഉണ്ടാക്കി കൊടുക്കുക. കുരുമുളക് കൃഷിക്ക് നടീൽവസ്തുകൾ നൽകി കുരുമുളക് കൃഷി വിപുലമാക്കുക, ഓരോ വീട്ടിലും ആക്കാവുന്ന കാലുകളിൽ കുരുമുളക് നടുന്നതിന് സാമ്പത്തിക സഹായവും, സാങ്കേതിക പരിശീലനവും നൽകുക. കർഷകരെ ആകർഷിക്കുന്ന രീതിയിൽ എല്ലാതരം കർഷർക്കും തരം തിരിച്ച് അവാർഡ് നൽകുക, കർഷകനെ അംഗീകരിക്കുകയും പ്രോൽസാഹന ജനകമായ സംവാതങ്ങളും, ബോധവൽക്കരണവും കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തുക. കാർഷിക രംഗത്ത് ഒരു സമഗ്ര വികസന സംസ്ക്കാരം രൂപപ്പെടുത്തി ഗാന്ധിജി വിഭാവനം ചെയ്യുക ഗ്രാമസ്വരാജിന്റെ സാക്ഷാൽക്കാരം നടപ്പിലാവുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

- പൊമ്പിലായ-മാവുണ്ടിരി തോടിന് കുണ്ടുള്ളിപ്പടിയിൽ പാലവും ചിറയും നിർമ്മിക്കുക.

- നെല്ലായ ചിറ ഉയർത്തി വെള്ളം കൂടുതൽ സംഭരിക്കാനുള്ള പ്രവർത്തി നടത്തുക.

- ചെർപ്പുളശ്ശേരി-പട്ടാമ്പി റോഡിന് താഴ്ഭാഗം 8,5,4,3 വാർഡുകളിൽ സുമാർ 1 കി.മീ. പൊമ്പിലായ-മാവുണ്ടിരി തോടിന്റെ സൈഡു കെട്ടി വിള നാശം തടയുക.

- കീഴാടചോല മുതൽ തുറക്കൽ വരെയുള്ള തോടിന്റെ സൈഡു കെട്ടി മണ്ണൊലിപ്പും വിളനാശവും തടയുക.

- പൊമ്പിലായ-മാവുണ്ടിരി തോടിന്റെ മാപ്പിളക്കടവ്, കുരുത്തിക്കുഴി കല്ല് പാലം, ചിറക്കുണ്ട് എന്നിവിടങ്ങളിൽ ചിറ നിർമ്മിക്കുകയും 3-ാം വാർഡിലെ കിഴക്കേ ചോല, പടിഞ്ഞാറേ ചോല എന്നിവിടങ്ങിൽ ബണ്ട് നിർമ്മിക്കുകയും ചെയ്യുക. പടിഞ്ഞാറേ ചോല തോടിന് തടയിണ നിർമ്മിക്കുക.

- 5-ാം വാർഡിലെ കരിമ്പനക്കുളം വലിപ്പം കൂട്ടി ജലസംഭരണശേഷി വർധിപ്പിക്കുക. 7-ാം വാർഡിലെ പൈങ്കിളി കുളം സൈഡ് കെട്ടുകയും ആഴം വർധിപ്പിക്കുകയും ചെയ്യുക.

- 11-ാം വാർഡിലെ തോടിന് ഇരുഭാഗവും കെട്ടി സംരക്ഷിക്കുകയും തടയിണ നിർമ്മിക്കുകയും ചെയ്യുക. പയ്യാനക്കുളം, ചാത്തൻകോട് കു[illegible] അയ്യൻകുളം, രാരീഞ്ചീരി കുളം, ചാത്തം[illegible]ം ആഴം കൂട്ടി സൈഡ് കെട്ടുക.

- 6[illegible]ങ്കയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഇരുമ്പാല[illegible]ി പാടത്തേക്ക് വെള്ളം ലഭിക്കാൻ കനാൽ [illegible]ർമ്മിക്കുക.

- ചേ[illegible]ാറ ചോലക്ക് താഴെ ജല സംഭരണി

നിർമ്മിക്കുക.

☞ പേക്കാച്ചി കുളം റിപ്പയർ ചെയ്ത് വെള്ളം സംഭരിച്ച് സമീപ പാടത്തേക്ക് ജലസേചനം നടത്തുക.

☞ കുളങ്കര കുരുത്തി കുഴിയിൽ ചിറ നിർമ്മിക്കുക.

☞ കുരുത്തി കുഴിമുതൽ ചങ്ങരതൊടി വരെ തോടിന്റെ ഇരുഭാഗവും സൈഡ് കെട്ടണം.

☞ ചേരികല്ലിൽ പടിയിൽ ചിറ നിർമ്മിക്കുക.

☞ നെടുങ്കയം ലിഫ്റ്റ് ഇറിഗേഷന്റെ കനാൽ കുണ്ടിയം പള്ളിയാലിൽ എത്തിക്കുക.

കൃഷി, ജലസേചനം എന്നിവയിൽ അടിയന്തിരമായി ഏറ്റെടുത്ത് നടത്തേണ്ട പ്രവർത്തികളുടെ പേരുവിവരങ്ങൾ മുൻഗണനാ ക്രമത്തിൽ താഴെ കൊടുത്തിരിക്കുന്നു.

☞ പൊമ്പിലായ മാവുണ്ടിരിതോടിന്റെ ചെർപ്പുളശ്ശേരി പട്ടാമ്പി റോഡിന്റെ പടിഞ്ഞാറുഭാഗത്ത് (താഴ് ഭാഗത്ത്) ഒന്നര കി.മീറ്റർ നീളം സൈഡ് കരിങ്കല്ല് കൊണ്ട് കെട്ടി മണ്ണൊലിപ്പും വിളനാശവും തടയുക.

☞ കിഴാട ചോല മുതൽ തുറയ്ക്കൽ വരെയുള്ള തോടിന്റെ സൈഡ് കെട്ടുക.

☞ കിഴക്കേചോല, പടിഞ്ഞാറെ ചോല എന്നിവടങ്ങളിൽ തടയണ നിർമ്മിക്കുക.

☞ അരങ്ങത്ത് കുണ്ട് ചോലപാറക്കു താഴെ ജലം സംഭരിക്കുവാൻ ജലസംഭരണി നിർമ്മിക്കുക.

☞ വരിക്കോട്ട് പള്ളിയാൽ - കുളങ്ങര തോടിന്റെ സൈഡ് കെട്ടുക.

☞ നെടുങ്കയം ലിഫ്റ്റ് ഇറിഗേഷന്റെ കനാൽ ഇരുമ്പാലശ്ശേരി പാടം വരെയും കുണ്ടിയം പള്ളിയാലിൽ വരെയും എത്തിക്കുക.

☞ കുണ്ടുള്ളി പടിതോടിന് ചിറയും നടപ്പാലവും നിർമ്മിക്കുക.

☞ നെല്ലായ അണകെട്ടുയർത്തി ജലസംഭരണശേഷി വർദ്ധിപ്പിക്കുക.

☞ എഴുവന്തല തോടിന്റെ ഇരു സൈഡും കെട്ടുക.

☞ കളത്തിൽ പടിയിൽ ചെക്കു് ഡാം നിർമ്മിക്കുക.

☞ മാപ്പിള കടവിൽ ചെക്ക് ഡാം നിർമ്മിക്കുക.

☞ കുരുത്തി കുഴിയിൽ ചെക്ക് ഡാം നിർമ്മിക്കുക.

☞ കല്ല് പാലം ചെക്ക് ഡാം നിർമ്മിക്കുക.

☞ ചേരിക്കല്ല് പടി ചെക്ക് ഡാം നിർമ്മിക്കുക.

☞ പൈങ്കുള്ളി കുളം റിപ്പയർ ചെയ്ത് ജല സംഭരണ ശേഷി വർദ്ധിപ്പിക്കുക.

☞ പുതുമ കുളം റിപ്പയർ ചെയ്ത് ജല സംഭരണശേഷി വർദ്ധിപ്പിക്കുക.

☞ പേക്കാച്ചി കുളം റിപ്പയർ ചെയ്യുക.

☞ പൈയ്യാന കുളം റിപ്പയർ ചെയ്യുക.

☞ കരിമ്പന കുളം റിപ്പയർ ചെയ്യുക.

☞ ചാത്തംകോട് കുളം റിപ്പയർ ചെയ്യുക.

☞ നരികുഴി കുളം റിപ്പയർ ചെയ്യുക.

☞ പണിക്കരു കുളം റിപ്പയർ ചെയ്യുക.

☞ അയ്യരുകുളം റിപ്പയർ ചെയ്യുക.

☞ കണ്ണാർ കുളം റിപ്പയർ ചെയ്യുക.

☞ ചെമ്മാട്ട് കുളം മുണ്ടേടത്ത് കുളം എന്നിവ റിപ്പയർ ചെയ്യുക.



എല്ലാവിധ കല്യാണ വസ്ത്രങ്ങൾക്കും



# ഫാമിലി സെൻറർ

പുത്തനാൽക്കൽ, ചെർപ്പുളശ്ശേരി.

☎: 682314
682358

---

*വസ്ത്രങ്ങൾക്ക്....*

## ചന്ദ്രാ സ്റ്റോർസ്

ചെർപ്പുളശ്ശേരി.

*ഇരുമ്പുസാധനങ്ങൾ, പെയിൻറ്, സാനിറ്ററി എന്നിവക്ക്*

## ചന്ദ്രാ ഹാർഡ്‌വെയേഴ്സ്

ചെർപ്പുളശ്ശേരി.

*പാദരക്ഷകൾക്ക്....*

## ഫാൻസി ഫൂട്ട്‌വെയർ

ചെർപ്പുളശ്ശേരി.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

നെല്ലായ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ പശു, ആട്, പോത്ത്, എരുമ എന്നിവയാണ്. പേരിന് മുയൽ എന്നിവയും വളർത്തുന്നുണ്ട്. വളർത്തു പക്ഷികളിൽ പ്രധാനം കോഴികളാണ്. വളരെ വിരളമായി ടർക്കി കോഴികൾ, കാടകൾ, താറാവുകൾ, ലൗബേഡ്സ് എന്നിവയും വളർത്തുന്നു.

വളർത്തുമൃഗങ്ങളിൽ ഒന്നാംസ്ഥാനം കറവ പശുക്കൾക്കാണ്. 1995 ലെ കന്നുകാലി സെൻസസ്സ് കണക്കനുശരിച്ച് ഈ ഗ്രാമത്തിൽ 2204 പശുക്കളെ വളർത്തുന്നുണ്ട്. ഇതിൽ നാടൻ ഇനങ്ങളും സങ്കര ഇനങ്ങളും കൂടി 1148 എണ്ണം കറവ പശുക്കളാണ്. പൂട്ടുകന്നുകളിൽ കാളകളും പോത്തുകളും ഉൾപ്പെടുന്നു. 476 ഉരുക്കൾ നിലം ഉഴുന്നതിന് ഉപയോഗിക്കുന്നു. ഈ പഞ്ചായത്തിൽ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന കറവ ഇനമാണ് എരുമ. 2059 ആടുകളും രണ്ടു ചെമ്മരിയാടുകളും ഇവിടെ വളർത്തുന്നു. ഇതിനു പുറമെ മുയലുകൾ, കാടകൾ, താറാവുകൾ, ലൗബേഡ്സ് എന്നിവയും ചെറിയ തോതിൽ വളർത്തുന്നുണ്ട്. ആദ്യകാലത്ത് വെറും നാടൻ ഇനങ്ങളിൽപ്പെട്ട പശുക്കളെയാണ് വീടുകളിൽ വളർത്തിയിരുന്നത്. ഇവയ്ക്ക് പാൽ കുറവും, ഉൽപാദന ചിലവ് കൂടുതലുമായിരുന്നു. ക്രമേണ അത്യുത്പാദന ശേഷിയുള്ള ഇനങ്ങളായ ജഴ്സി, സ്വിസ് ബ്രൌൺ എന്നീ സങ്കരവർഗ്ഗത്തിൽപെട്ട പശുക്കളേയും വളർത്തുവാൻ ജനങ്ങൾ താത്പര്യം കാണിച്ചു തുടങ്ങി. കന്നു കാലികൾക്ക് പല തരത്തിലുള്ള രോഗങ്ങളും പിടിപെടാറുണ്ട്. കുളമ്പ് ദീനം, കുരലപ്പേൻ, കാലിവസന്ത, ഉദരരോഗങ്ങൾ, പനി എന്നിവയും കാണപ്പെടുന്നു. പൗരാണിക കാലത്ത് കന്നുകാലികൾക്ക് നാടൻ രീതിയിൽ ചികിത്സിച്ചിരുന്ന വൈദ്യന്മാർ ഈ പ്രദേശത്ത് ഉണ്ടായിരുന്നു. ഗോബർ ഗ്യാസ് ഈ പഞ്ചായത്തിൽ ഏകദേശം 20 ൽ അധികം വീടുകളിലുണ്ട്. നെല്ലായ ഗ്രാമപഞ്ചായത്തിലെ 80% വീടുകളിലും കോഴികളെ വളർത്തുന്നു. മിക്ക വീടുകളിലും നാടൻ ഇനത്തിൽ പെട്ട കോഴികളെ വളർത്തുന്നു. പ്രധാനമായും ഇറച്ചി, മുട്ട എന്നീ അവശ്യങ്ങൾക്കാണിവയെ ഉപയോഗിക്കുന്നത്.

വളർത്തു മൃഗങ്ങളെ കാണിക്കുന്ന ഒരു പട്ടിക ചുവടെ കൊടുക്കുന്നു.

## പട്ടിക 1

വളർത്തു മൃഗങ്ങൾ

| കാളകൾ | പശുക്കൾ | പോത്തുകൾ | എരുമകൾ | ആടുകൾ | മുയലുകൾ | നായ്ക്കൾ |
|---|---|---|---|---|---|---|
| 244 | 2204 | 476 | 02 | 2061 | 30 | 352 458* |

*അലഞ്ഞുതിരിഞ്ഞു നടക്കുന്നവ

നാടൻ കോഴികളെ കൂടാതെ ആസ്ട്രോ വൈറ്റ്, ബ്ലാക്ക് മൈനോർക്ക്, വൈറ്റ് ലെഗോൺ, കലിംഗ ബ്രൗൺ, ഗിരിരാജ എന്നിവയും ചില സങ്കര ജനുസ്സുകളും തമിഴ്നാട്ടിൽ നിന്ന് ലഭിക്കുന്ന ചില കോഴികളും ഈയിടെയായി പല വീടുകളിലും വളർത്തുന്നു. കോഴിയുടെ മുട്ടയും മാംസവും ഇഷ്ടഭക്ഷണമാണ്.

കോഴികളെ സംബന്ധിച്ച് 1985-ലെ കന്നുകാലി സെൻസസ് പ്രകാരം ലഭിച്ച കണക്കിന്റെ ഒരു പട്ടിക താഴെ കൊടുക്കുന്നു.

## പട്ടിക 2

വളർത്തു പക്ഷികൾ

| മുട്ടക്കോഴി | ഇറച്ചിക്കോഴി | നാടൻപൂവൻ | നാടൻ പിട | താറാവ് | ടർക്കി | മറ്റുള്ളവ |
|---|---|---|---|---|---|---|
| 2970 | 2632 | 4760 | 7755 | 38 | 5 | 132 |

കോഴികളെ ശാസ്ത്രീയമായി കൃഷി ചെയ്യാനും സഹകരണാടിസ്ഥാനത്തിൽ വളർത്തി വിപണനം നടത്തുവാനും ഇവിടെ വൻ സാധ്യതകൾ ഉണ്ട്.

1970കളിൽ കൃഷി യന്ത്രവൽക്കരണത്തിലൂടെ കടന്നു പോയപ്പോൾ പൂട്ടുകന്നുകളുടെ ഉപയോഗം കുറഞ്ഞു. കൃഷിപ്പണികൾക്ക് വേഗതയും സാമ്പത്തിക ലാഭവും ഇതുമൂലം ഉണ്ടായി. പാടശേഖര സമിതികൾ സഹകരണാടിസ്ഥാനത്തിൽ ട്രില്ലറുകൾ വാങ്ങി ഉപയോഗിക്കുവാൻ തുടങ്ങി. ഈ പഞ്ചായത്തിലെ സ്വകാര്യ വ്യക്തികളുടെ ട്രാക്ടറുകളും പാടങ്ങളെ ഉഴുതു മറിക്കുവാൻ ഉപയോഗിക്കുന്നു. ഇതുമൂലം ഓരോ കൃഷിക്കാരന്റേയും നിറഞ്ഞു നിന്ന കാലിത്തൊഴുത്തുകൾ ഒഴിഞ്ഞു തുടങ്ങി. പ്രഭാത

[illegible]ത്ത് കാലികളെയും തെളിച്ച് [illegible] കറിനുകയും മുടിയൻകോലുമെടുന്ന് [illegible] നടക്കുന്ന പഴയ കൃഷിക്കാരൻ ഇന്ന് [illegible] മാത്രമായി. പണ്ട് ധാരാളമായി ഉപയോഗിച്ചിരുന്ന കാളവണ്ടികളും പോത്തു വണ്ടികളും ഈ ഗ്രാമത്തിൽ നിന്നും അപ്രത്യക്ഷമായി.

എണ്ണയാട്ടുന്നതിന് [illegible] കാളകളെ ഉപയോഗിക്കുമായിരുന്നു [illegible] നെല്ലുകുത്താൻ കാളയും കുട്ടയും [illegible] ഇവയെല്ലാം ഇന്ന് യന്ത്രങ്ങൾക്ക് [illegible] മോട്ടോറുകൾക്കും വഴിമാറി [illegible] ഇതിന്റെയെല്ലാം ഫലമായി പുരുഷന്മാരും [illegible] കൃഷിക്കാരൻ ഒഴിവാക്കിയിരിക്കുന്നു.

കാലിമാടുകളിൽ [illegible] എരുമകൾക്കാണ് 15 [illegible] ഗ്രാമത്തിൽ 200 [illegible] പാലുത്പ്പാദനത്തിനും [illegible] വളർത്തിയിരുന്നു. ഇന്ന് [illegible] മാത്രമാണ്. ഒരു [illegible] ലിറ്റർ പാല് [illegible] പ്രതിദിനം ഇവിടെ ഉത്പ്പാദിപ്പിക്കുന്നു. [illegible] വിപണന സൗകര്യം ലഭിക്കാത്തതിനാൽ ഉത്പ്പാദന ശേഷി കൂടിയ പശുക്കളെ വളർത്താൻ പലരും താൽപ്പര്യം കാണിക്കുന്നില്ല. [illegible] ജനങ്ങൾ മുറവിളി കൂട്ടിയിരുന്ന [illegible] ഏതാനും മാസങ്ങൾക്കു മുമ്പ് [illegible] ഭാഗത്ത് അനുവദിച്ചു കിട്ടിയിരുന്നെ[illegible] കൈകാര്യ അവയുടെ പ്രവർത്[illegible] ലഭിക്കുമെന്ന് പ്രതീക്ഷിക്കാം [illegible] [illegible] സൗകര്യവും ലഭിക്കണ[illegible] എന്നിവ സുലഭമായി ലഭിക്കുന്നു [illegible] ചികിത്സാ സൗകര്യങ്ങളുടെ [illegible] ഭാഗത്തിലെ കാലി വളർത്[illegible] [illegible]യിരിക്കുന്നു [illegible] [illegible] ഒരു [illegible] ഇവിടെ ലഭിച്ചിട്ടില്ല. മരുന്നുകളും [illegible] ഉപയോഗങ്ങളും ഇല്ല.

## പ്രധാന പ്രശ്നങ്ങൾ

- മൃഗസംരക്ഷണ [illegible] [illegible] രോഗങ്ങൾ [illegible] ഉപകരണങ്ങളും [illegible]

[illegible] കന്നുകാലി ഉടമകൾക്കും [illegible] പ്രതിഷേധ [illegible] ആവശ്യമായ [illegible], മരുന്നുകൾ, കന്നുകാലി [illegible] ഇവ ഡിസ്പെൻസറികളിൽ ഇല്ല.

- കാലി [illegible] എന്നിവ [illegible] ജനങ്ങളെ ബോധവത്ക്കരിക്കുന്നതിൽ [illegible] [illegible] വകുപ്പിന്റെ [illegible] [illegible] എന്നിവ [illegible] ഇനിയും ലഭിക്കുന്നില്ല.

- [illegible] അറിയിച്ചിട്ടില്ല [illegible] വിതരണം എന്നിവ [illegible] രീതിയിൽ [illegible] സാധ്യതകൾ ഏറെയുണ്ട്.

- ഇറച്ചി [illegible] വളർത്തുന്നതും [illegible], സഹകരണ [illegible] ആവശ്യ [illegible] [illegible] ചെയ്താൽ [illegible]

- [illegible] സൗകര്യങ്ങളില്ല [illegible] ഇല്ല [illegible]

- [illegible] ഉൽപ്പാദിപ്പിക്കുന്ന [illegible] കൃഷിക്കാർ [illegible] ദുർബലമാണ്.

- [illegible]

- [illegible] പ്രയാസം

നേരിടുന്നുണ്ട്.

## സാധ്യതകളും പരിഹാരവും

- വെറ്റിനറി ഡിസ്പെൻസറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ, കുന്നുകാലികളെ പരിശോധിക്കാനുള്ള കൂട, ബീജസങ്കലന പ്രക്രിയ എന്നിവ പഞ്ചായത്ത് മുഴുവനും ലഭ്യമാകത്തക്ക വിധം പ്രവർത്തനത്തിന് വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുക.

- നല്ലയിനം സങ്കരയിനം കറവമാടുകളെ ആവശ്യകാർക്ക് ലഭ്യമാക്കുക. കോഴികൾ, മുയലുകൾ, താറാവുകൾ, കാടകൾ എന്നീ വിഭാഗത്തിൽ മേൽത്തരം ഇനങ്ങളെ ലഭ്യമാക്കി വളർത്തുവാൻ ആവശ്യമായ സാമ്പത്തിക സൗകര്യങ്ങൾ ചെയ്തു കൊടുക്കുക. ലൈവ് സ്റ്റോക്ക് ഇംപ്രൂവ്മെൻറ് അസോസിയേഷൻ യൂണിറ്റ് സ്ഥാപിക്കുക. പ്രതിരോധ കുത്തിവെയ്പ്പുകൾ, വന്ധ്യതാ നിവാരണ ക്യാമ്പുകൾ എന്നിവ ഏർപ്പെടുത്തുക. ശാസ്ത്രീയ കന്നുകുട്ടിപരിപാലനത്തിന് കൃഷി വകുപ്പിൻെറ പദ്ധതി നടപ്പിൽ വരുത്തുക.

- ഇറച്ചികോഴി, മുട്ടകോഴി എന്നിവയെ വളർത്താൻ സഹകരണാടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. ശീതീകരണ ബൂത്തുകൾ സ്ഥാപിച്ച് വിതരണ രംഗം ഊർജ്ജിതപ്പെടുത്തി തൊഴിൽ അവസരം സൃഷ്ടിക്കാവുന്നതാണ്.

- പുൽകൃഷിക്ക് പ്രോൽസാഹനം നൽകി തീറ്റപുൽ പദ്ധതി നടപ്പിലാക്കുക. മുന്തിയ വിദേശ ജനുസ്സുകളുടെ ഗാഢശീതികരണ ബീജം ഉപയോഗിച്ച് നാടൻ ഇനങ്ങളെ മാറ്റിയെടുക്കുന്ന കൃതിമ ബീജസങ്കലന സാധ്യ വർധിപ്പിക്കുക.

- പാൽ ഉൽപ്പാദക-വിപണന സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുക. ഡയറി ഡെവലപ്പ്മെൻറ് പ്രോഗ്രാം വഴി ലഭിക്കുന്ന കാലിത്തൊഴുത്തു നിർമ്മാണം, തീറ്റപുൽകൃഷിപദ്ധതി, മേൽത്തരം ഗുണമേന്മയേറിയ കറവമാടുകളെ വളർത്തു വാനുള്ള സഹായ പദ്ധതികൾ നടപ്പിലാക്കുക.

- മാരായമംഗലം ഭാഗത്ത് ലൈവ്സ്റ്റോക്ക ഇൻസ്പെക്ടറെ നിയമിക്കുക. ഉഴവുമാടുകളെ കർഷകർക്ക് സാമ്പത്തിക സഹായത്തോടെ ലഭ്യമാക്കുക. ആടുകളെ സബ്സിഡി നിരക്കിൽ വളർത്തുകയും ഇറച്ചി സംസ്ക്കരണം നടത്തി, ശീതീകരണ ബൂത്തുകൾ വഴി വിൽപ്പന നടത്താൻ സാങ്കേതിക ജ്ഞാനവും സാമ്പത്തിക സഹായവും നൽകുക. മാരായമംഗലം ഭാഗത്ത് പൊതു ബീജസങ്കലന കേന്ദ്രം സ്ഥാപിക്കുക.

- പേവിഷ ബാധ തടയുവാൻ വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുകയും, കുത്തിവെയ്പ്പ് സൗകര്യം ഉണ്ടാക്കുകയും ചെയ്യുക. അലഞ്ഞു തിരിയുന്ന മുഴുവൻ നായ്ക്കളെയും നശിപ്പിക്കുക.

## മൽസ്യബന്ധനം

നെല്ലായ ഗ്രാമപഞ്ചായത്തിൻെറ മൽസ്യ സമ്പത്ത് പരിശോധിച്ചാൽ ശുദ്ധജല മൽസ്യങ്ങളായ കണ്ണൻ, മൊയ്യ്, പരലുകൾ, ആരൽ എന്നിവയും പുഴ മൽസ്യങ്ങളായ വാള, കോലാൻ, പൂഴാൻ എന്നീ മൽസ്യങ്ങളും ഇവിടെ പ്രകൃതിയിൽ തന്നെ ലഭിക്കുന്നു. പണ്ടുകാലത്ത് നെൽവയലുകളിലും കുളങ്ങളിലും തോടുകളിലും യഥേഷ്ടമായി മൽസ്യം ലഭിച്ചിരുന്നു. എന്നാൽ കീടനാശിനികളുടെ ദുരുപയോഗം നിമിത്തം ശുദ്ധജല മൽസ്യങ്ങൾ കൂട്ടമായി ചത്തൊടുങ്ങി. ഇതിനു പുറമേ നാടൻ മൽസ്യങ്ങൾ പലതരത്തിലുള്ള രോഗങ്ങൾ കാരണം കൂട്ടത്തോടെ ചത്തൊടുങ്ങി. നാടൻ മൽസ്യങ്ങളിൽ കണ്ണൻ നവരാൽ എന്ന ഇനം കുലം മുടിഞ്ഞ് പോയിരിക്കുന്നു

വളർത്തു മൽസ്യങ്ങളുടെ കഥ വളരെ ശോചനീയമാണ് ഈ ഗ്രാമത്തിൽ. മലമ്പുഴയിൽ നിന്നും മൽസ്യവിത്തുകൾ ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ ചുരുങ്ങിയ തോതിൽ ലഭിക്കുമെങ്കിലും വിപുലമായ തോതിൽ ആരും തന്നെ കൃഷി ചെയ്യുന്നില്ല. ചില സ്വകാര്യ കുളങ്ങളിൽ നാമമാത്രമായ തോതിൽ ഇവയെ വളർത്തുന്നു. ശാസ്ത്രീയ മൽസ്യ കൃഷിക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുകയും സാമൂഹ്യാടിസ്ഥാനത്തിൽ സംരക്ഷിത രൂപത്തിൽ മൽസ്യകൃഷിക്ക് പ്രോൽസാഹനം കൊടുത്തു കൊണ്ട് കുളങ്ങളിലും മറ്റു ജലാശയങ്ങളിലും ഈ കൃഷി ചെയ്യേണ്ടതായിരിക്കുന്നു. ആവശ്യക്കാർ ധാരാളം ഉണ്ടെങ്കിലും കടലിൽ നിന്ന് വാഹനങ്ങൾ വഴി ദിവസങ്ങൾ പഴക്കമുള്ള അഴുകിയ മൽസ്യം ഇവിടെ വിതരണം നടത്തുന്നു. ഇത് പല രോഗങ്ങൾ പിടിപെടുന്നതിനും പടരുന്നതിനും കാരണമായി

ത്തീരുന്നു.

## പ്രശ്നങ്ങൾ

- മൽസ്യം വളർത്തുന്നതിന് താൽപ്പര്യമുള്ള കർഷകരെ വിളിച്ച് ബോധവൽക്കരണം നടത്താൻ പോലും ഇതുവരെയും കഴിഞ്ഞിട്ടില്ല.
- ധാരാളമായി സ്വകാര്യ കുളങ്ങളും തോടകളും, പൊതുകുളങ്ങളും, ചെക്ക് ഡാമുകളും ഉള്ള ഈ ഗ്രാമത്തിൽ ഇവ സംരക്ഷിക്കപ്പെടുകയോ, സംയോജിത മൽസ്യകൃഷി പ്രചരിപ്പിക്കുകയോ ഉണ്ടായിട്ടില്ല.
- നല്ലയിനം മൽസ്യകുഞ്ഞുകളെ ലഭ്യമാക്കുകയോ, ശാസ്ത്രീയ കൃഷിമുറകൾ പറഞ്ഞുകൊടുക്കുകയോ, ജലാശയങ്ങൾ കണ്ടെത്തി മൽസ്യകൃഷിയുടെ സാധ്യതകൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കലോ, വിപണന സൗകര്യങ്ങൾ, ശീതീകരണ പ്രക്രിയ, സഹകരണാടിസ്ഥാനത്തിൽ ശീതീകരിക്കപെട്ട ബൂത്തുകൾ എന്നിവ സ്ഥാപിക്കാനോ ശ്രമിച്ചിട്ടില്ല.
- പരമ്പരാഗതമായി ചൂണ്ടയിട്ടും, വല കൊണ്ട് മൽസ്യം പിടിക്കുകയും ഉപജീവന മാർഗ്ഗം നടത്തുകയും ചെയ്തു വരുന്നർക്ക് യാതൊരു വിധ സാമ്പത്തിക സഹായമോ ക്ഷേമനിധിയോ മറ്റു മൽസ്യതൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളോ ലഭിക്കാറില്ല.

## നിർദ്ദേശങ്ങൾ

- നല്ലയിനം മൽസ്യകുഞ്ഞുങ്ങളെ ശേഖരിച്ച് വിതരണം ചെയ്യുക.
- ശാസ്ത്രീയ കൃഷി രീതിയിൽ അവബോധം സൃഷ്ടിക്കുക.
- സംസ്ക്കരണം, വിപണനം എന്നിവക്ക് സാമൂഹ്യാടിസ്ഥാനത്തിൽ സൗകര്യങ്ങൾ ചെയ്തു കൊടുക്കുക.
- മൽസ്യവികസന ഏജൻസിയുടെ പ്രവർത്തനം ഈ ഗ്രാമത്തിൽ ലഭ്യമാക്കുക. കോൾഡ് സ്റ്റോറേജ് ഏർപ്പെടുത്തി മൽസ്യം സൂക്ഷിക്കാൻ സംവിധാനം ഉണ്ടാക്കുക.
- ധാരാളം ജലാശയങ്ങളുള്ള നെല്ലായ പഞ്ചായത്തിൽ അവ സംരക്ഷിക്കുകയും ശാസ്ത്രീയ മൽസ്യ കൃഷിയിലും വിപണനത്തിലും സാങ്കേതിക സഹായങ്ങളും സാമ്പത്തിക ആനുകൂല്യങ്ങളും ലഭ്യമാക്കി ഈ മേഖല സാധാരണക്കാരന് തോഴിലവസരം സൃഷ്ടിച്ച് ഉപയോഗപ്രദമാക്കുകയും ചെയ്യുക.

# വ്യവസായം, മാർക്കറ്റ്

നെല്ലായപഞ്ചായത്തിൽ കാര്യമായ വ്യവസായ സംരഭങ്ങളൊന്നും ആരംഭിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അടിസ്ഥാനസൗകര്യങ്ങളുടെ കുറവും വ്യവസായസംരഭകരുടെ അഭാവവും തന്നെയാണ് പ്രധാന കാരണം. ഖാദിമേഖലയിലുള്ള ഒരു നൂൽനൂൽപ്പുകേന്ദ്രവും പട്ടികജാതി വ്യവസായ യൂണിറ്റും ഒഴിച്ചു നിർത്തിയാൽ മൂന്നു മുളപേട്ടയും നെല്ലായയിലെ ഷാർപ്പ് എൻജിനിയറിംഗ് വാർഡും മാത്രമാണ് ഈ രംഗത്ത് നിലവിലുളളത്. മറ്റ് പറയത്തക്ക സ്ഥാപനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. മറ്റുവിവരങ്ങൾ പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

പരമ്പരാഗത വ്യവസായ മേഖലയിൽ സംസ്ഥാനവ്യാപകമായുള്ള കയർ, കശുവണ്ടി, തുടങ്ങിയ മേഖലകളിൽ ഉൾപ്പെടുന്ന വ്യവസായസ്ഥാപനങ്ങൾ ഒന്നും തന്നെ ഇവിടെ പ്രവർത്തിക്കുന്നില്ല. കുടനിർമാണം, പരമ്പ് നിർമാണം, പാത്രനിർമാണം എന്നിവ മുൻകാലങ്ങളിൽ സജീവമായിരുന്നെങ്കിലും ഇപ്പോൾ നാമംമാത്രമാണ്. മാർക്കറ്റിങ്ങ് പ്രശ്നങ്ങളും, അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യവും ഈ പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചക്ക് മുഖ്യ കാരണങ്ങളാണ്. അതോടൊപ്പം പുതിയ തലമുറ ഇത്തരം പരമ്പരാഗതവ്യവസായങ്ങളോട് വിമുഖത ഷിക്കുന്നതും ഈ വ്യവസായങ്ങളുടെ തകർച്ചക്ക് കാരണമാകുന്നുണ്ട്.

ഒരു കാർഷിക ഗ്രാമമായ നെല്ലായപഞ്ചായത്തിൽ ലഭ്യമായ കാർഷികവിഭവങ്ങൾ ഉപയോഗിച്ച് യാതൊരു വ്യവസായവും വളർന്നു വന്നിട്ടില്ല. അതുകൊണ്ടു തന്നെ പലപ്പോഴും കർഷകർക്ക് മതിയായ വില തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ലഭ.മാകാതെ പോകുന്നു. നാളികേരം, അടക്ക, മലഞ്ചരക്കുകൾ, എന്നിവ അടിസ്ഥാനമാക്കി യുള്ള സംഭരണസംസ്കരണ കേന്ദ്രങ്ങൾ ഒന്നും തന്നെ ഇവിടെ പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിലെ പ്രധാന വ്യവസായ യൂണിറ്റു കളുടെ വിശദ വിവരങ്ങൾ പട്ടിക 1- ൽ കൊടു ത്തിരിക്കുന്നു.

## പ്രശ്നങ്ങൾ

- അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും വിപണന സൗകര്യങ്ങളുടെ കുറവും പുതിയ തലമുറയുടെ സന്നദ്ധതക്കുറവും പരമ്പരാഗത വ്യവസായരംഗത്ത് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.
- വൈദ്യുതി ലഭിക്കാനുളള പ്രശ്നങ്ങളും സാങ്കേതിക പരിഞ്ജാനത്തിൻെറ കുറവും പുതിയ വ്യവസായ സംരഭകർക്ക് അസൗകര്യം സൃഷ്ടിക്കുന്നു.
- ധനസഹായം കിട്ടാനുളള സാങ്കേതികബുദ്ധിമുട്ട്.
- വ്യവസായ വികസനവുമായി ബന്ധപ്പെട്ട ബോധനത്തിൻെറ അപര്യാപ്തത.
- വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടിയുളള പ്രയത്നത്തിൻെറ അഭാവം.

## നിർദ്ദേശങ്ങൾ

- വ്യവസായം തുടങ്ങുവാൻ ആഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായസംരംഭങ്ങളെ പറ്റിയുളള ആശങ്കഅകറ്റുന്നതിനും, വിജയകര മായരൂപത്തിൽ വ്യവസായം നടത്തിക്കൊണ്ടു പോകുന്നതിനും ആവശ്യമായ സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കുകയും, വ്യവസായ സ്ഥാപനങ്ങൾ സന്ദർശിച്ച് പ്രവർത്തനം കണ്ടു മനസിലാക്കാനുളള സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
- വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പുവരുത്തുന്നതിന് നിലവിലുളള എല്ലാവൈദ്യുതി ലൈനുകളും 3 ഫേസ് ആക്കി മാറ്റുക.
- ചുരുങ്ങിയത് 2 ഏക്കർ സ്ഥലം എങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത് ഒരു മിനി എസ്റ്റേറ്റാക്കി വ്യവസായ സംരഭകർക്ക് വാടകക്ക് കൊടുക്കാനുളള സംവിധാനം ഉണ്ടാക്കുക.
- പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുക.
- വനിത വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ

സഹായം നൽകുക.

- തുന്നൽ പരിശീലനകേന്ദ്രങ്ങളും,മുളകൊണ്ടുള്ള തടുക്ക്, സ്ക്രീൻ, ചെയർ തുടങ്ങിയവ ഉണ്ടാക്കാനുള്ള സംവിധാനം, നാളികേരം സംഭരിച്ച് എണ്ണ, ചകിരി ഉൽപന്നങ്ങൾ, ചിരട്ടപ്പൊടിനിർമാണം എന്നിവയും, ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ, അവിൽ നിർമാണ യൂണിറ്റ്, റബ്ബർ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ, സോപ്പ് -കരകൗശലം, ചന്ദനത്തിരി, മെഴുകുതിരി, നിർമാണയൂണിറ്റുകൾ തുടങ്ങിയവ നിർമ്മിക്കാനുള്ള സാധ്യത ഈ പഞ്ചായത്തിലുണ്ട്. അവ ഉപയോഗ പ്പെടുത്തണം.
- ഖാദിമേഖലയിൽ പഞ്ചായത്തിൽ ഒരു പവർലൂം സ്ഥാപിക്കുക.
- വെള്ളം, വൈദ്യുതി, ഗതാഗതം എന്നീ അടിസ്ഥാന ഘടകങ്ങൾ ലഭ്യമായ മാരായമംഗലം പ്രദേശത്ത് ഏതെങ്കിലും ഒരു വൻകിട വ്യവസായം ആരംഭിക്കാനുള്ള സാധ്യത ഉപയോഗപ്പെടുത്തണം.
- പഞ്ചായത്തിൽ സുലഭമായ കരിങ്കൽപാറകൾ കെട്ടിടനിർമാണ രംഗത്ത് ഉപയോഗിക്കാനാവശ്യമായ ക്രഷർ യൂണിറ്റുകൾ സാധ്യതയുള്ളടത്തൊക്കെ സ്ഥാപിക്കുന്നത് പഞ്ചായത്തിലെ തൊഴിലില്ലായ്മ പ്രശ്നം കൂടി നല്ലൊരളവിൽ പരിഹരിക്കപ്പെടാൻ സാധ്യതയുള്ളതാണ്.
- നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങളായ തുണിനെയ്ത്ത്, ഓലക്കുട നിർമാണം, മൺപാത്രനിർമാണം, പപ്പടനിർമ്മാണം, ഓട്, പിച്ചളപാത്രനിർമ്മാണം തുടങ്ങിയവക്ക് ആവശ്യമായ നവീകരണം ഉണ്ടാകേണ്ടതാണ്.
- ആയുർവേദൗഷധനിർമ്മാണത്തിന് ഒരു വ്യവസായ യൂണിറ്റ് ഉണ്ടാവുന്നത് അഭികാമ്യമാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ പട്ടിക.

| No | | എണ്ണം |
|---|---|---|
| 1. | എൻജിനിയറിംഗ് വർക്ക് | 3 |
| 2. | മിനി വർക്ഷോപ്പ് | 1 |
| 3. | ടയർ റീട്രെഡിങ്ങ് | 1 |
| 4. | DWCRA യൂണിറ്റ് | 1 |
| 5. | നെല്ലുകുത്ത് മിൽ | 12 |
| 6. | മരമില്ലുകൾ | 4 |
| 7. | മുളം പേട്ടകൾ | 3 |
| 8. | ഇഷ്ടികനിർമ്മാണയൂണിറ്റ് | 2 |
| 9. | കല്ലുവെട്ട് യൂണിറ്റുകൾ | 2 |

## മാർക്കറ്റ്

ഏതാനും വർഷങ്ങൾക്കു മുമ്പ് സമീപ പ്രദേശങ്ങളിലെ വിപണികളിൽ എത്തിയിരുന്ന കാർഷികവിഭവങ്ങളിൽ ഒരു വലിയ പങ്ക് കാർഷിക ഗ്രാമമായ നമ്മുടെ പഞ്ചായത്തിൽ നിന്നും ഉള്ളതായിരുന്നു, നെല്ല്, പച്ചക്കറി, മലഞ്ചരക്ക്, കശുവണ്ടിതുടങ്ങിയ മേഖലകളിൽ ഈനിലയിൽ നമുക്കുണ്ടായിരുന്ന ആധിപത്യം അവസാനിച്ചെങ്കിലും വാഴപ്പഴം,റബ്ബർ തുടങ്ങിയവ ഇന്നും ഈ പഞ്ചായത്തിൽ നിന്നും തൃശ്ശൂർ, പെരിന്തൽമണ്ണ,ചെർപ്പുളശ്ശേരി തുടങ്ങിയ വിപണന കേന്ദ്രങ്ങളിലേക്ക് മാർക്കറ്റ് സംസ്ഥാനങ്ങളിലേക്കും വിൽപ്പനക്കായി കൊണ്ടു പോകുന്നുണ്ട്. ഈ പഞ്ചായത്തിൽ ഒരു വിപണനകേന്ദ്രമോ സംഭരണ സൗകര്യങ്ങളോ ഇല്ല എന്നത് പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾക്കും ഇടയാകുന്നുണ്ട്. കർഷകർക്ക് ന്യായമായവില ലഭ്യമാകുന്നില്ലെന്നതാണ് ഇതു കൊണ്ടുള്ള പ്രധാന ദൂഷ്യം.കർഷകർ അവരുടെ ഉൽപന്നങ്ങൾ ഇടത്തട്ട്ക്കാർക്ക് വില കുറച്ച് വിൽക്കാൻ നിർബന്ധിതരാവുകയും ഇടത്തട്ട്കാരുടെ ചൂഷണത്തിന് വിധേയരാകുകയും ചെയ്യുന്നു. ഇങ്ങനെ ഉണ്ടാകുന്ന വിലകുറവ് വിളവിറക്കുന്നതിനെപ്പോലും പ്രതികൂലമായി ബാധിക്കുന്നുണ്ട്. പഞ്ചായത്തിലെ കാർഷിക മേഖലയിലുള്ള മുഴുവൻ അസംസ്കൃത സാധനങ്ങളും ആപച്ചക്കറി,കശുവണ്ടി,തേങ്ങ, നേന്ത്രപ്പഴം, റബർ,ഇഞ്ചി, തുടങ്ങിയവഇപുറം മാർക്കറ്റിലേക്ക് ഒഴുകുന്നത് ഇവിടെ വ്യവസായങ്ങൾ

ഉണ്ടാകുന്നതിനെപ്പോലും പ്രതികൂലമായി ബാധിക്കുന്നു.

ഇതിനുള്ള പരിഹാരമെന്ന നിലയിൽ പഞ്ചായത്തിൽ ഒരു പൊതുവിതരണ കേന്ദ്രവും അതിനോടനുബന്ധിച്ച് സംഭരണ സംസ്ക്കരണ കേന്ദ്രങ്ങളും ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന പേങ്ങാട്ടിരിയിലെ ആഴ്ചച്ചന്ത പുനരുജ്ജീവിപ്പിക്കുകയും ,പ്രസ്തുത സ്ഥലത്തെ കെട്ടിടങ്ങൾ ആവശ്യമായ രീതിയിൽ പുതുക്കിപണിത് ഈ ആവശ്യത്തിലേക്ക് ഉപയോഗിക്കാ വുന്നതാണ്. പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങളും മറ്റും സംഭരിച്ച് വിൽക്കുന്നതിനുള്ള സ്ഥിരം സ്റ്റാളുകളും ഇതോട നുബന്ധിച്ച് ഏർപ്പെടുത്താവുന്നതാണ്. ഈ മാർക്കറ്റ് സംവിധാനം നിലവിൽ വരുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിന്റെ വികസനപാതയിൽ ഒരു പുതിയ കാൽവെപ്പായിരിക്കും അതെന്നകാര്യത്തിൽ

# ഗതാഗതം

പാലക്കാട് ജില്ലയിലെ താരതമ്യേന വിസ്തൃതമായ പഞ്ചായത്തുകളിൽ ഒന്നായ നെല്ലായ പഞ്ചായത്തിലെ റോഡ് ശൃംഖലയും സാമാന്യം വലുതാണ്. പഞ്ചായത്ത് രേഖകൾപ്രകാരം നെല്ലായയിലെ റോഡുകളുടെ മൊത്തം നീളം 88.562 കി.മീ. ആണെങ്കിലും ഗതാഗത സൗകര്യം എല്ലാ ഗ്രാമങ്ങൾക്കും പ്രാപ്യമാണെന്ന് പറയാൻ കഴിയില്ല. എന്നിരുന്നാലും ഈ പഞ്ചായത്തിൽ ഗതാഗത രംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ നടത്തിയത് 1989-ൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി ടി.കെ.ഹംസ ശിലാസ്ഥാപനം നടത്തുകയും 1996 ജനുവരി 14ന് പൊതുമരാമത്ത് വകുപ്പ് മന്ത്രിയായിരുന്ന സി.ടി.അഹമ്മദലി ഗതാഗതത്തിന് തുറന്നു കൊടുക്കുകയും ചെയ്ത മാവുണ്ടിരിക്കടവ് പാലവും, 1994 ൽ അന്നത്തെ വകുപ്പ് മന്ത്രിയായിരുന്ന പി.കെ.കെ.ബാവ ഉൽഘാടനം ചെയ്ത മാവുണ്ടിരിക്കടവ് റോഡും ഉപമുഖ്യമന്ത്രിയും, വകുപ്പ് മന്ത്രിയുമായിരുന്ന സി.എച്ച്.മുഹമ്മദ്കോയ ശിലാസ്ഥാപനം നടത്തിയ കൊപ്പം-പേങ്ങാട്ടിരി റോഡും ഈ പഞ്ചായത്തിൻെറ മുഖഛായ മാറ്റിയെടുക്കുന്നതിൽ ഒരു മുഖ്യപങ്കു വഹിച്ചിട്ടുണ്ട്. പഞ്ചായത്തിനെ പെരിന്തൽമണ്ണ, ചെർപ്പുളശ്ശേരി, ഷൊർണ്ണൂർ തുടങ്ങിയ പട്ടണങ്ങളുമായി ബന്ധിപ്പിക്കുന്ന പ്രധാന റോഡുകളുടെ അവസ്ഥ പോലും ശോചനീയമാണ്. തൂതപ്പുഴയിൽ മാവുണ്ടിരിക്കടവിൽ പണ്ട് കടത്തുതോണി നിലവിലുണ്ടായിരുന്നു. പഞ്ചായത്തിലെ മാരായമംഗലം നിവാസികളുടെ പെരിന്തൽമണ്ണയിലേക്കുള്ള വഴിയിൽ ഈ കടത്തുതോണി അന്ന് യാത്ര ദുരിതപൂർണ്ണമാക്കിയിരുന്നു. എന്നാൽ അടുത്തകാലത്ത് പണിപൂർത്തീകരിച്ച മാവുണ്ടിരിക്കടവ്പാലം യാത്രാദുരിതത്തിന് കുറവ് വരുത്തിയിട്ടുണ്ട്. പക്ഷേ ഈ പാലത്തിൻെറ സാധ്യതകൾ മുഴുവനും ഉപയോഗപ്പെടുത്തുവാൻ ഇനിയും കഴിഞ്ഞിട്ടില്ല. കഴിഞ്ഞകാലങ്ങളിലെ റോഡ് വികസനപ്രക്രിയക്ക് പഞ്ചായത്തിലെ ഗതാഗത സൗകര്യം വർധിപ്പിക്കുന്ന കാര്യത്തിൽ നാമമാത്രമായ സംഭാവനകൾ ചെയ്യാനേ കഴിഞ്ഞിട്ടുള്ളൂ. പഞ്ചായത്തിനെ മൊത്തത്തിൽ കണ്ടുകൊണ്ടുള്ള ഒരു റോഡു വികസന പദ്ധതിക്ക് രൂപം കൊടുക്കുന്നതിന് കഴിഞ്ഞകാലങ്ങളിൽ കഴിഞ്ഞിട്ടില്ല. പ്രാദേശിക സങ്കുചിതത്വവും അധികാരികളുടെ ഭാവനാശൂന്യതയും എല്ലാം ഒരു പരിധിവരെ ഇതിനു കാരണമായിട്ടുണ്ട്.

## ടാർറോഡുകൾ

പഞ്ചായത്തിലെ പ്രധാനപ്പെട്ട ടാർറോഡുകളും പട്ടാമ്പി-ചെർപ്പുളശ്ശേരി, നെല്ലായ-മാവുണ്ടിരിക്കടവ്, കൊപ്പം-പേങ്ങാട്ടിരി ò Ï ß PWD റോഡുകളാണ്. ഇതിൽ നെല്ലായ-മാവുണ്ടിരിക്കടവ് റോഡിൽ ബസ്സ് ഗതാഗതം കുറവാണ്. അപകടകരമായ വളവുകൾ നിരവധിയുള്ള ഈ റോഡിൽ അനധികൃത കൈയ്യേറ്റം മൂലം റോഡിൻെറ വീതി പലേടത്തും കുറവാണ്. കൃഷ്ണപ്പടി-മുണ്ടക്കോട്ടുകുർശ്ശി, നെല്ലായ-മപ്പാട്ടുകര റോഡിൽ ബസ്സ് ഗതാഗതം തീരെയില്ല. മറ്റു രണ്ടുറോഡുകളിൽ നാമമാത്രമായി ബസ്സുകൾ ഓടുന്നു. ഈ റോഡുകളിലെല്ലാം അപകടകരമായ സമാന്തരജീപ്പു സർവ്വീസുകളാണ് ജനങ്ങളുടെ ഏക ആശ്രയം പഞ്ചായത്തിലെ മറ്റുചില റോഡുകളിലും വളരെ കുറഞ്ഞ അളവിൽ ടാർ ചെയ്തിട്ടുണ്ട്. ടാർറോഡുകളുടെ വിശദവിവരം പട്ടിക-1 ൽ ചേർത്തിരിക്കുന്നു.

പഞ്ചായത്തിൽ നെല്ലായസിറ്റി, പേങ്ങാട്ടിരി എന്നിവടങ്ങളിൽ ഓട്ടോറിക്ഷകൾ പാർക്ക് ചെയ്യുന്നുണ്ട്. ടാർറോഡുകളിൽ മുഴുവനും ടാർ ചെയ്തത്, പകുതി ടാർചെയ്തത്, ചെറിയൊരു ഭാഗം മാത്രം ടാർചെയ്തത് എന്നിങ്ങനെ പലരൂപത്തിലുള്ളവ ഉണ്ട്. യഥാസമയത്ത് അറ്റകുറ്റപ്പണികൾ ചെയ്യാത്തതു കൊണ്ടും ഡ്രൈനേജ് സൗകര്യം വേണ്ടത്ര ഇല്ലാത്തതിനാലും വർഷകാലം കഴിയുന്നതോടെ ഈ റോഡുകളിലെ ഗതാഗതം ദുരിതപൂർണ്ണമാകുന്നു. നെല്ലായ-മപ്പാട്ടുകര റോഡിൽ ഭാരവണ്ടികളുടെ അമിത സഞ്ചാരവും റോഡിൻെറ ശോചനീയാവസ്ഥക്ക് കാരണമാവുന്നുണ്ട്. പഞ്ചായത്തിലെ പ്രധാനപ്പെട്ട ടാർറോഡുകളിലെ അടിയന്തിര പ്രാധാന്യത്തോടെ ഗതാഗത യോഗ്യമാക്കുകയും ആവശ്യത്തിന് ബസ്സ് സർവ്വീസുകൾ തുടങ്ങുകയും ചെയ്യുന്നതോടൊപ്പം അറ്റകുറ്റപ്പണികൾക്കും ഡ്രൈനേജിനും മുൻഗണന

പട്ടിക-1

| നമ്പർ | റോഡിൻെറ പേര് | ടാർ | മെറ്റൽ | മണ്ണ് | വീതി | ഉടമസ്ഥത | യാത്രാസൗകര്യം ബസ് | ജീപ്പ് | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|
| 1 | ചെർപ്പുളശ്ശേരി-പട്ടാമ്പിറോഡ് | 6 km | - | - | 8 മീ. | PWD | ✓ | ✓ | ✓ |
| 2 | നെല്ലായ-മാവുണ്ടിരിക്കടവ് | 6 km | - | - | 8 മീ. | PWD | ✓ | ✓ | ✓ |
| 3 | കൃഷ്ണപ്പടി-മുണ്ടക്കോട്ടുകുർശ്ശി റോഡ് | 3 km | - | - | 8മീ. | പഞ്ചായത്ത് | ✓ | ✓ | ✓ |
| 4 | കൊപ്പം-പേങ്ങാട്ടിരിറോഡ് | 2 km | - | - | 8മീ. | PWD | ✓ | ✓ | ✓ |
| 5 | നെല്ലായ-മപ്പാട്ടുകര റോഡ് | 3.200km | - | - | 8മീ. | DO | - | ✓ | ✓ |
| 6 | ചെന്തൂത്തിൽപ്പടി-മാരായമംഗലംഹൈസ്ക്കൂൾ റോഡ് | 0.600km | 0.400 | 1km | 5മീ. | DO | - | - | ✓ |
| 7 | നെല്ലായ-പൊമ്പിലായറോഡ് | 2.460 | 1.5km | 2km | 8മീ. | DO | - | ✓ | ✓ |
| 8 | ചങ്ങരത്തുപടി-പൊമ്പിലായ റോഡ് | 0.3 km | - | 3 km | 8മീ. | DO | - | - | ✓ |
| 9 | വല്ലപ്പുഴ-ആത്രാശ്ശേരി റോഡ് | 0.600km | 0.600km | 8മീ. | DO | - | - | ✓ | |
| 10 | അംബേദ്കർ കോളനി റോഡ് | 1കി.മീ. | - | - | - | DO | - | - | ✓ |

നൽകുകയും ചെയ്താൽ പഞ്ചായത്തിലെ യാത്രാദുരിതത്തിന് പരിഹാരം കാണാൻ കഴിയും.

## മെറ്റൽ റോഡുകൾ

പഞ്ചായത്തിൽ ഏതാണ്ട് 14 കിലോമീറ്ററോളം മെറ്റൽ ചെയ്ത റോഡുകൾ ഉണ്ട്. എന്നാൽ മണ്ണുറോഡുകളിലേക്കാൾ ശോചനീയമാണ് ഈ റോഡുകളിലെ ഗതാഗതം. വർഷങ്ങൾക്കുമുമ്പ് മെറ്റൽ ചെയ്തറോഡുകൾ മഴമൂലം ഇളകിക്കിടക്കുന്ന മെറ്റൽകൂമ്പാരങ്ങളാണിപ്പോൾ. ചെറിയ തുകകൾ ഉപയോഗിച്ച് ഈ റോഡുകൾ ഗതാഗതയോഗ്യമാക്കുക സാധ്യമല്ല. പൂർണ്ണമായും ടാർ ചെയ്യുകയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും ചെയ്താലല്ലാതെ ഈ റോഡുകളുടെ ഗതാഗതം സുഗമമാവില്ല. മെറ്റൽറോഡുകളെ സംബന്ധിച്ച് വിശദവിവരങ്ങൾ പട്ടിക-2 ൽ കൊടുത്തിരിക്കുന്നു.

## മണ്ണുറോഡുകൾ

പഞ്ചായത്തിലെ റോഡുകളിലെ പ്രധാന മണ്ണുറോഡുകളാണ്. ഇതിൽ ഭൂരിഭാഗവും വേനൽക്കാലത്തുമാത്രം ഗതാഗതയോഗ്യമായതാണ്. റോഡുകളുടെ തുടക്കത്തിൽ സ്ഥലം ലഭിക്കാനുള്ള പ്രയാസം മൂലം പലറോഡുകൾക്കും തുടക്കത്തിൽ വീതി കുറവാണ്. മഴക്കാലത്ത് പൂർണ്ണമായും തകർന്നുപോകുന്ന ഇത്തരം റോഡുകളുടെ സംരക്ഷണം പ്രധാനപ്രശ്നമാണ്. നീരൊഴുക്കു കുറവുള്ള പ്രദേശങ്ങളിൽ റോഡുകളുടെ നിർമ്മാണത്തോളം തന്നെ പ്രാധാന്യം റോഡു സംരക്ഷണത്തിന് നൽകേണ്ടതാണ്. പഞ്ചായത്തിലെ മണ്ണുറോഡുകളുടെ വിശദവിവരങ്ങൾ പട്ടിക 3ൽ കൊടുത്തിരിക്കുന്നു.

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

പഞ്ചായത്തിൽ താരതമ്യേന വലിയൊരു റോഡുശൃംഖല ഉണ്ടെങ്കിലും പുതുതായി നിർമ്മിക്കേണ്ട നിരവധി റോഡുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. ഇതര പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ മുതൽ ചെറിയ കട്ട് റോഡുകൾവരെ നിർദ്ദേശങ്ങ ളിലുണ്ട്. പുതുതായി നിർമ്മിക്കേണ്ട റോഡുകളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 4ൽ കൊടുക്കുന്നു.

## പ്രശ്നങ്ങൾ

☞ പഞ്ചായത്തിനെ മൊത്തത്തിൽ കണ്ടുകൊണ്ട് പ്രധാന റോഡുകൾ അടിയന്തിരമായി ഗതാഗതയോഗ്യമാക്കാനുള്ള ശ്രമങ്ങൾ നടക്കുന്നില്ല.

- കോൺട്രാക്ട് സമ്പ്രദായം മൂലം അനുവദിക്കപ്പെടുന്ന ഫണ്ടിൻെറ വലിയൊരു ഭാഗം ഉദ്ദേശിക്കുന്ന പ്രവർത്തിക്കായി വിനിയോഗിക്കപ്പെടുന്നില്ല.
- റോഡുകളുടെ വീതി ആവശ്യത്തിനനുസരിച്ച് വർദ്ധിപ്പിക്കാൻ കഴിയുന്നില്ല.
- പ്രധാനറോഡുകളിൽ വേണ്ടത്ര ബസ്സ് സൗകര്യം ഇല്ല.
- ഭൂരിഭാഗം വരുന്ന മണ്ണുറോഡുകളും വർഷക്കാലത്ത് ഗതാഗതയോഗ്യമല്ല.
- മെറ്റൽറോഡുകളിലെ ഗതാഗതം എല്ലാക്കാലത്തും ദുരിതപൂർണ്ണമാണ്.
- കൊപ്പം-പേങ്ങാട്ടിരി റോഡിലുള്ള റോയിൽവേഗേറ്റിൻെറ പണി തീർന്നിട്ടില്ല.
- റോഡുകളിലെ അനധികൃത കയ്യേറ്റം ഫലപ്രദമായി തടയാൻ കഴിയുന്നില്ല.
- നിലവിലുള്ള നിയമക്കുരുക്കളൾ അത്യാവശ്യ റോഡുകളുടെ വികസനത്തിന് വിഘാതമാണ്.

## നിർദ്ദേശങ്ങൾ

- നെല്ലായ-മാവുണ്ടിരിക്കടവ്, നെല്ലായ-മപ്പാട്ടുകര, കൃഷ്ണപ്പടി-മുണ്ടക്കോട്ടുകുർശ്ശി റോഡുകൾ അടിയന്തിരമായി റീ-ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.
- ഗതാഗതയോഗ്യമായ റോഡുകളിലെ ബസ് ഗതാഗതം വർദ്ധിപ്പിക്കുകയും സമാന്തര സർവ്വീസുകൾ നിരുത്സാഹപ്പെടുത്തുകയും ചെയ്യുക.
- പഞ്ചായത്തിലെ പ്രധാന മെറ്റൽ, മണ്ണ് റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ ടാർചെയ്ത് ഗതാഗതയോഗ്യമാക്കുക.
- കൊപ്പം-പേങ്ങാട്ടിരി റോഡിലുള്ള റെയിൽവെ ഓവർബ്രിഡ്ജ് പണി പൂർത്തീകരിക്കുക.
- നെല്ലായ-മാവുണ്ടിരക്കടവ് റോഡിൻെറ വീതി വർദ്ധിപ്പിക്കാൻ ശ്രമം നടത്തുക. അനധികൃത കയ്യേറ്റങ്ങൾ തടയുക.
- പട്ടാമ്പി-ചെർപ്പുളശ്ശേരി, നെല്ലായ- മാവുണ്ടിരിക്കടവ് റോഡുകളിൽ KSRTC സർവ്വീസ് ഏർപ്പെടുത്തുക.
- റോഡുകളുടെ അറ്റകുറ്റപ്പണികളിൽ ഡ്രൈനേജിന് പ്രാധാന്യം നൽകുക..
- നെല്ലായ-പേങ്ങാട്ടിരി ഭാഗങ്ങളിൽ ഓട്ടോ-ടാക്സി സ്റ്റാൻഡുകൾ സ്ഥാപിക്കുക.
- പ്രധാന സ്ഥലങ്ങളിൽ ബസ് വെയ്റ്റിങ്ങ്ഷെഡ് നിർമ്മിക്കുക.

## റോഡ് നിർമ്മാണവും പൊതുജന പങ്കാളിത്തവും

പഞ്ചായത്തിൻെറ വിസ്തൃതിയും ജനസാന്ദ്രതയും കണക്കിലെടുക്കുമ്പോൾ ഒന്നിനൊന്ന് പ്രധാനപ്പെട്ട നിരവധി റോഡുകളുടെ പട്ടിക നമുക്ക് കാണുവാൻ കഴിയും. ആവശ്യമായ ഫണ്ടിൻെറ അപര്യാപ്തതയോടൊപ്പം പൊതുജന പങ്കാളിത്തത്തിൻെറ അഭാവവും റോഡുകളുടെ നിർമ്മാണത്തിനും സംരക്ഷണത്തിനും വിഘാതം സൃഷ്ടിക്കുന്നുണ്ട്. ഇതു പരിഹരിക്കുവാൻ വരും കാലങ്ങളിൽ നമുക്ക് കഴിയേണ്ടതുണ്ട്. അനുവദിക്കപ്പെടുന്ന ഫണ്ട് പൂർണ്ണമായും ജനകീയ സമിതികൾ വഴി ചിലവഴിക്കുന്നതോടൊപ്പം മൊത്തം തുകയുടെ ചുരുങ്ങിയത് 10% എങ്കിലും സന്നദ്ധസേവനം ഉറപ്പുവരുത്തണം. സംഘടിത യുവജനപ്രസ്ഥാനങ്ങളുടേയും സന്നദ്ധ സംഘടനകളുടേയും സേവനങ്ങൾ ഉപയോഗപ്പെടുത്തി ഈ ലക്ഷ്യം നേടിയെടുക്കുവാൻ നമുക്ക്

## പട്ടിക.2

| Ward | S.No | റോഡ് | ദൂരം |
|---|---|---|---|
| I | 1 | കുളപ്പിട തച്ചങ്ങാട് | 1.300 K.M |
| II | 2 | മാരായമംഗലം ഹൈസ്ക്കൂൾ - എഴുവന്തലറോഡ് | 0.200 |
| IV | | ചൊന്തത്തിൽപടി-ഹരിജൻകോളനിറോഡ് | 0.250 |
| | | പട്ടിശ്ശേരി-തലപ്പാററോഡ് | |
| V | | വെള്ളോട്ടുകുർശ്ശി-ഇരുമ്പാലശ്ശേരി റോഡ് | 0.700 |
| VI | | മഞ്ചക്കൽ-മഠത്തിൽപടി ഹരിജൻ കോളനി റോഡ് | 0.300 |
| VII | | ചങ്ങരത്തുപടി-പൊമ്പിലായ റോഡ് | 3.500 |
| IX | | പൊട്ടച്ചിറ-ഹരിജൻകോളനി റോഡ് | 1.400 |
| | | പൊട്ടച്ചിറ-മോളൂർറോഡ് | 1.300 |
| X | | എഴുവന്തല മാരായമംഗലം റോഡ് | 2.212 |
| XI | | തെങ്ങുംവളപ്പ്-എഴുവന്തല റോഡ് | 2.000 |
| | | എഴുവന്തല റെയിൽവേസ്റ്റേഷൻ റോഡ് | 1.200 |

## പട്ടിക 3

| Ward | S.No. | | ദൂരം |
|---|---|---|---|
| I | 1 | കുളപ്പട-തച്ചങ്ങാട് റോഡ് | 2.700 |
| | 2 | ചക്കിങ്ങൽപടി-വെളുത്തേടത്ത്പടി റോഡ് | 0.225 |
| | 3 | കുന്നുംപാറക്കടവ് റോഡ് | 0.400 |
| | 4 | നാഷണൽ എൽ.പി.എസ് ലൈൻ | 0.100 |
| | 5 | കുളപ്പിട-കോവിലക്കൽപടി റോഡ് | 0.400 |
| | 6 | മാങ്കുടുക്ക്-ആറ്റുപുറം ചോല റോഡ് | 0.100 |
| | 7 | നാരായക്കട-നെല്ലായ മാവുണ്ടിരി റോഡ് | 0.240 |
| | 8 | കുളപ്പിട-വാലിപ്പറമ്പ് ഹരിജൻകോളനിറോഡ് | 0.275 |
| | 9 | മഠത്തിൽപടി-നാഷണൽ എൽ.പി.എസ് | 0.200 |
| | 10 | ചെട്ടിയാർകുന്ന്-കുന്നുംപാറ റോഡ് | 0.400 |
| | 11 | നാരായക്കട-കയ്യറംകുന്ന് ഹരിജൻകോളനി റോഡ് | 0.300 |
| | 12 | കോവിൽപടി-ആശാരിപ്പടി | 0.450 |
| | 13 | കുളപ്പിട-നെടുങ്കയം റോഡ് | 0.200 |
| | 14 | കോവിൽപടി-കൂട്ടക്കടവ് റോഡ് | 0.290 |
| | 15 | കയ്യറംകുന്ന് ഹരിജൻകോളനി മുണ്ടേക്കോട്ടുപടി റോഡ് | 0.195 |
| II | 16 | പേരാലിൻകൂട്ടം-ഹരിജൻകോളനി റോഡ് | 0.150 |
| | 17 | പേരാലിൻകൂട്ടം-കുന്നിൻപുറത്തുപടി | 0.450 |
| | 18 | കുന്നിൻപുറത്തിൽപടി-മഠത്തിൽപടിചിററോഡ് | 0.160 |
| | 19 | ചരലിൻ കാദർപടി-ചേരിക്കല്ലിൻപ്പടി തോടിന് പാലം നിർമ്മിച്ച് ലക്ഷംവീട്ട്കോളനിയുമായി ബന്ധിപ്പിക്കുക. | 0.480 |
| | 20 | പേരാലിൻപടി-കുറത്തിച്ചോല റോഡ് | 1.000 |
| | 21 | മാങ്കുടുക്ക്-കമ്പംതൊടിപടി റോഡ് | 1.500 |
| | 22 | അവുത്തിക്കാട്-മേലേപുറം | 0.150 |
| | 23 | മണ്ണിശ്ശേരി ഫുട്പാത്ത്ലൈൻ | 0.150 |
| | 24 | ചങ്ങരത്തൊടിപടി റോഡ് | 2.500 |
| III | 25 | പടിയാനാംകുന്ന് റോഡ് | 0.400 |
| | 26 | തലോപ്പാറ-തച്ചങ്ങാട് റോഡ് | 1.200 |
| | 27 | മണ്ണാൻപടി റോഡ് | 0.300 |
| | 28 | അരീക്കൽപടി തട്ടാൻപടി റോഡ് | 0.400 |

| | | | |
|---|---|---|---|
| | 29 | തച്ചങ്ങാട്-എറക്കിങ്ങൽപടി റോഡ് | 0.210 |
| IV | 30 | പട്ടിശ്ശീരി എൽപിസ്ക്കൂൾ-പൊരുതമനറോഡ് | 0.650 |
| | 31 | പേങ്ങാട്ടിരി-പട്ടിശ്ശീരി റോഡ് | 1.200 |
| | 32 | പട്ടിശ്ശീരിഎൽ.പി.സ്ക്കൂൾ തലോപ്പാററോഡ് | 2.300 |
| | 33 | ചൊന്തത്തിൽപ്പടി-മാരായമംഗലം ഹൈസ്ക്കൂൾ റോഡ് | 1.000 |
| | 34 | മഞ്ഞപ്പറ്റ ഹരിജൻ കോളനി റോഡ് | 0.600 |
| | 35 | കൊണ്ടപുരത്ത് കച്ചാ റോഡ് | 0.120 |
| | 36 | ചോലപള്ളിയാലിൽ കച്ചാ റോഡ് | 0.165 |
| | 37 | ചീരക്കുഴി-മഞ്ഞപ്പറ്റപടി റോഡ് | 0.350 |
| | 38 | വാഴക്കാട് ചങ്ങരത്തൊടി റോഡ് | 0.220 |
| | 39 | ചാന്തത്തിൽ-പട്ടിശ്ശീരി | 0.215 |
| | 40 | പാപ്പിനത്തൊടി-ചീരക്കുഴി പള്ളിയാലിൽറോഡ് | 1.250 |
| | 41 | പൊരുതമന-പട്ടിശ്ശീരിപാടം റോഡ് | 0.230 |
| | 42 | C ÀÕ ØÚ hÿUÞÅ ßw hYinVeF v | 0.890 |
| | 43 | M i_eM ff fq O Df nVeF v | 1.216 |
| V | 44 | ഇരുമ്പാലശ്ശേരി-വെള്ളോട്ടുര്കുർശ്ശി റോഡ് | 0.600 |
| | 45 | ഇരുമ്പാലശ്ശേരി-പട്ടിശ്ശിരി റോഡ് | 0.600 |
| | 46 | നെല്ലായ-ഇരുമ്പാലശ്ശേരി റോഡ് | 0.713 |
| | 47 | പോത്തേങ്ങൽപടി റോഡ് | 1.010 |
| | 48 | കരുവാൻപടി റോഡ് | 0.400 |
| | 49 | പന്താരിയിൽപടി റോഡ് | 0.500 |
| | 50 | കരിങ്ങാംതൊടിപടി റോഡ് | 0.550 |
| | 51 | നായാട്ട്പറമ്പ് റോഡ് | 0.600 |
| | 52 | നായടി കോ?ളനി ഹരിജൻ റോഡ് | 1.000 |
| | 53 | ഇരുമ്പാലശ്ശേരി-പള്ളിപ്പടി കക്കാലിപ്പറമ്പ്റോഡ് | 0.200 |
| | 54 | പേരളിൻപടി-മദ്രസ്സപ്പടി പൊയ്ത്തമ്മൽറോഡ് | 0.850 |
| | 55 | ചെറിയേടത്ത്പടി-വെരിക്കോട്ടുപള്ളിയാലിൽ റോഡ് | 0.650 |
| | 56 | പേരലിൻപടി-മമ്മിഹാജി പടി റോഡ് | 0.250 |
| | 57 | തായാട്ട്പറമ്പ്-പട്ടിശ്ശീരിപാടം റോഡ് | 0.500 |
| | 58 | നെല്ലായ്-നന്നാരി റോഡ് | 0.760 |
| | 59 | പേരലിൻപടി-മദ്രസ്സറോഡ് | 0.438 |
| VI | 60 | മഠത്തിൽപടി-പൂലക്കാട് റോഡ് | 0.525 |
| | 61 | തട്ടാൻകോവിലകംപടി റോഡ് | 0.400 |
| | 62 | വട്ടംകണ്ടംറോഡ് | 0.600 |
| | 63 | മഞ്ചക്കൽ തിരിഞ്ഞികോട്ടിൽ റോഡ് | 1.225 |
| | 64 | പൂവക്കോട്ടുപടി റോഡ് | 0.525 |
| | 65 | ഗുരുവായൂരപ്പൻ റോഡ് | 0.480 |
| | 66 | നെല്ലായ-പൊമ്പിലായ റോഡ് | |
| | 67 | മഞ്ചക്കൽ-ലക്ഷംവീട് റോഡ് | 0.120 |
| | 68 | മഠത്തിൽപടി ഹരിജൻകോളനി റോഡ് | 0.450 |
| | 69 | പൂലക്കാടണ വടക്കുംപാടം ലൈൻ റോഡ് | 0.150 |
| | 70 | നെല്ലായ മുക്കോണത്തിൽപടി-ചീലപ്പുഴ മൊയ്തീൻപടി വരെ | 0.540 |
| | 71 | പൂലക്കാട്-കണ്ടിൽ റോഡ് | 1.886 |
| | 72 | നെല്ലായ പൊമ്പിലായ മുതൽ വട്ടംകണ്ടംപടി വരെ | 0.650 |
| VII | 73 | ചങ്ങരത്തുപടി-പൊമ്പിലായ റോഡ് | 4.000 |
| | 74 | തവളപ്പടി-അരങ്ങത്ത്കുണ്ട്റോഡ് | 1.500 |
| | 75 | കൊറ്റുകുളം-തട്ടാൻപടി റോഡ് | 1.160 |
| | 76 | മോളൂർ-കാളക്കൽ അത്താണി റോഡ് | 0.500 |
| | 77 | കിഴക്കേക്കര-ഹരിജൻകോളനി റോഡ് | 0.250 |
| | 78 | എഴുവന്തല ഈസ്റ്റ് എൽ.പി.സ്ക്കൂൾ പോസ്റ്റോഫീസ് റോഡ് | 0.300 |
| | 79 | കൃഷ്ണൻപടി-കോവിലങ്ങൽപടി റോഡ് | 0.125 |
| | 80 | പള്ളത്ത് ഇടവഴി കച്ച റോഡ് | 0.200 |
| | 81 | ചോലക്കുളം-കച്ചാറോഡ് | 0.200 |

| | | | |
|---|---|---|---|
| | 82 | പൊമ്പിലായസിറ്റി കളത്തിൽപടി റോഡ് | 0.270 |
| | 83 | പുഴക്കൽപടി-കിഴക്കേക്കര ഹരിജൻകോളനി റോഡ് | 0.570 |
| | 84 | മഞ്ഞളിക്കുൽപടി-ചെട്ടികണ്ടം റോഡ് | 0.080 |
| VII | 85 | കൊറ്റുകുളം റോഡ് | 0.234 |
| | 86 | ബീവിപ്പടി-മോളൂർ റോഡ് | 0.475 |
| | 87 | കരിമ്പനകുണ്ട് റോഡ് | 0.250 |
| | 88 | പേങ്ങാട്ടിരി-മുളപ്പേട്ട ഇ.എൻ.യൂ.പി.സ്ക്കൂൾറോഡ് | 0.500 |
| | 89 | ചാത്തൻകുന്നത്ത്പടി റോഡ് | 1.500 |
| IX | 90 | മോളൂർ-പറയകോളനി റോഡ് | 0.300 |
| | 91 | കണ്ടംചിറ-മലറോഡ് | 0.700 |
| | 92 | പൊട്ടച്ചിറ-മലറോഡ് | 1.500 |
| | 93 | പൊട്ടച്ചിറ-മോളൂർ റോഡ് | |
| X | 94 | ഒരപ്പനക്കാട്ട്-ഹരിജൻകോളനി റോഡ് | 0.450 |
| | 95 | എഴുവന്തല-ഒരപ്പനക്കാട്ട് റോഡ് | 1.500 |
| | 96 | രാരഞ്ചീരികുളം റോഡ് | 0.260 |
| | 97 | കയ്പഞ്ചീരിപടി-വടക്കേപാടം റോഡ് | 3.300 |
| | 98 | എഴുവന്തല-കാളക്കുന്ന്-പാറക്കണ്ണിപടി റോഡ് | 0.300 |
| XI | 99 | ചാത്തംകുന്ന്-ചെട്ടിത്തൊടി റോഡ് | 0.200 |
| | 100 | തട്ടാൻപടി-ചെട്ടിത്തൊടിപടി | 1.500 |
| | 101 | മേലേതിൽപടി പാടം ഫൂട്പാത്ത് | 0.120 |
| | 102 | ചെമ്മംകുഴി പള്ളി-അങ്ങാടി കോളനി റോഡ് | 0.400 |
| | 103 | പുത്തൻപീടിക മൊയ്തീൻപടി-കുലുക്കല്ലൂർ പഞ്ചായത്ത്റോഡ് | 0.350 |
| | 104 | പൊട്ടച്ചിറ ട്രാൻസ്ഫോർമർ-എഴുവന്തല ആനിക്കുളം റോഡ് | 0.500 |

## പട്ടിക - 4

| വാർഡ് | No | റോഡിൻെറ പേര്. | ദൂരം. |
|---|---|---|---|
| I | 1. | തച്ചങ്ങാട് തൂത റോഡ് - ചെർപ്പുളശ്ശേരി റോഡുമായി ബന്ധിപ്പിക്കുക. | |
| | 2. | കോവിൽപടി - കുട്ടംപിടാവ് റോഡ് വാലിപ്പറമ്പ് ഹരിജൻ കോളനിയുമായി ബന്ധിപ്പിക്കുക. | |
| | 3. | മഠത്തിൽ പടി മുതൽ കൈതത്തോട് വരെ റോഡ് നിർമ്മിക്കുക | |
| | 4. | ഒറോക്കഴായി നിസ്ക്കാര പള്ളി മുതൽ വട്ടപ്പാറ വരെ | |
| | 5. | വെട്ടുക്കാടു കുന്നു മുതൽ മുതിക്കൽ വരെ | |
| II | 6. | പട്ടികശ്ശരി സ്ക്കൂൾ മുതൽ തച്ചങ്ങാടു റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്. പാലം നിർമ്മിക്കണം. | |
| | 7. | തച്ചങ്ങാട് ചങ്ങരത്തൊടി പടിറോഡ്, കുറത്തിപ്പാറ - ചങ്ങരത്തൊടിപടി റോഡുമായി ബന്ധിപ്പിക്കണം പാലം നിർമ്മിക്കണം. | |
| | 8. | പിലാക്കുടം പറമ്പുമുതൽ കമ്പം തൊടി റോഡിലേക്ക് റോഡു നിർമ്മിക്കുക. | |
| | 9. | ചങ്ങരത്തൊടി മുതൽ ചരരിലേക്ക് റോഡ് നിർമ്മിക്കുക. | |
| III | 10. | പേരാലിൻ പടി വിലങ്ങൻ പാറ റോഡ് ചെമ്മാട് ഹരിജൻ കോളനി റോഡുമായി ബന്ധിപ്പിക്കുക. | |
| | 11. | പാലക്കുഴി- ചെമ്മാട് ഹരിജൻ കോളനി റോഡ് തച്ചങ്ങാട് വാരിയത്തൊടി റോഡുമായി ബന്ധിപ്പിക്കുക. | |
| | 12. | പാലക്കുഴി പറമ്പ് റോഡ് മുതൽ മേലാട പറമ്പ് വരെ റോഡു നിർമ്മിക്കുക | |
| IV | 13. | പേങ്ങാട്ടിരിയിൽ നിന്ന് പട്ടിശ്ശേരി വഴി പോകുന്ന റോഡ് ചരലിൽ പ്രദേശവുമായി ബന്ധിപ്പിക്കുക. | |
| | 14. | ചെറുകുന്ന് പ്രദേശത്തുനിന്ന് പട്ടിശ്ശേരി ആർട്സ് സ്പോർട്സ് ക്ലബ് ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക. | |
| | 15. | പട്ടിശ്ശേരി തലോപ്പാറ റോഡ് മാപ്പിളക്കടവുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക. | |

| | | |
|---|---|---|
| | 16. | പട്ടിശ്ശേരി തെങ്ങും വളപ്പ് ഹരിജൻ കോളനിയിലേക്ക് നെല്ലായ മാപ്പാട്ടുകര റോഡിൽ നിന്ന് റോഡ് നിർമ്മിക്കുക. |
| | 17. | ചരലിൽ മദ്രസ്സ ഭാഗത്തു നിന്നും നൂറ്റാനിപടിയിലേക്ക് റോഡ് നിർമ്മിക്കുക. |
| | 18. | പാപ്പിനത്തൊടി- ചീരക്കുഴി പടി റോഡിൽ നിന്ന് പാറക്കൽ പ്രദേശത്തേക്ക് റോഡ് നിർമ്മിക്കുക. |
| | 19. | നെല്ലായ മാപ്പാട്ടുകര റോഡിൽ നിന്ന് ചെറുവശ്ശേരി അമ്പലം ഭാഗത്തേക്ക് റോഡു നിർമ്മിക്കുക. |
| V | 20. | നായടി കോളനി റോഡ് പന്നിയംകുർശ്ശിറോഡു വരെ ദീർഘിപ്പിക്കുക. |
| | 21. | മമ്മിപ്പടി റോഡും - നായടി കോളനി റോഡും ബന്ധിപ്പിക്കുക. |
| | 22. | നായാടി കോളനി റോഡ് വീട്ടിക്കാട് റോഡുമായി ബന്ധിപ്പിക്കുക. |
| | 23. | ചെറിയാടത്ത് പടി അത്താണി റോഡും പൊയ്ത്തമ്മൽ റോഡും ബന്ധിപ്പിക്കുക. |
| | 24. | പാണം പടി മുതൽ ശിവന്റെ അമ്പലം വരെ റോഡു നിർമ്മിക്കുക. |
| | 25. | കരുവാൻ പടി റോഡ് വരിക്കോട്ടിപള്ളിയാലിൽ റോഡുമായി ബന്ധിപ്പിക്കുക. |
| | 26. | നെല്ലായ വായനശാല ഭാഗത്തുനിന്നും മഞ്ചക്കല്ലിലേക്ക് റോഡു നിർമ്മിക്കുക. |
| | 27. | നെല്ലായ പള്ളി പടിയിൽ നിന്ന് മൂർഖൻ കുളം ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക. |
| | 28. | പുതുശ്ശേരി ഇടവഴി വീതി കൂട്ടി ഇരുമ്പാലിശ്ശേരി പള്ളി പടി വരിക്കോട്ടിൽ പലളിയാലിൽ റോഡുമായി ബന്ധിപ്പിക്കുക |
| VI | 29. | പന്താരി പടി ഇടവഴി വീതി കൂട്ടി റോഡ് നിർമ്മിക്കുക. |
| | 30. | ചെറങ്കര ഇടവഴി വീതി കൂട്ടി റോഡ് നിർമ്മിക്കുക. |
| | 31. | മാടായി ഇടവഴി വീതി കൂട്ടി റോഡ് നിർമ്മിക്കുക. |
| VIII | 32. | തവളപ്പടി - അരങ്ങത്തുകുണ്ട് റോഡ്, ചങ്ങരത്തു പടി പൊമ്പിലാത്തു റോഡുമായി ബന്ധിപ്പിക്കുക. |
| | 33. | പൊമ്പിലായ അത്തിക്കോട്ടിൽ പടി മുതൽ കുഞ്ഞുപടി വഴി വരെ കൊറ്റുകുളം റോഡുമായി ബന്ധിപ്പിക്കുക. തോടിന് പാലം നിർമ്മിക്കുകയും ചെയ്യുക. |
| | 34. | മാമ്പറ്റ പടി ചാത്തൻ കുന്നത്ത് പടി റോഡ് നിർമ്മിക്കുക. |
| | 34. | നെല്ലായ പൊമ്പിലായ റോഡ് ചങ്ങരത്ത്പടി റോഡുമായി ബന്ധിപ്പിക്കുക. |
| | 35. | പേങ്ങാട്ടിരി മുളപ്പോട്ട മുതൽ E.N.U.P.സ്ക്കൂൾ വരെ റോഡു നിർമ്മിക്കുക. |
| | 36. | അംബേദ്ക്കർ കോളനി റോഡ് - മാരായമംഗലം ഹൈസ്ക്കൂൾ റോഡുമായി ബന്ധപ്പിക്കുക. |
| | 37 | കുളം ബസ് സ്റ്റോപ്പിൽ നിന്ന് മുണ്ടനാംകുർശ്ശി പാടശേഖരത്തിലേക്ക് റോഡ് നിർമ്മിക്കുക. |
| | 38. | അംബേദ്ക്കർ കോളനി റോഡിൽ നിന്ന് പള്ളിപറമ്പിന്റെ തെക്കു ഭാഗത്തുകൂടി പോകുന്ന റോഡ് ഇടവഴി വീതി കൂട്ടി റോഡു നിർമ്മിക്കുക. |
| | 39. | പട്ടിണിപ്പാറ ഇടവഴി വീതികൂട്ടി അംബേദ്ക്കർ കോളനി റോഡിനോട് ബന്ധിപ്പിക്കുക. |
| IX | 40. | മോളൂർ പള്ളി പടി മുതൽ ഹരിജൻ കോളനി വരെ റോഡു നിർമ്മിക്കുക. |
| | 41. | പൊൻമുഖം ഹരിജൻ കോളനി കണ്ടൻ ചിറ റോഡ് നിർമ്മിക്കുക. |
| | 42. | മല റോഡിൽനിന്ന് മെയിൻ റോഡിലേക്ക് ഒരു റോഡ് നിർമ്മിക്കുക. |
| | 43. | കണ്ടൻ ചിറയിൽ നിന്ന് കൃഷ്ണ പടിയിലേക്ക് കയിലിയാട റോഡുമായി ബന്ധപ്പിക്കുന്ന ഒരു റോഡു നിർമ്മിക്കുക. |
| X | 44. | താഴെപ്പൊട്ടച്ചിറ ട്രാൻസ്ഫോർമർ മുതൽ കൊപ്പം പേങ്ങാട്ടിരി റോഡു വരെ ഒരു ലിങ്ക് റോഡ് നിർമ്മിക്കുക. |
| | 45. | പൊട്ടച്ചിറ മാമ്പറ്റ പറമ്പ് റോഡ് കളത്തിൽപ്പടി വഴി തെങ്ങും വളപ്പ്രു റോഡുമായി ബന്ധിപ്പിക്കുക. |
| | 46. | മാമ്പറ്റ പറമ്പ് റോഡിൽ നിന്ന് എഴുവന്തല വായനശാല വഴി മാരായമംഗലം ഹൈസ്ക്കൂളിലേക്ക് റോഡ് നിർമ്മിക്കുക. |
| | 47. | മേലേ പൊട്ടച്ചിറ നിന്ന് മൂപ്പത്ത് പാറ വഴി കൊപ്പം - പേങ്ങാട്ടിരി റോഡുമായി ലിങ്ക് റോഡ് നിർമ്മിക്കുക. |

| | | | |
|---|---|---|---|
| | 48. | മോസ്ക്കോ പൊട്ടച്ചിറ മുതൽ എഴുവന്തല റേഷൻകട വരെ റോഡു നിർമ്മിക്കുക. | |
| | 49. | റെയിൽവേസ്റ്റേഷൻ ലിങ്ക് റോഡ് ഹൈസ്ക്കൂൾ റോഡുമായി ബന്ധിപ്പിക്കുക. | |
| XI | 50. | അങ്ങാടി കോളനി കരുവനൂർ പടി റോഡു നിർമ്മിക്കുക. | 1 കി.മീ. |
| | 51. | ചെമ്മംകുഴി മദ്രസ്സ മുതൽ മേലേതിൽ പടി വരെ റോഡു നിർമ്മിക്കുക. | 1കി.മീ. |
| | 52. | മേലേതിൽ പടി കിഴക്കേപാടം റോഡ് നിർമ്മിക്കുക. | 300 മീ |
| | 53. | കൊപ്പം പേങ്ങാട്ടിരി റോഡിനേയും വില്ലത്ത് സ്ക്കൂൾ റോഡിനേയും ബന്ധിപ്പിക്കുക. | 1. കി.മീ. |
| | 54. | കിഴക്കും പറമ്പ് പള്ളു മുതൽ വില്ലത്ത് സ്ക്കൂൾ വരെ റോഡ് നിർമ്മിക്കുക. | 1 കി. മീ. |
| | 55. | സ്വപ്നാ ബാലവാടി മുതൽ ചിറയിൻ കുന്നു വരെ റോഡു നിർമിക്കുക. | 1 കി.മീ. |
| | 56. | കുറുപ്പം പറമ്പ് മുതൽ കിഴക്കും പറമ്പ് പള്ളി വരെ റോഡ് നിർമ്മിക്കുക. | 1 കി. മീ |
| | 57. | കരുവന്നൂർ ഹരിജൻ കോളനിയിൽ നിന്ന് വല്ലപ്പുഴ റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക. | |
| | 58. | തോട്ടിങ്ങൽപ്പടി - അബ്ദുപടി വരെയുള്ള ഇടവഴി വീതി കൂട്ടി റോഡ് നിർമ്മിക്കുക. | 500 മീ. |
| | 59. | അമ്പലപ്പടി കുറുപ്പം പടി റോഡു നിർമ്മിക്കുക. | 500 മീ. |
| | 60. | അങ്ങാടി കോളനി - തെക്കില്ലത്ത് പടി റോഡ് നിർമ്മിക്കുകയും തെങ്ങും വളപ്പുറോഡുമായി ബന്ധിപ്പിക്കുക. | 500 മീ. |
| | 61. | മേലെപൊട്ടച്ചിറ കരിവാൻ പടി റോഡ് വലിയതൊടിപ്പടി- മേലെതിൽ പടി റോഡുമായി ബന്ധിപ്പിക്കുക. | |
| | 62. | തെങ്ങും വളപ്പ് റോഡിൽ നിന്നും ചെർപ്പുളശ്ശേരി പട്ടാമ്പി റോഡന്നേലേക്ക് തലക്കുളം വഴി ബന്ധിപ്പിക്കുക. ഇതിൽ നിന്നും വലിയതൊടി ഭാഗത്തേക്ക് ലിങ്ക് റോഡ് നിർമ്മിക്കുക. | |
| | 63. | തെങ്ങുംവളപ്പ് എടുവന്തല റോഡിൽ നിന്നും വടിക്കിനിതൊടി ഹരിജൻ കോളനിയിലേക്ക് പുതിയ റോഡ് നിർമ്മിക്കുക. | |
| | 64. | പൊട്ടിയക്കര ഭാഗത്ത് രാരിഞ്ചീരിക്കുളം വഴി ഹെൽത്ത് സെൻറർ റോഡുമായി ബന്ധിപ്പിക്കുക. ഹൈസ്ക്കൂൾ റോഡിൽ നിന്നും ഇരിപുരത്ത് അമ്പലം അബ്ദുപടി വരെ റോഡ് നിർമ്മിക്കുക. | |
| | 65. | 5ാം വാർഡിൽ നമ്പ്ര് കുളത്തിലേക്കുള്ള ഇടവഴി റിപ്പയർ ചെയ്യുക. | |
| | 66. | 2-ാം വാർഡിൽ മാരായമംഗലം ഹൈസ്ക്കൂൾ വേങ്ങനാട്ടു ശിവക്ഷേത്രം വരെ റോഡു വീതി കൂട്ടി മെറ്റലിംഗ്, ടാറിംഗ് എന്നിവ ചെയ്യുക. | |
| | 67. | 7-ാം വാർഡിൽ മാമ്പറ്റ പള്ളിയാലിൽ നിന്ന് പാറക്കാട്ടെ കുളം വരെയുള്ള ഇടവഴി വീതി കൂട്ടി റോഡ് നിർമ്മിക്കുക. | |

മെറ്റൽ ചെയ്യേണ്ട റോഡുകളുടെ പേര് വിവരങ്ങൾ മുൻഗണനാ ക്രമത്തിൽ താഴെ ചേർത്തിരിക്കുന്നു.

1 പേരലിൽ പടി കുറുത്തി ചോല വഴി വിലങ്ങൽ പറമ്പ് റോഡ്.

2 കമ്പംതൊടി റോഡ്.

3 പേരലിൽ പടി പൊയ്ത്തമ്മൻ റോഡ്.

4 തവളപടി അരങ്ങത്തു കുണ്ട് റോഡ്.

5 വല്ലപുഴ മടലം കുന്ന് വഴി എഴുവന്തല റോഡ്.

6 കരുവാൻ പടി റോഡ്

7 കുളപ്പിട വാലിപ്പറമ്പ് ഹരിജൻ കോളനി റോഡ്.

8 നായാട്ടു പറമ്പ് റോഡ്

9 അരീക്കൽ പടി പനം കുറ്റി പടി റോഡ്.

10 ചെറിയേടത്ത് പടി അത്താണി റോഡ്.

11 കുറുത്തിപാറ ചങ്ങരതൊടി പടി റോഡ്.

12 ചെന്ത്രത്തിൽ പടി മാരായമംഗലം ഹൈസ്ക്കൂൾ റോഡ്.

13 മൂളൂർ കാളക്കൽ അത്താണി റോഡ്.

14 പുലാക്കാട് മഠത്തിൽ പടി റോഡ്.

15 പുത്തൻ പീടിക മൊയ്തീൻ പടി പൂവത്തിൻ കുഴി റോഡ്.

പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ പേര് വിവരങ്ങൾ മുൻഗണനാ ക്രമത്തിൽ താഴെ കൊടുത്തിരിക്കുന്നു.

1 തച്ചങ്ങാട് തൂത റോഡ് ചെർപ്പുളശ്ശേരി റോഡുമായി ബന്ധിപ്പിക്കുക.

2 ഒറവക്കാഴായി നിസ്ക്കാര പള്ളി മുതൽ വട്ടപ്പാറ വരെ പുതിയ റോഡ് നിർമ്മിക്കുക.

3 തച്ചങ്ങാട് തലാപാറ റോഡ് പട്ടിശ്ശേരി ചരലിൽ റോഡുമായി ബന്ധിപ്പിക്കുക.

4 പേരലിൽ പടി വിലങ്ങിൽ പാറ റോഡ് നിർമ്മിക്കുക.

5 കമ്പംതൊടി റോഡിൽ നിന്ന് അവിഞ്ഞിക്കാട്ട് പടി വരെ റോഡ് നിർമ്മിക്കുക

6 ലക്ഷം വീട് കോളനി ആമൂന്നാം വാർഡ് ഇ ചിറകുണ്ടിൽ പാലം നിർമ്മിച്ച് ചേരിക്കല്ല് റോഡുമായി ബന്ധിപ്പിക്കുക.

7 നായടി കോളനി റോഡ് നായടി കോളനിയുമായി ബന്ധിപ്പിക്കുക.

8 ചെറിയേടത്തുപടി അത്താണി റോഡും പൊയ്ത്തുമ്മൽ റോഡും ബന്ധിപ്പിക്കുക.

9 നെല്ലായ മപ്പാട്ടു കര റോഡിൽ നിന്ന് വേങ്ങാത്തോട്ടത്തിൽ മൊയ്തീൻെറ വീടിൻെറ പരിസരത്തുനിന്നും ആരംഭിക്കുന്ന ഇടവഴി വീതി കൂട്ടുകയും അവസാന ഭാഗത്ത് റാമ്പ് നിർമ്മിക്കുകയും ചെയ്യുക.

10 അഞ്ചാം വാർഡിൽ പുതുശ്ശീരി ഇരുമ്പാലശ്ശേരി ട്രാൻസ് ഫോർമർ ചെറിയേടത്ത് അത്താണി റോഡ് അവസാനിക്കുന്ന ഭാഗത്ത് പൊയ്ത്തുമ്മൽ, കല്ലിടുമ്പ് എന്നീ ഭാഗങ്ങളിൽ ട്രാക്റ്റർ ഇറക്കുവാൻ റാമ്പ് നിർമ്മിക്കുക.

11 തവള പടി അരങ്ങത്ത് കുണ്ട് റോഡ് ചങ്ങരത്ത് പടി പൊമ്പിലായ റോഡുമായി ബന്ധിപ്പിക്കുക. കാളക്കൽ അത്താണി പാറ റോഡും തവളപ്പടി അരങ്ങത്ത് കുണ്ട് റോഡും ചോലപ്പാറ വഴി ബന്ധിപ്പിക്കുക.

12 അത്തിക്കോട്ടിൽ പടി മുതൽ നെല്ലായ, പൊമ്പിലായ റോഡിലേക്ക് പുതിയ റോഡ് നിർമ്മിക്കുകയും കുണ്ടുള്ളി പടി റോഡിന് പാലം നിർമ്മിക്കുകയും ചെയ്യുക.

13 പൊമ്പിലായ സിറ്റി കളത്തിൽ പടി റോഡ് നെല്ലായ പൊമ്പിലായ റോഡുമായി ബന്ധിപ്പിക്കുക.

14 തവളപടി റോഡിൽ നിന്നും മോളൂർ സൗത്ത് എ.എം.എൽ.പി. സ്ക്കൂളിലേക്ക് പോകുന്ന ഇടവഴി ഗതാഗതയോഗ്യമാക്കുക.

15 കുന്നുപുറത്ത് റോഡിൽ നിന്നും ചങ്ങരതൊടി പടി റോഡിലേക്ക് പുതിയ റോഡ് നിർമ്മിക്കുക.

16 പാലക്കുഴിയിൽ നിന്ന് ഹരിജൻ കോളനിയിലേക്ക് പുതിയ റോഡ് നിർമ്മിക്കുക.

17 സ്വപ്ന ബാലവാടിയിൽ നിന്ന് തച്ചംപറമ്പത്ത് ബാബുവിൻെറ വീടിൻെറ മുൻവശത്തുക്കൂടി പോകുന്ന റോഡ് കുല്ക്കല്ലൂർ പഞ്ചായത്ത് റോഡ് മായി ബന്ധിപ്പിക്കുക.

18 മുളംപേട്ട റോഡ് ഇ.എൽ.പി.സ്ക്കൂൾ പരിസരം വരെ നിർമ്മിക്കുക.

19 പൊമ്പിലായ സിറ്റി കളത്തിൽ പടി റോഡിൻെറ അവസാന ഭാഗം റാമ്പ് നിർമ്മിക്കുക.

20 കൊറ്റുകുളം തട്ടാൻ പടി റോഡിൽ ഇരുവശത്തേക്കും ടാക്റ്റർ ഇറങ്ങുവാൻ റാമ്പ് നിർമ്മിക്കുക.

21 ചങ്ങരത്തു പടി പൊമ്പിലായ റോഡിൽ തോടിനടുത്തായി റാമ്പ് നിർമ്മിക്കുക.

22 എഴുവന്തല റോഡിൽ നിന്ന് താഴത്തെപുര ആശാരി കോളനിയിലേക്ക് പുതിയ റോഡ് നിർമ്മിക്കുക.

23 കിഴക്കേകര ഹരിജൻ കോളനി മുതൽ ചങ്ങരത്തു പടി പൊമ്പിലായ റോഡിൽ അത്തിക്കോട്ടിൽ പരിസരത്ത് എത്തിക്കുന്ന പുതിയ റോഡ് നിർമ്മിക്കുക.

24 പട്ടിശ്ശേരി തലാപാറാ റോഡിൽ നിന്ന് മാപ്പിള കടവുഭാഗത്തേക്ക് റോഡ് നിർമ്മിക്കുക.

25 കള്ളിയത്ത് ഇടവഴി വീതി കൂട്ടുക.

26 പാണം പടി മുതൽ ശിവൻെറ അമ്പലം വരെ റോഡ് നിർമ്മിക്കുക.

27 മമ്മി പടി റോഡും നായടി കോളനി റോഡും ബന്ധിപ്പിക്കുക.

28 മാവുണ്ടിരി റോഡിൽ നിന്ന് ഈച്ചരൻ കണ്ടത്തിലേക്ക് റാമ്പ് നിർമ്മിക്കുക.

29 കൊങ്ങിൻ വളപ്പ് റോഡിൽ നിന്ന് കോടിയിൽ പടി വീടുകളുടെ ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക.

30 കോവിൽ പടി കൂട്ടപിടാവ് റോഡ് വലിയപ്പുറമ്പ് റോഡുമായി ബന്ധിപ്പിക്കുക.

31 പട്ടിശ്ശേരി മുതൽ പടിയത്തുപടി വരെ പുതിയ റോഡ് നിർമ്മിക്കുക.

32 മാരായമംഗലം എ.എം.എൽ.പി. സ്ക്കൂളിലേക്ക് നെല്ലായ മാവുണ്ടിരി റോഡിൽ നിന്നും പുതിയ റോഡ് നിർമ്മിക്കുക.

33 നായാട്ടു പറമ്പു റോഡും ചെറിയടത്തു പടി അത്താണി റോഡും ബന്ധിപ്പിക്കുക.

34 ഈങ്ങചാലിൽ പടി മോളൂർ സിറ്റി ഇടവഴി റോഡാക്കുക.

35 കുണ്ടിൽ റോഡും തിരുത്തികോട് റോഡും ബന്ധിപ്പിക്കുക.

36 തച്ചങ്ങാട് കുളപിട റോഡിൽ നിന്നും കാക്കുളം ഭാഗത്തേക്ക് പുതിയ റോഡ് നിർമ്മിക്കുക.

37 പുതുശ്ശീരി റോഡും നെല്ലായ വരിരക്കോട്ട് പള്ളിയാലിൽ റോഡും ബന്ധിപ്പിക്കുക.

38 കരുവാൻ പടി റോഡ് വരിക്കോട്ട് പള്ളിയാലിൽ റോഡുമായി ബന്ധിപ്പിക്കുക.

39 ചിറങ്കര ഇടവഴി റോഡാകുക.

40 മാരായമംഗലം എഫ്.ഡബ്ല്യൂ.സി യുടെ മുൻവശത്തു നിന്ന് കുളത്തും പാടത്തേക്കതുള്ള ഇടവഴി വീതി കൂട്ടി റോഡ് നിർമ്മിക്കുക.

41 കള്ളിയത്ത് ഇടവഴി വീതി കൂട്ടി റോഡാക്കുക.

42 മാരായമംഗലം പള്ളിപടിയിൽ നിന്ന് തെക്ക് ഭാഗത്ത് കൂടി തച്ചങ്ങാട് ചങ്ങരത്ത് പടി റോഡിലേക്ക് പുതിയ റോഡ് നിർമ്മിക്കുക.

43 മാട്ടുമ്മൽ ഇടവഴി വീതി കൂട്ടി ഈസ പടി വരെ റോഡ് നിർമ്മിക്കുക.

44 ബാങ്കിൻെറ പടിഞ്ഞാറു ഭാഗത്തുള്ള അംഗൻവാടിയിലേക്ക് റോഡും അവസാന ഭാഗം റാമ്പും നിർമ്മിക്കുക.

45 ലക്ഷം വീട് കോളനിയുടെ പടിഞ്ഞാറുഭാഗത്തുകൂടിയുള്ള ഇടവഴി വീതി കൂട്ടി തലാപാറ തച്ചങ്ങടു റോഡുമായി ബന്ധിപ്പിക്കുക.

46 ലക്ഷം വീട് കോളനി പരിസരത്ത് ചിറകുണ്ടിൽ പാലം നിർമ്മിച്ച് ചേരിക്കല്ല് റോഡുമായി ബന്ധിപ്പിക്കുന്ന പുതിയ റോഡ് നിർമ്മക്കുക.

47 നരികുറ്റി കല്ലുപാലം റോഡ് നുറ്റാനിയൽ പടി റോഡുമായി പാലം നിർമ്മിച്ച് ബന്ധിപ്പിക്കുക.

48 നെല്ലായ മാവുണ്ടിരി കടവുറോഡിൽ നിന്നും മാരായമംഗലം എ.എം.എൽപി. സ്ക്കൂളിലേക്ക് പുതിയ റോഡ് നിർമ്മിക്കുക.

49 കാളക്കൽ അത്താണി പാറ റോഡിൽ നിന്നും തവളപടി അരങ്ങത്തുകുണ്ട് പടി റോഡിലേക്ക് പുതിയ റോഡ് നിർമ്മിക്കുക.

50 കൃഷ്ണ പടി ചെട്ടതൊടി വഴി കിഴക്കേകര റോഡ് ചങ്ങരത്തു പടി പൊമ്പിലായ റോഡുമായി ബന്ധിപ്പിക്കുക.

51 പൊമ്പിലായ മാവുണ്ടിരി തോടിന് കളത്തിൽ പടി ഭാഗത്ത് ഒരു പാലം നിർമ്മിക്കുക.

# ഊർജ്ജം

ഇലക്ട്രിസിറ്റി ബോർഡിന്റെ പെർപ്പുളശ്ശേരി സെക്ഷനിൽ നിന്നാണ് നെല്ലായ പഞ്ചായത്തിലെ ഭൂരിഭാഗം ഇലക്ട്രിസിറ്റി കൺനുകളും ഉള്ളത്. എന്നാൽ മലപ്പുറം ജില്ലയിലെ പുലാമന്തോൾ നിന്നും ഉള്ള ഇലക്ട്രിസിറ്റി കണക്ഷനുകളും നിലവിലുണ്ട്. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വൈദ്യുതി ഉപഭോക്താക്കളും ഗാർഹിക ഉപഭോക്താക്കളാണ്. ആവശ്യത്തിന് വോൾട്ടേജ് ലഭിക്കാത്തതും ആവശ്യത്തിനനുസരിച്ച് കണക്ഷൻ നൽകാൻ കഴിയാത്തതുമാണ് വൈദ്യുതി രംഗത്തെ പ്രശ്നങ്ങൾ. പെർപ്പുളശ്ശേരിയിലെ നിർദ്ദിഷ്ട 110 കെ.വി സബ് സ്റ്റേഷൻ പണി പൂർത്തിയായാൽ മാത്രമെ വോൾട്ടേജ് പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയൂ. കെ.എസ്.ഇ.ബി കണക്കനുസരിച്ച് സ്ട്രീറ്റ് ലൈറ്റുകളുടെ ചാർജ് കൃത്യമായി പഞ്ചായത്ത് അടക്കുന്നുണ്ടെങ്കിലും ഭൂരിഭാഗം എണ്ണവും രേഖയിൽ മാത്രമേ ഉള്ളൂ.

വൈദ്യുതി ഉപഭോക്താക്കളിൽ ശതമാനം ഗാർഹിക ഉപഭോക്താക്കളും ശതമാനം കാർഷിക ഉപഭോക്താക്കളും ശതമാനം വ്യാപാര-വ്യവസായ ഉപഭോക്താക്കളുമാണ്. കെ.എസ്.ഇ.ബി. കണക്കുകൾ അനുസരിച്ച് പഞ്ചായത്തിൽ 18 ട്രാൻസ്ഫോർമറുകൾ ഉണ്ട്. പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ വിവരങ്ങൾ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

## പ്രശ്നങ്ങൾ

- പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടില്ല.
- മിക്കവാറും ലൈനുകൾ സിങ്കിൾ ഫേസ് ലൈനുകളായതിനാൽ കാർഷികാവശ്യത്തിനുള്ള മോട്ടോറുകൾ ആവശ്യത്തിന് ഉപയോഗിക്കാൻ കഴിയുന്നില്ല.
- ഹരിജൻ കോളനികൾ വൈദ്യുതീകരിക്കുന്ന കാര്യത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല.
- വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ല.
- പ്രസരണ നഷ്ടവും കണക്കിൽപ്പെടാത്ത ഉപഭോഗവും ഫലപ്രദമായി തടയാനും കഴിയുന്നില്ല.
- സ്ട്രീറ്റ് ലൈനുകൾ മിക്കവാറും ഇല്ലാത്തതിനാൽ തെരുവു വിളക്കുകൾ സ്ഥാപിക്കുവാൻ കഴിയുന്നില്ല.
- തെരുവുവിളക്കുകൾക്ക് പഞ്ചായത്ത് പണമട യ്ക്കുന്നുണ്ടെങ്കിലും മിക്കവാറും ബൾബുകൾ കത്തുന്നില്ല.
- വോൾട്ടേജ് കുറവ് ഈ പഞ്ചായത്തിലെ മിക്കവാറും എല്ലാ പ്രദേശങ്ങളെയും ഒരേ പോലെ ബാധിക്കുന്നുണ്ട്.
- പരമ്പര്യ ഊർജ്ജ മാർഗ്ഗമായ വിറകിന്റെ ലഭ്യത കുറഞ്ഞു വരികയും വിലക്കൂടുതൽ അനുഭവ പ്പെടുകയും ചെയ്യുന്നു.
- പാചകരംഗത്ത് ഇന്ന് ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ള വാതക ഇന്ധനം ഈ പഞ്ചായത്തിൽ ലഭ്യമാക്കുന്നതിനുള്ള സംവി ധാനം നിലവിലില്ല.

## വിറക്, ഗ്യാസ്, മറ്റ് ഊർജ്ജസ്രോതസുകൾ

വൈദ്യുതേതര ഊർജ്ജമാർഗ്ഗങ്ങളായ വിറക്, ഗ്യാസ്, മണ്ണെണ്ണ എന്നിവയും നമ്മൾ ഉപയോഗപ്പെടുത്തുന്നുണ്ട്. 90% വീടുകളിൽ ഭക്ഷണം പാകം ചെയ്യുന്നതിന് പരമ്പര്യ ഊർജ്ജമാർഗ്ഗമായ വിറക് ആണ് ഉപയോഗിച്ചു വരുന്നത്. വിറകിന്റെ ലഭ്യത കുറഞ്ഞു വരുന്നതിന് ഈ രംഗത്ത് വിലക്കയറ്റത്തിനും, മറ്റ് ഊർജ്ജ മാർഗ്ഗങ്ങളെ ആശ്രയിക്കുന്നതിനും ഇടയാക്കുന്ന അവസ്ഥ സൃഷ്ടിക്കുന്നു. ഒരു ചെറിയ വിഭാഗം ആളുകൾ പാചക ആവശ്യത്തിന് മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ട്. അതേ പോലെ തന്നെ ഗ്യാസ് കണക്ഷനുകൾ ഈ പ്രദേശത്തേക്ക് എത്താൻ തുടങ്ങിയിട്ടുണ്ടെങ്കിലും ഈ രംഗത്ത് നാമമാത്രമായ പുരോഗതി പോലും ഉണ്ടായിട്ടില്ലെന്ന് പറയാം. പാചകാവശ്യം ആവശ്യമായതോതിൽ ലഭ്യമാക്കി രൂക്ഷമായ ഇന്ധന പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളൂ എന്നത് ശ്രദ്ധേയമായ ഒരു

വസ്തുതയാണ്. എൽ.പി.ജി കണക്ഷൻ വിതരണ പരിധിയിൽ ഈ പഞ്ചായത്ത് ഉൾപ്പെട്ടിട്ടില്ല. നാമമാത്രങ്ങളായ കണക്ഷനുകൾ അനധികൃത രൂപത്തിലാണ് നിലവിലുള്ളത്.

## സാധ്യതകൾ

- വൈദ്യുതി വിതരണ രംഗത്തെ അസന്തുലിതാവസ്ഥ ഇല്ലാതാക്കേണ്ടതാണ്. പഞ്ചായത്തിൽ എല്ലാ പ്രദേശത്തും വൈദ്യുതി എത്തിക്കുന്നതിനു വേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തണം. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാകുകയും വൈദ്യുതി കണക്ഷനുകളില്ലാത്ത സ്ഥലങ്ങളിൽ പുതിയ കണക്ഷനുകൾക്ക് മുൻഗണന കൊടുക്കുകയും വേണം. സമ്പന്ന വീടുകളിൽ സ്റ്റെപ് അപ്പ് സംവിധാനം സാർവത്രികമാകുന്നത് നിലവിലുള്ള വോൾട്ടേജ് പ്രശ്നത്തിൻെറ രൂക്ഷത വർദ്ധിപ്പിക്കുന്നുണ്ട്. ഇതിനു വേണ്ട പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കണം. പഞ്ചായത്തിൽ നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകളെല്ലാം ത്രീ ഫേസ് ലൈനുകൾ ആക്കിമാറ്റിയാൽ മാത്രമേ വോൾട്ടേജ് പ്രശ്നത്തിന് ഒരു പരിഹാരമാകുകയുള്ളൂ. കമ്പംതൊടി, പെമംകുഴി, കിഴക്കേക്കര ഭാഗങ്ങളിൽ പുതിയ ട്രാൻസ് ഫോമറുകൾ സ്ഥാപിക്കണം.
- പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റ് ഇനത്തിൽ 2438 രൂപ പ്രതിമാസം ബിൽ അടക്കുന്നതായി കെ.എസ്.ഇ.ബി രേഖകളിൽ കാണുന്നു. എന്നാൽ ഇവിടെ സ്ട്രീറ്റ് ലൈറ്റ് സൗകര്യം നിലവിലില്ല. സ്ട്രീറ്റ് ലൈറ്റുകൾ അനുവദിച്ചുതരുന്നതിന് കെ.എസ്.ഇ.ബി തയ്യാറാവേണ്ടതാണ്. സ്ട്രീറ്റ് ലൈറ്റ് സംബന്ധമായ ഒട്ടേറെ ആവശ്യങ്ങൾ ഗ്രാമസഭാ ചർച്ചകളിൽ ഉയർന്നു വന്നിട്ടുണ്ട്.
- തച്ചങ്ങാട് ഭാഗത്തുള്ള കുന്നിൽ മുകളിൽ കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കാനുള്ള സാധ്യത പരിശോധിച്ച് ഉപയോഗപ്പെടുത്തണം. മാവുണ്ടിരി ഭാഗത്തു കൂടി കടന്നു പോകുന്ന 11 കെ.വി ലൈൻ ഉപയോഗപ്രദമാക്കാവുന്നതാണ്. ചെർപ്പുളശ്ശേരി 110 കെ.വി സബ് സ്റ്റേഷൻ ഉടൻ പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്യേണ്ടതാണ്.
- വിറകിൻെറ ഉപയോഗക്ഷമത വർദ്ധിപ്പിക്കുന്നതിന് ദക്ഷത കൂടിയ വിറകടുപ്പുകൾ വ്യാപകമാക്കേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്ത് തലത്തിൽ പരിഷത്ത് അടുപ്പുകളുടെ വ്യാപനം സംബന്ധിച്ച കാര്യങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. കുറഞ്ഞു കൊണ്ടിരിക്കുന്ന വിറകിൻെറ ലഭ്യത മൂലം ഉണ്ടാകുന്ന ഇന്ധനക്ഷാമം പരിഹരിക്കുന്നതിന് നെല്ലായ പഞ്ചായത്തിൽ ഗ്യാസ് വിതരണം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ ഒരു ഗ്യാസ് ഏജൻസി അനുവദിക്കണം.
- കെ.എസ്.ഇ.ബി പഞ്ചവത്സര പദ്ധതി കാലത്ത് നടപ്പിലാക്കിയ പദ്ധതികളുടെയും, നടപ്പിലാക്കാവുന്ന പദ്ധതികളുടെയും പട്ടികകൾ ഇതോടൊപ്പം കൊടുക്കുന്നു. നിർമ്മാണത്തിലിരിക്കുന്ന ചെർപ്പുളശ്ശേരി 110 കെ.വി സബ് സ്റ്റേഷൻ പണിപൂർത്തിയാക്കി പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടണം. കൊപ്പത്തുള്ള 110 കെ.വി സബ് സ്റ്റേഷൻ ചെർപ്പുളശ്ശേരി 110 കെ.വി സബ് സ്റ്റേഷനുമായി ബന്ധപ്പെടുത്തി പഞ്ചായത്തിലെ വോൾട്ടേജ് പ്രശ്നം പരിഹരിക്കേണ്ടതാണ്. കെ.എസ്.ഇ.ബിയുടെ പുലാമന്തോൾ സെക്ഷനിൽ നിന്നുള്ള വൈദ്യുതി കണക്ഷനുകൾ, ചെർപ്പുളശ്ശേരി സെക്ഷനിലേക്ക് മാറ്റാനാവശ്യമായ നടപടി ഉണ്ടാവേണ്ടതാണ്.
- നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിനുകളില്ലെന്ന കാരണം അടിയന്തിരമായി പരിഹരിക്കപ്പെടാൻ കെ.എസ്.ഇ.ബിയുടെ ഭാഗത്തു നിന്നും നടപടി ഉണ്ടാവണം. നിലവിൽ സാധ്യതയുള്ളയിടത്തും പ്രധാന കേന്ദ്രങ്ങളിലും സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികളുണ്ടാവണം.
- നിലവിലുള്ള തെരുവു വിളക്കുകളിൽ - എണ്ണം ഇരട്ട ട്യൂബുകളും - എണ്ണം ഒറ്റ ട്യൂബുകളും, ബാക്കി ഇരട്ട ട്യൂബുകളും ആണ്. ഈ കണക്കനുസരിച്ചാണ് കെ.എസ്.ഇ.ബിയിൽ ചാർജ് അടക്കുന്നത്. എന്നാൽ ഇവയിൽ ചുരുക്കം ചില ബൾബുകളൊഴികെ മറ്റൊന്നും തന്നെ പ്രകാശിക്കുന്നവയല്ല. വേണ്ട സമയത്ത് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി തെരുവു

വിളക്കുകൾ പ്രകാശിപ്പിക്കാൻ കെ.എസ്.ഇ.ബി സത്വര ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.നിലവിലുള്ള തെരുവു വിളക്കുകളിൽ ഇരട്ട ട്യൂബുകളും ഒറ്റ ട്യൂബുകളും ബൾബുകളും ഉണ്ട്.

### ജനകീയാസൂത്രണ പദ്ധതി നെല്ലായ പഞ്ചായത്ത് കഴിഞ്ഞ പഞ്ചവത്സര പദ്ധതിയിൽ നടത്തിയ വികസനങ്ങൾ

| | |
|---|---|
| 1. ഗാർഷിക കണക്ഷനുകൾ നൽകിയത് | 574 Nos |
| 2. പീടിക, മറ്റു കമേർസ്യൽ കണക്ഷനുകൾ നൽകിയത് | 103 Nos |
| 3. അഗ്രികൾച്ചറൽ കണക്ഷനുകൾ നൽകിയത് | 56 Nos |
| 4. വ്യവസായ കണക്ഷനുകൾ നൽകിയത് | 6 Nos |
| 5. സിംഗിൾ ഫേസ് ലൈൻ വലിച്ചത് ആസ്ട്രീറ്റ് ലൈൻ ഉള്ളത് | 2.2 Km |
| 6. സിംഗിൾ ഫേസ് ലൈൻ വലിച്ചത് ആസ്ട്രീറ്റ് ലൈൻ ഇല്ലാത്തത് | 4.81 Km |
| 7. ത്രീ ഫേസ് ലൈൻ വലിച്ചത് ആസ്ട്രീറ്റ് ലൈൻ ഉള്ളത് | 7.10 |
| 8. ത്രീ ഫേസ് ലൈൻ വലിച്ചത് | |
| ആസ്ട്രീറ്റ് ലൈൻ ഇല്ലാത്തത് | 1 km |
| 9. 11 കെ.വി ലൈൻ വലിച്ചത് | 1 km |
| 10. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചത് | 3.11 |
| 11. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചത് | 16 km |

### നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

| | | |
|---|---|---|
| 1. | 11 കെ.വി. ലൈൻ | 1 Km |
| 2. | ട്രാൻസ്ഫോർമറുകൾ | 1 Km |
| 3. | സിംഗിൾ ഫേസ് ലൈൻ | 0.18 Km |
| 4. | ത്രീഫേസ് ലൈൻ | 0.730 Km |
| 5. | സിംഗിൾ ഫേസ് ലൈൻ മാറ്റി ത്രീ ഫേസ് ആക്കൽ | 2510 Km |
| 6. | സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | |

| No | സ്ഥലം | No | സ്ഥലം |
|---|---|---|---|
| 1 | പേങ്ങാട്ടിരി | 10 | തലോപ്പാറ |
| 2 | അംബേദ്കർ കോളനി | 11 | വാലിപറമ്പ് |
| 3 | നെല്ലായ I | 12 | പൊൻമുഖം |
| 4 | നെല്ലായ II | 13 | പൊട്ടച്ചിറ |
| 5 | പട്ടിശ്ശേരി | 14 | എഴുവന്തല |
| 6 | മാരായമംഗലം | | വായനശാല |
| 7 | പുലാക്കാട് | 15 | കുന്നംപാറ |
| | (പൊമ്പിലായ) | 16 | കുളപ്പിട |
| 8 | തച്ചങ്ങാട് | 17 | കുന്തംപാറ |
| 9 | പന്താരിപ്പറമ്പ് | 18 | മാവുണ്ടിരി |

### നടപ്പിലാക്കാവുന്ന പദ്ധതികൾ

| | സ്ഥല പേര് | 11 കെ.വി. ലൈൻ | ട്രാൻസ്ഫോർമറുകൾ | ത്രീഫേസ് ലൈൻ | സിംഗിൾ ഫേസ്ലൈൻ | സിംഗിൾഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റാവുന്നത് | എ.എസ് കിട്ടിയ സ്ട്രീറ്റ് ലൈറ്റ്സ് |
|---|---|---|---|---|---|---|---|
| 1. | ഭയങ്കര കുണ്ട് | | | | | . | |
| | അത്താണിപ്പാറ | 2.5 | 1 | 1 | 1.3 | | |
| 2. | പൊമ്പിലായ | 1.8 | 1 | - | -- | 0.8 | |
| 3. | പുലാക്കാട് എൽ.പി. | | | | | | |
| | സ്കൂൾ | 0.5 | 1 | - | - | 0.8 | |
| 4. | മഞ്ചകൻപള്ളി | - | 1 | 0.6 | - | 1 | |
| 5. | തണ്ണീർപ്പന്തൽ | 0.45 | 1 | - | - | 1 | |
| 6. | ഇരുപ്പാലശ്ശേരി പള്ളി | 0.4 | 1 | - | - | 1 | |
| 7. | നരിക്കുട്ടിപ്പാറ | 1 | 1 | 0.8 | 1 | - | |
| 8. | പട്ടിശ്ശേരി | - | - | - | - | 1.6 | |
| 9. | കുരുത്തിക്കുഴി | 1.2 | 1 | - | - | - | |
| 10. | ചരലിൽ | 1.5 | 1 | - | - | 1.2 | |
| 11. | വേരുനാട്ട് അമ്പലം | - | 1 | - | - | 0.8 | |
| 12. | കൗസ്തുപം ജംഗ്ഷൻ | 1.2 | 1 | - | - | 1 | |
| 13. | മാരായമംഗലം | | | | | | |
| | തുരം റോഡ് | - | - | - | - | 1 | |
| 14. | കളപ്പട റോഡ് ജംഗ്ഷൻ | - | 1 | 0.3 | - | 1 | |
| 15. | കുലുക്കല്ലൂർ | | | | | | |
| | സ്റ്റേഷൻ റോഡ് | 1 | 1 | - | -0.8 | | |
| 16. | ബീവിപ്പടി | 0.8 | 1 | - | - | - | |
| 17. | കരുവന്തൂർ മഠം | | | | | | |
| | എച്ച്.സി | 1 | 1 | - | - | - | |
| 18. | നെല്ലായ പഞ്ചായത്ത് | | | | | | |
| | സ്ട്രീറ്റ് ലൈറ്റുകൾ | | | | | | |
| | സ്ഥാപിക്കുന്നതു സംബ- | | | | | | |
| | ന്ധിച്ച് എ.എസ് ലഭിച്ചത് | | | | | | 217000 |
| 19. | ചന്ദ്രത്തിൽ റോഡ് | - | - | - | - | 1 | |

അവലംബം - കെ.എസ്.ഇ.ബി രേഖകൾ

# വിദ്യാഭ്യാസം

സ്വാതന്ത്ര്യലബ്ദിക്കു ശേഷം നമ്മുടെ വിദ്യാഭ്യാസമേഖല തിളങ്ങുന്ന ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്ക്കരണമാണ് വിദ്യാഭ്യാസ ഔന്നത്യങ്ങളുടെ അണിക്കല്ല്. ജന്മിത്തവും കുടിയായ്മയും അവസാനിക്കുകയും ഭൂരിപക്ഷം പേർക്കും സ്വന്തമായി കൃഷിഭൂമി ഉണ്ടാവുകയും ചെയ്തതോടെ നരയാതനയിലും ദുരിതത്തിലും കഴിയുന്ന ജനങ്ങൾക്ക് വിദ്യാഭ്യാസത്തിനുള്ള പുതിയ മാർഗ്ഗം തുറന്നു കിട്ടുകയുണ്ടായി. ഈ സാധ്യതകളുടെ മുകളിലാണ് കേരളത്തിലെ വിദ്യാലയങ്ങളാൽ സമ്പന്നമായതും പ്രാഥമിക വിദ്യാഭ്യാസ രംഗത്ത് നമുക്ക് അസൂയാവഹമായ മുന്നേറ്റം ഉണ്ടായതും. എണ്ണത്തിലും വലിപ്പത്തിലും ഉള്ള വികാസം ഗുണത്തിലും കാര്യക്ഷമതയിലും ഉള്ള വളർച്ചയാക്കി മാറ്റാൻ നമുക്ക് കഴിഞ്ഞിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്.

കേരളത്തിന്റെ സാംസ്ക്കാരിക കേന്ദ്രങ്ങളിലൊന്നായ വള്ളുവനാട് താലൂക്കിന്റെ ഭാഗമായിരുന്ന നെല്ലായ ഗ്രാമപഞ്ചായത്തിനും അഭിമാനകരമായ വിദ്യാഭ്യാസ ചരിത്രമുണ്ട്. ഈ പ്രദേശത്ത് ആദ്യകാലങ്ങളിൽ കുടിപ്പള്ളികൂടങ്ങളും എഴുത്തുപള്ളികൂടങ്ങളുമായിരുന്നു പ്രധാന വിദ്യാഭ്യാസ കേന്ദ്രങ്ങൾ. പ്രശസ്തരും സാമ്പത്തികമായി ഉയർന്നതുമായ കുടുംബങ്ങളിലെ കുട്ടികളെ അവരുടെ വീടുകളിൽ പോയി പഠിപ്പിക്കുന്ന സമ്പ്രദായം നിലവിൽ ഉണ്ടായിരുന്നു. അവർണ്ണർക്ക് അക്കാലങ്ങളിൽ വിദ്യാഭ്യാസം നാമമാത്രമായിരുന്നു. മണലെഴുത്തും നിലത്തെഴുത്തുമായിരുന്നു പ്രധാന പ്രബോധന രീതികൾ. നിർദേശിക്കപ്പെട്ട പുസ്തകങ്ങളോ പാഠ്യ പദ്ധതികളോ ഉണ്ടായിരുന്നില്ല.

ദേശീയ പ്രസ്ഥാനം ഗ്രാമങ്ങളിൽ ചലനങ്ങൾ സൃഷ്ടിച്ചതോടൊപ്പം കുടുതൽ ആളുകൾ വിദ്യാഭ്യാസം നേടുന്നതിൽ താൽപര്യം കാണിച്ചു തുടങ്ങിയതോടെ വീട്ടിൽ ചെന്നുള്ള പ്രബോധനം ആശാൻമാർക്ക് പ്രയാസമായി തുടങ്ങി. ഇതിനു പകരമെന്നോണം കുട്ടികൾ ആശാൻമാരുടെ വീടുകളിൽ ചെന്ന് വിദ്യാഭ്യാസം നേടാൻ തുടങ്ങി. ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുടിപ്പള്ളി കൂടങ്ങൾ എന്ന പേരിൽ അറിയപ്പെട്ടു.

പ്രതിഫലേച്ഛ കൂടാതെയാണ് കുടിപ്പള്ളികൂടങ്ങളിലെ എഴുത്താശാൻമാർ ബോധനം നടത്തിയുരുന്നത്. കിട്ടിയതെന്തോ അതുകൊണ്ട് തൃപ്തിപ്പെട്ടു. കുരുന്നു മനസ്സുകളെ അക്ഷരലോകത്തെ അതിവിശാലമായ വഴിത്താരയിലേക്ക്, അറിവിന്റെ വെളിച്ചത്തിലേക്ക് കൈപിടിച്ചാനയിക്കുന്നത് ഒരു തപസ്യയായാണ് നിസ്വാർത്ഥമതികളായ ഈ എഴുത്തശാൻമാർ കണ്ടത്. നമ്മുടെ സമൂഹം നേടിയെടുത്ത വിദ്യാഭ്യാസപുരോഗതിയുടെ അടിത്തറ പാകിയത് ഒരു നിയോഗം പോലെ ബോധനത്തെ കണ്ടത്. ആത്മാർത്ഥതയോടെ പ്രവർത്തിച്ചിരുന്ന ഈ സുമനസ്സുകളായിരുന്നു.

ഗുരുശിഷ്യ ബന്ധം അക്കാലത്ത് സുദൃഢമായിരുന്നു. ശാസ്ത്രീയ ബോധനരീതികളല്ല പ്രയോഗിച്ചിരുന്നതും. പുരാണങ്ങൾ, വേദങ്ങൾ, ശാസ്ത്രങ്ങൾ എന്നിവയൊക്കെയായിരുന്നു ബോധനവിഷയങ്ങൾ. പെൺകുട്ടികൾക്കും വിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടായിരുന്നെങ്കിലും പങ്കാളിത്തം വളരെ കുറവായിരുന്നു. ഈ കുടിപ്പള്ളികൂടങ്ങളിൽ പലതും പിൻകാലത്ത് വിദ്യാലയങ്ങളായി രൂപപ്പെട്ടു. വിദ്യാഭ്യാസ രംഗത്ത് നേതൃത്വപരമായ പങ്കു വഹിച്ചത് എഴുത്തച്ഛൻ സമുദായത്തിൽ പെട്ടവരായിരുന്നു.

വിദ്യാഭ്യാസകാര്യത്തിൽ പിൻനിരയിലായിരുന്ന മുസ്ലീം ജനവിഭാഗവും പൊതുവേ ഇക്കാലയളവിൽ വിദ്യാഭ്യാസം നേടുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം ആരംഭിച്ചു. ഇത് പ്രധാനമായും നടത്തപ്പെട്ടിരുന്നത് മുല്ലമാരുടെ വീടുകളിൽ പ്രവർത്തിച്ചിരുന്ന ഓത്തുപള്ളികൂടങ്ങൾ വഴിയായിരുന്നു. വേദപഠനത്തിനായി സ്ഥാപിക്കപ്പെട്ട ഇത്തരം ഓത്തുപള്ളികൂടങ്ങളിൽ പലതും പിൻകാലത്ത് മദ്രസ്സകളായും അറബ്കോളേജുകളുമായും രൂപാന്തരം പ്രാപിച്ചു. മുസ്ലീം ജനവിഭാഗത്തിൽ സ്ത്രീ വിദ്യാഭ്യാസം സാർവ്വത്രികമായിരുന്നില്ല.

1958 ൽ സ്ഥലം MLA ആയിരുന്ന സഖാവ് ഇ.എം.എസ് മാരായമംഗലം ഹൈസ്ക്കൂളിന്റെ ഉൽഘാടന കർമ്മം നിർവ്വഹിച്ചു. പുറയന്നൂർ മനയുടെ ഒരു ഭാഗം പൊളിച്ചുകയറ്റിയാണ് സ്ക്കൂൾ സ്ഥാപിച്ചത്. ഫാത്തിമ എന്ന സ്ത്രീ വീരാൻ ഔലിയ എന്ന ദിവ്യ പുരുഷന്റെ സഹായത്താൽ സ്ഥാപി

ച്ച പൊട്ടച്ചിറ അൻവരിയ്യ അറബിക് കോളേജ് ഒന്നാം തരം മതസ്ഥാപനമാണ്.

നെല്ലായ പഞ്ചായത്തിലെ മൊത്തം സ്ക്കൂളുകളുടെ എണ്ണം 22 ആണ്. സമീപ പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ സ്ക്കൂളുകളുടെ എണ്ണത്തിൽ മുന്നിൽ നിൽക്കുന്നത് നെല്ലായയാണ് എന്ന് കാണാം. മൊത്തം 22 സ്ക്കൂളുകളിലായി - ആൺകുട്ടികളും - പെൺകുട്ടികളും പഠനം നടത്തുന്നു. പഞ്ചായത്തിൽ മൊത്തം അധ്യാപകരുടെ എണ്ണം - ഉം അധ്യാപികമാരുടേത് - ഉം ആണ്. സക്കളുകളെ സംബന്ധിച്ച പൊതുവിവരം പട്ടിക1, പട്ടിക 2, എന്നിവയിൽ കൊടുത്തിരിക്കുന്നു.

ആകെയുള്ള സ്ക്കുളിൽ ഒരെണ്ണം സർക്കാർ സ്ക്കൂളും 18 എണ്ണം സ്വകാര്യ എയ്ഡഡ് സ്ക്കൂളും 3 എണ്ണം അൺ എയ്ഡഡ് അൺ റിക്കഗനൈസ്ഡ് സ്ക്കുളും ആണ്. ഇംഗ്ലീഷ് മീഡിയം സ്ക്കുളുകളോടുള്ള രക്ഷിതാക്കളുടെ ആഭിമുഖ്യം ഈ പ്രദേശത്തും വ്യാപകമാവുന്നതാണ് എന്നത് ഖേദകരമാണ്. ഡാഡി-മമ്മി സംസ്ക്കാരം നഗരങ്ങളിൽ നിന്നും നാട്ടിൻ പുറങ്ങളിലേക്ക് പരക്കുന്നതോടൊപ്പം വിദ്യാഭ്യാസ രംഗത്ത് വീണ്ടും വിവേചനം വർദ്ധിപ്പിക്കാനും ഇത് ഇടയാകും. നമ്മുടെ സംസ്ക്കാരത്തിനും ജീവിത രീതിക്കും അനുയോജ്യമല്ലാത്തി തരത്തിൽ ബോധപൂർവ്വം ഒരു ആംഗലേയ സംസ്ക്കാരം വളർത്തിയെടുക്കുവാൻ നമുടെ പ്രാഥമിക വിദ്യാഭ്യാസ മേഖല ദുരുപയോഗപ്പെടുന്നു. ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നായി 200-ൽ പരം കുട്ടികൾ വിവധ ഇംഗ്ലീഷ് മീഡിയം സ്ക്കുളുകളിൽ പഠിക്കുന്നുണ്ട്.

സ്ഥിതിവിവര കണക്കുകൾ പരിശോധിക്കുമ്പോൾ ഈ പഞ്ചായത്തിൽ 99%-ഓളം കുട്ടികളും വിദ്യാലയത്തിൽ പഠിക്കുന്നുണ്ട് എന്ന് കാണാം. ഉയർന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. നിലവിലുള്ള ഹൈസ്ക്കൂൾ പഞ്ചായത്തിൻെറ ഒരറ്റത്തായതിനാൽ സമീപ പഞ്ചായത്തുകളായ വല്ലപുഴ, ചളവറ, ചെർപ്പുളശ്ശേരി, ഏലംകുളം, ആലിപ്പറമ്പ് എന്നിവിടങ്ങളിലെ ഹൈസ്ക്കൂളിൽ പോയി കുട്ടികൾക്ക് പഠനം നടത്തേണ്ടി വരുന്ന ദുരവസ്ഥയാണ്. പഞ്ചായത്തിലെ ഹൈസ്ക്കുളിലെ വിജയ ശതമാനം കുറവാണ്. വിജയിക്കുന്നവരുടെ മാർക്കും കുറവായതിനാൽ അഫിലിയേറ്റഡ് കോളേജുകളിൽ വളരെ ചെറിയ ഒരു ശതമാനത്തിനുമാത്രമേ പ്രവേശനം ലഭിക്കുന്നുള്ളു. പ്രവേശനം ലഭിക്കാത്തവർ ചെർപ്പുളശ്ശേരിയിലുള്ള പാരലൽ കോളേജുകളെ ശരണം പ്രാപിക്കുന്നു.

വിദ്യാലയങ്ങളിലെ സ്ഥിതി വിവരണകണക്കുകൾ പരിശോധിക്കുമ്പോൾ മിക്ക ലോവർ പ്രൈമറി വിദ്യാലയങ്ങളിലേയും കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണാം. പഞ്ചായത്തിലെ അധ്യാപന രംഗത്ത് ഭൂരിഭാഗവും സ്ത്രീകളാണ്. വളരെ കുറച്ചു വിദ്യാലയങ്ങൾക്കേ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളു. കളിസ്ഥലം, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, കുടിവെള്ളത്തിനുള്ള സൗകര്യങ്ങൾ, ചുറ്റുമതിൽ എന്നിവ മിക്ക വിദ്യാലയങ്ങളിലും ഇല്ല.

പഞ്ചായത്തിൽ രണ്ട് ടൈപ്പ്റൈറ്റിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റു ഹ്രസ്വകാല തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പരിശീലനം നൽകേണ്ടത് വളരെ അത്യാവശ്യമാണെങ്കിലും അത്തരം സ്ഥാപനങ്ങൾ ഒന്നും തന്നെ നിലവില്ല. തച്ചങ്ങാട്-മാവുണ്ടിരി, കുളപ്പിട, മാരായമംഗലം പ്രദേശത്ത് യു.പി. സ്ക്കൂൾ ഇല്ലാത്തതിനാൽ അഞ്ച് ലോവർ പ്രൈമറി സ്ക്കുളിലെ കുട്ടികൾ തുടർന്ന് വിദ്യാഭ്യാസം നേടുന്നതിന് മലപ്പുറം ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലാണ്. പഞ്ചായത്തിൽ പ്രീ പ്രൈമറി വിദ്യാലയങ്ങൾ ഇല്ല. 28 അംഗൻ വാടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കുട്ടികളുടെ ഹാജർ നില മോശമാണ്. പലതിനും സ്വന്തം കെട്ടിടങ്ങളില്ല. വാടകകെട്ടിടങ്ങളിൽ പഠന സൗകര്യങ്ങൾ പരിമിതവുമാണ്. വേണ്ടത്ര കളികോപ്പുകളില്ല എന്നതും ഒരു പ്രശ്നമാണ്.

സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിൻെറ ഒന്നാംഘട്ടം ഈ പഞ്ചായത്തിലും താരതമ്യേന മെച്ചപ്പെട്ടി രീതിയിൽ നടന്നുവെങ്കിലും തുടർ വിദ്യാഭ്യാസ പരിപാടി പരാജയപ്പെട്ടതിനാൽ നവ സാക്ഷരർ ക്രമേണ നിരക്ഷരരായി എന്നതാണ് ദുഃഖകരമായ വസ്തുത.

നമുടെ വിദ്യാഭ്യാസ മേഖലയാകെ സമഗ്രമായ ഒരു പരിശോധനക്കു വിധേയമാക്കുമ്പോൾ ചലനാത്മകവും ക്രിയാത്മകവുമായ ഒരു ചിത്രത്തിനു പകരം മുരടിപ്പാണ് കാണുന്നത്.

വിദ്യാലയത്തിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത വിദ്യാഭ്യാസ മേഖലയുടെ ഒരു പോരായ്മയാണ്. അക്കാഡമിക് സൗകര്യങ്ങളുടെ

കാര്യത്തിലും സ്ഥിതി വിഭിന്ന മല്ലെന്ന് സ്ഥിതി വിവരക്കണക്കുകൾ വ്യക്തമാക്കുന്നു.

## പട്ടിക 3

വിദ്യാർത്ഥി സമരങ്ങൾ മൂലം ദിവസങ്ങൾ നഷ്ടപെടാറില്ല എന്നു പറയാം. പഞ്ചായത്തിലെ ഹൈസ്ക്കൂളിലെ വിജയശതമാനവും മറ്റു സ്ക്കൂളുകളിലെ പഠനനിലവാരവും മെച്ചപ്പെട്ടതല്ല എന്നത് പഠനനിലവാരത്തെ കുറിച്ചും ഭൗതിക സാഹചര്യങ്ങളുടെ ആവശ്യകതയെ കുറിച്ചും സമഗ്രമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ദൃശ്യ മാധ്യമങ്ങളുടെ വ്യാപനം, നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചാരം ബന്ധപ്പെട്ടവരുടെ താല്പര്യ കുറവ് തകർച്ചയ്ക്ക് കാരണമാവുന്നു. ഗൾഫ് പണത്തിന്റെ സ്വാധീനം വിദ്യാർത്ഥികളെ പഠനത്തിൽ നിന്നും പണസമ്പാദനത്തിലേക്കു തിരിച്ചു വിടുന്നതും നിലവാര തകർച്ചക്കു മറ്റൊരു കാരണമാണ്. നല്ലൊരു ശതമാനം കുട്ടികളും ഗൈഡുകളെയും ട്യൂഷൻ സെൻററുകളെയും ആശ്രയിക്കുന്നു. ഹൈസ്ക്കൂളിൽ കെട്ടിട സൗകര്യമില്ലാത്തതിനാൽ ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്നു. ലഭ്യമായ വിവരങ്ങൾ പരിശോധിക്കുമ്പോൾ പഠനേതര പ്രവർത്തനങ്ങളിൽ ജില്ലാ-സംസ്ഥാനതലത്തിൽ നേട്ടങ്ങൾ കൈവരിച്ച വിദ്യാർത്ഥികൾ നമുടെ പഞ്ചായത്തിൽ ഒന്നോ രണ്ടോ ആണെന്നു കാണാം. പാഠ്യേതര പ്രവർത്തനങ്ങളിൽ പൊതുവേ താല്പര്യം കുറവാണെന്നു പറയാം. ലോവർ പ്രൈമറി തലത്തിലുള്ള വിദ്യാലയങ്ങളുടെ ശാസ്ത്ര-ഗണിത-കലാ കായിക മേളയിലെ പങ്കാളിത്തം ശുഷ്കമാണ്. സ്ക്കൂൾതലത്തിൽ ഇത്തരം മേളകൾ സംഘടിപ്പിക്കപ്പെടാത്തതിനാൽ മികവുള്ള പലർക്കും അവസരം ലഭിക്കാതെ പോകുന്നു. യുറീക്ക വിജ്ഞാനോത്സവം പഞ്ചായത്തിൽ നല്ല രീതിയിൽ നടത്തപ്പെടുന്നുണ്ട്. പങ്കാളിത്തവും മെച്ചമാണ്.

എല്ലാ വിദ്യാലയങ്ങളിലും യൂണിഫോം ഇല്ല. പലതിലും ഉച്ചക്കഞ്ഞി വിതരണം നടക്കുന്നില്ല. പഞ്ചായത്തിൽ വിദ്യാലയ കോംപ്ലക്സും വേണ്ട വിധത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. മിക്ക വിദ്യാലയങ്ങളുടെയും പി.ടി.എകളും മാതൃ സംഗമങ്ങളും വിദ്യാലയ പ്രവർത്തനങ്ങളിൽ സജീവമായി ഇടപ്പെടുന്നില്ല. പി.ടി.എ.യെ പഠന-പാഠ്യേതര പ്രവർത്തനങ്ങളിൽ കൂടുതലായി സഹകരിപ്പിച്ച് ഒരു ഏകീകൃത പ്രവർത്തനത്തിന്റെ സാധ്യത പഞ്ചായത്തുതലത്തിലും പരിശോധിക്കപെടേണ്ടതാണ്. ഇടയ്ക്കു വെച്ച് പഠനം നിർത്തി പോകുന്ന കുട്ടികളുടെ എണ്ണം കുറവാണ് എന്നത് ആശ്വാസകരമായ വസ്തുതയാണ്.

## പ്രശ്നങ്ങൾ

- All Promotion നിലവാര തകർച്ചക്കും രക്ഷിതാക്കളുടെ അതൃപ്തിക്കും കാരണമാകുന്നു.
- വിദ്യാലയങ്ങളിൽ ഭൗതിക സാഹചര്യങ്ങളും അക്കാഡമിക് സാഹചര്യങ്ങളും വളരെ കുറവാണ് എന്നത് പഠനത്തെ ബാധിക്കുന്നു.
- ഹൈസ്ക്കൂളിലെ വിജയ ശതമാനം കുറവാണ്.
- സ്ക്കൂൾ വിദ്യാർത്ഥികളിൽ നിരക്ഷരത ഗണ്യമായ തോതിൽ നില നിൽക്കുന്നു
- നിലവിലുള്ള ഹൈസ്ക്കൂൾ പഞ്ചായത്തിന്റെ ഒരറ്റത്തായതിനാൽ എല്ലാവർക്കും പ്രയോജനപെടുന്നില്ല.
- അനൗപചാരിക വിദ്യാഭ്യാസത്തിന് ആസൂത്രിത പരിപാടികൾ ഇല്ല.
- കലാഭ്യാസത്തിനു വേണ്ട സൗകര്യങ്ങൾ പഞ്ചായത്തിലില്ല.
- സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമോ ഉയർന്ന വിദ്യാഭ്യാസ സ്ഥാപനമോ ഇല്ല.
- അധ്യാപകരിൽ കൂടുതൽ വനിതകൾ ആയതിനാൽ പാഠ്യേതര പ്രവർത്തനങ്ങളെ ബാധിക്കുന്നു.
- പാഠ പുസ്തകങ്ങൾ യഥാസമയം കിട്ടാറില്ല.
- അംഗൻ വാടികളിൽ ആവശ്യത്തിന് സൗകര്യങ്ങളില്ല.
- മാതൃ സംഗമങ്ങളും പി.ടി.എ കളും വിദ്യാലയങ്ങളിൽ സജീവമായി ഇടപെടുന്നില്ല.

## സാധ്യതകൾ

- പ്രൊമോഷന് മാനദണ്ഡങ്ങൾ ഇല്ല.
- വിദ്യാലയങ്ങളിൽ ഭൗതിക അക്കാഡമിയിൽ സാഹചര്യങ്ങൾ ഏർപെടുത്തണം
- ഹൈസ്ക്കൂൾ വൊക്കേഷണൽ ഹയർ സെക്കൻററി കോഴ്സുകൾ ആരംഭിക്കണം. അഗ്രികൾച്ചറൽ അനിമൽ ഹസ്ബൻററി എന്നിവക്ക് മുൻഗണന നൽകണം.
- നിരക്ഷരരായ വിദ്യാർത്ഥികൾക്ക് സ്പെഷൽ ട്രൈ

| ക്രമ. നമ്പർ | സ്കൂൾ | ലൈബ്രറി | ലാബ് | പഠനോപകരണങ്ങൾ വേണ്ടത്ര | റേഡിയോ | ടേപ്പ് റിക്കോർഡർ | ടി.വി | വി.സി.ആർ. വി.സി.പി | സിനിമാ പ്രോജക്ടർ | സ്ലൈഡ് പ്രോജക്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളത് | ബ്ലാക്ക് ബോർഡ് നിലവിലുള്ളത് | മാതൃസംഗമം സജീവം, നിർജീവം | പി.ടി.എ സജീവം, നിർജീവം | ക്ലാസ് പി.ടി.എ ഉണ്ട്, ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | ഭാരത് LPS | - | - | ഗ്ലോബ് ഇല്ല | - | - | - | - | - | - | 3 | 1 | സജീവം | | |
| 2. | എഴുവന്തല ALPS | - | - | ഉണ്ട് | - | ഉണ്ട് | - | - | - | - | ഉണ്ട് | 4 | സജീവം | | |
| 3. | മോളൂർ നോർത്ത് AMLPS | - | - | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 8 | സജീവം | | |
| 4. | എഴുവന്തല വെസ്റ്റ് AMLPS | - | - | - | ഉണ്ട് | ഉണ്ട് | - | - | - | - | 4 | 4 | സജീവം | | |
| 5. | മാരായമംഗലം AMLPS | ഉണ്ട് | - | ഉണ്ട് | - | - | - | - | - | - | 5 | 8 | സജീവമല്ല | | |
| 6. | ചെമ്മംകുഴി AMLPS | ഉണ്ട് | - | - | - | ഉണ്ട് | - | - | - | - | 4 | 4 | സജീവമല്ല | | |
| 7. | മാരാമംഗലം സൗത്ത് ALPS | - | - | - | - | ഉണ്ട് | - | - | - | - | 5 | 4 | സജീവം | | |
| 8. | എഴുവന്തല ഈസ്റ്റ് AMLPS | ഉണ്ട് | - | - | - | ഉണ്ട് | - | - | - | - | 4 | 4 | സജീവം | | |
| 9. | എഴുവന്തല ADLPS | - | - | - | ഉണ്ട് | ഉണ്ട് | - | - | - | - | 5 | 5 | സജീവം | | |
| 10. | ഇരുമ്പാലശ്ശേരി AMLPS | - | - | ഉണ്ട് | ഉണ്ട് | - | - | - | - | - | 2 | 4 | സജീവം | | |
| 11. | പട്ടിശ്ശേരി ALPS | ഉണ്ട് | - | - | - | - | - | - | - | - | 5 | 5 | നിർജീവം | | |
| 12. | പുലാക്കാട് ALPS | ഉണ്ട് | - | - | - | - | - | - | - | - | 4 | 4 | നിർജീവം | | |
| 13. | കുളപ്പിട AMLPS | - | - | - | ഉണ്ട് | ഉണ്ട് | - | - | - | - | 4 | 4 | സജീവം | | |
| 14. | ഇരുമ്പാലശ്ശേരി UPS | ഉണ്ട് | ഉണ്ട് | - | ഉണ്ട് | - | - | - | - | - | 27 | 27 | സജീവം | | |
| 15. | മാരായമംഗലം നോർത്ത് AMLPS | - | - | - | - | - | - | - | - | - | 4 | 4 | നിർജീവം | | |
| 16. | നെല്ലായ ENUPS | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 5 | 21 | സജീവം | | |
| 17. | മോളൂർ സൗത്ത് AMLPS | - | - | ഉണ്ട് | - | - | - | - | - | - | 4 | 4 | സജീവമല്ല | | |
| 18. | മാരായമംഗലംനേഷനൽ AMLPS | ഉണ്ട് | - | ഉണ്ട് | - | - | - | - | - | - | 1 | 3 | സജീവം | | |
| 19. | മാരായമംഗലം GHS | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | - | - | ഉണ്ട് | ഉണ്ട് | 32 | 18 | സജീവം | | |
| 20. | പൊട്ടച്ചിറ MTI | ഇല്ല | - | ഉണ്ട് | - | - | - | - | - | - | 14 | 14 | സജീവം | | |
| 21. | മോളൂർ സെൻട്രൽ സ്കൂൾ | | | | | | | | | | | | | | |
| 22. | ജയ്ഹിന്ദ് | | | | | | | | | | | | | | |

നിംഗ് നൽകണം

- ഹ്യസ്വകാല തൊഴിലധിഷ്ടിത കോഴ്സുകൾ പഠിപ്പിക്കുന്നതിനായി സാങ്കേതി വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണം.
- സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തനം കാര്യക്ഷമമാക്കണം.
- അഞ്ച് എൽ.പി. സ്ക്കൂളുകളെ കേന്ദ്രീകരിച്ച് മായമംഗലത്ത് യു.പി. സ്ക്കൂളും പഞ്ചായത്ത് ആസ്ഥാനത്തായി ഹൈസ്ക്കൂളും ആരംഭിക്കണം.
- പഞ്ചായത്ത് തലത്തിൽ സ്ക്കൂളുകളുടെ കലാ-കായിക-ഗണിത-ശാസ്ത്ര മേളകൾ സംഘടിപ്പിക്കണം.
- പി.ടി.എ, മാതൃസംഗമം എന്നിവ സജീവമാക്കണം. പഞ്ചായത്ത് തല പി.ടി.എ മാതൃ സംഗമം എന്നിവ വേണം.
- പഞ്ചായത്ത് തലത്തിൽ പഠന നിലവാരം ഉയർത്താനുള്ള നടപടികൾ തുടങ്ങണം. നിലവിലുള്ള പ്രോത്സാഹനങ്ങൾ താഴെ തട്ടിലേക്ക് വ്യാപിപ്പിക്കണം
- അധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കണം. ഉയർന്ന മാർക്കു നേടുന്നവരെ പഞ്ചായത്ത് നേതൃത്വത്തിൽ അനുമോദിക്കണം.
- അധ്യാപർക്ക് ഇൻ സർവ്വീസ് കോഴ്സുകൾ നടത്തണം.
- പാഠ പുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കണം.
- ഇംഗ്ലീഷ് മീഡിടത്തോടുള്ള അന്ധമായ ആരാധന അധ്യാപകർക്കുപോലുമുണ്ട്. ഇതിന് ഒരു മാറ്റം വരുത്തകയും, പഠന നിലവാരം മെച്ചപെടുത്താൻ ആത്മാർത്ഥമായ ശ്രമം അധ്യാപകരിൽ നിന്ന് ഉണ്ടാവുകയും വേണം.

## മത പഠനം

- അധ്യാപകരും വിദ്യാർത്ഥികളും സമയ നിഷ്ട പാലിക്കണം ഇത് അച്ചടക്കത്തിന്റെ ഭാഗമാകയാൽ മുന്തിയ പരിഗണന കൊടുക്കണം.
- പ്രൈമറി വിദ്യാലങ്ങളോടനുബന്ധിച്ച് ഒരോ പ്രീ-പ്രൈമറി സ്ഥാപിക്കുകയും, പ്രീ-പ്രൈമറി മുതൽ ഹൈസ്ക്കൂൾ തലം വരെ പഠന നിലവാരം ഉയർത്തണം.
- വിദ്യാലയങ്ങിൽ എൻ.സി.സി, സ്ക്കൗട്ട് എന്നിവയുടെ പ്രവർത്തനം വ്യാപകമാക്കിയാൽ കുട്ടികളുടെ അച്ചടക്ക നിലവാരം ഉയർത്തുവാൻ കഴിയുന്നതാണ്.
- ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ നിർമ്മിച്ച് ഒരു കേന്ദ്രം ഉണ്ടാക്കുകയും അതുമായി ഗ്രമത്തിലെ മുഴുവൻ വിദ്യാലയങ്ങളേയും ബന്ധിപ്പിക്കുകയും ചെയ്യുക. സാഹിത്യ സമാജം, ദേശീയ ദിനാചരണങ്ങൾ, സ്ക്കൂൾ അസംബ്ലികൾ, മത്സരങ്ങൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ, കായിക പരിശീലന പരിപാടികൾ പഠന വിനോദയാത്രകൾ, പച്ചക്കറി തോട്ട നിർമ്മാണം, പരിപാലനം എന്നിവ കാര്യക്ഷമമാക്കുക.

| ക്രമനമ്പർ | സ്ക്കൂളിന്റെ പേർ | LP/UP/HS | ഉടമസ്ഥത | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | അനുവദിച്ച പോസ്റ്റുകൾ | നിലവിലുള്ളത് | ഒഴിവ് | അധ്യാപകർ | അധ്യാപികമാർ | ആകെ | സ്ക്കൂൾ കോമ്പൗണ്ടിന്റെ വിസ്തീർണ്ണം സെന്റ് | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം സെന്റ് | ചുറ്റുമതിൽ | അറ്റകുറ്റപ്പണികൾ നടത്താറുണ്ടോ | പട്ടികജാതി ആൺകുട്ടികൾ | പട്ടികജാതി പെൺകുട്ടികൾ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | എഴുവൻന്തല ഈസ്റ്റ് എ.എൽ.പി. സ്ക്കൂൾ | LP | Aided | 49 | 61 | 110 | 5 | 5 | - | 1 | 4 | 5 | 13 | - | - | ഉണ്ട് | 11 | 11 | 22 |
| 2 | മോളൂർ നോർത്ത് എ.എം.എൽ.പി. സ്ക്കൂൾ | " | " | 59 | 46 | 104 | 5 | 5 | - | 1 | 4 | 5 | 48 | - | - | അപൂർവ്വം | 4 | 4 | 8 |
| 3 | ഭാരത് എൽ.പി.സ്ക്കൂൾ | " | " | 64 | 66 | 130 | 5 | 5 | - | 1 | 4 | 5 | 92 | 82 | - | അപൂർവ്വം | | | |
| 4 | കുളപ്പട എ.എം.എൽ.പി.സ്ക്കൂൾ മാരായമംഗലം | " | " | 58 | 73 | 131 | 5 | 5 | - | 2 | 3 | 5 | 70 | 20 | - | ഉണ്ട് | 9 | 6 | 15 |
| 5 | നോർത്ത് എ.എൽ.പി. സ്ക്കൂൾ മാരായമംഗലം | " | " | 111 | 89 | 200 | 8 | 8 | - | 1 | 7 | 8 | 10 | - | - | - | 11 | 4 | 15 |
| 6 | എഴുവന്തല വെസ്റ്റ് എ.എം.എൽ.പി സ്ക്കൂൾ | " | " | 64 | 54 | 118 | 5 | 5 | - | 1 | 4 | 5 | 50 | . | ഭാഗികം | . | 4 | 9 | 13 |
| 7 | ചെമ്മംകുഴി എ.എം.എൽ.പി. സ്ക്കൂൾ | " | " | 68 | 77 | 145 | 5 | 5 | - | 2 | 3 | 5 | 7.5 | - | - | - | 4 | 9 | 13 |
| 8 | എ.എൽ.പി. സ്ക്കൂൾ മാരായമംഗലം സൗത്ത് | " | " | 112 | 109 | 221 | 9 | 9 | - | 2 | 7 | 9 | 125 | 75 | - | - | 23 | 20 | 43 |
| 9 | എഴുവന്തല ഈസ്റ്റ് എ.എം.എൽ.പി. സ്ക്കൂൾ | " | " | 73 | 65 | 138 | 5 | 5 | - | 1 | 4 | 5 | 50 | 25 | - | ഉണ്ട് | 8 | 7 | 14 |
| 10 | എ.ഡി.എൽ.പി. സ്ക്കൂൾ എഴുവന്തല | " | " | 67 | 53 | 120 | 5 | 5 | - | 4 | 1 | 5 | 50 | - | - | ഉണ്ട് | 20 | 16 | 36 |
| 11 | എ.എം.എൽ.പി. സ്ക്കൂൾ ഇരുമ്പാലശ്ശേരി | " | " | 70 | 72 | 142 | 5 | 5 | - | 2 | 3 | 5 | 40 | - | ഉണ്ട് | ഉണ്ട് | - | - | - |
| 12 | എ.എം.എൽ.പി. സ്ക്കൂൾ മാരായമംഗലം | " | " | 99 | 84 | 183 | 5 | 5 | - | 1 | 4 | 5 | 25 | - | ഉണ്ട് | ഉണ്ട് | 5 | 7 | 12 |
| 13 | എ.എൽ.പി. സ്ക്കൂൾ പട്ടിശ്ശേരി | " | " | 78 | 86 | 164 | 6 | 6 | - | 1 | 5 | 6 | 40 | 40 | ഉണ്ട് | ഉണ്ട് | 15 | 11 | 26 |
| 14 | പുലാക്കാട് എ.എൽ.പി. സ്ക്കൂൾ | " | " | 73 | 80 | 153 | 5 | 5 | - | 1 | 4 | 5 | 50 | - | - | ഉണ്ട് | 6 | 7 | 13 |
| 15 | ഇരുമ്പാലശ്ശേരി യു.പി. സ്ക്കൂൾ | UP | " | 513 | 501 | 1014 | 33 | 33 | - | 10 | 23 | 33 | 105 | - | - | ഉണ്ട് | 58 | 45 | 103 |
| 16 | എഴുവന്തല നോർത്ത് യു.പി. സ്ക്കൂൾ | UP | " | 495 | 448 | 943 | 29 | 28 | 1 | 9 | 19 | 28 | 146 | . | - | ഉണ്ട് | 61 | 128 | 189 |
| 17 | മോളൂർ സൗത്ത് എ.എം.എൽ.പി. സ്ക്കൂൾ | LP | " | 85 | 60 | 145 | 5 | 5 | - | 1 | 4 | 5 | 100 | 25 | ഭാഗികം | ഉണ്ട് | 8 | 5 | 13 |
| 18 | നേഷണൽ എൽ.പി. സ്ക്കൂൾ മാരായമംഗലം | LP | " | 61 | 60 | 121 | 5 | 5 | - | - | 5 | 5 | 100 | 60 | - | ഉണ്ട് | 8 | 15 | 23 |
| 19 | ഗവ. ഹൈസ്ക്കൂൾ മാരായമംഗലം | HS | ഗവ. | 629 | 635 | 1264 | 39 | 37 | 2 | 20 | 17 | 37 | 991 | 700 | ഭാഗികം | ഉണ്ട് | 92 | 89 | 151 |
| 20 | എം.ടി.ഐ. പൊട്ടച്ചിറ | LP | Un Aided | 234 | 140 | 374 | 17 | 17 | | | | | 510 | 270 | [illegible] | ഉണ്ട് | | | |
| 21 | മോളൂർ സെൻട്രൽ സ്ക്കൂൾ | | - | | | | | | | | | | | | | | | | |
| 22 | ജയ്ഹിന്ദ് ഇംഗ്ലീഷ് മീഡിയം നെല്ലായ | | . | 11 | 16 | 27 | 3 | 3 | - | - | 3 | 3 | - | - | - | ഉണ്ട് | - | - | - |

# കുടിവെള്ളവും പൊതു ജനാരോഗ്യവും

ഒരു സമൂഹത്തിൻെറ ആരോഗ്യ നിലയിൽ കുടിവെള്ളത്തിന് മർമ്മ പ്രധാനമായ സ്ഥാനമുണ്ട്. ശുദ്ധജല ലഭ്യത മറ്റെന്തിനേക്കാളുപരി പ്രാധാന്യമർഹിക്കുന്നതിന് കാരണവും ഇതുതന്നെ. തീരദേശ ജില്ലകളിലെ പഞ്ചായത്തുകളെപ്പോലെ ഉപ്പുവെള്ളത്തിൻെറയോ വ്യവസായങ്ങൾ തഴച്ചുവളർന്നതിൻെറ ഫലമായുണ്ടാവുന്ന മലിന ജലത്തിൻെറയോ പ്രശ്നങ്ങൾ നെല്ലായ പഞ്ചായത്തിലില്ല.

പഞ്ചായത്തിലെ 85% ജനങ്ങളും കുടിവെള്ളത്തിന് സ്വകാര്യ കിണറുകളെയാണ് ആശ്രയിക്കുന്നത്. സ്വകാര്യ കിണറുകൾക്കു പുറമേ നാമമാത്രമായ പൊതുകിണറുകളുണ്ടെങ്കിലും ഫലപ്രദമായി ഉപയോഗിക്കാൻ പറ്റുന്ന തുലോം തുച്ഛമാണ്. കുടിവെള്ള ക്ഷാമം നേരിടുവാൻ ഇപ്പോൾ കൂടുതലായും നാം കുഴൽ കിണറുകളെയാണല്ലോ ആശ്രയിക്കുന്നത്. ശാസ്ത്രീയമായി ജലസ്രോതസ്സുകൾ കണ്ടെത്തുകയും ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ആവശ്യമായ സ്ഥലങ്ങളിൽ കുഴൽകിണറുകൾ നിർമ്മിക്കുകയും അനുബന്ധമായി ഓവർ ഹെഡ് ടാങ്കുകൾ നിർമ്മിക്കുകയും ചെയ്താൽ ഒരു പരിധി വരെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുവാൻ സാധിക്കും.

പഞ്ചായത്തിലെ 50% ജനങ്ങളും ശുദ്ധജലക്ഷാമം നേരിടുന്നവരാണ്. കടുത്ത വേനൽ ഇരക്കാരുടെ എണ്ണം ക്രമാതീതമായി വർദ്ധിപ്പിക്കും. ശരാശരി വർഷപാതം ഈ പഞ്ചായത്തിൽ ആണ്. ദശാബ്ദങ്ങളായി വർഷപാതത്തിൻെറ അളവിലും കുറവനുഭവപ്പെടുന്നു. പ്രത്യേകിച്ച് കഴിഞ്ഞരണ്ടുവർഷമായി വർഷപാതത്തിൽ വലിയ കുറവനുഭവിക്കപ്പെട്ടിട്ടുണ്ട്. വർഷപാതത്തിലുള്ള ഏറ്റകുറച്ചിലുകൾ കൃഷിയെപ്പോലെ തന്നെ ശുദ്ധജല ലഭ്യതയെയും ബാധിക്കുന്നു.

പഴമക്കാരുടെ അഭിപ്രായത്തിൽ വർഷപാതത്തിലെ കുറവുമാത്രമല്ല മണ്ണൊലിപ്പും വന നശീകരണവും, റബ്ബർ എസ്റ്റേറ്റുകളുടെ വർദ്ധനവും ഭൂഗർഭജല ചൂഷണവും, മഴവെള്ളം പഴാക്കിവിടുന്നതും ജല ലഭ്യതയെ പ്രതികൂലമായി ബാധിക്കുന്നു എന്നതാണ്. പഴയ പൊതുവായതും, സ്വകാര്യമായതും ആയ കുളങ്ങളും കിണറുകളും വേണ്ട രീതിയിൽ പരിപാലിക്കാത്തത് മറ്റൊരു കാരണമായി പറയാവുന്നതാണ്.

## പ്രകൃതി സ്രോതസ്സുകൾ

പഞ്ചായത്തിലെ ഒന്ന്,രണ്ട് എന്നീ വാർഡുകളുടെ അതിർത്തിയിലൂടെ ഒഴുകുന്ന തൂതപുഴ കടുത്ത വേനൽക്കാലത്തു പോലും സാമാന്യം ശക്തമായ നീരൊഴുക്കുള്ളതാണ്. പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ ശുദ്ധജലം ലഭിക്കുവാൻ ഈ പുഴ ഉപയോഗപ്പെടുത്തുകയാണെങ്കിൽ ധാരാളം മതിയാകുന്നതാണ്. ഇതിനു പുറമെ പ്രകൃതി കനിഞ്ഞു നൽകിയ വീട്ടിക്കാടൻ കുന്നിൻ ചെരിവിൽ നിന്നുള്ള രണ്ടു ചോലകളും, അതേകുന്നിൻ ചെരിവിൽ നിന്നുള്ള അഞ്ചാം വാർഡിലെ കീഴാടചോലയും ശുദ്ധജലം ലഭിക്കുന്നവയാണ്. പഞ്ചായത്തിലെ തന്നെ ആറാം വാർഡിലും, ഒമ്പതാം വാർഡിലും, പതിനൊന്നാം വാർഡിലും ശുദ്ധജല ചോലകളുണ്ട്. ചോലകൾ മുഴുവനും വർഷം മുഴുവനും ജലം ലഭിക്കുന്നവയല്ലെങ്കിലും വേണ്ട വിധം ഉപയോഗപ്പെടുത്തി നല്ലൊരു ശുദ്ധജല മാനേജ്മെൻെറുണ്ടെങ്കിൽ ശുദ്ധജലക്ഷാമം പഞ്ചായത്തിൽ ഏറെ കുറെ പരിഹരിക്കാവുന്നതാണ്. 'വെള്ളം, വെള്ളം സർവ്വത്ര തുള്ളി കുടിക്കാനില്ലെങ്ങും' എന്ന വാക്ക് അന്വർത്ഥമാക്കുന്ന വിധത്തിലാണ് ഈ പഞ്ചായത്തിലെ ഇന്നത്തെ അവസ്ഥ. നിലവിലുള്ള പദ്ധതികൾ ശുദ്ധജല വിതരണം മാത്രം ലക്ഷ്യമായി പ്രവർത്തിക്കുന്ന ഒരു പദ്ധതിയേ പഞ്ചായത്തിനുള്ളൂ. 1985 ൽ പൊട്ടച്ചിറയിൽ നിർമ്മിച്ച ഒരു കുഴൽ കിണർ ഉപയോഗിച്ച് നടത്തി വരുന്ന ഒരു ചെറിയ ശുദ്ധജല വിതരണ പദ്ധതിയാണിത്. മണിക്കൂറിൽ 50,000 ലിറ്റർ ശേഷിയുള്ള കുഴൽകിണറിൽ നിന്നും 16 കുതിര ശക്തിയുള്ള പമ്പുസെറ്റ് ഉപയോഗിച്ച് ദിനം പ്രതി രണ്ടു ഷിഫ്റ്റ് പമ്പ് ചെയ്ത് ജലവിതരണം നടത്തിവരുന്നു. വേനൽക്കാലത്ത് രാവിലെ മുതൽ വൈകുന്നേരം വരെ ഇടവിട്ട് ശുദ്ധജലം പമ്പു ചെയ്തുവരുന്നു. 4,000 ലിറ്റർ സംഭരണശേഷിയുള്ള ഒരു ചെറിയ സ്റ്റീൽ ടാങ്ക് ബാലൻസിംഗ് റിസർവോയർ ആയിട്ടാണ് പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത പദ്ധതിയിൽ 50 മി

ല്ലി മീറ്റർ 140 മില്ലിമീറ്റർ വരെ വ്യത്യാസമുള്ള 14 കി.മീറ്റർ പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. 58 പൊതു ടാപ്പിലൂടെ ഒന്നര ലക്ഷം ലിറ്റർ ശുദ്ധജലം വിതരണം ചെയ്തു വരുന്നു. ഉദ്ദേശം ആറായിരം ജനങ്ങൾക്ക് ഉപകാര പ്രദമാണ് ഈ പദ്ധതി. സ്വകാര്യ ആവശ്യങ്ങൾക്ക് വീടുകൾക്ക് ജലവിതരണം ചെയ്യുവാനും, ഹൗസ് കണക്ഷൻ കൊടുക്കുവാനും പഞ്ചായത്തിന് താല്പര്യമുണ്ടെങ്കിലും സാമ്പത്തികം ഒരു പ്രശ്നമായി അവശേഷിക്കുന്നു. ശുദ്ധജല വിതരണത്തിനായി പ്രവർത്തിക്കുന്ന പദ്ധതിയല്ലെങ്കിലും ഒന്നാം വാർഡിൽ മുഴുവനായും, രണ്ട്, മൂന്ന് വാർഡുകളിൽ ഭാഗികമായും ജലസേചനം നടത്താൻ വേണ്ടി സ്ഥാപിക്കപ്പെട്ട നെടുങ്കയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും പഞ്ചായത്തിലുണ്ട്. മേൽ പറഞ്ഞ വാർഡുകളിലെ കുളങ്ങളും, കിണറുകളും വേനൽക്കാലത്ത് വറ്റാതെ ഈ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കപ്പെടാൻ ഈ പദ്ധതി സഹായകമാവുന്നുണ്ട്.

## പ്രശ്നങ്ങൾ

- ശുദ്ധ ജലവിതരണം സർക്കാർമാത്രം ചെയ്തു തരേണ്ട ഒരു പദ്ധതിയാണെന്ന് ജനങ്ങൾ കരുതുന്നു
- വനനശീകരണം, ചരിവുഭൂമി സംരക്ഷിക്കാതിരിക്കൽ, പാറപ്പൊട്ടിച്ചും മറ്റും സ്വാഭാവിക ചോലകൾ നശിപ്പിക്കൽ, ഭൂഗർഭ ജല ചൂഷണത്തിലെ വിവേചനരാഹിത്യം.
- ശുദ്ധജല ദുരുപയോഗം.
- പൈപ്പുവെള്ളം മാത്രമേ ശുദ്ധജല പ്രശ്നത്തിന് പരിഹാരമുള്ളൂ എന്ന തോന്നൽ

## സാധ്യതകൾ

- കോളനികളെ കേന്ദ്രീകരിച്ച് വളരെ ചെറിയ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിൽ വരുത്തുക.
- ചോലകളിൽ ബണ്ടുകെട്ടിയും, കിണറുകളും, കുളങ്ങളും യഥാവിധി സംക്ഷിച്ചും, വനവൽക്കരണം നടത്തിയും, ഭൂമിയുടെ സംഭരണശേഷി വർദ്ധിപ്പിക്കൽ
- താരതമ്യേന ചിലവുകുറഞ്ഞ തുറന്ന കിണറുകൾ സാധ്യതയുള്ളിടത്തൊക്കെ നിർമ്മിക്കൽ.
- തൂത പുഴയിലെ ജലം പമ്പു ചെയ്ത് കൂടത്തൊട്ടി കുന്നിന്മേൽ ജല സംഭരണി നിർമ്മിച്ച് 1,2,3,5 വാർഡുകളിൽ വെള്ളമെത്തിക്കുക.
- പൊട്ടച്ചിറ കുഴൽക്കിണറിന്റെ ശേഷി വർദ്ധിപ്പിക്കുകയും, മലയിൽ സംഭരണി നിർമ്മിച്ച് 7,8,9,10,11 എന്നീ വാർഡുകളിൽ ശുദ്ധജലം എത്തിക്കാവുന്നതാണ്.
- കീഴാട മേലേചോല എന്ന സ്ഥലത്ത് ഒരു ബണ്ട് നിർമ്മിച്ച് വെള്ളം സംഭരിച്ച് മോട്ടോർ സഹായമില്ലാതെ പൈപ്പ് ലൈനിട്ട് നാല് ടാപ്പ് സ്ഥാപിക്കുകയാണെങ്കിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെയുന്ന ഈ പ്രദേശത്തെ 25 കുടുംബങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നതിന് സഹായകമാകും.
- പൊമ്പിലായ പ്രദേശത്തെ പൈങ്കിളി കുളം പുനരുദ്ധാരണം ചെയ്ത് പരിസരത്ത് ടാങ്ക് നിർമ്മിച്ച് വെള്ളം സംഭരിച്ച് പൈപ്പ് ലൈൻ വഴി ഈ പ്രദേശത്തെ 200 കുടുംബങ്ങൾക്ക് ശുദ്ധജലമെത്തിക്കാൻ സാധിക്കും.
- പൊട്ടിയക്കര കാളൻകുന്ന് ചരിവിൽ ബണ്ട് കെട്ടി വെള്ളം സംഭരിക്കുക. നെല്ലായ, കുലുക്കല്ലൂർ എന്നീ പഞ്ചായത്തുകൾക്കുവേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ ഇൻവെസ്റ്റി ഗേഷൻ വിഭാഗം നെതർലൻറ് സർക്കാറിൻെറ ധനസഹായത്തോടുകൂടി നടത്തേണ്ട ഒരു പദ്ധതി സർവ്വേ പൂർത്തീകരിച്ച് സമർപ്പിച്ചിട്ടുണ്ട്. ആയത് നടപ്പിൽ വരികയാണെങ്കിൽ ഈ പഞ്ചായത്തിൻെറ ശുദ്ധജല ക്ഷാമത്തിന് ശാശ്വത പരിഹാരമാകും. ഇതിൽപെട്ടതല്ലെങ്കിലും നെടുങ്കയം ലിഫ്റ്റ് ഇറിഗേഷൻ ജലസേചന പരിധി വർദ്ധിപ്പിച്ച് ജലസേചനം വിപുലപ്പെടുത്തുന്നത് ശുദ്ധജല പ്രശ്നത്തിന് പരിഹാരമാകും.
- കുലുക്കല്ലൂർ പഞ്ചായത്തിലെ ആനക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രാബല്യമാകുന്നതോടെ 11,2 വാർഡുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കപ്പെടും. ജലത്തിൻെറ മൂല്യമറിയാതെ ശുദ്ധജലം ഗാർഹികേതര ആവശ്യത്തനുപയോഗിക്കുന്നത് തടയുന്നതിന് ബോധപൂർവ്വമായ ശ്രമങ്ങളുണ്ടാകുന്നതും ആശാസ്യമാണ്.
- നിലവിലുള്ള പൊട്ടച്ചിറ ട്യൂബ് വെല്ലിൽ നിന്നും ഉള്ള പൈപ്പ് ലൈൻ ഇരുമ്പാലശ്ശേരിയിൽ നിന്നും മാവുണ്ടിവരെ എത്തിച്ചാൽ 5,3,1 വാർഡുകളിലെ ജനങ്ങൾക്ക് ശുദ്ധജലക്ഷാമത്തിന് പരിഹാരമാവും. മറ്റ് അത്യവശ്യ സ്ഥലങ്ങളിലേക്കും ഈ പൈപ്പ് ലൈൻ നീട്ടാവുന്നതാണ്.

- ENUP സ്കൂൾ വരെ നിലവിലുള്ള പൈപ്പ് ലൈൻ നീട്ടുക. ഇരിമ്പാലശ്ശേരി AMLPസ്ക്കൂൾ, ഭാരത LPസ്ക്കൂൾ, ഇരിമ്പാലശ്ശേരി UP സ്ക്കൂൾ എന്നിവിടങ്ങളിലേക്ക് നിലവിലുള്ള പൈപ്പ് ലൈൻ നീട്ടുക.
- 11-ാം വാർഡിൽ മേലേതിൽ പടിയിലും, വടിക്കിനി തൊടി കോളനിയിലും കരുവനൂർ പടി കോളനിയിലും പൊട്ടിയക്കര കോളനിയിലും ഓരോ കുഴൽ കിണർ കുഴിക്കുകയും മോട്ടോർവെച്ച് ടാങ്കിൽ വെള്ളം സംഭരിച്ച് പരിസരവാസികൾക്ക് ശുദ്ധജലം എത്തിക്കുക. അങ്ങാടികോളനിയിൽ ഒരു ഓപ്പൺ കിണർ നിർമ്മിക്കുക.
- 5-ാം വാർഡിലെ പന്താരി പറമ്പ് ഹരിജൻ കോളനിയിൽ കുഴൽകിണർ നിർമ്മിക്കുകയും അതിൽ നിന്ന് മോട്ടോർ വഴി ടാങ്കിൽ വെള്ളം സംഭരിച്ച് ഹരിജൻ കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിക്കുക. ഇതുപോലെ കുഴിപ്പുറം ഭാഗത്തും നടത്താവുന്നതാണ്.
- 5-ാം വാർഡിലെ വടക്കേകര ഭാഗത്തും നായര് പറമ്പ് ഹരിജൻ കോളനിയിലും പൊയ്ത്തമ്മൽ ഭാഗത്തും നന്നാരി ഭാഗത്തും പൊണോത്ത് ഭാഗത്തും പോത്തേങ്ങൽ ഭാഗത്തും കുഴൽ കിണറുകൾ നിർമ്മിക്കുക.
- 5-ാം വാർഡിലെ പറപ്പതൊടി ഭാഗത്തും നായര് പറമ്പ് കോളനിയിലും നന്നാരി ഭാഗത്തും ഓരോ ഓപ്പൺ കിണർ കുഴിക്കുക.
- 7-ാം വാർഡിലെ മുണ്ടൻ കാട് കയറ്റത്തിൽ പരീകുട്ടിയുടെ വീടിനടുത്തായും കിഴക്കേകര അംഗൻ വാടിക്കു സമീത്തായി ഹരിജൻ കോളനിയിലും, കിഴക്കേകര മഞ്ഞളിങ്ങൽ പടി മദ്രസ്സക്കു സമീപവും, പൊമ്പിലായ നെച്ചിപുറത്ത് വീടിനു സമീപവും(കിഴക്കേതിൽ പടി), കിഴക്കേകര ഇട്ട്യേം കുന്ന് പറമ്പ് ആശാരി രാമന്റെ സമീപവും, അരങ്ങത്ത്ക്കുണ്ട് പള്ളിക്കു സമീപവും, മോളൂർ അത്താണിപ്പാറ പള്ളിക്കു സമീപവും.
- 7-ാം വാർഡിൽ കല്ലിടുമ്പിൽ വീരാൻകുട്ടി വാഗ്ദാനം ചെയ്ത സ്ഥലത്തും, അരങ്ങത്തുക്കുണ്ട് ചോലപ്പാറയ്ക്കു സമീപവും, കിഴക്കേകര കോരഞ്ചിറ കുഞ്ഞു മുഹമ്മിദിന്റെ വീടിനു സമീപവും ഓരോ ഓപ്പൺ കിണർ കുഴിക്കുക.
- അരങ്ങത്തുക്കുണ്ട് ചോലപ്പാറയ്ക്കു സമീപം കുഴൽകിണർ നിർമ്മിച്ച് ടാങ്ക് കെട്ടി വെള്ളം സംഭരിച്ച് പൈപ്പു ലൈനിട്ട് പൊതുടാപ്പുകൾ നിർമ്മിക്കുക.
- ചൂരക്കപ്പറ്റ റോഡിൽ മംഗലശ്ശേരി ആണിക്കല്ല് ഹംസയുടെ വീടിനുമുന്നിൽ ഒരു കുഴൽ കിണർ നിർമ്മിക്കുക..
- മാരായമംഗലം ലക്ഷം വീട് കോളനിയിൽ കഴൽ കിണർ നിർമ്മിച്ച് മോട്ടോർ വെച്ച് കള്ളിയത്ത് ചേരിയിൽ ശുദ്ധജലം എത്തിക്കുക
- തച്ചങ്ങാട് എൽ.പി. സ്ക്കൂൾ പരിസരത്തും, അരീക്കൽ പടിയിലും, നരികുറ്റിയിലും, പനംകുറ്റിയിലും, മുള്ളക്കൽ കോളനിയിലും, എടമന തൊടിയിലും, കല്ലുപാലം പരിസരത്തും കുഴൽ കിണർ നിർമ്മിക്കുക.
- മാരായമംഗലം കിഴക്കേചോല റിപ്പയർ ചെയ്ത് ടാങ്ക് നിർമ്മിച്ച് പരിസരത്ത് വീടുകളിലേക്ക് വെള്ളം എത്തിക്കുക.
- വാലിപ്പറമ്പ് ഹരിജൻ കോളനി, കയ്യാകുന്ന് ഹരിജൻ കോളനി, മാവുണ്ടിരി ആംഗൻവാടി, ചരലിൽ, മച്ചിങ്ങചാള ഹരിജൻ കോളനി, കുറത്തിപാറ എന്നീ സ്ഥലത്ത് കുഴൽ കിണർ നിർമ്മിക്കുക.
- ശുദ്ധജല ലഭ്യതയ്ക്ക് അടിയന്തിരമായി ഏറ്റെടുത്തു നടത്തേണ്ട പ്രവർത്തികളുടെ മുൻഗണനാ ക്രമത്തിലുള്ള പേരു വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു..
- മാരായമംഗലം ലക്ഷം വീട് കോളനി പരിസരത്ത കുഴൽ കിണർ മിർമ്മിച്ച് ടാങ്കിൽ വെള്ളം സംഭരിച്ച് പൈപ്പ് ലൈൻ വഴി പരിസര കുടുംബങ്ങളിൽ ശുദ്ധജലം എത്തിക്കുക.
- പന്താരി പറമ്പ് ഹരിജൻ കോളനിയിൽ കുഴൽ കിണർ നിർമ്മിച്ച് ടാങ്ക് നിർമ്മിച്ച് മോട്ടോർ വഴി വെള്ളം സംഭരിച്ച് പൈപ്പ് ലൈൻ വഴി 20 ഹരിജൻ കുടുംബങ്ങൾക്കും 15 മറ്റുള്ള കുടുംബങ്ങൾക്കതും വെള്ളം എത്തിക്കുക.
- അരങ്ങത്ത് കുണ്ട് ചോലപാറയിൽ കുഴൽ കിണർ കുഴിച്ചോ, ഓപ്പൺ കിണർ കുഴിച്ചോ, മോട്ടോർ വഴി ടാങ്കിൽ വെള്ളം എത്തിച്ച് പൈപ്പ് ലൈൻ വഴി 50 കുടുംബങ്ങൾക്ക് വെള്ളം എത്തിക്കുക.
- കീഴാട മേലേ ചോലയിൽ നിന്നും മോട്ടോർ

സഹായമില്ലാതെ പൈപ്പ് ലൈൻ വഴി ഹരിജനങ്ങളടക്കം 25 പേർക്ക് ശുദ്ധ ജലമെത്തിക്കുക.

- 11.ാം വാർഡിലെ മേലേതിപടി വടിക്കിണി തൊടി കോളനി, കരവന്തൂർ പടി കോളനി എന്നിവടങ്ങളിൽ കുഴൽ കിണർ നിർമ്മിച്ച് പൈപ്പ് ലൈൻ വഴി പരിസര കുടുംബങ്ങളങ്ങളിൽ ശുദ്ധജലമെത്തിക്കുക..
- പൈങ്കുള്ളി കുളം റിപ്പയർ ചെയ്ത് പരിസരത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ വഴി 100 കുടുംബങ്ങൾക്ക് ശുദ്ധജലമെത്തിക്കുക.
- തൂതപുഴയിലെ ജലം പമ്പു ചെയ്ത് കൂടതൊടി കുന്നിന്മേൽ ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ വഴി 1,2,,3,5 വാർഡുകളിൽ ശുദ്ധജലമെത്തിക്കുക.
- മലയിൽ ടാങ്ക് നിർമ്മിച്ച് പൊട്ടച്ചിറ ട്യൂബ് വെല്ലിൽ നിന്ന് ജലം സംഭരിച്ച് 7,89,10,11 എന്നീ വാർഡുകളിലേക്ക് ശുദ്ധജലം എത്തിക്കുക.
- ഇരുമ്പാലശ്ശേരി വരെ എത്തി നിൽക്കുന്ന പൈപ്പ് ലൈൻ മാവുണ്ടിരിവരെ എത്തിക്കുക.
- എഴുവന്തല യു.പി.സ്ക്കൂൾ, ഇരുമ്പാലശ്ശേരി എ.എം.എൽ സ്ക്കൂൾ എന്നിവടങ്ങളിലേക്കും നന്നാരിഭാഗത്തേക്കും ശുദ്ദജലമെത്തിക്കുക.

## കുഴൽ കിണറുകൾ

- ചൂരിക്കാപ്പറ്റ റോഡിൽ മംഗലശ്ശേരി ആണിക്കല്ല് ഹംസയുടെ വീടിനടുത്തായി കുഴൽ കിണർ നിർമ്മിക്കുക.
- മുണ്ടൻകാട് കയറ്റത്തിൽ പരീകുട്ടിയുടെ വീടിനടുത്തായി കുഴൽ കിണർ നിർമ്മിക്കക.
- നായര് പറമ്പ് കോളനിയിൽ കുഴൽ കിണർ നിർമ്മിക്കുക.
- കരുവണ്ണൂർ പടി വടിക്കിനിതൊടി ഹരിജൻ കോളനിയിൽ കുഴൽ കിണർ നിർമ്മിക്കുക
- തച്ചങ്ങാട് എൽ.പി.സ്ക്കൂൾ പരിസരത്ത് കുഴൽ കിണർ നിർമ്മിക്കുക
- കുറത്തി പാറയിൽ കുഴൽ കിണർ നിർമ്മിക്കുക
- അത്താണി പാറ മദ്രസ പരിസരത്ത് കുഴൽ കിണർ നിർമ്മിക്കുക
- പനം കുറ്റിയിൽ കുഴൽ കിണർ നിർമ്മിക്കുക
- ചരലിൽ ഒരു കുഴൽ കിണർ നിർമ്മിക്കുക
- മാവുണ്ടിരി അംഗൻ വാടിയിൽ കുഴൽ കിണർ നിർമ്മിക്കുക
- പറപ്പതൊടി ഭാഗത്ത് കുഴൽ കിണർ നിർമ്മിക്കുക
- അങ്ങാടി കോളനിയിൽ കുഴൽ കിണർ നിർമ്മിക്കുക
- കാരക്കട നായടി കോളനിയിൽ കുഴൽ കിണർ നിർമ്മിക്കുക
- അരങ്ങത്തു കുണ്ട് പള്ളിക്കു സമീപം കുഴൽ കിണർ നിർമ്മിക്കുക
- അരീക്കൽ പടിയിൽ കുഴൽ കിണർ നിർമ്മിക്കുക
- പൊമ്പിലായ നെച്ചിപുറത്ത് കിഴക്കേതിൽ പടി പരിസരത്ത് കുഴൽ കിണർ നിർമ്മിക്കുക
- പോട്ടിയക്കര ഭാഗത്ത് കുഴൽ കിണർ നിർമ്മിക്കുക
- വാലിപ്പറമ്പ് ഹരിജൻ കോളനിയിൽ കുഴൽ കിണർ നിർമ്മിക്കുക
- ഇരുമ്പാലശ്ശേരി എ.എം.എൽ.പി സ്ക്കൂൾ പരിസരത്ത് കുഴൽ കിണർ നിർമ്മിക്കുക
- മച്ചിങഹ്ങൽ ചാളയിൽ കുഴൽ കിണർ നിർമ്മിക്കുക
- കിഴക്കേക്കര ഇട്ട്യേൻ കുന്ന് ആശാരി രാമൻെറ വീടിൻെറ പരിസരത്ത് കുഴൽ കിണർ നിർമ്മിക്കുക
- മേലേതിൽ പടി ലക്ഷം വീട് കോളനിയിൽ കുഴൽ കിണർ നിർമ്മിക്കുക
- പോത്തേങ്ങൽ അലവികുട്ടിയുടെ വീടിന് സമീപത്ത് കുഴൽ കിണർ നിർമ്മിക്കുക
- തവള പടി അരങ്ങത്തു കുണ്ട് റോഡ് ആരംഭിക്കുന്ന ഭാഗത്തും കുഴൽ കിണർ നിർമ്മിക്കുക

## ഓപ്പൺ കിണർ

- കല്ലിടുമ്പിൽ വീരാൻ കുട്ടി വാഗ്ദാനം ചെയ്ത സ്ഥലത്ത് കിണർ കുഴിക്കുക.
- കിഴക്കേ ചോലയിൽ കിണർ കുഴിക്കുക.
- ഇരുമ്പാലശ്ശേരി വടക്കേകര ഭാഗത്ത് കിണർ കുഴിക്കുക.

- കറുപ്പതൊടി ഭാഗത്ത് കിണർ കുഴിക്കുക
- കിഴക്കേകര കോരംചിറ കുഞ്ഞു മുഹമ്മദിന്റെ വീടിനടുത്തായി കിണർ കുഴിക്കുക.
- അരങ്ങത്തു കുണ്ട് ചോലപാറയക്ക് സമീപം കിണർ കുഴിക്കുക.
- പന്താരിപ്പറമ്പ് ഹരിജൻ കോളനിയിൽ ഉള്ള രണ്ടു പഞ്ചായത്തു കിണറും റിപ്പയർ ചെയ്യുക.
- കിഴക്കും പറമ്പിൽ പഞ്ചായത്ത കിണർ റിപ്പയർ ചെയ്യുക.
- പൊമ്പിലായ മുളയൻകാവ് ഭഗവതി ക്ഷേത്രത്തിനടുത്തുള്ള പഞ്ചായത്ത് കിണർ റിപ്പയർ ചെയ്യുക.
- പേരലിൽ പടി പഞ്ചായത്ത് കിണർ റിപ്പയർ ചെയ്യുക.
- മഞ്ചക്കൽ ലക്ഷം വീട് പഞ്ചായത്ത് കിണർ റിപ്പയർ ചെയ്യുക.
- മോളൂർ ബീവി പടി റോഡിലുള്ള പഞ്ചായത്തു കിണർ റിപ്പയർ ചെയ്യുക.

# ആരോഗ്യം

രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന നമ്മുടെ പ്രതീക്ഷ സഫലമാവാൻ അടിയന്തിരമായ ഒരു ആരോഗ്യ പദ്ധതി പഞ്ചായത്തിൽ രൂപം കൊടുക്കേണ്ടിയിരിക്കുന്നു. ആരോഗ്യമെന്നത് ലോകാരോഗ്യ സംഘടയുടെ നിർവചനമനുസരിച്ച് പൂർണ്ണ ശാരീരിക മാനസിക സാമൂഹിക സുഖാവസ്ഥയെന്നതാണ്. അല്ലാതെ രോഗം ഇല്ലാത്ത അവസ്ഥയല്ലെന്നാണ്. എന്നാൽ സാധാരണ ജനങ്ങളുടെ അഭിപ്രായത്തിൽ രോഗമില്ലാത്ത അവസ്ഥയാണ് ആരോഗ്യം. ഈ ധാരണ മാറ്റിയെടുക്കേണ്ടത് അനിവാര്യമാണ്. ആരോഗ്യം ജീവിതരീതിയുമായി ബന്ധപ്പെട്ടതാണ്. ആരോഗ്യത്തെ കുറിച്ചുള്ള ധാരണ മാറ്റങ്ങൾക്ക് വിധേയവുമാണ്. വർത്തമാനത്തേയും, ഭാവിയേയും നേരിടാനുള്ള പ്രാപ്തി വ്യക്തിക്കും, സമൂഹത്തിനും ഉണ്ടാക്കികൊടുക്കലാണ് ആരോഗ്യത്തെ സംബന്ധിച്ച് അടിയന്തിരമായി ചെയ്യേണ്ടത്

## ചരിത്രം

അര നൂറ്റാണ്ടുകൾക്കു മുമ്പുവരെ പഞ്ചായത്തിലെ ആരോഗ്യ രംഗം അടക്കിവാണിരുന്നത് മന്ത്രവാദികളും, പാട വൈദ്യന്മാരും, സിദ്ധാന്മാരുമൊക്കെയാണ്. ജപിച്ചൂതുക, ചരട്ടകെട്ടുക, മന്ത്രിച്ച വെള്ളം കുടിപ്പിക്കുക തുടങ്ങിയ ചികിത്സാരീതികൾ നല്ല പ്രചാരത്തിലുണ്ടായിരുന്നു. പിൽക്കാലത്ത് പൊട്ടച്ചിറയിലും നെല്ലായയിലും, മാരായമംഗലത്തും ഇരുമ്പാലശ്ശേരിയിലും പാരമ്പര്യ ആയുർവേദ വൈദ്യന്മാരുടെ സേവനം ലഭിച്ചുതുടങ്ങി. ഇതിൽ മാരായ മംഗലം അവിഞ്ഞ് കാട്ട് വിഷ വൈദ്യന്മാരുടെ, ഇരുമ്പാലശ്ശേരി മേലേതിൽ ശിശു വൈദ്യനും മാരായ മംഗലം ആന്ത്രംകുന്നത്തെ ശിശു വൈദ്യനും പഞ്ചായത്തിനു പുറത്തും അറിയപ്പെട്ടിരുന്നവരാണ്. കൂടാതെ പൊമ്പിലായ പൂവത്തിങ്കൽ വൈദ്യന്മാരും, മാരായമംഗലം 'ഖാസി' കുടുംബവും വിഷവൈദ്യ രംഗത്ത് പ്രഗത്ഭന്മാരായിരുന്നു. ഇരുമ്പാലശ്ശേരി പന്താരിയിൽ വൈദ്യൻ, പൊമ്പിലായ കോരഞ്ചിറ വൈദ്യൻ എന്നിവർ മൃഗരോഗ വിദഗ്ദ്ധന്മാരായിരുന്നു. അതോടൊപ്പം നെല്ലായ വാരിയത്ത് മാസത്തിലൊരിക്കലോ മറ്റോ വരുന്ന അപ്പോത്തിക്കിരിയുമുണ്ടായിരുന്നു.

ആധുനിക ചികിത്സാ ശാസ്ത്രത്തിന്റെ അസൂയവാഹമായ വളർച്ച ഉണ്ടായിട്ടും, ചികിത്സാ സൗകര്യങ്ങൾ മെച്ചപെട്ടിട്ടും ഇപ്പോഴും അന്ധവിശ്വാസത്തിന്റെ പുരകെ മന്ത്രവാദത്തിനും, ജപിച്ചുതിയ വെള്ളത്തിനും തിരക്കു കുറഞ്ഞിട്ടൊന്നുമില്ല. ഇപ്പോൾ പഞ്ചായത്തിൽ പൊട്ടച്ചിറ, പേങ്ങാട്ടിരി (2), നെല്ലായ (3), കെ.ടി. പടി, മാവുണ്ടരി, തച്ചങ്ങാട്ട് എന്നിവിടങ്ങളിൽ ഒരോന്നും അവിടങ്ങളിൽ ചികിത്സയും ഉണ്ട്. പേങ്ങാട്ടിരിയിൽ ഒരു ഇംഗ്ലീഷ് മരുന്നു ഷാപ്പും പ്രവർത്തിച്ചുവരുന്നു. വിദഗ്ദരും, അവിദഗ്ദരും ഈ മേഖലയിൽ ചികിത്സ ചെയ്തു വരുന്നു. ഇതിനു പുറമേ സർക്കാർ ഉടമസ്ഥതയിലുള്ള ഒരു പ്രാഥമികാരോഗ്യ കേന്ദ്രം മാരായ മംഗലത്തും, സ്വകാര്യ ഉടമയിൽ പേങ്ങാട്ടിരിയിലെ സന്തോഷ് ക്ലീനിക്കും, അലോപ്പതി രംഗത്ത് സേവനം ചെയ്യുന്നു. ഹോമിയോ, യുനാനി ചികിത്സ പഞ്ചായത്തിൽ പ്രചാരത്തിലില്ല. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന 5 സബ് സെൻററുകളും പഞ്ചായത്തിലുണ്ട്. നിലവിലുള്ള പഞ്ചായത്ത് ഡിസ്പെൻസറി പതിനഞ്ചു വർഷം മുമ്പ് അന്നത്തെ പൊതുമരാമത്ത് വകുപ്പു മന്ത്രി പി.എം. അബൂബക്കർ തറക്കല്ലിട്ടെങ്കിലും സാങ്കേതിക കാരണങ്ങളാൽ ഇക്കഴിഞ്ഞ വർഷമാണ് അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രി ബഹു; സി.ടി. അഹമ്മദലി പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തത്.

ഈ സ്ഥാപനങ്ങളൊക്കെയുണ്ടെങ്കിലും ഡോക്ടർമാരുടെയും, വിദഗ്ദ ഡോക്ടർമാരുടെയും അഭാവം മൂലവും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളുടെ കുറവുമൂലം ജനങ്ങൾ ചികിത്സക്കായി അയൽ പഞ്ചായത്തിലെ സ്വകാര്യ ആശുപത്രികളെയും, ഒറ്റപ്പാലം താലൂക്ക് ആശുപത്രയേയും ആശ്രയിക്കേണ്ടി വരുന്നു.

പകർച്ചവ്യാധികളൊന്നും തന്നെ ഭീതി ജനകമായ രീതിയിൽ അടുത്ത കാലത്തൊന്നും പഞ്ചായത്തിലുണ്ടായിട്ടില്ല. പഞ്ചായത്തിലെ ജനങ്ങൾ കുട്ടികൾക്കുള്ള പ്രതിരോധമരുന്നുകൾ യഥാവസരങ്ങളിൽ നൽകുന്നതുകൊണ്ട് കുട്ടികൾക്കുണ്ടാകുന്ന രോഗങ്ങൾ തുലോം കുറവാണ്.

## പ്രശ്നങ്ങൾ

- പ്രാഥമികാരോഗ്യ കേന്ദ്രം പഞ്ചായത്തിൻെറ പടിഞ്ഞാറെ അറ്റമായ മാരായമംഗലത്തു സ്ഥിതി ചെയ്യുന്നതു കാരണം പഞ്ചായത്തിലെ വളരെ കുറച്ചു പേർക്കുമാത്രമേ ഇത് ഉപയോഗപ്രദമാകുന്നുള്ളു. ബാലാരിഷ്ടതകൾ മാറിയിട്ടുണ്ടെങ്കിലും ആശുപത്രി പ്രവർത്തനം ഇനിയും വിപുലപ്പെടുത്തേണ്ടിയിരിക്കുന്നു. ആശുപത്രിയിലേക്കുള്ള റോഡിൻെറ സ്ഥിതി ശോചനീയമാണ്. ഡോക്ടർമാർക്കും കോട്ടേഴ്സും അനുബന്ധസൗകര്യങ്ങളും ആവശ്യമുണ്ടെന്ന കണ്ടതുണ്ട്. ഫണഞ്ഞയിലെ ഫീൽഡ് വർക്കർമാരുടെ സേവനത്തെ കുറിച്ച് ജനങ്ങൾ വേണ്ടത്ര ബോധവാൻമാരല്ല. തസ്തികകൾ ഇപ്പോയും ഒഴിഞ്ഞുകിടക്കുന്നുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അത്യാവശ്യം വേണ്ട ഫർണ്ണീച്ചർപോലും ഇല്ലാത്ത അവസ്ഥയാണ് ഇന്നും നിലവിലുള്ളത്.
- ശുചിത്വമില്ലായ്മ, ആരോഗ്യരംഗത്തെ വലിയൊരു പ്രശ്നമായി കാണണം. പ്രധാനമായും കക്കൂസുകൾ ഇല്ലാത്ത അവസ്ഥയിൽ നിന്നുള്ള മോചനം അടിയന്തിര പ്രാധാന്യം അർഹിക്കുന്നു. താഴ്ന്ന വരുമാനക്കാരുടെ ഇടയിലും, കോളനികളിലും ഇത് രൂക്ഷമായ പ്രശ്നമാണ്. സ്പെഷൽ ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നോക്കിയാൽ 850 കക്കൂസുകളും, 10 പൊതു കക്കൂസുകളും ആവശ്യമാണെന്ന് കാണുന്നുണ്ട്.
- കക്കൂസ് ആവശ്യമാണെന്ന് തോന്നുന്നവർക്ക് സാമ്പത്തിക സാധ്യത ഇല്ലാത്തതും വേറെ ഒരു വിഭാഗത്തിന് സ്ഥലം ഇല്ലാത്തതും പ്രശ്നമാണ്. പരിസരം ശുചിത്വം ഇല്ലായ്മ ആരോഗ്യരംഗത്തെ പ്രശ്നമാണ്. വ്യാവസായിക മലിനീകരണം ഇല്ല എങ്കിലും പൊതുവഴിയിലേക്കും റോഡിലേക്കും മലിനജലം ഒഴുക്കി വിടുന്നതും പൊതുസ്ഥലങ്ങളിൽ ചപ്പു ചവറുകൾ കുട്ടിയിടുന്നതിനും യാതൊരു മടിയും ഇല്ലാത്ത അവസ്ഥയുണ്ട്. വേണ്ടത്ര ഡ്രൈനേജ് ഇല്ലാത്ത കാരണം അഴുക്കുവെള്ളം ഒഴുകിപോവുന്നില്ല. കെട്ടിക്കിടക്കുന്ന അഴുകുവെള്ളത്തിൽ രോഗാണുക്കൾ പെറ്റു പെരുകി ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു.
- കശാപ്പിൻെറ ഭാഗമായി ഉണ്ടാവുന്ന അവശിഷ്ടങ്ങൾ യഥാവിധി സംസ്ക്കരിക്കാത്തത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. പേങ്ങാട്ടീരിയിലെ ചന്തപ്പുര അടക്കമുള്ള അറവുശാലകൾ ശരിയാം വണ്ണം പരിപാലിക്കാത്ത് ഭീഷണിയായിട്ടുണ്ട്.

## സാധ്യതകൾ

- നിലവിലുള്ള സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ടിയുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. മാരായമംഗലം പി.എച്ച്.സിയിൽ ഒരു സ്ഥിരം ഡോക്ടറെ നിയമിക്കുകയും, ക്വാർട്ടേഴ്സ് നിയമിച്ച് ഡോക്ടറുടെയും മറ്റു ജീവനക്കാരുടെയും സേവനം 24 മണിക്കൂറും ലഭ്യമാക്കുക. ആശുപത്രി കോമ്പോണ്ടിനുള്ളിലുള്ള ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുകയും ചെയ്യുക. ഒരു വാഹനം ലഭ്യമാക്കുകയും ഫീൽഡ് വർക്കർമാരുടെ സേവനം വിപുലമാക്കുകയും ചെയ്യുക. നിലവിലുള്ള തസ്തികകൾ നികത്തുക, ഒരു ഹെൽത്ത് ഇൻസ്പെക്ടറെയും, ലേഡി ഹെൽത്ത് ഇൻസ്പെക്ടറെയും, 2 ജെ.പി.സികളെയും നിയമിക്കുക. കെട്ടിടമില്ലാത്ത ഇരുമ്പാലശ്ശേരി, പുലാക്കാട്ട് ഹെൽത്ത് സെൻററുകൾക്ക് കെട്ടിടം നിർമ്മിക്കുകയും പേങ്ങാട്ടീരി സബ്സെൻറർ അറ്റകുറ്റപണി നടത്തി പ്രവർത്തനസജ്ജമാക്കുകയും ചെയ്യണം.

കാര്യക്ഷമത വർധിപ്പിക്കുന്നതോടൊപ്പം തന്നെ ആരോഗ്യപ്രശ്നങ്ങൾക്ക് ഫലപ്രദമായ, ദീർഘവീക്ഷണമുള്ള പല നിർദ്ദേശങ്ങളും ഗ്രാമസഭയിൽ നിന്നുണ്ടായി.

- കുളപ്പിട, വരണമംഗലം, മാരായമംഗലം, പട്ടിശ്ശീരി, ഇരുമ്പാലശ്ശേരി എന്നീ പ്രദേശങ്ങളെ കേന്ദ്രീകരിച്ച് ഇരുമ്പാലശ്ശേരിയിൽ ഒരു ആയുർവ്വേദാശുപത്രിയും, ബാക്കി സ്ഥലങ്ങളെ കേന്ദ്രീകരിച്ച് എഴുവന്തലയിൽ ഒരു ഹോമിയോ ആശുപത്രിയും സ്ഥാപിക്കണം. മാരായമംഗലത്തു തന്നെയുള്ള പി.എച്ച്.സിയിൽ ഏറ്റവും ചുരുങ്ങിയത് 10 കിടക്കയുള്ള ഒരു വാർഡ് പണിത് രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാക്കുക. ദീർഘകാല ചികിൽസ ആവശ്യമുള്ളവർക്ക് പ്രത്യേകിച്ചും താഴ്ന്ന വരുമാനകാർക്ക് ചികിത്സ ധനസഹായം അനുവദിക്കുക. മാരായമംഗലം പി.എച്ച്.സി കേന്ദ്രമാക്കി ഒരു ജനത മെഡിക്കൽ ഷോപ്പ് ആവശ്യമാണ്.
- എല്ലാ വാർഡുകളെയും കേന്ദ്രീകരിച്ച് സബ്സെ

ൻററുകൾ സ്ഥാപിക്കേണ്ടതുണ്ട്. ആരോഗ്യരംഗത്തെ ഭീഷണിയായ എയ്ഡ്സ് തുടങ്ങിയ മാറാവ്യാധികളെ നേരിടാൻ ശക്തമായ ബോധവൽക്കരണം അനിവാര്യമാണ്. മദ്യത്തിനും, മയക്കു മരുന്നിനും എതിരായി വ്യാപകമായ പ്രചരണം ആവശ്യമാണ്.

- ആരോഗ്യരംഗത്തുള്ള സ്വയം ചികിത്സ തികച്ചും അപകടകരമാണെന്ന് ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. ഇതിനു പുറമേ അഭികാമ്യങ്ങളായ ആരോഗ്യശീലങ്ങളും സ്വഭാവങ്ങളും വളർത്തിയെടുക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങളും നമ്മുടെ സമൂഹത്തിൽ വളർത്തിയെടുക്കേണ്ടതുണ്ട്.
- ആരോഗ്യ വകുപ്പിൽ അടിയന്തിരമായി നടത്തേണ്ട പ്രവർത്തനങ്ങളുടെ മുൻഗണന ക്രമത്തിലുള്ള പേരുവിവരം താഴെ ചേർക്കുന്നു.
- നിലവലുള്ള മാരായ മംഗലം ആശുപത്രിയിൽ പത്തു കിടക്കകളുള്ള ഒരു വാർഡും, കോർട്ടേഴ്സും നിർമ്മിക്കുക.
- ഇരുമ്പാലശ്ശേരിയിൽ ഒരു ആയുർവേദ ഡിസ്പൻസറി നിർമ്മിക്കുക.
- എഴുവന്തലയിൽ ഒരു അലോപ്പതി ആശുപത്രി സ്ഥാപിക്കുക.
- പൊമ്പിലായയിൽ വാഗ്ദത്തം ചെയ്ത സ്ഥലത്ത് ഹെൽത്ത് സെൻറർ സ്ഥാപിക്കുക.
- പുലാക്കാട്ടും ഇരുമ്പാലശ്ശേരിയിലും വിട്ടുതന്ന സ്ഥലത്ത് ഹെൽത്ത് സെൻറർ സ്ഥാപിക്കുക.

# പാർപ്പിടം, സാമൂഹ്യക്ഷേമം

നെല്ലായ ഗ്രാമ പഞ്ചായത്തിലെ പാർപ്പിട സ്ഥിതി താരതമ്യേന ഭേദപ്പെട്ടതാണ് എന്ന് സ്ഥിതി വിവരണക്കണക്കുകൾ സൂചിപ്പിക്കുന്നു. ഗൾഫ് പണം ഈ പഞ്ചായത്തിലെ കെട്ടിട നിർമ്മാണ മേഖലയിൽ നിർണ്ണായക സ്വാധീനം ചെലുത്തിയതായി കാണാം. പഞ്ചായത്തിലെ ഭൂരിഭാരവും കർഷകരും കൂലി പണിയെടുത്ത് ഉപജീവനം നടത്തുന്നവരുമാണ്. അതുകൊണ്ടുതന്നെ ഇടത്തരം വീടുകളാണ് ഈ പഞ്ചായത്തിൽ ഭൂരിഭാഗവും. സമീപകാലത്തായി കെട്ടിട നിർമ്മാണച്ചെലവ് ക്രമാതീതമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആർഭാടകരമായി പുതിയ വീടുകൾ നിർമ്മിക്കുന്ന പ്രവണത പഞ്ചായത്തിൽ അങ്ങിങ്ങായി നിലനിൽക്കുന്നതായി കാണാം.

ഫലട റോഡ്, പഞ്ചായത്ത് റോഡ് എന്നിവയ്ക്ക് സമീപമായാണ് പുതിയ വീടുകളധികവും നിർമ്മിക്കപ്പെടുന്നത്. വയലുകളുടെ തുണ്ട വൽക്കരണം, വയൽ നികത്തി വീടുവെയ്ക്കൽ എന്നിവ കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ക്രമാതീതമായി വളർച്ച പ്രാപിച്ച നിർമ്മാണരംഗം വളരെയേറെ പേർക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിന് കാരണമായിട്ടുണ്ട്. എന്നാൽ ഈ രംഗത്ത് വിദഗ്ദ്ധരായ തദ്ദേശീയ തൊഴിലാളികൾ കുറവായതിനാൽ നിർമ്മാണ രംഗത്തെ പ്രധാന ജോലികൾ ചെയ്യുന്നത് മറ്റു പ്രദേശങ്ങളിലുള്ളവരാണ് എന്നു കാണാം. ഇക്കാരണം കൊണ്ടുതന്നെ ഈ രംഗത്ത് ലഭ്യമായ മുഴുവൻ തൊഴിലവസരങ്ങളും ഉപയോഗപ്പെടുത്താൻ ഈ പ്രദേശത്തുള്ളവർക്ക് കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളുടെ ഏതാണ്ട് 25 ശതമാനോളം കുടുംബങ്ങൾക്ക് ഇനിയും വീട് നിർമ്മിച്ച് കൊടുക്കേണ്ടതുണ്ട്.

ദുർബല വിഭാഗക്കാർക്ക് വീടു വെയ്ക്കാനും, ഇടത്തരക്കാർക്ക് പുതുക്കി പണിയാനും വായ്പാ സൗകര്യങ്ങളും മറ്റും നൽകുന്നതിനു വേണ്ട നടപടിക്രമങ്ങൾ സാങ്കേതികയ്ക്കുകളില്ലാതെ ആവിഷ്ക്കരിക്കേണ്ടതാണ്. ജനകീയാവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതാണ്. പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളും ഓടുമേഞ്ഞവയാണ്. കോൺക്രീറ്റു വീടുകളും ഓലപുരകളും വിവധ ഭാഗങ്ങളിലായി വ്യാപിച്ചു കിടക്കുന്നു. ഓലപുരയുള്ള അർദ്ധപട്ടിണിക്കാരായ ആളുകൾ പുര കെട്ടി മേയുന്നതിനുള്ള വാർഷികച്ചിലവ് ക്രമാതീതമായി വർദ്ധിച്ചതിനാൽ വിഷമത്തിലാണ്. ഓലമേയുന്നതിനുള്ള ധനസഹായം കഴിഞ്ഞ സാമ്പത്തിക വർഷം 100 പേർക്ക് 200 രൂപ വീതമാണ് നൽകിയത്. തുകയും, എണ്ണവും ഇനിയും വളരെയധികം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ദുർബല വിഭാഗങ്ങൾക്ക് വീടുവെയ്ക്കുന്നതിനുള്ള സഹായധനം കെട്ടിടനിർമ്മാണ ചിലവിലെ ഭീമമായ വർദ്ധനവുമായി

## പട്ടിക 1

**ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം**

| വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങൾ | വിവിധ പരിപാടികളിൽ അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ പൂർത്തീകരിക്കാത്ത വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകൾ |
|---|---|---|---|---|---|
| I | 48 | 11 | 09 | 02 | 37 |
| II | 83 | 10 | 08 | 02 | 73 |
| III | 54 | 10 | 08 | 02 | 44 |
| IV | 38 | 12 | 08 | 04 | 26 |
| V | 61 | 05 | 03 | 02 | 56 |
| VI | 47 | 09 | 08 | 01 | 38 |
| VII | 72 | 14 | 11 | 03 | 58 |
| VIII | 31 | 08 | 08 | Nil | 23 |
| IX | 27 | 14 | 11 | 03 | 13 |
| X & XI | 98 | 18 | 11 | 07 | 80 |
| ആകെ | 559 | 111 | 85 | 26 | 48 |

തട്ടിച്ചു നോക്കുമ്പോൾ തുച്ഛം തുച്ഛമാണ്. കൂലി നിരക്കിലെ വർദ്ധനവും അതിനെ വെല്ലുന്ന സാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടുപണിയാൻ നൽകുന്ന സഹായങ്ങളുടെയും വായ്പാ പദ്ധതികളുടെയും പരിധി കാലാനുസൃതമായി പുനർനിർണ്ണയം ചെയ്യേണ്ടതാണ്. പാർപ്പിട രംഗത്തെ സ്ഥിതിഗതിൾ മെച്ചപ്പെടുത്തുന്നതിന് ഔദ്യോഗിക സംവിധാനങ്ങൾക്കാവില്ല എന്നത് വളരെ വ്യക്തമാണ്. ഇതിനായി കൂടുതൽ ഫലപ്രദമായ ഒരു ജനകീയ സംവിധാനം രൂപപ്പെടുത്തേണ്ടതാണ്. വാർഡുതലത്തിൽ ഗുണഭോക്താക്കളെ വിളിച്ചു ചേർത്ത് അവർക്ക് എത്ര രൂപ സമാഹരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കി സർക്കാർ സഹായത്തിനു പുറമെ സന്നദ്ധ സംഘടനകളുടേയും, വ്യക്തികളുടേയും സ്ഥാപനങ്ങളുടെയും സംഭാവനകൾ സ്വീകരിക്കാവുന്നതാണ്.

പഞ്ചായത്തിൽ ഭവന നിർമ്മാണ സംഘമോ വായ്പാ സംഘമോ പ്രവർത്തിക്കുന്നില്ല. സർക്കാർ ഇതര ഏജൻസികളിൽ നിന്നും സഹായം ലഭിക്കുന്നതിനുള്ള സാധ്യത വളരെ കുറവാണുതാനും. ഇതും പ്രശ്നം സങ്കീർണ്ണമാക്കുന്നു. ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

- കെട്ടിട നിർമ്മാണ സാമഗ്രികൾ ആവശ്യത്തിന് വിലകുറച്ച് ലഭിക്കുന്നില്ല.
- സ്ഥിര വരുമാനമില്ലാത്തവർക്ക് കെട്ടിട നിർമ്മാണ വായ്പ ലഭിക്കുന്നില്ല.
- ഭവന നിർമ്മാണത്തിന് വായ്പ ലഭിക്കുന്നതിന് സാങ്കേതിക പ്രശ്നങ്ങളും കാലതാമസവും ഉണ്ടാകുന്നു.
- ലഭ്യമായ വായ്പകളും പദ്ധതികളും ചിലവുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവാണ്. പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമല്ല. ഭൂരഹിതരുടെ ഭവന നിർമ്മാണം അടിസ്ഥാന സൗകര്യമില്ലാത്തതിനാൽ മരചിക്കയായി അവശേഷിക്കുന്നു.
- ഭൂ വിലയുടെ ക്രമാതീതമായ വർദ്ധനവ് ഭൂമി വാങ്ങി വീടു നിർമ്മിക്കുന്നതിന് വിഘാതമാകുന്നു.
- തദ്ദേശീയരായ വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം ഈ രംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

## സാധ്യതകൾ

- JRY രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി തുടങ്ങിയ എല്ലാ ഭവന നിർമ്മാണ പദ്ധതികളുടെയും വായ്പ തുക കാലാനുസൃതമായി വർദ്ധിപ്പിക്കുക.
- സാമ്പത്തിക മാനദണ്ഡം അടിസ്ഥാനമാക്കി ഭവന രഹിതർക്ക് പദ്ധതികൾ അനുവദിക്കുക.
- രണ്ടോ, മൂന്നോ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഭവനനിർമ്മാണ കോ-ഓപ്പറേറ്റീവ് സൊസൈറ്റി തുടങ്ങുക.
- ചിലവു കുറഞ്ഞ വീടുകൾക്ക് പ്രോത്സാഹനം നൽകുക.
- സർക്കാർ ഭവന നിർമ്മാണ വായ്പാ പരിധി ഉയർത്തുക.
- കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക.(സിമൻറ്, കമ്പി മുതലായവ)
- നിർമ്മിതി കേന്ദ്രം പോലെയുള്ള സംഘടനകളെ പഞ്ചായത്ത് നൽകുന്ന വീടുകളുടെ നിർമ്മാണ ചുമതല ഏല്പിക്കുക.
- ഉയർന്ന നിർമ്മാണച്ചിലവു വരുന്ന വീടുകളുടെ നിർമ്മാണം നിയന്ത്രിക്കുകയും, അത്തരക്കാരിൽ നിന്നും ഉയർന്ന നികുതി ഈടാക്കുകയും ചെയ്യുക.
- വയലുകൾ നികത്തി വീടുകൾ നിർമ്മിക്കുന്നത് നിരുത്സാഹപ്പെടുത്തുക
- നിർമ്മാണത്തൊഴിലാളികൾക്ക് ചിലവുകുറഞ്ഞ വീടു നിർമ്മിക്കുന്നതിനുള്ള പരിശീലനം നല്കുക.

## സാമൂഹ്യക്ഷേമം

രണ്ടു വിധത്തിലുള്ള സാമൂഹ്യക്ഷേമ പദ്ധതികളാണ് നെല്ലായ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളും, വിവിധ വിഭാഗകക്കാർക്കുള്ള പെൻഷൻ ധനസഹായ പദ്ധതികളും. ഇതിൽ ദാരിദ്ര നിർമ്മാർജ്ജന പദ്ധതി മുഖേനയുള്ള സഹായങ്ങളാണ് വലിയ തോതിലല്ലെങ്കിലുംപപഞ്ചായത്തിൽ ലഭ്യമാവുന്നത്. ഐ.ആർ.ഡി.പി സർവ്വേ പ്രകാരം ദാരിദ്ര രേഖക്കു താഴെയുള്ള വരുമാന വിവരം.

### പട്ടിക 1

ദാരിദ്ര രേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ 1744 ആണ്. നാളിതുവരെ സഹായം ലഭിച്ചത് 134 കുടുംബങ്ങൾക്ക് മാത്രമാണ്. അർഹരായവരിൽ തന്നെ വളരെ ചെറിയ ഒരു വിഭാഗം കുടുംബങ്ങൾക്ക് മാത്രമേ ദാരിദ്ര നിർമ്മാർജ്ജ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നുള്ളൂ എന്നത് സർവ്വേ വ്യക്തമാക്കുന്നു. പദ്ധതികളെക്കുറിച്ചുള്ള അജ്ഞത, അർഹപ്പെട്ടവർക്ക് ലഭിക്കായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക പ്രശ്നങ്ങൾ, ഉദ്യോഗസ്ഥ തലത്തിലും, ജനങ്ങൾക്കിടയിലുള്ള ബോധവൽക്കരണത്തിന്റെ അഭാവം എന്നിവയും ഇതിന്റെ കാരണമായി വർത്തിക്കുന്ന ഘടകങ്ങളാണ്.

സാമൂഹ്യക്ഷേമരംഗത്ത് പഞ്ചായത്തിൽ സഹായം ലഭ്യമാവുന്നത് പഞ്ചായത്തിന്റെ കീഴിലുള്ള വി.ഇ.ഒ ഓഫീസ് വഴിയാണ്. സ്ത്രീകളുടെയും, കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന മൂന്ന് ഡി.ഡബ്ല്യൂ.സി.ആർ.എ യൂണിറ്റുകൾ പഞ്ചായത്തിലുള്ള ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്താനും സഹായം നൽകാനും അതാതു പ്രദേശത്തെ സന്നദ്ധപ്രവർത്തകരുടെ ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചാലേ ഇത്തരം യൂണിറ്റുകൾ കാര്യക്ഷമമാകാനാവൂ. ഈ രംഗത്തെ സാധ്യത ഇനിയും വിനിയോഗിക്കപ്പെടേണ്ടതുണ്ട്.

## ട്രൈസം

18 മുതൽ 35 വയസ്സ് വരെയുള്ള യുവതീയു

പട്ടിക 2

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് | പരിശീലന വിഷയത്തിന്റെ പേർ | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | - | | - | - | - |
| 2 | - | - | - | - | - |
| 3 | - | - | - | - | - |
| 4 | - | - | - | - | - |
| 5 | റെഡിമേയ്ഡ് | | | | |
| | ഗാർമെൻറ്സ് | 5 | - | 5 | - |
| 6 | ,, | 3 | - | 3 | - ε |
| 7 | റെക്സിൻ ബാഗ് | 1 | 1 | - | - |
| 8<br>- | ,, | 4 | 4 | | - |
| 9 | ,, | 1 | 1 | 1 | - |
| 10,11 | ,, | 2 | - | 2 | |

യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം കൊടുക്കുന്ന പദ്ധതി പ്രകാരം കേവലം 16 പേർക്കേ പരിശീലനം നൽകാൻ കഴിഞ്ഞിട്ടുള്ളൂ. പദ്ധതിയെകുറിച്ചുള്ള അറിവില്ലായ്മയാണ്. നമ്മുടെ പഞ്ചായത്തിന് അനുയോജ്യമായ തൊഴിൽ പരിശീലനം നൽകാനും പരിശീലനം സിദ്ധിച്ചവർക്ക് വായ്പകൾ ലഭ്യമാക്കി തൊഴിൽ ഉറപ്പുവരുത്താനും കഴിയണം. പരിശീലനം ലഭിച്ചവർക്കു തന്നെ യോഗ്യതാ അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ലാ എന്നതും വളരെ കുറച്ചു പേർക്കേ പരിശീലനം നൽകാൻ കഴിയുന്നുള്ളൂ എന്നതും ഇതിൻെറ പോരായ്മയാണ്.

ദാരിദ്ര രേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാനുള്ള ധനസഹായം നൽകുന്ന പദ്ധതിയാണ് സി.ആർ.എസ്.പി. ഇതിൻെറ വിവരം പട്ടിക 3 ൽ കൊടുത്തിരിക്കുന്നു.

ആവശ്യമായവരിൽ തന്നെ 146 പേർക്കേ ഈ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ. അതിൽ തന്നെ പകുതിയിലധികവും പണി പൂർത്തീകരിച്ചിട്ടുമില്ല. ഒരു ആനുകൂല്യം പൂർണമായും എങ്ങിനെ ഉപയോഗിക്കണം എന്ന കാര്യത്തിൽ തികഞ്ഞ അജ്ഞതയും ഉദാസീനതയും പുലർത്തുന്നവരാണ് ജനങ്ങളിലെ ഒരു വിഭാഗം എന്നത് ദുഃഖകരമായ ഒരു സത്യമാണ്. തീവ്രബോധവൽക്കരണ യജ്ഞത്തിലൂടെ ഇതു മാറ്റിയെടുത്തേ മതിയാകൂ.

റവന്യൂ വകുപ്പു വഴി നൽകുന്ന പെൻഷൻ വിവരങ്ങൾ താഴെ കൊടുക്കുന്നു.

## പട്ടിക 3

കക്കൂസുകളെ സംബന്ധിക്കുന്ന വിവരം

| വാർഡ് | സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP) | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (92നു ശേഷം) | പൂർത്തീകരിച്ചവരുടെ എണ്ണം | കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 06 | 11 | 6 | 95 |
| 2 | 134 | 11 | 10 | 123 |
| 3 | 123 | 10 | 4 | 113 |
| 4 | 108 | 15 | 10 | 93 |
| 5 | 127 | 10 | 5 | 117 |
| 6 | 104 | 10 | 4 | 94 |
| 7 | 109 | 16 | 10 | 93 |
| 8 | 98 | 16 | 5 | 82 |
| 9 | 114 | 26 | 6 | 88 |
| 10,11 | 112 | 21 | 14 | 91 |

## പട്ടിക 4

വിവിധ പെൻഷനുകൾ സംബന്ധിച്ച

വിവരങ്ങൾ

| നമ്പർ | പെൻഷൻ | എണ്ണം |
|---|---|---|
| 1 | വിധവാ പെൻഷൻ | 130 |
| 2 | വികലാംഗ പെൻഷൻ | 105 |
| 3 | വാർദ്ധക്യ പെൻഷൻ | 112 |
| 4 | അവശ കലാ-<br>സാഹിത്യകാര പെൻഷൻ | 1 |
| 5 | ക്ഷയരോഗി പെൻഷൻ | 15 |
| 6 | കുഷ്ഠരോഗ പെൻഷൻ | 1 |
| 7 | ക്യാൻസർ രോഗ പെൻഷൻ | 3 |

# അംഗൻവാടികൾ

നെല്ലായ ഗ്രാമപഞ്ചായത്തിൽ 11 വാർഡുകളിലായി 28 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. 1000 ജനങ്ങൾക്ക് ഒന്ന് എന്നാണ് ഐ.സി.ഡി.എസിന്റെ പദ്ധതിയെങ്കിലും അത് നിറവേറ്റപ്പെട്ടിട്ടില്ല എന്നതാണ് ഖേദകരമായ സത്യം. അംഗൻവാടികളിലെ ഹാജർ നില പൊതുവേ തൃപ്തികരമല്ല. സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ലാത്തതും കെട്ടിടങ്ങളുടെ അറ്റകുറ്റപണി നടത്താത്തതും കളിപ്പാട്ടങ്ങൾ ഇല്ലാത്തതും വലിയൊരു പ്രശ്നം ആയി അവശേഷിക്കുന്നു.

പുത്തൻ വിദ്യാഭ്യാസ സംസ്ക്കാരത്തിന്റെ (ഇംഗ്ലീഷ് മീഡിയം) കടന്നുകയറ്റം അംഗൻവാടികളിലും പ്രതിഫലിക്കുന്നുണ്ട്. സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന പലരും സ്വന്തം കുട്ടികളെ നഴ്സറികളിലാണ് അയക്കുന്നത്. സ്വന്തം സാംസ്ക്കാരിക തനിമ നഷ്ടപ്പെടുന്നതിനും കുട്ടികളിൽ പാശ്ചാത്യ സംസ്ക്കാരം കുത്തി കയറ്റുന്നതിനും ഇതിടയാക്കുന്നു. നിലവിലുള്ള അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജനങ്ങളിലും ജീവനക്കാരിലും അസംതൃപ്തി ഉളവാക്കുന്നു. പ്രവർത്തനത്തെ ഇത് പ്രതികൂലമായി ബാധിക്കുന്നു. പുത്തൻ തലമുറയെ വാർത്തെടുക്കുന്ന പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായ അംഗൻവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയമാണ്. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികകളിൽ ഉള്ളവർ 9 മുതൽ 3.30 വരെയാണ് ജോലി ചെയ്യുന്നത്. വളരെയധികം പ്രയാസങ്ങൾ സഹിച്ച് പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനമാണെങ്കിൽ തുച്ഛവുമാണ്. ഈ അവസ്ഥക്ക് പരിഹാരം കാണേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

അംഗൻവാടികളുടെ വിവരം.

# ക്ഷേമനിധികൾ

കെട്ടിട നിർമാണക്ഷേമനിധി, കർഷക തൊഴിലാളി ക്ഷേമനിധി, തയ്യൽ തൊഴിലാളിക്ഷേമനിധി, ചെത്തു തൊഴിലാളി ക്ഷേമനിധി മദ്യതൊഴിലാളി ക്ഷേമനിധി എന്നിവയാണ് പഞ്ചായത്തിൽ നിലവിലുള്ളത്. മൊത്തം തൊഴിലാളികളിൽ 25%പേരും ഇത്തരം ക്ഷേമനിധികളിൽ അംഗങ്ങൾ അല്ല എന്നത് പ്രവർത്തനം വേണ്ടത്ര വ്യാപിച്ചിട്ടില്ല എന്നതിന് തെളിവാണ്.

മൊത്തം ക്ഷേമ നിധി അംഗങ്ങളുടെ പട്ടിക.

# പൊതു വിതരണം

പഞ്ചായത്തിലാകെ 12 റേഷൻ ഷാപ്പുകളും അതിൽ 2 എണ്ണം സുഭിക്ഷാ കേന്ദ്രങ്ങളുമാണ്. പഞ്ചായത്തിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നില്ല.

# പ്രശ്നങ്ങൾ

- വിവിധ സാമൂഹ്യക്ഷേമ പദ്ധതികളെ കുറിച്ച് ജനങ്ങൾ ബോധവാൻമാരല്ല.
- വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ തുച്ഛമാണ്. കാലതാമസം ഒരു പ്രശ്നമാകുന്നു.
- ഐ.ആർ.ഡി.പി ലിസ്റ്റിൽ അർഹതയുള്ള പലരും ഉൾപ്പെട്ടിട്ടില്ല. അനർഹർ ഉണ്ടുതാനും.
- ഡി.ഡബ്ല്യൂ.സി.ആർ.എ യൂണിറ്റുകളുടെ പ്രവർത്തനം തുടർന്നു കൊണ്ടു പോകുന്നതിന് വേണ്ടത്ര മാനേജ്മെൻറ് പരിചയം ഉള്ളവരുടെ അഭാവം പ്രശ്നമാവുന്നു.
- ട്രൈസം പദ്ധതിക്ക് സാധ്യതയുണ്ടെങ്കിലും നടപ്പാക്കപ്പെടുന്നില്ല.
- മറ്റു പല സാമൂഹ്യക്ഷേമ പദ്ധതികളും പഞ്ചായത്ത് പരിധിയിൽ പ്രാവർത്തിമായിട്ടില്ല.
- വിവിധ പെൻഷൻ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവരുടെ എണ്ണം തുച്ഛമാണ്.
- പെൻഷനുകൾ പലപ്പോഴും യഥാസമയം കിട്ടുന്നില്ല.

യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം കൊടുക്കുന്ന പദ്ധതി പ്രകാരം കേവലം 16 പേർക്കേ പരിശീലനം നൽകാൻ കഴിഞ്ഞിട്ടുള്ളൂ. പദ്ധതിയെകുറിച്ചുള്ള അറിവില്ലായ്മയാണ്. നമ്മുടെ പഞ്ചായത്തിന് അനുയോജ്യമായ തൊഴിൽ പരിശീലനം നൽകാനും പരിശീലനം സിദ്ധിച്ചവർക്ക് വായ്പകൾ ലഭ്യമാക്കി തൊഴിൽ ഉറപ്പുവരുത്താനും കഴിയണം. പരിശീലനം ലഭിച്ചവർക്കു തന്നെ യോഗ്യതാ അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ലാ എന്നതും വളരെ കുറച്ചു പേർക്കേ പരിശീലനം നൽകാൻ കഴിയുന്നുള്ളൂ എന്നതും ഇതിൻെറ പോരായ്മയാണ്.

ദാരിദ്ര രേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാനുള്ള ധനസഹായം നൽകുന്ന പദ്ധതിയാണ് സി.ആർ.എസ്.പി. ഇതിൻെറ വിവരം പട്ടിക 3 ൽ കൊടുത്തിരിക്കുന്നു.

ആവശ്യമായവരിൽ തന്നെ 146 പേർക്കേ ഈ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ. അതിൽ തന്നെ പകുതിയിലധികവും പണി പൂർത്തീകരിച്ചിട്ടുമില്ല. ഒരു ആനുകൂല്യം പൂർണമായും എങ്ങിനെ ഉപയോഗിക്കണം എന്ന കാര്യത്തിൽ തികഞ്ഞ അജ്ഞതയും ഉദാസീനതയും പുലർത്തുന്നവരാണ് ജനങ്ങളിലെ ഒരു വിഭാഗം എന്നത് ദുഃഖകരമായ ഒരു സത്യമാണ്. തീവ്രബോധവൽക്കരണ യജ്ഞത്തിലൂടെ ഇതു മാറ്റിയെടുത്തേ മതിയാകൂ.

റവന്യൂ വകുപ്പു വഴി നൽകുന്ന പെൻഷൻ വിവരങ്ങൾ താഴെ കൊടുക്കുന്നു.

## പട്ടിക 3

### കക്കൂസുകളെ സംബന്ധിക്കുന്ന വിവരം

| വാർഡ് | സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP) | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (92നു ശേഷം) | പൂർത്തീകരിച്ചവരുടെ എണ്ണം | കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 06 | 11 | 6 | 95 |
| 2 | 134 | 11 | 10 | 123 |
| 3 | 123 | 10 | 4 | 113 |
| 4 | 108 | 15 | 10 | 93 |
| 5 | 127 | 10 | 5 | 117 |
| 6 | 104 | 10 | 4 | 94 |
| 7 | 109 | 16 | 10 | 93 |
| 8 | 98 | 16 | 5 | 82 |
| 9 | 114 | 26 | 6 | 88 |
| 10,11 | 112 | 21 | 14 | 91 |

## പട്ടിക 4

വിവിധ പെൻഷനുകൾ സംബന്ധിച്ച

വിവരങ്ങൾ

| നമ്പർ | പെൻഷൻ | എണ്ണം |
|---|---|---|
| 1 | വിധവാ പെൻഷൻ | 130 |
| 2 | വികലാംഗ പെൻഷൻ | 105 |
| 3 | വാർദ്ധക്യ പെൻഷൻ | 112 |
| 4 | അവശ കലാ-<br>സാഹിത്യകാര പെൻഷൻ | 1 |
| 5 | ക്ഷയരോഗി പെൻഷൻ | 15 |
| 6 | കുഷ്ഠരോഗ പെൻഷൻ | 1 |
| 7 | ക്യാൻസർ രോഗ പെൻഷൻ | 3 |

## അംഗൻവാടികൾ

നെല്ലായ ഗ്രാമപഞ്ചായത്തിൽ 11 വാർഡുകളിലായി 28 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. 1000 ജനങ്ങൾക്ക് ഒന്ന് എന്നാണ് ഐ.സി.ഡി.എസിന്റെ പദ്ധതിയെങ്കിലും അത് നിറവേറ്റപ്പെട്ടിട്ടില്ല എന്നതാണ് ഖേദകരമായ സത്യം. അംഗൻവാടികളിലെ ഹാജർ നില പൊതുവേ തൃപ്തികരമല്ല. സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ലാത്തതും കെട്ടിടങ്ങളുടെ അറ്റകുറ്റപണി നടത്താത്തതും കളിപ്പാട്ടങ്ങൾ ഇല്ലാത്തതും വലിയൊരു പ്രശ്നം ആയി അവശേഷിക്കുന്നു.

പുത്തൻ വിദ്യാഭ്യാസ സംസ്ക്കാരത്തിന്റെ (ഇംഗ്ലീഷ് മീഡിയം) കടന്നുകയറ്റം അംഗൻവാടികളിലും പ്രതിഫലിക്കുന്നുണ്ട്. സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന പലരും സ്വന്തം കുട്ടികളെ നഴ്സറികളിലാണ് അയക്കുന്നത്. സ്വന്തം സാംസ്ക്കാരിക തനിമ നഷ്ടപ്പെടുന്നതിനും കുട്ടികളിൽ പാശ്ചാത്യ സംസ്ക്കാരം കുത്തി കയറ്റുന്നതിനും ഇതിടയാക്കുന്നു. നിലവിലുള്ള അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജനങ്ങളിലും ജീവനക്കാരിലും അസംതൃപ്തി ഉളവാക്കുന്നു. പ്രവർത്തനത്തെ ഇത് പ്രതികൂലമായി ബാധിക്കുന്നു. പുത്തൻ തലമുറയെ വാർത്തെടുക്കുന്ന പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായ അംഗൻവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയമാണ്. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികകളിൽ ഉള്ളവർ 9 മുതൽ 3.30 വരെയാണ് ജോലി ചെയ്യുന്നത്. വളരെയധികം പ്രയാസങ്ങൾ സഹിച്ച് പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനമാണെങ്കിൽ തുച്ഛവുമാണ്. ഈ അവസ്ഥക്ക് പരിഹാരം കാണേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

അംഗൻവാടികളുടെ വിവരം.

## ക്ഷേമനിധികൾ

കെട്ടിട നിർമാണക്ഷേമനിധി, കർഷക തൊഴിലാളി ക്ഷേമനിധി, തയ്യൽ തൊഴിലാളിക്ഷേമനിധി, ചെത്തു തൊഴിലാളി ക്ഷേമനിധി മദ്യതൊഴിലാളി ക്ഷേമനിധി എന്നിവയാണ് പഞ്ചായത്തിൽ നിലവിലുള്ളത്. മൊത്തം തൊഴിലാളികളിൽ 25%പേരും ഇത്തരം ക്ഷേമനിധികളിൽ അംഗങ്ങൾ അല്ല എന്നത് പ്രവർത്തനം വേണ്ടത്ര വ്യാപിച്ചിട്ടില്ല എന്നതിന് തെളിവാണ്.

മൊത്തം ക്ഷേമ നിധി അംഗങ്ങളുടെ പട്ടിക.

## പൊതു വിതരണം

പഞ്ചായത്തിലാകെ 12 റേഷൻ ഷാപ്പുകളും അതിൽ 2 എണ്ണം സുഭിക്ഷാ കേന്ദ്രങ്ങളുമാണ്. പഞ്ചായത്തിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നില്ല.

## പ്രശ്നങ്ങൾ

- വിവിധ സാമൂഹ്യക്ഷേമ പദ്ധതികളെ കുറിച്ച് ജനങ്ങൾ ബോധവാൻമാരല്ല.
- വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ തുച്ഛമാണ്. കാലതാമസം ഒരു പ്രശ്നമാകുന്നു.
- ഐ.ആർ.ഡി.പി ലിസ്റ്റിൽ അർഹതയുള്ള പലരും ഉൾപ്പെട്ടിട്ടില്ല. അനർഹർ ഉണ്ടുതാനും.
- ഡി.ഡബ്ല്യു.സി.ആർ.എ യൂണിറ്റുകളുടെ പ്രവർത്തനം തുടർന്നു കൊണ്ടു പോകുന്നതിന് വേണ്ടത്ര മാനേജ്മെന്റ് പരിചയം ഉള്ളവരുടെ അഭാവം പ്രശ്നമാവുന്നു.
- ട്രൈസം പദ്ധതിക്ക് സാധ്യതയുണ്ടെങ്കിലും നടപ്പാക്കപ്പെടുന്നില്ല.
- മറ്റു പല സാമൂഹ്യക്ഷേമ പദ്ധതികളും പഞ്ചായത്ത് പരിധിയിൽ പ്രാവർത്തിമായിട്ടില്ല.
- വിവിധ പെൻഷൻ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവരുടെ എണ്ണം തുച്ഛമാണ്.
- പെൻഷനുകൾ പലപ്പോഴും യഥാസമയം കിട്ടുന്നില്ല.

## സാധ്യതകൾ

- ഐ.ആർ.ഡി.പി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കണം.
- വിവിധ ക്ഷേമപദ്ധതികളുടെ ബോധവൽക്കരണം നടത്തണം.
- പദ്ധതികൾ ലഭിക്കുന്നതിലെ കാലതാമസം, നിയമക്കുരുക്കുകൾ എന്നിവ ഒഴിവാക്കണം.
- പെൻഷൻ യഥാസമയം വിതരണം ചെയ്യാനും അർഹരായവരെ കണ്ടെത്താനും പഞ്ചായത്തിന് അധികാരം നൽകണം.
- ഡി.ഡബ്ല്യു.സി.ആർ.എ യൂണിറ്റുകൾ നടത്തുന്നതിന് പ്രത്യേക പരിശീലനം നൽകണം.
- ട്രൈസം പദ്ധതി വിപുലമാക്കണം. പരിശീലനം കഴിയുന്നവർക്ക് തൊഴിലവസരങ്ങൾ ഉറപ്പു വരുത്തണം
- വിവിധ ക്ഷേമപദ്ധതികളിൽ അതാതു രംഗത്തെ തൊഴിലാളികളെ അംഗങ്ങളാക്കണം. പഞ്ചായത്തിൽ വിവരങ്ങൾ സൂക്ഷിക്കണം.
- ക്ഷേമപദ്ധതികൾക്ക് പഞ്ചായത്തു തല ഓഫീസുകൾ വേണം.

# സംസ്കാരം

കൊയ്ത്തുപാട്ടിൻെറയും, ഞാറ്റുപാട്ടിൻെറയും ഈരടികൾ ഈണത്തിൽ പാടി, വരിവരിയായി കറ്റകളും ചുമന്നു നീങ്ങുന്ന കൃഷിക്കാരെ യഥേഷ്ടം കാണുന്ന ഒരു ഉൾനാടൻ ഗ്രാമമാണ് നെല്ലായ. ചെർപ്പുളശ്ശേരി, കാറൽമണ്ണ, ആലിപ്പറമ്പ്, വല്ലപ്പുഴ, കുലുക്കല്ലൂർ പഞ്ചായത്തുകൾക്കിടയിൽ, കുന്തിപ്പുഴയുടെ തീരത്ത് ഉൽസവാഘോഷങ്ങളിലും, ലളിതകലകളുടെയും ഉപാസകരായ, കുറേ കലാകാരൻമാർക്ക് ജന്മം നൽകിയ ഗ്രാമങ്ങളിലൊന്നാണിത്. സമീപഗ്രാമങ്ങളിലെ, കലാസാസ്ക്കാരിക പ്രവർത്തനങ്ങളുടെ സ്വാധീനം ഈ ഗ്രാമത്തെയും അക്കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ആദ്യമായി കരിപ്പൂരിൽ വിമാനമിറങ്ങിയ നെല്ലായ രാമചന്ദ്രൻ, പ്രശസ്ഥമായ രീതിയിൽ എം.ബി.ബി.എസ് ബിരുദം എടുക്കുകയും ചെർപ്പുളശ്ശേരി ശങ്കർ ഹോസ്പിറ്റൽ നടത്തുകയും ചെയ്യുന്ന ഡോ. കൃഷ്ണദാസ്, ഡോ. ഉമ്മർ എഴുവന്തല, ഡോ. രാമചന്ദ്രൻ, സംസ്കൃതത്തിൽ സംസ്ഥാന റാങ്ക് നേടിയ മുസ്ലീം വനിത പ്രൊഫസർ ഖദീജ, കുരിയാട്ടിൽ സിതാര, ചന്ദ്രവതി, സുപ്രസിദ്ധ കാഥികൻ മുഹമ്മദ് ബാബുവും, സോപാന സംഗിതത്തിൽ സമാദരണീയനായ ജനാർദ്ദനൻ നെടുങ്ങാടിയും, മലയാള കവികളിൽ പ്രഗൽഭനായ രവീന്ദ്രൻ പുലാക്കാടും, നോവൽ രചയിതാവ് ഉണ്ണികൃഷ്ണൻ എഴുവന്തലയും, മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ നോവലിസ്റ്റ് അപ്പു നെടുങ്ങാടിയും ജനിച്ചതും, സാഹിത്യപ്രവർത്തനം കൊണ്ട് ധന്യമാക്കിയതും ഈ ഗ്രാമത്തെയാണ്.

സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളിൽ മുന്നണിപ്പോരാളികളായിരുന്ന എ.ആർ. തിരുമുൽപ്പാട്, കൃഷ്ണൻകുട്ടി വാര്യർ, ഗോദൻഭട്ടത്തിരിപ്പാട് എന്നിവർ ഗാന്ധിജിയുടെ സമരത്തോടൊപ്പം പ്രവർത്തിച്ചു. ഉപ്പുസത്യാഗ്രഹം, ക്ഷേത്രപ്രവേശന സമരം, ഖാദി പ്രസ്ഥാനം, വിദേശവസ്ത്ര ബഹിഷ്ക്കരണം, നിസ്സഹകരണപ്രസ്ഥാനം എന്നീ സമരങ്ങളിലും ഇവരുടെ സജീവ പങ്കാളിത്തം സ്മരണീയമാണ്. കലാ-കായിക-സാഹിത്യ-വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ അനേകം വ്യക്തികൾ ഈ ഗ്രാമത്തിലുണ്ടായിരുന്നു.

മഞ്ഞപ്പറ്റ രാമൻകുട്ടി നായർ, കുഞ്ഞേരി കുഞ്ഞുമുഹമ്മദ് ഹാജി, നെല്ലായ വായനശാല സ്ഥാപക നേതാക്കളായ മുകുന്ദൻ മാസ്റ്റർ, കുഞ്ഞിരാമൻ നായർ എന്നിവരും സാംസ്ക്കാരിക പ്രവർത്തനത്തിന് നേതൃത്വം നൽകിയിരുന്നു. കലാസമിതികൾ, യുവസന്നദ്ധപ്രവർത്തകർ എന്നിവരുടെ സഹകരണത്താൽ വിഭവ സമാഹരണം നടത്തുകയും, പേങ്ങാട്ടീരി-മുണ്ടക്കോട്ടുകുറുശ്ശി റോഡിൻെറ നിർമ്മാണം നടത്തുവാൻ നേതൃത്വം നൽകുകയും ചെയ്തു. ഇടമരത്തൊടി ഗോപാലൻ നായരെപ്പോലെയുള്ളവരെ ഇത്തരുണത്തിൽ എടുത്തു പറയാവുന്നതാണ്. ആദ്യകാലത്തെ സാംസ്ക്കാരിക രംഗം പ്രധാനമായും അമ്പലങ്ങളോടു ബന്ധപ്പെട്ടുള്ളവയായിരുന്നു. വേലകളും ഉൽസവങ്ങളും, തിറ, പൂതൻ, കഥകളി, ഓട്ടം തുള്ളൽ, പാവക്കൂത്ത്, കോൽക്കളി, പരിചമുട്ടും കളി, നാടകങ്ങൾ, കഥാപ്രസംഗം, സർക്കസ് തുടങ്ങിയവയായിരുന്നു. ഈ ഗ്രാമത്തിൽ പ്രസിദ്ധമായ അയ്യപ്പൻ വിളക്ക് നടത്തുന്ന ആശാൻമാർ ഉണ്ടായിരുന്നു. വിളക്കത്തല ചാമിനായർ, നെല്ലായ കോവിലിങ്കിൽ അയ്യപ്പൻ, കുന്നംചാത്ത് കൃഷ്ണൻ നായർ എന്നിവരും സംഘവും നാട്ടിലും മറുനാട്ടിലും പോയി വിളക്കു നടത്തുകയും കീർത്തി മുദ്രകൾ സമ്പാദിക്കുകയും ചെയ്തിരുന്നു. വിദ്യാഭ്യാസപരമായി സംസ്ഥാനതലത്തിൽ ഒന്നാം റാങ്ക് കരസ്ഥമാക്കി വിജയിച്ച കരിയാട്ടിൽ സിതാര ചന്ദ്രമതി, അലിഗഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് സ്വർണ്ണ മെഡൽ നേടിയ ഇരുമ്പാലശ്ശേരി മേലേതിൽ കുഞ്ഞയമു, മുസ്ലീം കുടുംബത്തിൽ നിന്ന് ആദ്യം എം.ബി.ബി.എസ് കഴിഞ്ഞ ചരലിൽ സെയ്ത്, ഉന്നത നിലയിൽ സ്ക്കോളർഷിപ്പ് നേടി ലണ്ടനിൽ നിന്നും പരിശീലനം നേടിയ ന്യൂറോളജി വിഭാഗം ഡോക്ടർ ശശികുമാർ എന്നിവർ ഈ ഗ്രാമത്തിൻെറ അഭിമാന ഭാജനങ്ങളാണ്.

ആദ്യത്തെ വായനശാലാ പ്രവർത്തനം നെല്ലായ വായനശാല തന്നെയായിരുന്നു. മാരായമംഗലം, എഴുവന്തല എന്നിവിടങ്ങളിലും നല്ല രീതിയിൽ പ്രവർത്തിക്കുന്ന വായനശാലകളുണ്ട്. ഇവയോടനുബന്ധിച്ച് കലാ-സാംസ്ക്കാരിക ക്ലബുകളും സജീവങ്ങളാണ്. നെല്ലായയിലെ കലാ-സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ഈ വായനശാലകൾ നേതൃത്വം നൽകുന്നു എന്നതും തികച്ചും സ്വാഗതാർഹമാണ്. ഹൈന്ദവരും മുസ്ലീങ്ങളും തികഞ്ഞ സൗഹാർദ്ദത്തോടെ സഹവസിക്കുന്ന ഈ ഗ്രാമം ഉയർന്ന

സാംസ്കാരിക നിലവാരം പുലർത്തുന്നു എന്നതിന്റെ ഉത്തമ ഉദാഹണമാണ്. വിദ്യാഭ്യാസപരമായി ഈ പ്രദേശം ഉയർന്ന നിലവാരം പുലർത്തുന്നു എങ്കിലും സാക്ഷരതയുടെ കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളും ഇവിടെയുണ്ട്. പാരമ്പര്യ കലകളായ കാളപൂട്ട്, തിരുവാതിരക്കളി, പരിചമുട്ടുംകളി, ചെറുമക്കളി, തുമ്പിതുള്ളൽ, ഊഞ്ഞാലാട്ടം, കോൽക്കളി, ഒപ്പന ഇവയൊക്കെ ഇന്നും നിലനിൽക്കുന്നുണ്ട്. വിദ്യാലയങ്ങളുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ കലാ-കായിക പ്രവർത്തനങ്ങൾ മൽസര രംഗത്ത് ശോഭിക്കുന്ന പ്രതിഭകളെ സംസ്ഥാന തലം വരെ കണ്ടെത്താറുണ്ട്.

മിക്ക വാർഡുകളിലും വായനശാലകൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ളവ നവീകരിക്കുകയും, യുവാക്കളെ ആകർഷിക്കതക്കവണ്ണം നവീകരിക്കുകയും ചെയ്യേണ്ടതുണ്ട്. റേഡിയോ, ടി.വി, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ പഞ്ചായത്തിന്റെ സഹായത്തോടെ ലഭ്യമാക്കണം. പഞ്ചായത്ത് തലത്തിൽ മഹിളാ സമാജങ്ങൾ സംഘടിപ്പിച്ച് നിലവിലുള്ള സജീവമാക്കണം. യുവതീ-യുവാക്കൾക്ക് കലാപരമായ അറിവും അഭ്യസനവും നടത്തുവാൻ ഓരു കേന്ദ്രം സ്ഥാപിച്ച് പ്രവർത്തിപ്പിക്കണം. കേരളോൽസവം നടത്തുമ്പോൾ ഗ്രാമീണ യുവജനങ്ങളുടെ പങ്കാളിത്തം വ്യാപകമാക്കുകയും ഉൽസവത്തിന്റെ പരിവേഷം വരുത്തുകയും വേണ്ടതാണ്. ഇതിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തണം. ഗ്രന്ഥശാലാ സംഘവുമായി അഫിലിയേറ്റ് ചെയ്തതായിരിക്കണം മുഴുവൻ ഗ്രന്ഥശാലകളും. സാക്ഷരതാ പ്രവർത്തനം തുടർ വിദ്യാഭ്യാസ പരിപാടി നടത്തുക. കലാ-സാഹിത്യ സമിതികളിൽ സായാഹ്നങ്ങൾ സംഘടിപ്പിക്കുക. മധ്യവേനൽ അവധികാലത്ത് കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, അംഗൻവാടികൾ, വിദ്യാലയങ്ങൾ എന്നിവയിൽ മാതൃസംഗമങ്ങൾ സജീവമായി നടത്തുകയും പുനഃസംഘടിപ്പിക്കുകയും ചെയ്യുക. അന്യം നിന്നു പോവുന്ന പാരമ്പര്യ കലകളും, സാംസ്കാരിക പ്രവർത്തനങ്ങളും പുനരുജ്ജീവിപ്പിച്ച് പ്രോൽസാഹിപ്പിക്കുക. ഗ്രാമത്തിലെ കലാ പ്രതിഭകളെയും കായിക പ്രതിഭകളെയും കണ്ടെത്തി വിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് കൂട്ടായ പ്രവർത്തനത്തിലൂടെ അവരെ പ്രചോദനം നൽകി ഉയർത്തി കൊണ്ടു വരുന്നതും സാംസ്കാരിക രംഗം ശോഭനമാക്കുന്നതിന് ഉതകുന്നതാണ്.

# വനിത

സാമൂഹ്യ രാഷ്ട്രീയരംഗം തൊട്ട് പുരുഷമേധാവിത്വം നിലനിന്നിരുന്ന ജീവിതത്തിൻെറ സമസ്ത മേഖലകളിലും ഇന്ന് സ്ത്രീകൾ കടന്നു ചെന്ന് തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളതായി കാണാം. ദേശീയ അന്തർദേശീയ രംഗത്ത് സ്ത്രീ ഇന്ന് ദൗർബല്യം വെടിഞ്ഞ് ശക്തിയുടെ പര്യായമായി മാറികൊണ്ടിരിക്കയാണ്. കഴിഞ്ഞ നാലഞ്ചു ദശകങ്ങളായി സ്ത്രീ വിമോചന പോരാട്ടങ്ങൾക്ക് വൈവിധ്യമാർന്ന പല രൂപങ്ങളും കൈവന്നിട്ടുണ്ട്. സാമൂഹിക-സാമ്പത്തിക ബന്ധങ്ങളിൽ സ്ത്രീയുടെ സ്ഥാനം ശ്രദ്ധേയമായി മാറി. എന്നാൽ നഗരങ്ങളിൽ മാത്രമേ ഇത്തരം പ്രവണത കാണുന്നുള്ളൂ. ഉൾനാടൻ ഗ്രാമങ്ങളിൽ സ്ത്രീകൾ ഇന്നും തങ്ങളുടെ ശക്തിയും ദൗർബല്യങ്ങളും തിരിച്ചറിയാതെ ഒതുങ്ങി കൂടുകയാണ്.

നെല്ലായ ഗ്രാമപഞ്ചായത്തിലും സ്ഥിതി വിഭിന്നമല്ല. പൊതുപ്രവർത്തന രംഗത്തും തൊഴിൽ മേഖലയിലും സ്ത്രീ പങ്കാളിത്തം കുറവാണ്. സാമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങളിലും വനിതാ വിമോചന പ്രസ്ഥാനങ്ങളും ഇന്നും ഈ പ്രദേശത്ത് സജീവമല്ല. പഴയ കാലത്ത് സ്ത്രീകൾക്ക് വിദ്യാഭ്യാസം നേടുന്നതിൽ വിലക്കുകൾ ഇല്ലായിരുന്നെങ്കിലും സ്ത്രീകളുടെ പങ്കാളിത്തം വിദ്യാഭ്യാസരംഗത്ത് തുച്ഛമായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം നേടിയാൽ തന്നെ തുടർ വിദ്യാഭ്യാസത്തിന് പഞ്ചായത്തിൽ ഹൈസ്ക്കൂൾ ഇല്ലാതിരുന്നതിനാൽ ചെർപ്പുളശ്ശേരി, അടക്കാപുത്തൂർ, വല്ലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ നടന്നുപോയി പഠനം നടത്തുക എന്നത് പെൺകുട്ടികളെ സംബന്ധിച്ച് ക്ലേശകരമായിരുന്നു.

സ്ത്രീകൾ ഉന്നത വിദ്യാഭ്യാസം നേടി തൊഴിൽ രംഗത്ത് പ്രവേശിക്കുന്നതിന് വേണ്ടത്ര സാമൂഹിക അംഗീകാരം ലഭിക്കാതിരുന്നതും, ഉയർന്ന വിദ്യാഭ്യാസം നേടുന്നതിന് വിഘാതമായി. അതുകൊണ്ടു തന്നെ സ്ത്രീകൾ അടുക്കളരംഗത്ത് ഒതുങ്ങി കൂടി. ദേശീയ പ്രസ്ഥാനത്തിലും സാമൂഹിക പരിഷ്ക്കരണ രംഗത്തും സ്ത്രീപ്രാതിനിത്യം തുലോം തുച്ഛമായിരുന്നതിനാൽ പഞ്ചായത്തിൽ വനിതാ മുന്നേറ്റം നാമമാത്രമായിരുന്നു. പൂർവ്വ കാലത്ത് കാർഷിക മേഖലയിൽ മാത്രമായിരുന്നു സജീവമായ സ്ത്രീ പങ്കാളിത്തം ഉണ്ടായിരുന്നത്.

കുടിപ്പള്ളി കൂടങ്ങളും എലിമെൻററി സ്ക്കൂളും സാർവ്വത്രികമായത് സ്ത്രീവിദ്യാഭ്യാസത്തിന് സഹായകമായി. വിദ്യാഭ്യാസ രംഗത്ത് സ്ത്രീ പങ്കാളിത്തം വർദ്ധിച്ചു വന്നതോടെ സ്ത്രീകളുടെ വിദ്യാഭ്യാസനിലയിൽ നമ്മുടെ പഞ്ചായത്തിലും കാതലായ മാറ്റങ്ങൾ ഉണ്ടായി. അടുക്കള ജോലിയിൽ ഒതുങ്ങികൂടുകയാണെങ്കിൽ പോലും വിദ്യാഭ്യാസം നേടുന്നത് അനിവാര്യമാണെന്ന ബോധം പൊതുവേ ഉയർന്നതും സ്ത്രീ വിദ്യാഭ്യാസത്തിന് അനുകൂലമായ ഘടകമായി മാറി. ഉയർന്ന ജോലികളിലും മറ്റും സ്ത്രീ പങ്കാളിത്തം കുറവാണെങ്കിലും പഞ്ചായത്തിലെ അദ്ധ്യാപനരംഗത്ത് - % സ്ത്രീകളാണ്. കാർഷികമേഖലയിലും നിർമ്മാണമേഖലയിലും ഗണ്യമായ സ്ത്രീ പങ്കാളിത്തമുണ്ട്.

91ലെ കാനേഷുമാരി കണക്കനുസരിച്ച് പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണം - ആണ്. ഇത് മൊത്തം ജനസംഖ്യയുടെ - % വരും. വിദ്യാഭ്യാസമുള്ള പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണം കുറവാണെന്ന് കാണുന്നു.

രാഷ്ട്രീയരംഗത്തും പൊതുപ്രവർത്തനത്തിൻെറ വിവിധ മേഖകളിലും വനിതകളുടെ പങ്കാളിത്തം കുറവാണ്. എന്നിരുന്നാലും കഴിഞ്ഞ പഞ്ചായത്ത് ഭരണസമിതിയിലെ പ്രസിഡൻറും വൈസ് പ്രസിഡൻറും വനിതകളായിരുന്നു. ഇപ്പോൾ പഞ്ചായത്ത് പ്രസിഡൻറ് സ്ഥാനം വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു. ആകെയുള്ള 11 വാർഡുകളിൽ 4 എണ്ണം വനിത സംവരണ വാർഡുകളാണ്.

ഈ പ്രദേശങ്ങളിലെ വിവിധ രാഷ്ട്രീയ പാർട്ടികളുടെ വനിതാ സംഘടനകളുടെ പ്രവർത്തനവും വേണ്ടത്ര നന്നായി നടക്കുന്നില്ല. ജനാധിപത്യ മഹിളാ അസോസിയേഷൻ, വനിതാ ലീഗ് എന്നീ സംഘടനകൾ പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. 1980കളിൽ എഴുവന്തലയിലും നെല്ലായയിലും സജീവമായി പ്രവർത്തിച്ചിരുന്ന രണ്ടു മഹിളാ സമാജങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ അവയുടെ പ്രവർത്തനം നിലച്ച മട്ടാണ്. വനിതകളുടേതായി സാംസ്ക്കാരിക സ്ഥാപനങ്ങളോ സന്നദ്ധ

സംഘടനകളോ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

വനിതകളുടേതായി 3 തൊഴിൽ യൂണിറ്റുകളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. വേങ്ങാട്ടിരിയിലെ വനിതകളുടെ ഖാദി നൂൽ നൂൽപ്പ് കേന്ദ്രം താരതമ്യേന മെച്ചമായി പ്രവർത്തിക്കുന്നുണ്ട്. പൊട്ടച്ചിറയിൽ പ്രവർത്തിച്ചിരുന്ന ഡി.ഡബ്ല്യു.സി.ആർ.എ യൂണിറ്റിന്റെ പ്രവർത്തനം നിലച്ച മട്ടാണ്. വിവിധ പ്രദേശങ്ങളിൽ വനിതകളുടെ തൊഴിൽ യൂണിറ്റുകൾ ആരംഭിക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടെങ്കിലും ഈ രംഗത്തെ മുഴുവൻ സാധ്യതകളും ഉപയോഗിക്കപ്പെട്ടിട്ടില്ല.

സ്ക്കൂൾ സ്ഥിതി വിവരകണക്കുകൾ പരിശോധിച്ചാൽ പഞ്ചായത്തിലെ മൊത്തം പഠിതാക്കളിൽ പെൺകുട്ടികൾ കുറവാണെന്ന് കാണുന്നു. പഠന നിലവാരത്തിൽ പെൺകുട്ടികളാണ് മുന്നിലെങ്കിലും കലാ-കായിക രംഗങ്ങളിൽ വേണ്ടത്ര മികവ് പുലർത്തികാണുന്നില്ല. ഡിഗ്രി തലം വരെ വിദ്യാഭ്യാസം നേടുന്നതോടെ പെൺകുട്ടികളുടെ പഠനം അവസാനിക്കുന്നു എന്ന് കാണാം. വിവിധ തൊഴിൽ മേഖലകളുടെ സാധ്യതകൾ പരിശോധിച്ച് വൈവിധ്യമാർന്ന തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പഠിക്കുന്നതിന് പൊതുവേ പെൺകുട്ടികൾക്ക് താൽപര്യം കുറവാണ്. തൊഴിൽ അധിഷ്ഠിത കോഴ്സ് എന്ന നിലക്ക് ബി.എഡ്, ടി.ടി.സി എന്നിവ മാത്രമാണ് പലരും തെരഞ്ഞെടുക്കുന്നത്.

പഞ്ചായത്തിലെ മൊത്തം സ്ഥിതിഗതികൾ പരിശോധിച്ച് നോക്കുമ്പോൾ ഉയർന്ന വിദ്യാഭ്യാസം നേടിയവരും ഭേദപ്പെട്ട സാമ്പത്തിക സ്ഥിതിയുള്ളവരുമായ ഭൂരിഭാഗം വനിതകളും സ്ത്രീകളുടെ പ്രശ്നങ്ങൾ കണ്ടറിഞ്ഞ് പ്രശ്നപരിഹാരത്തിന് നേതൃത്വപരമായ ഒരു പങ്ക് നിർവ്വഹിക്കുന്നതിൽ വിമുഖരാണ്. പ്രവർത്തനങ്ങളിൽ വെല്ലുവിളികൾ സ്വീകരിച്ച് നേതൃത്വം ഏറ്റെടുക്കുവാൻ സ്ത്രീകൾ സന്നദ്ധരാവുന്നില്ല. തങ്ങളുടെ ശക്തി എന്തെന്ന് സ്ത്രീകൾ ഇനിയും തിരിച്ചറിഞ്ഞിട്ടില്ല. സ്ത്രീകൾക്കിടയിലെ ബോധവൽക്കരണത്തിന്റെ അഭാവം വളരെ പ്രകടമാണ്.

പഞ്ചായത്തിൽ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ താരതമ്യേന കുറവാണ്. എന്നിരുന്നാലും മദ്യപാനം മൂലം പല സ്ത്രീകളും പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട് എന്ന് കാണാം. സ്ത്രീധനപീഢനക്കേസുകളും മറ്റും പഞ്ചായത്തിൽ തുച്ഛമാണ്. എന്നാൽ സ്ത്രീധനംഈ പ്രദേശങ്ങളിൽ ഒരു വലിയ പ്രശ്നമായി തീർന്നിരിക്കുന്നു. സമൂഹം പുരോഗമിക്കുന്തോറും സ്ത്രീധനത്തിനായുള്ള ആർത്തി കൂടി കൂടി വരുന്നു എന്നുള്ളത് ഖേദകരമായ വസ്തുതയാണ്. സ്ത്രീധനം ഒരു പ്രശ്നമല്ലാതിരുന്ന ജനവിഭാഗങ്ങളിൽ കൂടി ഇത് ക്രമേണ ഉയർന്ന് വരുന്നതും സ്ഥിതി സങ്കീർണ്ണമാക്കുന്നു. സ്ത്രീധനത്തിനെതിരായും അത്യാഡംബരപൂർവ്വമായ വിവാഹത്തിനെതിരായും സമുഹമനഃസാക്ഷിയെ ബോധവൽക്കരിക്കേണ്ടതിന് അടിയന്തിര പ്രാധാന്യത്തോടെ ഉചിതമായ കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞിരിക്കുന്നു.

സമൂഹത്തിൽ നിലവിലുള്ള അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഏറ്റവും കൂടുതൽ ആഘാതമേൽപ്പിക്കുന്നത് സ്ത്രീകളിലാണ്. ശാസ്ത്രീയ വീക്ഷണവും ബോധവൽക്കരണവും ഇക്കാര്യത്തിൽ അത്യാവശ്യമാണ്. സ്ത്രീകളുടെ ഇടയിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകളും സഹകരണ സംഘങ്ങളും ഒരു പരിധി വരെ ഉപകരിക്കും. വനിതകളുടേതുമാത്രമായ സംഘടനകൾക്ക് നേതൃത്വം കൊടുക്കുകയും അവർക്ക് സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുള്ള സഹായങ്ങൾ നൽകുകയും വേണം.

മൊത്തം വിമോചനപ്പോരാട്ടത്തിന്റെ ആക്കം കൂട്ടാൻ വനിതാ വിമോചനത്തെ കുറിച്ചുള്ള ബോധവൽക്കരണവും ചർച്ചയും പ്രവർത്തനവും സമൂഹത്തിൽ ഇനിയും സജീവമാക്കേണ്ടതാണ്. അന്യൂനം തുടരേണ്ടതും സാമ്പത്തിക സമരത്തോടു കൂട്ടിച്ചേർക്കേണ്ടതുമായ സാമൂഹ്യ-സാംസ്ക്കാരിക മണ്ഡലങ്ങളിലെ സമരമാണ് സ്ത്രീ വിമോചന സമരം. ഈ തിരിച്ചറിവിന്റെ ഉൾക്കരുത്തോടെ സ്ത്രീകൾ സ്വയം സന്നദ്ധരായി രംഗത്ത് വന്നാലേ തങ്ങളുടെ പ്രശ്നങ്ങളിൽ നിന്ന് മോചനം ലഭിക്കൂ എന്ന വസ്തുത ഉൾകൊണ്ട് പ്രവർത്തനങ്ങളുമായി സ്ത്രീകൾ മുന്നോട്ട് പോവേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

## പ്രശ്നങ്ങൾ

- പൊതു രംഗത്ത് വനിതകളുടെ പ്രാധിനിത്യം കുറവാണ്.
- തൊഴിൽ രംഗത്ത് വിദ്യാഭ്യാസം, കാർഷിക മേഖല, നിർമ്മാണ മേഖല എന്നിവയിലൊഴികെ സ്ത്രീ പങ്കാളിത്തം കുറവാണ്.
- ജനസംഖ്യാനുപാതിക പ്രാതിനിധ്യം സ്ത്രീകൾക്കു

ലഭിക്കുന്നതിനുള്ള സംവിധാനങ്ങളില്ല.

- സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സംഘടിത ശ്രമങ്ങൾ കുറവാണ്.
- വിവിധ തൊഴിൽ മേഖലകളെക്കുറിച്ചും തൊഴിൽ സാധ്യതകളെ കുറിച്ചും അറിവില്ലായ്മ പ്രശ്നമാണ്.
- തൊഴിൽ പരിശീലനത്തിന് വേണ്ടത്ര സൗകര്യമില്ല.
- സാമ്പത്തിക ഞെരുക്കം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് തടസ്സമാവുന്നു.
- സ്ത്രീകളുടെ നേതൃത്വ ഗുണം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളോ പരിശീനമോ ലഭ്യമല്ല.
- സ്ത്രീധനം സ്ത്രീകളെ ഒരു ബാധ്യതയായി കാണുന്നതിന് കുടുംബത്തെ പ്രേരിപ്പിക്കുന്നതു മൂലം സ്ത്രീകൾ അവഗണനക്ക് പാത്രമാവുന്നു.
- അംഗൻവാടി ജീവനക്കാരുടെ വേതനം തുച്ഛമാണ്.
- പ്രവർത്തനങ്ങളിൽ നേതൃത്വം ഏറ്റെടുത്ത് രംഗത്ത് വരാൻ സ്ത്രീകൾ മടി കാണിക്കുന്നു.
- അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീ പിഡനങ്ങൾക്ക് കാരണമാവുന്നു. മദ്യപാനം സ്ത്രീ പീഡനത്തിന് ആക്കം കൂട്ടുന്നു.

## സാധ്യതകൾ

- വിഭവസാധ്യതകൾ കണക്കിലെടുത്ത് വിവിധ തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുക. ആവശ്യമായ തൊഴിൽ പരിശീലനം നൽകുക. സ്ഥാപനങ്ങൾ നടത്താനാവശ്യമായ മാനേജ്മെൻറ് പരിശീലനം നൽകുക.
- പശു, ആട്, കോഴി എന്നിവ വളർത്തൽ സഹായങ്ങൾ നൽകുക.
- അടുക്കളത്തോട്ട നിർമ്മാണത്തിനാവശ്യമായ സഹായങ്ങൾ നൽകുക.
- വനിതാ സഹകരണ-വിപണന സംഘങ്ങൾ ആരംഭിക്കുക.
- തയ്യൽ പരിശീലനം നൽകുക. പ്ലാസ്റ്റിക്ക് കസേര, പ്ലാസ്റ്റിക്ക് കുട്ട, കുട, സോപ്പ്, കീടനാശിനി എന്നിവയുടെ നിർമ്മാണത്തിൽ പരിശീലനം നൽകുക. ഇവയുടെ നിർമ്മാണത്തിനും വിപണനത്തിനും സ്ത്രീകളുടെ തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുക.
- മഹിളാ സമാജങ്ങൾ ഓരോ വാർഡിലും ഒന്നു വീതം ആരംഭിക്കണം.
- സ്ത്രീധനമില്ലാത്ത സമൂഹവിവാഹങ്ങൾ പ്രോൽസാഹിപ്പിക്കുക.
- വിവാഹ ധൂർത്ത് കുറക്കുന്നതിന് പ്രചരണം നടത്തുക.
- വേങ്ങാട്ടീരിയിലെ ഖാദി നൂൽപ്പ് കേന്ദ്രം വിപുലമാക്കണം.
- DWCRA യൂണിറ്റുകൾ ഒരു വാർഡിൽ ഒന്നു വീതം തുടങ്ങുക.
- വിവിധ തൊഴിൽ മേഖലകളുടെ സാധ്യതകളെ കുറിച്ച് ബോധവൽക്കരണം നടത്തണം.
- ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് സ്ത്രീകൾക്കായി ഹോം ലൈബ്രറി ആരംഭിക്കാൻ വേണ്ട നടപടി കൈകൊള്ളുക.
- സ്ത്രീകളെ സ്വന്തം കഴിവുകളെ കുറിച്ച് ബോധവൽക്കരിക്കുക. സാമൂഹ്യ-രാഷ്ട്രീയ സംഘടനകളിൽ മതിയായ സ്ത്രീ പ്രാതിനിധ്യം ഉറപ്പു വരുത്തുക.

# സഹകരണം

ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ പാശ്ചാത്യ രാജ്യങ്ങളിൽ വ്യവസായ വിപ്ലവത്തെ തുടർന്ന് കാർഷിക മേഖലയിലുണ്ടായ കെടുതികളിൽ നിന്നും രക്ഷനേടാനായി ഉൾത്തിരിഞ്ഞു വന്നതാണ്. സഹകരണ പ്രസ്ഥാനം. 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇന്ത്യയെ ബാധിച്ച രൂക്ഷമായ ഭക്ഷ്യക്ഷാമത്തെ തുടർന്ന് സഹകരണ പ്രസ്ഥാനം കെട്ടിപടുക്കുക എന്ന ആശയം അന്നത്തെ ഇന്ത്യൻ ഭരണാധികാരികളുടെ ചർച്ചക്ക് വിധേയമായത്. 1902-ൽ ആദ്യത്തെ ഇന്ത്യൻ സഹകരണ നിയമം നിലവിൽ വരികയും ചെയ്തു. അന്നത്തെ മദ്രാസ് പ്രോവിഡിൽ ഉൾപ്പെട്ടിരുന്ന മലബാറിലും മറ്റും 1935-ഒടു കൂടിയാണ് സഹകരണപ്രസ്ഥാനം നിലവിൽ വന്നത്.

ഐക്യകേരളം നിലവിൽ വന്ന സമയത്ത് മലബാർ മേഖലയിൽ ഒരു സഹകരണ നിയമവും തിരു-കൊച്ചി ഭാഗത്ത് മറ്റൊരു നിയമവും ആണ് ഉണ്ടായിരുന്നത്. 1968ൽ ഈ നിയമങ്ങൾ സംയോജിപ്പിച്ചു കൊണ്ട് സമഗ്രമായ ഒരു സഹകരണ നിയമം കേരള നിയമസഭ പാസ്സാക്കുകയും ഈ നിയമം കേരളത്തിൽ ഒരു സഹകരണ മേഖല ഉരുത്തിരുയുന്നതിന് കാരണമാവുകയും ചെയ്തു. തികച്ചും ഗവൺമെൻറ് മുൻകയ്യോടെ ഇന്ത്യയിൽ ആവിർഭവിച്ച സഹകരണ മേഖലയെ ഒരു ജനകീയ മേഖലയാക്കി മാറ്റുവാനും മനുഷ്യ സമൂഹത്തിന്റെ ജനനം മുതൽ മരണം വരെയുള്ള എല്ലാ രംഗങ്ങളിലേക്കും കടന്നു ചെല്ലാനും ജനകീയ ആവശ്യങ്ങൾ നിറവേറ്റുവാനും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് ഇന്ന് കഴിഞ്ഞിട്ടുണ്ട്.

## സഹകരണം നമ്മുടെ പഞ്ചായത്തിൽ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 3 സഹകരണസ്ഥാപനങ്ങളാണുള്ളത്. ഇതിൽ പ്രധാനമായത് വല്ലപ്പുഴ സഹകണ ബാങ്കാണ്. മാരായമംഗലം ഹൈസ്ക്കൂൾ കേന്ദ്രമാക്കിയും എഴുവന്തല നോർത്ത് യു.പി. സ്ക്കൂൾ കേന്ദ്രമാക്കിയും 2 സ്ക്കൂൾ സഹകരണസംഘങ്ങൾ ഉണ്ടെങ്കിലും അവ പുസ്തകങ്ങൾ മാത്രമാണ് കൈകാര്യം ചെയ്യുന്നത്. ഇതിനുപുറമേ ചെർപ്പുളശ്ശേരി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, ഒറ്റപ്പാലം താലൂക്ക് കാർഷിക വികസനബാങ്ക്, പാലക്കാട് ജില്ലാബാങ്ക് എന്നിവയുടെ കൂടി പ്രവർത്തന പരിധിയിലാണ് ഈ പഞ്ചായത്ത്.

1946ലെ ഭക്ഷ്യക്ഷാമത്തെ തുടർന്ന് മലബാറിലുടനീളം ഭക്ഷ്യസാധനങ്ങൾ ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനായി സ്ഥാപിച്ച സഹകരണ സംഘങ്ങളിൽ ഒന്നാണ് ഇന്നത്തെ വല്ലപ്പുഴ സർവ്വീസ് സഹകരണ ബാങ്കായി രൂപാന്തരം പ്രാപിച്ചത്. 7.6.46ൽ പരസ്പര സഹകരണസംഘം ആയി പ്രവർത്തനം ആരംഭിച്ച ഇത് 58-ൽ റൂറൽ ബാങ്കാക്കുകയും 1961ൽ കേരളമൊട്ടാകെ സഹകരണ രംഗത്ത് പുനഃസംഘടന നടന്നപ്പോൾ വല്ലപ്പുഴ വിവിധോദ്ദേശ സഹകരണസംഘവും മാരായമംഗലം വിവിധോദ്ദേശ സഹകരണസംഘവും ലയിപ്പിച്ച് വല്ലപ്പുഴ സർവ്വീസ് സഹകരണസംഘം നിലവിൽ വരുകയും ചെയ്തു. കാർഷികേതര മേഖലയിൽ കാര്യമായ പ്രവർത്തനങ്ങൾ നടത്താൻഈ ബാങ്കിന് ഇനിയും കഴിഞ്ഞിട്ടില്ല. കാർഷികേതര വായ്പകൾ പ്രത്യേകിച്ച് വാഹനങ്ങൾ വാങ്ങാനുള്ള വായ്പകൾ കൊടുക്കുന്നത് ഏറെകുറെ സഹായകമായിട്ടുണ്ട്. യഥാർത്ഥത്തിൽ ഏതു ലക്ഷ്യപ്രാപ്തിക്കു വേണ്ടി ബാങ്ക് പ്രവർത്തിക്കുന്നുവോ അതിന്റെ ലക്ഷ്യത്തിൽ എത്താൻ ഇനിയും ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു.

കാർഷികേതര വായ്പകൾ കൊടുക്കുന്ന ചെർപ്പുളശ്ശേരി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ഭേദപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ ജനങ്ങളുടെ ആശക്കൊത്ത് ഉയരാൻ ഇനിയും ബാങ്ക് ശ്രമിക്കേണ്ടതുണ്ട്. കച്ചവടത്തിനാവശ്യമായ ക്യാഷ് ക്രെഡിറ്റ്, വാഹനങ്ങൾ വാങ്ങുന്നതിനുള്ള വായ്പകൾ തുടങ്ങിയ വിവിധ ഇനത്തിലുള്ള കടങ്ങൾ ഇവിടെ നിന്ന് കൊടുത്തു വരുന്നു. അംഗത്തിന് പരമാവധി 10 ലക്ഷം രൂപവരെ ബാങ്ക് കൊടുക്കുന്നുണ്ട്. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായകമായ വായ്പകളും പ്രധാനമായും ഓട്ടോറിക്ഷകൾ വാങ്ങുന്നതിന് ഇവിടെ നിന്ന് കൊടുത്തു വരുന്നുണ്ട്

ഒറ്റപ്പാലം കാർഷിക വികസനബാങ്ക് വായ്പ അർഹതപ്പെട്ടവർക്ക് കൊടുക്കാൻ തയ്യാറാണെങ്കിലും

പഞ്ചായത്തിൽ വളരെ കുറച്ച് പേർ മാത്രമേ ഈ ബാങ്കുമായി ബന്ധപ്പെടുന്നുള്ളു. കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ ഇവിടെ നിന്ന് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെങ്കിലും, സാധ്യത പഞ്ചായത്തിലുള്ളവർ പൂർണമായും ഉപയോഗിക്കുന്നില്ല. വായ്പകളുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ ലഘൂകരിക്കേണ്ടത് ഇതിന് ആവശ്യമാണ്. പാലക്കാട് ജില്ലാ സഹകരണബാങ്കുമായി ബന്ധപ്പെട്ട വായ്പകളും ഇതര ഇടപാടുകളും പഞ്ചായത്തിൽ നാമമാത്രമാണ്.

## പ്രശ്നങ്ങൾ

- കാർഷിക രംഗത്ത് വായ്പാ സൗകര്യങ്ങളും വളം, കീടനാശിനി തുടങ്ങിയവയുടെ വിതരണവും ആവശ്യമായത്ര ലഭ്യമാവുന്നില്ല എന്നത് കാർഷിക രംഗത്ത് ഏക ആശ്രയ കേന്ദ്രമായ വല്ലപ്പുഴ സർവ്വീസ് ബാങ്കിന്റെ പോരായ്മയാണ്. ചെർപ്പുളശ്ശേരി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിന്റെ പരിധിയിൽ നെല്ലായ പഞ്ചായത്ത് ഉൾപ്പെടുന്നുണ്ടെങ്കിലും ഈ പ്രദേശത്തും അതിന്റെ സേവനം മതിയായ തോതിൽ ലഭ്യമാവുന്നില്ല. ഇത് കാർഷികേതര വായ്പ ലഭ്യമാവുന്നതിന് പ്രതികൂലമായി ബാധിക്കുന്നുണ്ട്. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന രംഗത്ത് സർവ്വീസ് ബാങ്ക് പരാജയത്തിലാണ്. ഓണച്ചന്തകളും ഉൽസവകാല ചന്തകളും നാമമാത്രമായി നടത്താറുള്ളു.

## നിർദ്ദേശങ്ങൾ

- കർഷകർക്ക് യഥാസമയം വായ്പ ലഭ്യമാവുന്നതിന് വല്ലപ്പുഴ സർവ്വീസ് ബാങ്കിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കേണ്ടതാണ്. രാസവളം, കീടനാശിനി എന്നിവയും നെൽ വിത്ത് തുടങ്ങിയവയും കാർഷികോപകരണങ്ങളും യഥാസമയം ലഭ്യമാക്കുകയും ഇതിലേക്കാവശ്യമായ സജ്ജീകരണങ്ങൾ വിപുലീകരിക്കുകയും ചെയ്യുക. സർവ്വീസ് ബാങ്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്.
- ചെർപ്പുളശ്ശേരി അർബൻ ബാങ്കിന്റെ ഒരു ശാഖ നെല്ലായ പഞ്ചായത്തിൽ അനുവദിക്കുക. പുതിയ സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.
- ക്ഷീരോൽപാദക വിപണന സഹകരണസംഘങ്ങൾ രൂപീകരിക്കുക.
- പച്ചക്കറി സംഭരണ സംസ്ക്കരണ-വിപണന സഹകരണസംഘങ്ങൾ രൂപീകരിക്കേണ്ടത് കാർഷിക മേഖലയുടെ വളർച്ചക്ക് അനിവാര്യമാണ്.
- വനിതകളുടെ സർവ്വതോൻമുഖമായ വളർച്ച ലക്ഷ്യമാക്കി വനിതാ വ്യവസായ-സേവന-സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.
- ഹരിജനക്ഷേമം ലക്ഷ്യമാക്കി പട്ടികജാതി സഹകരണസംഘങ്ങളും രൂപീകരിക്കേണ്ടതാണ്.
- മാർക്കറ്റിങ്ങ് സൊസൈറ്റിയുടെ ഒരു ഗോഡൗൺ പൊതു വിതരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമാണ്.

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

നെല്ലായ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 15% പട്ടികജാതി വിഭാഗമാണ്. പഞ്ചായത്തിൽ ആകെ 26 പട്ടികജാതി കോളനികൾ ആണുള്ളത്. പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള ആരും തന്നെ ഈ പഞ്ചായത്തിലില്ലെന്നു തന്നെ പറയാം.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ നാമമാത്രമായ പുരോഗതിമാത്രം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സമഗ്ര ഭൂപരിഷ്ക്കരണത്തോടുകൂടി സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധി കാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും, മിച്ച ഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹ്യ പുരോഗതി കൈവരിക്കാൻ സഹായകമായിട്ടുണ്ട്. മുൻകാലങ്ങളിൽ നിലനിന്നിരുന്ന ഉച്ഛനിചത്വങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട് എന്നു മാത്രമല്ല സർവ്വ മതസ്ഥരും ഒരു പോലെ ഇടപെട്ടുകഴിയുന്ന ഇന്നത്തെ ജീവിത സാഹചര്യങ്ങളിലും പൊതുപരിപാടികളിലും വിദ്യാഭ്യാസ തൊഴിൽ മേഖലകളിലും വേണ്ടത്ര ഉയർന്നു വന്നിട്ടില്ല. മറ്റു ജനവിഭാഗങ്ങളുമായി താരതമ്യപെടുത്തുമ്പോൾ വളരെ പിന്നോക്കാവസ്ഥയിലാണ്.

ഈ വിഭാഗത്തിൻെറ ഉന്നതിക്കുവേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവ് ലഭ്യമാകാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഭാഗികമായെങ്കിലും ഉള്ള നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ടെന്നത് എടുത്തുപറയാവുന്ന വസ്തുതയാണ്. ഈ ആനുകൂല്യങ്ങൾ കോളനി നിവാസികൾക്കാണ് കൂടുതൽ പ്രയോജനപ്രദം ആയിട്ടുള്ളത്. കോളനി നിവാസികളുടെ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപെടേണ്ടതായിട്ടുണ്ട്. കോളനികളുടെ വിവരം പട്ടികയായി കൊടുക്കുന്നു. കോളനികളെ സംബന്ധിച്ച് അംഗീകാരത്തിന് സമർപ്പിച്ച അപേക്ഷകൾ അംഗീകരിച്ച് കിട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട് അംഗീകാരം ലഭക്കാത്ത കോളനികളുടെ അവസ്ഥ ദയനീയമാണ്.

പ്രഥമിക വിദ്യാഭ്യാസം നേടിയവരുടെ എണ്ണവും പൊതുവേ സാക്ഷരരുടെ എണ്ണവും തൃപ്തികരമാണങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പ്രൈമറി ക്ലാസ്സുകളിലെ കൊഴിഞ്ഞുപോക്കിന് കുറവുണ്ടാകുന്നുണ്ടെങ്കിലും എസ്.എസ്.എൽ.സി ക്ക് ശേഷം തുടർന്നു പഠിക്കുന്നതിനുള്ള താല്പര്യം മെച്ചപെടുത്തേണ്ടതാണ്. കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടി വന്നതിനാൽ പഠനം നിർത്തേണ്ടി വന്ന നിരവധി കുട്ടികൾ ഉണ്ട്. വിദ്യാഭ്യാസത്തിൻെറ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷികമേഖലയിൽ തൊഴിൽ എടുത്ത് ഉപജീവനം കഴിച്ചുവരുന്നവരാണ്. എന്നാൽ അടുത്തകാലത്തായി കാർഷികമേഖലയിൽ വന്ന തകർച്ച ഈ വിഭാഗത്തിൻെറ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴിലിനുവേണ്ടി മറ്റുമേഖലകളിലേക്കു പോകാൻ നിർബന്ധിതരാവുകയും ചെയ്തു. കെട്ടിട നിർമ്മാണ തൊഴിൽ മേഖലയെയാണ് ഇവരിൽ ഏറെ പേരും ഇപ്പോൾ ആശ്രയിക്കുന്നത്. കെട്ടിട നിർമ്മാണ രംഗത്ത് നാമമാത്രമായിട്ടാണെങ്കിലും കൂലി കൂടുതലുണ്ട് എന്നതുകാരണം പുതിയ തലമുറ ഭൂരിഭാഗവും തന്നെ കാർഷിക മേഖലയിൽ നിന്നും മാറി. ഇതുകാരണം കാർഷിക വൃത്തികൾക്ക് തൊഴിലാളികളെ കിട്ടാൻ തന്നെ വളരെ പ്രയാസമാണ്. കെട്ടിട നിർമ്മാണ രംഗത്തെത്തിയവർക്ക് സാങ്കേതിക പരിജ്ഞാനക്കുറവുകാരണം വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല. കൈതൊഴിൽ രംഗത്ത് പ്രവർത്തിച്ചു വന്നിരുന്നവരുടെ എണ്ണം കുറഞ്ഞു കൊണ്ടിരിക്കുകയാണ്. പരമ്പരാഗത വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാകുന്നില്ലാ എന്നതും പുതിയതായി ആളുകൾ ഈ രംഗത്തേക്ക് കടന്നുവരാത്തതും, മാർക്കറ്റിംഗിൻെറ അഭാവവുംഈ രംഗത്തെ ന്യൂനതക്ക് കാരണമാണ്.

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ

കഴിഞ്ഞിട്ടില്ല. സർക്കാർ ഏജൻസികൾ നടപ്പാക്കി വരുന്ന പദ്ധതികൾ ഒരു പരിധിവരെ സഹായകമായിട്ടുണ്ടെങ്കിലും പകുതിയിലധികം കുടുംബങ്ങൾക്കും പ്രയോജനം ലഭിക്കേണ്ടതുണ്ട്. പദ്ധതി ചിലവിനായി ലഭിക്കുന്ന മുഴുവൻ തുകയും അതേ ആവശ്യത്തിന് ഉപയോഗപ്പെടുത്താനുള്ള സംവിധാനവും അതേപോലെത്തന്നെ വീടുകളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിങ്ങിന് വേണ്ട സൗകര്യം ഏജൻസികളിൽ നിന്ന് ലഭ്യമാകുകയും വേണം. ഇന്ന് മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സൗകര്യങ്ങളാണ് നിലവിലുള്ളത്. ഒറ്റപ്പെട്ട വീടുകളിൽ ഈ പ്രശ്നം കൂടുതൽ പരിഗണനക്ക് വിധേയമാക്കേണ്ടതാണ്. ഇവരിൽ പലരും വിവിധ സർക്കാർ ഏജൻസിയിലൂടെ വായ്പയെടുത്ത് കടക്കെണിയിൽ അകപ്പെട്ടുപോയിട്ടുണ്ട്. കൃത്യമായ തിരിച്ചടവിന് ശ്രദ്ധിക്കാറില്ല എന്നത് ഇതിന് കാരണമാണ്. വീട് വെക്കുന്നതിന് ആവശ്യമായ സ്ഥലം സ്വന്തമായി ഇല്ലാത്ത കുടുംബങ്ങൾക്ക് ആവശ്യമായ സ്ഥലം അനുവദിച്ച് പാർപ്പിട പ്രശ്നത്തിന് പരിഹാരം നൽകാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്താൽ മാത്രമേ ഈ രംഗത്തെ അസന്തുലിതാവസ്ഥ പരിഹരിക്കാൻ കഴിയുകയുള്ളു, പല കോളനികളിലും പ്രാഥമിക സൗകര്യങ്ങൾ നിലവിലില്ല. ഇതിനൊരു പരിഹാരമായി എല്ലാ വീടുകളിലും കക്കൂസ് നിർബന്ധമാക്കുകയും അത് അനുവദിച്ച് കൊടുക്കുകയും ചെയ്യേണ്ടതാണ്. അംഗീകരിച്ചവയും അല്ലാത്തതുമായ കോളനികളുടെ പട്ടിക ഇതോടൊപ്പം കൊടുക്കുന്നു.

## പ്രശ്നങ്ങൾ

- വേണ്ടത്ര വിദ്യാഭ്യാസ പുരോഗതി ഇനിയും കൈവരിക്കേണ്ടിയിരിക്കുന്നു. നിരക്ഷരത ഇനിയും പൂർണ്ണമായും ഇല്ലാതാക്കാൻ കഴിഞ്ഞിട്ടില്ല. പ്രാഥമിക വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കും മദ്ധ്യത്തെ യ്ക്ക് ശേഷം ഉന്നത വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിലുള്ള കുറവും വിദ്യാഭ്യാസ രംഗത്ത് ഈ വിഭാഗത്തിനിടയിൽ നിലവിലുള്ള ഒരു പ്രധാന പ്രശ്നമാണ്.
- കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നത് ഈ രംഗത്ത് പ്രവർത്തിക്കുന്നവരെ പ്രതികൂലമായി ബാധിക്കുന്നു. തൊഴിൽ സാധ്യത കുറഞ്ഞുവരുന്നു.
- പല കോളനികളിലും കുടിവെള്ള പ്രശ്നം രൂക്ഷമാണ്.
- ഒരു IHDP കോളനിയും ഒരു അംബേദ്കർ കോളനിയും ഉൾപ്പടെ 6 കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. മറ്റ് കോളനികളിൽ എത്തിക്കാനുള്ള ശ്രമം നടത്തേണ്ടതുണ്ട്.
- എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി വീടില്ല.
- ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
- കൈവശ ഭൂമിക്ക് മതിയായ രേഖകൾ ഇല്ലാത്ത നിരവധി കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്.
- IHRDPപദ്ധതികൾ ഉൾപ്പടെയുള്ള പദ്ധതികളുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമല്ല.
- പട്ടികജാതി വികസന കോർപ്പറേഷനും ഹരിജ ലക്ഷേമ വകുപ്പും നടപ്പിലാക്കുന്ന പല പദ്ധതികളും ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ സ്വയം നിർമിതമായ നൂലാമാലകൾ കാരണം ഉപയോക്താക്കൾക്ക് ലഭ്യമാകുന്നില്ല.
- പട്ടികജാതി വികസന പദ്ധതികളുടെ അറിവ് വേണ്ടത്ര ലഭ്യമല്ല.
- അംഗീകരിക്കാത്ത കോളനികളിലെ അവസ്ഥ ദയനീയമാണ്.

## സാധ്യതകൾ

### കുടിവെള്ളം

- കോളനിയിൽ കുടിവെള്ളക്ഷാമം ഇല്ലാതാവുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പിൽ വരുത്തേണ്ടതാണ്. പൊതു കിണറുകൾ നിർമിച്ച് അതിന് പരിഹാരം കാണാവുന്നതാണ്.

### വൈദ്യുതി

- ചില കോളനികളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല. ഈ പ്രശ്നത്തിൽ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.
- IHDPകോളനികളുടെ എണ്ണം വർദ്ധിപ്പിക്കണം. കോളനികളെ കേന്ദ്രീകരിച്ച് മാരായമംഗലം ഹെൽത്ത് സെൻററുമായി ബന്ധപ്പെട്ട് ആരോഗ്യ രംഗത്ത് ആവശ്യമായ ബോധവൽക്കരണവും പരിശോധനാ ഏർപ്പാടുകളും ഉണ്ടാക്കണം.
- ക്ഷേമ പദ്ധതികളെ കുറിച്ച് അറിവുണ്ടാകുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ അത്യാവശ്യമാണ്. ക്ഷേമ പദ്ധതികൾ

അർഹതപ്പെട്ടവർക്ക് ആവശ്യമായ സമയത്ത് ലഭ്യമാക്കുന്നതിന് സഹായകമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതുണ്ട്. പട്ടികജാതി ക്ഷേമത്തിനായി കോർപ്പറേഷനും നടപ്പിലാക്കാൻ കഴിയണമെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റം വരുത്തിയേ കഴിയൂ.

☞ കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തിയാൽ മാത്രമേ തൊഴിൽ പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിയുകയുള്ളു. കൈത്തൊഴിൽ പരിശീലനത്തിനും തുടർന്ന് തുടർന്ന് കൈതൊഴിൽ ചെയ്യാനും ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള സംവിധാനവും ഉണ്ടാക്കണം.

☞ അംഗീകരിക്കാത്ത 18 ഓളം കോളനികൾ ഈ പഞ്ചായത്തിലുണ്ട്. ഇവ അംഗീകരിച്ചു കിട്ടിയാൽ മാത്രമേ ഇവിടെ താമസിക്കുന്ന കുടുംബങ്ങളുടെ ആവശ്യങ്ങൾ പരിഹരിക്കപ്പെടുകയുള്ളു.

☞ ഹരിജൻ കുടുംബങ്ങൾ കൂട്ടമായി താമസിക്കുന്നത് പണ്ട് ജന്മിമാർ കൊടുത്ത പീഠഭൂമിയിലോ, കുന്നിൻ പ്രദേശത്തോ ആണ്. ഹരിജനങ്ങൾക്ക് ഇവിടങ്ങളിൽ പല പദ്ധതികൾ പ്രകാരം കിണറുകൾ കുഴിച്ചുകൊടുത്തിട്ടുണ്ടെങ്കിലും അടിയിൽ പാറയാണ് സാങ്കേതിക പ്രശ്നങ്ങളാൽ പാറ നീക്കി കിണറുകൾക്ക് ആഴം കൂട്ടാൻ സാധിക്കാതെ പോവുന്നതുകാരണം ശുദ്ധജല പ്രശ്നം രൂക്ഷമാണ്. ഇത്തരം കിണറുകൾക്ക് ആഴം കൂട്ടാനുള്ള സംവിധാനം ആവശ്യമാണ്.

### അംഗീകരിച്ച ഹരിജൻ കോളനികളുടെ പൊതു വിവരം

| No | വാർഡ് | പേര് | വൈദ്യുതി |
|---|---|---|---|
| 1 | I | വാലിപ്പറമ്പ് ഹരിജൻ കോളനി | ഉണ്ട് |
| 2 | | (2) കയ്യറം കുന്ന് ഹരിജൻ കോളനി | -ഇല്ല |
| 3 | III | മുല്ലക്കൽ ഹരിജൻ കോളനി | ഉണ്ട് |
| 4 | IV | പറയ കോളനി | ഉണ്ട് |
| 5 | V | പന്താരി പറമ്പ് ഹരിജൻ കോളനി | ഉണ്ട് |
| 6 | VI | കുഞ്ഞാണിതൊടി ഹരിജൻ കോളനി | - |
| | VII | | ഇല്ല |
| 7 | VIII | അംബേദ്ക്കർ ഹരിജൻ കോളനി | ഉണ്ട് |
| 8 | IX | പൊന്മുഖം പറയൻ കോളനി(ഇത്HDPകോളനിയാണ്) | ഉണ്ട് |
| | X | | ഇല്ല- |
| | XI | | ഇല്ല- |

### അംഗീകരിക്കാത്ത കോളനികളുടെ വിവരം

| No | വാർഡ് | പേര് | വൈദ്യുതി |
|---|---|---|---|
| 1. | II | പേരാലിൻ കൂട്ടത്തിൽ ഹരിജൻ കോളനി | ഇല്ല |
| 2. | | (2) തെക്കേ മാവുണ്ടിരി ഹരിജൻ കോളനി | ഇല്ല |
| 3. | | (3)വരണമംഗലത്ത് മുല്ലക്കൽ ഹരിജൻ കോളനി | ഇല്ല |
| 4. | III | ചെമ്മാട്ട് പനംകുറ്റി | ഇല്ല |
| 5. | IV | 1. മുണ്ടുകാട്ടിൽ ഹരിജൻ കോളനി | ഇല്ല |
| 6. | | 2. പട്ടിശ്ശേരി മിച്ചഭൂമി ഹരിജൻ കോളനി | ഇല്ല |
| 7. | | 3. പുത്തൻ പീടിക ഹരിജൻ കോളനി | ഇല്ല |
| 8. | | 1.നായരുപറമ്പിൽ ഹരിജൻ കോളനി | ഇല്ല |
| 9. | | 2.നായാടി ഹരിജൻ കോളനി | ഇല്ല |
| 10. | VI | പൊട്ടികണ്ടം ഹരിജൻ കോളനി | ഇല്ല |
| 11. | VII | 1 കിഴക്കേക്കര ഹരിജൻ കോളനി | ഇല്ല |
| 12. | | 2.പൊമ്പിലായ ഹരിജൻ കോളനി | ഇല്ല |
| | IX | | ഇല്ല |
| 13. | X | 1. മുള്ളൻതൊടി ഹരിജൻ കോളനി | ഇല്ല |
| 14. | | 2.പരിയാരതൊടി ഹരിജൻ കോളനി | ഇല്ല |
| 15. | | 3.ചെന്ത്രതൊടി ഹരിജൻ കോളനി | ഇല്ല |
| 16. | | 4.ഒരപ്പനക്കാട്ട് ഹരിജൻ കോളനി | ഇല്ല |
| 17. | XI | 1. വടക്കിനിതൊടി ഹരിജൻ കോളനി | ഇല്ല |
| 18. | | 2.കരുവന്നൂർപ്പടി ഹരിജൻ കോളനി | ഇല്ല |

# വിഭവസമാഹരണം

ഒരു രണ്ടാം ഗ്രേഡ് പഞ്ചായത്തായ നെല്ലായ ഗ്രാമ പഞ്ചായത്തിൻെറ പ്രധാന വരുമാന മാർഗ്ഗങ്ങ ൾ, കെട്ടിട നികുതി, തൊഴിൽ നികുതി, ഷോപ്പിംഗ് കോംപ്ലക്സ് വാടക എന്നിവയാണ്. സർക്കാർ അ ടക്കം ഉദ്ദേശം പത്തു ലക്ഷം രൂപ മാത്രമാണ് പ്ര തീക്ഷിക്കാവുന്ന വരവ്- സിനാമാശാലയുടെ അഭാ വം വിനോദ നികുതി ഇല്ലാതാക്കുന്നു.

ജീവനക്കാരുടെ ശമ്പളം തെരുവു വിളക്കുക ളുടെ കറൻറ് ചാർജ്ജ് എന്നിവയിൽ പ്രതിവർഷം ഒ ലക്ഷത്തോളം രൂപ ചിലവാകും. ഗ്രാൻറുകളെ ആ ശ്രയിക്കാതെ മറ്റു വികസന പ്രവർത്തനങ്ങൾക്കുള്ള പണം കണ്ടെത്തുക പ്രയാസമാണ്. (വരവു പട്ടിക, ചിലവു പട്ടിക)

നമ്മുടെ പഞ്ചായത്തിൽ ലഭ്യമാകാവുന്ന വിഭ വശേഷി കഴിയുന്നത്ര ഉപയോഗപ്പെടുത്തുവാൻ സാ ധിച്ചാൽ ഒരു പരിധിവരെ സാമ്പത്തികമായി പിടിച്ചു നിൽക്കുവാൻ നമുക്കു സാധിക്കും.

അശാസ്ത്രീയമായ നികുതി നിർണ്ണയം മൂലം നികുതി ചോർച്ച ഉണ്ടാവുന്നത് സ്വാഭാവികമാണ്. സാധാരണക്കാരന് നികുതി ഒരു ഭാരമാവാതേയും സാമ്പത്തികമായി മുന്നിട്ടു നിൽക്കുന്നവർ ഒടുക്കേ ണ്ടതായ നികുതികൾ കൃത്യമായും വസൂലാക്കുവാ ൻ ശ്രദ്ധിക്കേണ്ടതാണ്. കെട്ടിട നികുതി നിർണ്ണയി ക്കുമ്പോൾ വീടുകളുടെ ആഢംഭരത്വവും കൂടി ക ണക്കിലെടുക്കേണ്ട സംവിധാനം ഉണ്ടാവണം.

ജനങ്ങളിൽ ഭൂരിപക്ഷവും കാർഷിക വൃത്തി യിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. അവർക്കാവശ്യമാ യ മികച്ച വിത്തിനങ്ങൾ നൂതന സാങ്കേതിക വിദ്യ, ശരിയായ വിപണന മേഖല എന്നിവ തരപ്പെടുത്തി ഈ രംഗത്ത് ഇന്നനുഭവപ്പെടുന്ന വിഭവ ചോർച്ച തടയേണ്ടതാണ്.

വിവസായ മേഖലയിൽ നമ്മുടെ പഞ്ചായത്ത് ഒരു പരാജയമാണന്ന് സമ്മതിച്ചേ മതിയാവു. ഇഷ്ടി ക വ്യവസായനുബന്ധിതമായി തുടങ്ങിയിട്ടുള്ള ര ണ്ടു ചെറുകിട യൂണിറ്റുകൾ മാത്രമാണ് ഈ പഞ്ചാ യത്തിൽ ഇന്നു പ്രവർത്തിക്കുന്നത്. വ്യവസായ കുതുകികളായ ചെറുപ്പക്കാരെ കണ്ടെത്തുകയും വായ്പാ നയങ്ങൾ ഉദാരവത്ക്കരിച്ച് അവർക്കാവ ശ്യമായ പ്രോത്സാഹനം നൽകി ലാഭകരമായ വ്യ വസായങ്ങൾ ആരംഭിക്കുവാൻ അവരെ സഹായി ക്കുവാനും സർക്കാർ തലത്തിൽ നടപടിയുണ്ടാവു ന്ന പക്ഷം കുറെപേരെയെങ്കിലും ഈ രംഗത്തേക്ക് ആകർഷിക്കുവാനും തൽഫലമായി ഒരു Mini Industrial Estate എങ്കിലും ഈ പഞ്ചായത്തിൽ സ്ഥാപിച്ചെടു ക്കാനും നമുക്കുകഴിയും. പഞ്ചായത്തിൽ ലഭ്യമാ യ അസംസ്കൃത വസ്തുക്കൾ ആസ്പദമാക്കി തുട ങ്ങാവുന്ന ഒരു വ്യവസായം ആരംഭിച്ചാൽ വിഭവ സമാഹരണ രംഗത്തേക്കുള്ള ഒരു വാതായനം കൂടി നമുക്ക് തുറപ്പിക്കാൻ സാധിക്കും.

കാലാപുരോഗതി മനുഷ്യൻെറ ജീവിത സാ ഹചര്യങ്ങളിൽ കാതലായ മാറ്റം വരുത്തുന്നു. നഗ രങ്ങളിൽ മണി മന്ദിരങ്ങൾ ഉയരുകയും ഒപ്പം നഗര ത്തിൻെറ ശാപമായ ചേരി പ്രദേശങ്ങൾ വളരുക യും ചെയ്യുന്നു. സമ്പന്ന സംസ്ക്കാരത്തിൻെറ ചു വടു പിടിച്ച് ഗ്രാമങ്ങളിലും അത്യാധുനിക സൗധ ങ്ങൾ നിർമ്മിക്കപ്പെടുന്നു. എന്നാൽ തല ചായ്ക്കാ ൻ ഇടമില്ലാത്തവരും തികച്ചും ശോച്യാവസ്ഥയിൽ താമസ സൗകര്യം കണ്ടെത്തിയിട്ടുള്ള വരുമായ നി രവധിപേർ ഈ ഗ്രാമം ഉൾക്കൊള്ളുന്നു എന്ന വ സ്തുത നാം മനസ്സിലാക്കേണ്ടതുണ്ട്. പാവപ്പെട്ടവർക്ക് വീടു നിർമ്മിച്ചു നൽകുവനുള്ള സർക്കാർ പദ്ധതി കൾ പലതും ഫണ്ടിൻെറ അഭാവം മൂലം ഫലപ്രാപ്തി കാണാറില്ല. മനുഷ്യ വിഭവ ശേഷി വർദ്ധിപ്പിക്കു വാൻ മികച്ച ജീവിത സാഹചര്യങ്ങൾക്കു സാധി ക്കും

എല്ലാ ഗ്രാമ സഭാ റിപ്പോർട്ടുകളും ശുദ്ധജല ത്തിനായി കേഴുന്ന ഗ്രാമീണരുടെ വരണ്ട മുഖങ്ങൾ വരച്ചു കാട്ടുന്നു. നെതർ ലാൻറ് ഗവൺമെൻറി ൻെറ് സഹായ സഹകരണത്തോടെ നമ്മുടെ പഞ്ചാ യത്തിൽ സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ശുദ്ധജ ല വിതരണ പദ്ധതി ഇന്നും ഗാഢാവസ്ഥയിലാണ്. ഇത് ഉടനടി പ്രാവർത്തികമാക്കി കിട്ടുവാൻ വേണ്ടി യുള്ള ഒരു കർമ്മ പദ്ധതി കക്ഷി രാഷ്ട്രീയ ഭേദമെ ന്യേ ഭരണവർഗ്ഗം മുൻകൈ എടുത്തു് ആവിക്കരി ക്കേണ്ടതാണ്.

ഗതാഗതയോഗ്യമല്ലാത്ത റോഡുകളും ഇടവ ഴികളും ഗ്രാമജീവിതം ദുസഹമാക്കുന്നു. ഗർഭിണി

കളേയും രോഗഗ്രസ്ഥരായ വൃദ്ധജനങ്ങളേയും ആശുപത്രികളിൽ എത്തിക്കുവാൻ ബന്ധുജനങ്ങൾ അനുഭവിക്കുന്ന യാതന കുറച്ചൊന്നുമല്ല.

രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള ഒരാശുപത്രി ഇന്നും നമുക്കില്ല. ആരോഗ്യപരമായി ജനങ്ങളെ ഉദ്ബുദ്ധരാക്കുവാൻതക്ക പ്രവർത്തനങ്ങൾ ഇവിടെ കാര്യമായി നടക്കുന്നില്ല.

വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും കായികശേഷി വർദ്ധിപ്പിക്കാനുതകുന്ന ക്ലബ്ബുകൾ, ജിംനാഷ്യം മുതലായവ ഇവിടെ ഇല്ല. പഞ്ചായത്തിന് സ്വന്തമായ ഒരു കളി സ്ഥലം പോലുമില്ല. രണ്ടായിരം ആണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന മുദ്രാവാക്യം കടലാസ്സിൽ മാത്രം ഒതുക്കി നിർത്താതെ ഈ പഞ്ചായത്തിലും ആയതിനുവേണ്ട പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്. ആരോഗ്യമില്ലാത്ത ജനതയിലൂടെ വിഭവ സമാഹരണ ലക്ഷ്യം കൈവരിക്കുക അസാധ്യമാണ്.

മരണം തട്ടിയെടുത്ത ഉറ്റവരുടെ ജഡത്തിനായി ചിതയൊരുക്കാവാൻ പഞ്ചായത്തിൻെറ ഒരു കോണിൽ നിന്ന് മറ്റൊരു കോണിലേക്കുള്ള യാത്രയും ക്ലേശകരം തന്നെ. എല്ലാവർക്കും പ്രാപ്യമായ രീതിയിൽ ഉള്ള സ്ഥലത്ത് ഒരു പൊതു ശ്മശാനം നമുക്കാവശ്യമാണ്.

നമ്മുടെ പഞ്ചായത്തിൽ നിന്നും ഉപജീവനമാർഗ്ഗം തേടി ധാരാളം പേർ ഗൾഫ് നാടുകളിൽ പോയിട്ടുണ്ട്. പത്തും പന്ത്രണ്ടും വർഷങ്ങൾക്കു ശേഷം എന്തെങ്കിലും സമ്പാദ്യമായി തിരിച്ചു വരുന്ന ഇക്കൂട്ടരെ പുനഃരധിവസിപ്പിക്കാനുള്ള പദ്ധതികൾ ഒന്നും തന്നെയില്ല. ഇവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും ഇവരെ ഏകോപിപ്പിച്ച് വ്യവസായ സംരംഭങ്ങളിലും മറ്റും ഏർപ്പെടുവിക്കുവാനും ശ്രമിക്കുന്ന പക്ഷം കാര്യമായ വിഭവ സമാഹരണം ഇതുവഴി സാധ്യമാവുന്നതാണ്.

കല്ല്യാമ മണ്ഡപം, ഷോപ്പിംഗ് കോംപ്ലക്സ്, പൊതുമാർക്കറ്റ്, അറവുശാല എന്നിവയുടെ നിർമ്മാണ പദ്ധതികൾ പഞ്ചായത്തിൻെറ സജീവ പരിഗണനയിട്ടുണ്ട്. ഇവർക്കാവശ്യമായ സ്ഥലം ഫണ്ട് എന്നിവ ലഭ്യമാവുന്നതോടെ നിർമ്മാണം പൂർത്തീകരിക്കുവാനും അതുവഴി വിഭവ സമാഹരണ രംഗത്ത് ഒരുപടി കൂടി മുന്നിട്ടു നിൽക്കുവാനും നമുക്കു സാധിക്കും.

## വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

* മുഹമ്മദ് എന്ന മാനു
* എ. മൊയ്തീൻകുട്ടി
* മരക്കാർ മാരായ മംഗലം
* കെ. ഗോപിനാഥ്
* എം. മൊയ്തുട്ടി
* പി.എം. ശാരദ
* കെ.പി. വസന്ത
* പി.ടി. സന്തോഷ്
* പി.എ. മുംതാസ്
* ടി. സുധ
* കെ. മുഹമ്മദ്കുട്ടി
* ഒ.പി. അച്ചുതൻ മാസ്റ്റർ
* ഫ്രാൻസിസ് കളപ്പുരക്കൽ
* കെ.ബി. സുഭാഷ്
* എൻ. പി. അബ്ദുൾ റഹിമാൻ
* സി. ബാബു.
* എം. മോഹനൻ
* കെ. മോഹൻ കുമാർ
* എ. രാമചന്ദ്രൻ
* എം.പി. ശിവശങ്കരൻ

## ഉപസംഹാരം

*എട്ടുകെട്ടുകളുടെ വരേണ്യതയിൽ നിന്ന് യുവതലമുറയുടെ ഇരുളിലേക്ക് ഇത്തിരി വെട്ടം പകർന്നുതന്ന ഗുരുസ്ഥാനീയർക്ക്....*

*വികസന റിപ്പോർട്ടിൻെറ രൂപത്തിലും, വരികളിലും, ഒരുക്കു പണികളിലും ഹൃദയപൂർവ്വം സഹായിച്ചവർക്ക് .... തിരിച്ച് മറ്റൊന്നും നൽകാനില്ല... മനസ്സു നിറയെ നന്ദി ....!*

**പഞ്ചായത്ത് ഭരണസമിതി**

വിവാഹ വസ്ത്രങ്ങൾ, റെഡിമെയ്ഡുകൾ

# ബോംബെ ക്ലോത്ത് സെന്റർ

ചെർപ്പുളശ്ശേരി

Phone : Shop : 682406
Resi : 682019

---

Phone : 682430വസ്ത്രങ്ങൾക്ക്

# സചൻ ഫെബ്രിക്സ്

പട്ടാമ്പിറോഡ്

ചെർപ്പുളശ്ശേരി

Phone : 682430

# K.T.N MEDICAL HALL

(The House Of Drugs)

## K.T.N. Building, Cherpalchery.

Phone: Shop: 682 273 Resi: 682 306

### OUR FEATURES

* Pioneers in Retail distribution of drugs
* Spacious and convenient show room helps easy and speedy dispensing
* Polite, well experianced and fraimed staff.
* Clear instruction as to the dosage administration of drugs.
* Easy approach since the shop is adjacent to the bus stand.
* Seperate section for Ayurvedic drugs.
* Keep open from 8.30 p.m including Sundays.

# THE VALLAPUZHA SERVICE CO-OP. BANK LTD., No F. 1207

P.O NELLAYA - 679 335

FINANCIAL POSITION AS ON 30 - 11 - 96

| | | |
|---|---|---|
| Total No. of Members | : | 11508 |
| Share Capital | : | 20.54 Lakhs |
| Deposits | : | 993.00 Lakhs |
| Loan Outstanding | : | 957 .00 Lakhs |
| Borrowings | : | 36.40 Lakhs |
| Working Capital | : | 1015.00 Lakhs |
| No. of Board of Directors | : | 11 |
| No. of Staff | : | 38 |
| Net Profit | : | 8.90 lakhs |
| Devidend Declared | | |
| To Members | : | 20% |

## ചെർപ്പുളശ്ശേരിയിലെ ശ്രദ്ധേയമായ ശങ്കർ ഹോസ്പിറ്റൽ

വള്ളുവനാടൻ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിൽ അത്ഭുതാവഹമായ വളർച്ച നേടിയ സ്ഥാപനമാണ് ചെർപ്പുളശ്ശേരിയിലെ ശങ്കർ ഹോസ്പിറ്റൽ. പട്ടണത്തിന്റെ ഹൃദയഭാഗത്ത് ഏതു പ്രദേശത്തുകാർക്കും എളുപ്പം എത്തിച്ചേരാൻ സൗകര്യപ്രദമായതിനാൽ ഇത് ജനങ്ങൾക്ക് വളരെ ആശ്വാസകരവുമാണ്.

ഡോ.കൃഷ്ണദാസ്_ഡോ.മേരികൃഷ്ണദാസ് ദമ്പതിമാരുടെ കൈപുണ്യം കൊണ്ടു വളർന്ന ഈ സ്ഥാപനം 1974 ൽ ആണ് ആരംഭിച്ചത്. ചികിത്സാ സൗകര്യം തീരെയില്ലാതെ ഗ്രാമവാസികൾ നട്ടം തിരിയുന്ന കാലത്താണ് ഈ സ്ഥാപനം ആരംഭിച്ചത്. അതുകൊണ്ടു തന്നെ ഇന്നാട്ടുകാരുടെ ആയുരാരോഗ്യ സൗഖ്യം നിലനിർത്തുന്നതിൽ ഈ സ്ഥാപനത്തിന് പ്രഥമഗണനീയ സ്ഥാനമാണുള്ളത്. സ്വന്തം പരിശ്രമത്തിന്റെ ഫലമായി കൃഷ്ണദാസ് ദമ്പതികൾ ഈ സ്ഥാപനത്തെ 100 കിടക്കകളുള്ള ഒരു പ്രമുഖ ആതുരാലയമായി വളർത്തി. ഇന്ന് ആധുനിക സംവിധാനങ്ങളോടു കൂടിയ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി ഇത് മാറിക്കഴിഞ്ഞു.

പ്രസവ ശുശ്രൂഷ കുറ്റമറ്റതാക്കുന്നതിന് പ്രത്യേക സംവിധാനങ്ങളാണിവിടെ സജ്ജീകരിച്ചിട്ടുള്ളത്. ഡോക്ടർ.മേരികൃഷ്ണദാസ് ഡോക്ടർ.മാലിനി മേനോൻ, ഡോക്ടർ.ലളിത, എന്നിവരാണ് ഈ വിഭാഗത്തിലെ പ്രമുഖ ഡോക്ടർമാർ. കുട്ടികളുടെ ചികിത്സക്ക്, പ്രത്യേക സംവിധാനങ്ങളുള്ള ഈ ആതുരാലയത്തിൽ എമർജൻസി വിഭാഗവുമുണ്ട്. കുട്ടികളുടെ ചികിത്സക്കായി ജില്ലയിലെ തന്നെ ഏറ്റവും നല്ല സംവിധാനം ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ രംഗത്തെ പ്രഗത്ഭ ഡോക്ടറായ ഡോക്ടർ.രഞ്ജിനി രാജാറാമിന്റെ കീഴിലാണ് കുട്ടികളുടെ ചികിത്സാ വിഭാഗം.

അതുപോലെ തന്നെ അത്യാഹിത വിഭാഗത്തിൽ എല്ലാ സമയത്തും രോഗികളുടെ ചികിത്സക്കായി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.ആലപ്പുഴ മെഡിക്കൽ കോളേജിൽ നിന്നും റിട്ടയർ ചെയ്ത ഡോക്ടർ.സോമരാജൻ ആണ് സർജറി വിഭാഗം ചീഫ്. എല്ലു ചികിത്സാവിദഗ്ദ്ധന്റെ സേവനം എല്ലാ സമയത്തും ലഭ്യമാണ്. E.N.T.Specialist, Eye Specialist എന്നിവരുടെ സേവനവും എല്ലാ ദിവസവും ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രിയുടെ സൂത്രധാരനായ ഡോ.പി.എസ്.കൃഷ്ണദാസ് തന്നെയാണ് ഇതിന്റെ മാനേജിങ്ങ് ഡയറക്ടർ. വിപുലമായ എക്സ്റേ യൂണിറ്റ്, അൾട്രാസൗണ്ട് സ്കാനിങ്ങ് സൗകര്യങ്ങൾ, ഇൻറൻസീവ് കെയർ യൂണിറ്റ് എന്നിവയും ഇവിടെയുണ്ട്. ഏകദേശം നൂറിലേറെ ജീവനക്കാരും ഇരുപതിലധികം ഡോക്ടർമാരുടെ മുഴുവൻ സമയ സേവനവും ഇവിടെ ലഭ്യമാണ്. അഞ്ചോളം സന്ദർശക ഡോക്ടർമാരുണ്ട്.

സമൂഹത്തിന്റെ എല്ലാ വിഭാഗത്തിൽ പെട്ടവർക്കും മെച്ചപ്പെട്ട ചികിത്സസൗകര്യങ്ങൾ ചെർപ്പുളശ്ശേരിയിൽ തന്നെ ലഭ്യമാക്കുക എന്നതാണ് തന്റെ ലക്ഷ്യമെന്ന് ഡോക്ടർ.കൃഷ്ണദാസ് പറയുന്നു.

SANKAR HOSPITAL
CARES FOR YOUR GOOD HEALTH